# ഭാഷാ പ്രേമികൾ

KASAM BOOK STALL
6.25

എം. ഒ. ജോസഫ്

VARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
ALWAYE
40

VARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
Fr. Ludovic C.M.I.

# ഭാഷാപ്രേമികൾ

VARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
125

Fr. Hormice C. Perumalil.
PRAKASAM PUBLICATIONS
ALLEPPEY-1. S. India.

M/270.95483
NED

(MALAYALAM)

**Bhashapremikal**

LIFE SKETCH

M. O. Joseph Nedumkunnam

First Published July 1968

Price Rs. 2-25

Published by

**Prakasam Publications, Alleppey**

Sales

**Prakasam Book Stall (P. B. S.)**

Printed at

P. C. Press Kottayam

# ഭാഷാപ്രേമികൾ

ഒന്നാംഭാഗം

CHAVARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
ALWAYE

എം. ഒ. ജോസഫ്, നെടുംകുന്നം

ELACKAL JEEVA
LIBRARY
10789

വിതരണം

പ്രകാശം ബുക്ക്സ്റ്റാൾ, ആലപ്പുഴ

വില രൂ 2. 25

CHAVARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
ALWAYE

# കരിയാററിമല്ലാൻ

മലയാളഭാഷയിലെ ഗദ്യശാഖയുടെ വികാസവും വളർച്ചയും പത്തൊൻപതാംനൂററാണ്ടിൻെറ പൂർവ്വാർദ്ധത്തോടുകൂടിയാണല്ലോ ആരംഭിക്കുന്നതു്. അഭ്യസ്തവിദ്യരായ കേരളീയർ, ആര്യഭാഷയായ സംസ്കൃതത്തെ ആശ്രയിച്ചു കഴിഞ്ഞിരുന്നതുകൊണ്ടു്, ആ ഭാഷയിലെപ്പോലെ പദ്യശാഖയെ പരിപോഷിപ്പിക്കുകയായിരുന്നു. പാശ്ചാത്യഭാഷകളുമായുള്ള സമ്പക്മൊണു്, സംസ്കൃതസഹജമല്ലാത്ത ഒരു ഗദ്യരീതി മലയാളത്തിൽ രൂപമെടുക്കുവാൻ പ്രേരകമായിത്തീർന്നതു്. പോർത്തുഗീസുകാരുടെ ആഗമനത്തോടുകൂടി കേരളത്തിലെത്തിയ പാശ്ചാത്യമിഷനറിമാർ കേരളഭാഷ പഠിക്കുകയും ആ ഭാഷയിൽ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. പക്ഷേ, കേരളത്തിലെത്തുന്ന വിദേശമിഷനറിമാക്കു നാട്ടുഭാഷ പഠിക്കുന്നതിനു സൗകര്യമുണ്ടാക്കുക, മതപ്രചരണത്തിനു് ആവശ്യമായ പശ്ചാത്തലമൊരുക്കുക എന്നിവയായിരുന്നു ഭൂരിപക്ഷം മിഷനറിമാരുടെയും ഭാഷാവിഷയകമായ ലക്ഷ്യം.

എന്നാൽ ഈ മിഷനറിമാരുടെ കീഴിൽ വിദ്യാ

25

ഭ്യാസം ചെയ്യുകയും വിദേശഭാഷകൾ പഠിക്കുകയും ചെയ്ത നാട്ടുക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഭാഷാപോഷണവും അവരുടെ ലക്ഷ്യങ്ങളിലൊന്നായിത്തീന്നു. തങ്ങളുടെ ആശയങ്ങൾ ഏററവുമധികം ആളുകൾക്കു സുപ്രാപമാകുന്നതിനുള്ള ഉത്തമോപാധി പദ്യത്തെക്കാൾ ഗദ്യമായിരിക്കുമെന്നു് അവർ മനസ്സിലാക്കി. പാശ്ചാത്യഭാഷകളിൽ വളരെയധികം വികാസം പ്രാപിച്ചിരുന്ന ഗദ്യസാഹിത്യവുമായി പരിചയപ്പെട്ട അവർ, സ്വന്തം നാട്ടിലെ വ്യവഹാരഭാഷയെത്തന്നെസംസ്ക്കരിച്ച് ഒരു പുതിയ ഗദ്യസരണിക്കടിസ്ഥാനമിട്ടു. ഇങ്ങനെ ഭാഷാഗദ്യസാഹിത്യത്തിൻെറ പ്രാരംഭകരായവരിൽ പ്രമുഖരാണു്, പതിനെട്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന കരിയാററി യൗസേപ്പുമല്പാനും പാറേമ്മാക്കൽ തോമ്മാകത്തനാരും. ഇവരിൽ ഏതുകൊണ്ടും പ്രഥമഗണനീയൻ യൗസേപ്പുമല്പാനായിരുന്നു.

യൗസേപ്പുമല്പാൻ, ചരിത്രപ്രസിദ്ധമായ ആലങ്ങാട്ടു ഗ്രാമത്തിൽ കരിയാററി കുടുംബത്തിൽ, പൈലി, മറിയം എന്ന അനുഗൃഹീതദമ്പതിമാരുടെ രണ്ടാമത്തെ സന്താനമായി, 1742 മെയ് 5-ാം തീയതി ഭൂജാതനായി. കുരിയപ്പ് എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ഈ ബാലനിൽ അനന്യസാധാരണമായ ബുദ്ധിപ്രാഭവവും പുണ്യശീലവും പ്രകടമായിരുന്നു. സ്ഥലത്തുണ്ടായിരുന്ന ഒരു കുഞ്ചാക്കോ ആശാൻെറ എഴുത്തുപള്ളിയിൽ നിലത്തെഴുത്തും വായനയും മതപരമായ വേദപാഠങ്ങളും അഭ്യസിച്ച, ഈ ബാലൻെറ കുശാഗ്രബുദ്ധിയും പഠനത്തിനുള്ള വാസനയും വിശിഷ്ടഗുണങ്ങളും മനസ്സിലാക്കിയ ആലങ്ങാട്ട് സെമ്മനാരിയിലെ മിഷനറിവൈദികർ, അവനെ റോമയിൽ അയച്ച് ഉന്നതവിദ്യാഭ്യാസം ചെയ്യിക്കുന്നതിനു് സന്നദ്ധരായി. അന്നേവരെ നാടുവിട്ട് ഉന്നതവിദ്യാ-

ഭ്യാസം നിർവ്വഹിക്കുന്ന ഒരു അനുഭവം കേരളത്തിൽ ഉണ്ടായിട്ടില്ല. കരൈര്യപ്പ് ആണെങ്കിൽ മാതാപിതാക്കന്മാരുടെ ഏകപുരുഷസന്താനവും. ആകയാൽ കരൈര്യപ്പിൻെറ വിദേശയാത്രയെ സംബന്ധിച്ചിടത്തോളം എത്രവലിയ ഒരു മാനസികസമരം നടന്നിരിക്കണമെന്നു നമുക്കു് ഊഹിക്കാവുന്നതാണു്.

അങ്ങനെ 13 വയസ്സു മാത്രം പ്രായമുണ്ടായിരുന്ന ആ ബാലൻ അജ്ഞാതമായ വിദേശത്തേക്കു യാത്ര പുറപ്പെടുകയും 1755 ഏപ്രിൽ 7–ാം തീയതി റോമയിലെ പ്രോപ്പഗാന്ത കോളെജിൽ ഒരു വിദ്യാർത്ഥിയായി പ്രവേശിക്കുകയും ചെയ്തു. ഇൻഡ്യയിൽനിന്നു പാശ്ചാത്യലോകത്തിൽ ഉന്നതവിദ്യാഭ്യാസത്തിനു പോയ ആദ്യത്തെ ഭാരതീയൻ അദ്ദേഹമാണെന്നു തോന്നുന്നു. 11 വർഷം ആ വിദ്യാലയത്തിൽ അദ്ദേഹം പഠിക്കുകയും 1766 ഫെബ്റുവരി 25–ാം തീയതി വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. മാത്രമല്ല, തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും അവിടെ നടത്തപ്പെട്ട പരീക്ഷകളിൽ പ്രശസ്തവിജയം കൈവരിച്ചു പി എച്ച്. ഡി., ഡി. ഡി. മുതലായ ഉന്നതബിരുദങ്ങൾ നേടുകയുമുണ്ടായി. റോമയിലെ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഡോക്ടർ കരിയാററി പോത്തുഗലിൻെറ തലസ്ഥാനമായ ലിസ്ബണിലേക്കു പോകുകയും, കുറച്ചുകാലം അവിടെ ഒരു രാജകീയാതിഥിയായി താമസിക്കുകയും ചെയ്തു. ഡോക്ടർ കരിയാററിയുടെ പാണ്ഡിത്യവും പ്രാഭവവും മനസ്സിലാക്കിയ പോത്തുഗൽ രാജ്ഞി, ഡോണാ മരിയാ പ്രഥമ, അദ്ദേഹത്തിനു് ''ഡോം'' എന്ന ബഹുമതി പ്രദാനം ചെയ്യുകയുണ്ടായി. (പോത്തുഗീസ് രാജകുടുംബാംഗങ്ങൾക്കും പോത്തുഗീസുകാരായ മെത്രാന്മാർക്കും മാത്രം നല്കപ്പെട്ടിരുന്ന ഒരു അപൂർവ്വബഹുമതിയാണിതു്.)

ACHARYA PALACKAL JEEVASSKEN 10789 LIBRARY ALUVA 4

പോർത്തുഗലിൽനിന്നും സ്വദേശത്തു തിരിച്ചെത്തിയ ഡോക്ടർ ജോസഫ് കരിയാററി ആലങ്ങാട്ടു വൈദികസെമിനാരിയുടെ മല്പാനായി (പ്രൊഫസറായി) നിയമിതനായി. വൈദികവിദ്യാർത്ഥികളുടെ ശിക്ഷണത്തിനു പുറമേ ഗുരുതരമായ മറെറാരു പ്രശ്നവും അദ്ദേഹത്തിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരുന്നു. അദ്ദേഹമുൾപ്പെടുന്ന സുറിയാനിസമുദായം, അന്നേക്കു 100 കൊല്ലം മുൻപ്, പോർത്തുഗീസ് വൈദികാധിപത്യത്തോടുള്ള എതിർപ്പുമൂലം, രണ്ടു കക്ഷികളായി ഭിന്നിച്ചിരുന്നു. അങ്ങനെ ഭിന്നിച്ചകന്ന ''പുത്തൻകൂർ''സമുദായത്തെ വീണ്ടും ''പഴയകൂറി''ലേക്കു സമാനയിക്കുകയെന്നതായിരുന്നു ആ പ്രശ്നം. ജസ്വീററ്പാതിരിമാരോടു പിണങ്ങി വേർപെട്ടുപോയ കൂട്ടർ, സ്വന്തമായി ഒരു മെത്രാനെ അവരോധിച്ചിരുന്നുവെങ്കിലും, മാതൃസഭയിലേക്ക് അഭിമാനപൂർവ്വം തിരിച്ചുവരുന്നതിനു സന്നദ്ധരായിരുന്നു. പക്ഷേ അന്നത്തെ വൈദേശികമേലദ്ധ്യക്ഷന്മാർ അവരുടെ പ്രത്യാഗമനം അത്ര കാര്യമായി കരുതിയില്ല. ഡോക്ടർ ജോസഫ് കരിയാററി പുത്തൻകൂർ മെത്രാനുമായി കൂടിയാലോചനകൾ നടത്തുകയും, കാര്യസാദ്ധ്യത്തിനുവേണ്ടിവന്നാൽ സ്വന്തജീവൻ ബലികഴിക്കുവാൻ സന്നദ്ധനാണെന്നു പ്രതിജ്ഞ ചെയ്യുകയും ഉണ്ടായി.

പുത്തൻകൂർ സമുദായത്തെ വീണ്ടും കത്തോലിക്കസഭയിലേക്കു സ്വീകരിക്കുന്നതിനുവേണ്ട അനുവാദം നേടുന്നതിനുവേണ്ടി ഡോക്ടർ കരിയാററി, 1778 മെയ് 7-ാം തീയതി വീണ്ടും റോമായിലേക്കു പുറപ്പെട്ടു. ഈ യാത്രയെപ്പററി അദ്ദേഹത്തിൻെറ സഹചരനായിരുന്ന പാറേമ്മാക്കൽ തോമ്മാകത്തനാർ എഴുതിയിട്ടുള്ള വിവരണമാണ് സുപ്രസിദ്ധമായ ''വർത്തമാനപ്പുസ്ത

കം.'' ക്ലേശപൂർണ്ണമായ കപ്പൽയാത്രയ്ക്കുശേഷം 1780 ജനുവരി 3-ാം തീയതി ഡോക്ടർ കരിയാററി റോമയിൽ ചെന്നുചേരുകയും, വേണ്ട നിവേദനങ്ങരം നടത്തി, പുത്തൻകൂർ പുനരൈക്യത്തിനു് ആവശ്യമായ എല്ലാ അധികാരങ്ങളും ആനുകൂല്യങ്ങളും നേടുകയുംചെയ്തു. റോമയിൽനിന്നു ലിസ്ബണിൽ തിരിച്ചെത്തിയ അദ്ദേഹം കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ടു. നമുക്കറിയാവുന്നേടത്തോളം, ആ മഹനീയ സ്ഥാനത്തേക്കുയർത്തപ്പെട്ട ആദ്യത്തെ ഭാരതീയൻ ഡോക്ടർ കരിയാററിയാണു്. 1783 ഫെബ്റുവരി 17-ാം തീയതി ഡോക്ടർ കരയാററി മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യപ്പെട്ടു. ഇതു സംബന്ധിച്ച സകല ചെലവുകളും ഡോണാ മരിയാ എന്ന പോർത്തുഗൽ രാജ്ഞിയാണു വഹിച്ചതു്.

അങ്ങനെ പ്രതീക്ഷാധികം വിജയശ്രീലാളിതനായ ആർച്ചുബിഷപ്പ് ഡോക്ടർ ജോസഫ് കരിയാററി 1785 ഏപ്രിൽ 20-ാം തീയതി ലിസ്ബൺ പട്ടണത്തിൽനിന്നു് ഇൻഡ്യയിലേക്കു കപ്പൽ കയറി. പിറെറക്കൊല്ലം മെയ് 1-ാം തീയതി ഗോവായിൽ എത്തുകയും ചെയ്തു. കൊടുങ്ങല്ലൂർ അതിരൂപത സംബന്ധിച്ച പല സംഗതികളും ഗോവാ മെത്രാപ്പോലീത്തായുമായി ആലോചിച്ചു തീരുമാനിക്കുവാൻ ഉണ്ടായിരുന്നതിനാൽ നാലഞ്ചുമാസത്തോളം അദ്ദേഹത്തിനു് അവിടെ താമസിക്കേണ്ടിവന്നു. അങ്ങനെ താമസിക്കവെ 1786 സെപ്റ്റംബർ 10-ാം തീയതി, 45-ാമത്തെ വയസ്സിൽ, അദ്ദേഹം പെട്ടെന്നു നിര്യാതനായി. മൃതശരീരം ഗോവാ ഭദ്രാസനദൈവാലയത്തിൽ സംസ്കരിക്കപ്പെട്ടു. 174 വർഷങ്ങരംക്കു ശേഷം, 1961

ഏപ്രിൽ 11–ാം തീയതി, ഭൗതികാവശിഷ്ടങ്ങൾ ഗോവയിൽ നിന്നും അദ്ദേഹത്തിൻെറ ജന്മനാടായ ആലങ്ങാട്ടു കൊണ്ടുവന്നു പുനസ്സംസ്ക്കരിക്കുകയുണ്ടായി.

II

45–ാമത്തെ വയസ്സിൽ അകാലചരമം പ്രാപിച്ച കരിയാററി യൗസേപ്പു മെത്രാപ്പോലീത്തായ്ക്കു മാതൃഭാഷയ്ക്കു പുറമെ തമിഴ്, കർണ്ണാടകം, സംസ്കൃതം, സുറിയാനി, ലത്തീൻ, പോർത്തുഗീസ്, ഇത്താല്യൻ, ഫ്രഞ്ചു മുതലായ ഭാഷകളും സ്വാധീനമായിരുന്നു. മലയാളം, സുറിയാനി, ലത്തീൻ, പോർത്തുഗീസ് മുതലായ ഭാഷകളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അഗാധമായ പാണ്ഡിത്യം അദ്ദേഹം രചിച്ചിട്ടുള്ള പ്രബന്ധങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. റോമയിലെ വിദ്യാഭ്യാസാനന്തരം അദ്ദേഹം എന്നാണു് നാട്ടിൽ തിരിച്ചെത്തിയതെന്നു നമുക്കു കൃത്യമായി അറിഞ്ഞുകൂടാ. 1766 ആഗസ്റ്റ് 2–ാം തീയതിയാണ് അദ്ദേഹം റോമയിൽവെച്ചു ബിരുദങ്ങളെടുത്തതെന്നു്, ഇന്നും മാന്നാനത്തു സൂക്ഷിച്ചുപോരുന്ന ഡി. ഡി. ഡിപ്ളോമയിൽ നിന്നു ഗ്രഹിക്കാം. റോമയിൽനിന്നു ലിസ്ബണിലെത്തി കുറെ നാൾ താമസിച്ചതിന്നുശേഷമാണല്ലോ അദ്ദേഹം നാട്ടിലെത്തിയതു്. 1767 അവസാനത്തിലായിരുന്നു അദ്ദേഹത്തിൻെറ പ്രത്യാഗമനമെന്നു കരുതാം. 1778 ആരംഭത്തിൽ വീണ്ടും റോമയിലേക്കു പുറപ്പെടുകയും ചെയ്തു.

അങ്ങനെ, 1767 മുതൽ 1778 വരെയുള്ള പത്തു വർഷക്കാലമേ, ബാല്യകാലഘട്ടമൊഴിച്ചാൽ, അദ്ദേഹം കേരളത്തിൽ ഉണ്ടായിരുന്നുള്ളു. അക്കാലത്താണ് അദ്ദേഹം ആലങ്ങാട്ടു സെമ്മിനാരിയിൽ പ്രൊഫസ്സ

റായിരുന്നതും ഭിന്നിച്ചുപോയ സഹോദരങ്ങളുടെ പ്രത്യാഗമനത്തിനുവേണ്ടി പ്രയത്നിച്ചതും. [സഭാപുനരൈക്യത്തിനുള്ള ഉത്തമമാർഗ്ഗങ്ങളിൽ ഒന്നു ഗ്രന്ഥനിർമ്മാണമാണെന്നു മഹാപണ്ഡിതനായ ഡോക്ടർ കരിയാററിക്കു തോന്നി. ''ഈ ഉദ്ദേശ്യത്തോടുകൂടി 1768-ൽ ആലങ്ങാട്ടുവെച്ച് അദ്ദേഹമെഴുതിയ ഒരു കൃതിയാണു് 'വേദതർക്കം.' ഇതു മലയാളത്തിൽ അറിയപ്പെട്ടിട്ടുള്ളവയിൽവെച്ച് ആദ്യത്തെ വിശിഷ്ട ഗദ്യകൃതിയാകുന്നു. ഭാഷാശുദ്ധി, വിഷയവൈശദ്യം, രീതിയുടെ ഊർജ്ജസ്വലതമുതലായ ഗുണങ്ങൾകൊണ്ടു് ഇതുകൈരളിമലയാളഗദ്യചരത്രത്തിൽ ഒരു നവീനപ്രസ്ഥാനത്തെ ലക്ഷീകരിക്കുന്നുവെന്നു നിസ്സംശയം പറയാം. ഗഹനമായ ഒരു വിഷയത്തെക്കുറിച്ച് എത്രയും യുക്തിയോടും ശക്തിയോടുംകൂടെ രചിക്കപ്പെട്ട ഈ ഗദ്യകൃതി ഇതേവരെ പ്രചാരത്തിൽ വന്നിട്ടില്ലാത്തതു വിസ്മയകരം തന്നെ.''

അന്നു കേരളത്തിലെ നസ്രാണികൾ പഴയകൂർ, പുത്തൻകൂർ എന്നു രണ്ടായി തിരിഞ്ഞിരിക്കുകയായിരുന്നുവെന്നു പറഞ്ഞുവല്ലോ. ഭിന്നിച്ചുപോയ പുത്തൻകൂററുകാർ, സഭാതലവനായ മാർപ്പാപ്പായുമായുള്ള ബന്ധം വിച്ഛേദിച്ച് ഒരു പ്രത്യേകസഭയായി നിലകൊള്ളുകയായിരുന്നു. അവരുടെ നിലപാടിൻെറ യുക്തിരാഹിത്യം ബോദ്ധ്യപ്പെടുത്തുന്നതിനും, ക്രൈസ്തവസഭ എങ്ങനെ ഏകതലവൻെറ കീഴിലായിരിക്കുന്നുവെന്നു ചൂണ്ടിക്കാണിക്കുന്നതിനും വേണ്ടിയാണു് ഡോക്ടർ കരിയാററി ''വേദതർക്കം'' വിരചിച്ചതു്. ലോകസൃഷ്ടിമുതൽ ദൈവത്തിൻെറ ജനതയിൽ ഒരിക്കലും പല അധികാരികൾ ഉണ്ടായിട്ടില്ലെന്നും, ക്രിസ്തീയസഭയുടെ അധികാരി പത്രോസും, പത്രോസിൻെറ പിൻ

ഗാമി റോമാ മാർപ്പാപ്പായും മാത്രമാണെന്നും ഈഗ്രന്ഥത്തിൽ സമർത്ഥിച്ചിരിക്കുന്നു. പുത്തൻകൂറ്റുകാർ നിഷേധിച്ച ചില കത്തോലിക്കാ വിശ്വാസസത്യങ്ങളെ സ്ഥിരീകരിക്കുവാനും ഗ്രന്ഥകാരൻ ശ്രമിക്കുന്നുണ്ട്. ഗ്രന്ഥത്തിന്റെ ആരംഭത്തിൽ ''പുത്തൻകൂറ്റുകാരോട്ടു പറയുന്നതു്'' എന്നു ചേർത്തു കാണുന്നതുകൊണ്ട്, പ്രധാനമായും അവരെ ഉദ്ദേശിച്ചാണു് ഈ കൃതി രചിച്ചതെന്നു വ്യക്തമത്രേ.

ഇതിന്റെ കൈയെഴുത്തുപ്രതി 360—ൽ പരം പുറങ്ങളുണ്ടെന്നതിൽ നിന്നുതന്നെ പുസ്തകത്തിന്റെ വലുപ്പം ഊഹിക്കാമല്ലൊ. പതിനൊന്നു അദ്ധ്യായങ്ങളിലായി പതിനൊന്നു വിഷയങ്ങൾ ഈ ഗ്രന്ഥത്തിൽ ചർച്ചചെയ്തിരിക്കുന്നു. ഒന്നാമത്തെ അദ്ധ്യായത്തിൽ (മുമ്പിലത്തെ തർക്കത്തിൽ) ക്രിസ്തു സ്ഥാപിച്ച സഭയ്ക്കു് ഏകതലവൻ ആണുള്ളതെന്നും, അതു് പത്രോസിന്റെ പിൻഗാമിയായി റോമയിൽ വാഴുന്ന മാർപ്പാപ്പാ ആണെന്നും മല്പാൻ തെളിയിക്കുന്നു, രണ്ടാമത്തെ ''തർക്കം'' സ്വരൂപവണക്കത്തെപ്പററിയും, മൂന്നാമത്തേതു പട്ടക്കാർ വിവാഹം കഴിക്കുന്നതിനേപ്പററിയും, നാലാമത്തേതു മുട്ടുകുത്തുന്നതിനെക്കുറിച്ചും, അഞ്ചാമത്തേതു പട്ടക്കാരുടെ ശിരഃക്ഷൗരത്തെക്കുറിച്ചുമാകുന്നു ആറാം തർക്കത്തിൽ ജ്ഞാനസ്നാനത്തിനു ചൂടുവെള്ളവും പച്ചവെള്ളവും കലർത്തുന്നതിനെപ്പററിയും, ഏഴാമത്തേതിൽ മണവാട്ടിയെ മണവാളന്റെ ഇടത്തുഭാഗത്തു നിർത്തി വിവാഹം നടത്തുന്നതിനെപ്പററിയും പ്രതിപാദിക്കുന്നു. മിശിഹായുടെ ഇരുസ്വഭാവങ്ങളും, പരിശുദ്ധാത്മാവിന്റെ പുറപ്പാടും ആണു് അടുത്തരണ്ടു തർക്കങ്ങളുടെ വിഷയങ്ങൾ. തർക്കത്തിൽ കുർബാനയ്ക്കു പുളിക്കാത്ത അപ്പം തന്നെയാണു് ഉപയോഗിക്കേണ്ടതെന്നും, പതി

ാനൊന്നാം തർക്കത്തിൽ ബസ്പൃക്കാനാ (ശുദ്ധീകരണസ്ഥലം) ഉണ്ടെന്നും സ്ഥാപിച്ചിരിക്കുന്നു.

''വേദതർക്ക''ത്തെപ്പററി പണ്ഡിതനായ ശ്രീ. ടി. കെ. ജോസഫ് ബി. ഏ എൽ. ററി. ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: ''മല്ലാൻെറ രചനാരീതി വളരെ ലളിതവും വാചകങ്ങൾ ദൃഢബന്ധമുള്ളവയുമാണു്. അക്കാലത്തെ ചില കേരളോൽപത്തികളിലും മററു ഹിന്ദുഗ്രന്ഥങ്ങളിലും കാണുന്ന ഗദ്യത്തെക്കാൾ നല്ലതാണ് മല്ലാൻെറ ഗദ്യം എന്നുള്ളതിനു സംശയമില്ല. പക്ഷേ, ഇതിൽ സംസ്കൃതവാക്കുകൾ കുറഞ്ഞും തമിഴ് വാക്കുകൾ കൂടിയും കാണും. സുറിയാനി, പോർത്തുഗീസ് പദങ്ങളും ധാരാളമുണ്ടായിരിക്കും. അക്കാലത്തു വിദ്വാന്മാരായ നസ്രാണികൾ മതസംബന്ധമായ തമിഴ പുസ്തകങ്ങളും, ലത്തിൻ, സുറിയാനി മുതലായ ഭാഷകളിലെ പുസ്തകങ്ങളുമാണ് വായിച്ചിരുന്നതു്. സംസ്കൃതത്തിലും മലയാളത്തിലുമുണ്ടായിരുന്ന ഹിന്ദുഗ്രന്ഥങ്ങൾ വളരെ ചുരുക്കം ചിലർ മാത്രമേ വായിച്ചിരുന്നുള്ളു. ഡി നോബിലി, ബെഷി എന്നിവരുടെ മതസംബന്ധമായ തമിഴ് ഗദ്യകൃതികൾക്കു മലങ്കരയും ധാരാളം പ്രചാരമുണ്ടായിരുന്നു. പഴയ നസ്രാണിത്തറവാട്ടുകളിൽ ഈ പുസ്തകങ്ങൾ ഇന്നും ഇരിപ്പുണ്ടു്.''*

ഡോക്ടർ പി. ജെ. തോമസിൻെറ അഭിപ്രായം കൂടെ ഇവിടെ ഉദ്ധരിക്കാം; ''ആധുനിക ഭാഷാഗദ്യകാരന്മാരുടെ പുരോഗാമികൾ എന്ന സ്ഥാനം യൗസേപ്പു മല്ലാൻ, പാറേമ്മാക്കൽ തോമ്മാക്കത്തനാർ എന്നിവരാണ് സർവ്വോപരി അർഹിക്കുന്നതെന്നു പറയുന്നതിൽ എനിക്കു സന്ദേഹമില്ല. നമ്മുടെ പദ്യരീതി ആദ്യം

* കോട്ടയം മാസിക—വാല്യം 1, നമ്പർ 9,— പുറം 195–197.

സംസ്കൃതത്തെയും, പ്രായേണ തമിഴിനെയും ആശ്രയിച്ചുണ്ടായെങ്കിൽ, ഗദ്യം യൂറോപ്യൻ ഭാഷകളെയാണ് ബഹുധാ അനുകരിച്ചിട്ടുള്ളതു്. നാട്ടുകാരിൽ ആദ്യമായി യൂറോപ്യൻ ഭാഷകൾ പഠിച്ച ഗ്രന്ഥരചനയ്ക്കു തുനിഞ്ഞവർ മേൽപറഞ്ഞ രണ്ടു പുണ്യശ്ലോകന്മാരാകുന്നു. പാശ്ചാത്യഭാഷകളിൽ ഗദ്യസാഹിത്യത്തിനുള്ള വ്യാപ്തിയും ഉപയോഗവും മലയാളത്തിൽ ദുർല്ലഭമായി കണ്ടതിനാൽ ഈ പോരായ്ക പരിഹരിക്കണമെന്നു് ഉദ്ദേശിച്ചുകൂടി ആയിരിക്കും ഗദ്യഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിൽ അവർ ഇത്രമാത്രം ഉത്സുകരായിത്തീർന്നതു്........

''ഇദാനീന്തനഭാഷയോടു തുലനം ചെയ്യുന്നപക്ഷം നമുക്കു് അസുന്ദരമായും അബദ്ധമായും തോന്നാവുന്ന പല പദങ്ങളും പ്രയോഗങ്ങളും മേൽപറഞ്ഞ കൃതികളിൽ കണ്ടേക്കാം. അതൊന്നും പ്രാചീനകൃതികൾക്കു കളങ്കകാരണങ്ങളല്ല. ഈ കൃതികളിൽ ഏതാണ്ടൊരു 'മാപ്പിളച്ചൊവ' ഉണ്ടെന്നുകൂടി ചെറുപ്പക്കാരായ ചില വിമർശകന്മാർ വാദിച്ചേക്കാം. ഇതു കിഞ്ചിജ്ഞതയുടെ ലക്ഷ്യമായേ കരുതേണ്ടതുള്ളു. മാപ്പിളച്ചൊവ ആരോപിക്കപ്പെടുന്ന മിക്ക പദങ്ങളും പണ്ടു നമ്പൂതിരിമാരും നായന്മാരും നസ്രാണികളും ഒന്നുപോലെ ഉപയോഗിച്ചുവന്നവയാണെന്നു കൊച്ചി തിരുവിതാംകൂർ ഗവമ്മെൻറുകളുടെ പ്രാചീനരേഖകളും രാജാകേശവദാസൻെറ എഴുത്തുകളും മററും പരിശോധിച്ചാൽ മനസ്സിലാകും. മേൽപ്രസ്താവിച്ച വിവിധ കാരണങ്ങളാൽ യൗസേപ്പുമല്പാൻ, തോമ്മാകത്തനാർ എന്നീ പണ്ഡിതന്മാരെ ആധുനികമലയാളഗദ്യത്തിൻെറജനയിതാക്കന്മാരായി കരുതി അവരുടെ കൃതികൾ അച്ചടിപ്പിച്ചു പ്രചരിപ്പി

ക്കേണ്ടതു ഭാഷാഭിമാനികളുടെ കത്തവ്യമാണെന്നുകൂടി ഈ സന്ദർഭത്തിൽ അവരെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.'' *

''സാഹിത്യ ചരിത്രം—പ്രസ്ഥാനങ്ങളിലൂടെ'' എന്ന ഗ്രന്ഥത്തിൽ 'വേദതക്ക'ത്തെപ്പററി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. ''ഭാഷാവിഷയകമായി വേദതക്കത്തിനു ഗണ്യമായ ഒരു സ്ഥാനമുണ്ട്...... (ഇതിൽ) കാണുന്ന സുറിയാനി പദങ്ങളും 'തന്റെ'ത്തുടങ്ങിയ പാശ്ചാത്യപ്രയോഗങ്ങളും വാക്യഘടനയിലെ ക്ലിഷ്ടതയും ഒഴിച്ചാൽ ഭാഷാശൈലി നവീന മലയാളത്തോടൊത്തു നിൽക്കുന്നതു കാണാം.'' †

## III

ഇനിയും അപ്രകാശിതമായിക്കഴിയുന്ന ''വേദതക്ക''ത്തിൽനിന്നും ഏതാനും ഖണ്ഡികകരം മാതൃകയ്ക്കായി ഇവിടെ ഉദ്ധരിക്കാം.

''സകലേശ്വരനാകുന്ന ഏക സ്വരൂപത്തിന്റെ സകലമഹത്വം പെരുമ അറിഞ്ഞു സകലസമ്മതസ്നേഹസ്തുതി ചെയ്ത് ആരാധിച്ചു സകലേശ തിരുവുള്ളക്കാറരായിട്ടു സകലേശനോടുകൂടെ രഞ്ജിച്ച (ജെരുസൊരോസനെന്നു പൂർണ്ണത്തോടുകൂടെ അനന്തവാഴ്ച) മോക്ഷരാജ്യത്തിങ്കൽ അനന്തേശനോടുകൂടി വാഴിച്ചുതോഴിച്ചുകൊള്ളുവാനായിട്ടു സകലേശഭക്തഭൃത്യവൃന്ദമാകുന്ന മാലാഖമാരേയും മാനുഷരേയും സൃഷ്ടിച്ചു. മാനുഷരെ ഭൂമിവാഴ്ചയ്ക്കു ഉപകാരമായിട്ടു സകല ലോകവും സകലവസ്തുക്കളേയും കൂടെ സൃഷ്ടിക്കയും ചെയ്തു. എന്നാൽ സ

* കേരളത്തിലെ ക്രിസ്തീയ സാഹിത്യം—
പുറം 179—180.

† പുറം 747.

കല ലോകവും സകല സൃഷ്ടിപ്പുകളൊക്കെയും കൂടെ സകലനാഥനായിട്ട സകലേശ്വരനാകുന്ന സ്വരൂപം താൻ തന്നെ ആകുന്നു. രണ്ടീശന്മാരില്ലെന്നപോലെ, അരൂപസ്വരൂപികളാകുന്ന മാലാഖമാരുടെ തലവനായിട്ട മിഖായേൽ റേശുമാലാഖായെ തമ്പുരാൻ കല്പിച്ചു എന്നപൊലെ, അരൂപസ്വരൂപമാകുന്ന മാനുഷവർഗ്ഗമൊക്കെക്കും കൂടെ തലവനും പിതാവുമായിട്ട ആദം എന്നൊരുത്തൻ മാനുഷനെ തമ്പുരാൻ സൃഷ്ടിച്ചു അവിടെയും രണ്ടില്ല, ഏകതലവൻ തന്നെയാകുന്നു."

ഇസ്രായേൽ ജനങ്ങളുടെ ചരിത്രം കുലങ്കഷമായി പരിശോധിച്ചുകൊണ്ട പ്രകൃതം ഇങ്ങനെ തുടരുന്നു. "ആദിതൊട്ട മിശിഹാവരുവോളം പല തലവന്മാരായി വാണു എങ്കിലും ഒരു കാലത്തിൽ ഒരുകൂട്ടത്തിന രണ്ട തലവന്മാര ഒരുനാളും വാണിട്ടില്ലെന്നു വിശ്വാസമായിട്ട എഴുത്തുപെട്ടിരിക്കുന്നു, ഓരോരോ കാലങ്ങളിൽ ഓരോരോ തലവന്മാരത്രേ ആകുന്നു. ഇതെന്തെ ഒരു നാട്ടിന രണ്ട രാജാവായാൽ തമ്മിൽ പിണങ്ങി രാജ്യം ക്ഷയിച്ചുപോകും. എന്നപോലെ ഒരു വീട്ടിന രണ്ടശ്ശന്മാരായാൽ തങ്ങളിൽ പിണങ്ങി വീടക്ഷയിച്ചുപോകും.... അതുകൊണ്ട് ഒരു നാട്ടിന രണ്ട രാജാവും വീട്ടിന രണ്ടശ്ശനും ഒരു ശരീരത്തിന രണ്ടതലയും.... ന്യായമാകുന്നില്ല....എന്നപോലെ സകല മാനുഷരെയും രക്ഷിപ്പാനായിട്ട സകലനാഥൻ മാനുഷനായി പിറന്നാറെ തൻെറ മാർഗ്ഗന്യായം [താൻ തന്നെ കല്പിച്ചു പഠിപ്പിച്ചു സർവ്വനേർവഴി സമ്മതിച്ചുകൂടിയ സർവ്വവിശ്വാസക്കാറരാകുന്ന നസ്രാണികളുടെ സഭ കൂട്ടമാകുന്ന ശുദ്ധമാന കാതോലിക്കാപ്പള്ളിയുടെ മുമ്പിലത്തെ തലവനും ഇടയനും വികാരിയും അടിസ്ഥാനവും മിശിഹാതമ്പുരാൻ തന്നെയായിരുന്നു. അപ്പോൾ ലോകത്തിൽ

നിന്നും തൻെറ ബോധജ്ഞാനംകൊണ്ടു തൻെറ പള്ളിയുടെ ഗുണത്തിനും പരിപാലനയ്ക്കും നീക്കംവരാതെ ഒടുക്കത്തോളം പാലിച്ചുകൊള്ളുവാൻ കർത്തവ്യതലവനായിട്ടു,മിശിഹാതമ്പുരാനു പകരം മിശിഹാതമ്പുരാൻെറ സ്ഥാനത്തിൽ സിമഹോൻ കേപ്പായെ തലവനാക്കി''

പത്രോസിൻെറ പരമാധികാരം വേദാഗമസാക്ഷ്യങ്ങൾകൊണ്ടു സമർത്ഥിച്ചശേഷം, അദ്ദേഹത്തിൻെറ തലസ്ഥാനം റോമയിലോ അന്ത്യോക്യായിലോ ഏവിടെയായിരിക്കാനാണിടയെന്നു ഗ്രന്ഥകാരൻ ചർച്ചചെയ്യുന്നു. ''മിശിഹാതമ്പുരാൻ കേപ്പായിക്കു മുമ്പിൽ കൊടുത്ത തലസ്ഥാനവും മുഷ്കരതവും മറെറാരുത്തനു കൊടുത്തു വാഴിച്ച അന്ത്യോക്യായിൽ ഇരുത്തിയേച്ചു (റോമ്മായ്ക്കു) പോകുമോ? കൊടുത്തേച്ചു പോയാൽ പിന്നെ ഇരുപത്തിനാലു കൊല്ലവും അഞ്ചുമാസവും പന്ത്രണ്ടു ദിവസവും റോമ്മായിൽ കേപ്പായിരുന്നപ്പോൾ കേപ്പാ ആരായി ഇരിക്കേണ്ടും? തലവൻെറ സ്ഥാനം മററാരുത്തനുകൊടുത്താൽ കേപ്പാ പിന്നെ ആടായി ഇരിക്കുമോ? കേപ്പാടെ ഇടയൻ അന്ത്യോക്യായിലും അയാടെ ആടായിട്ടു കേപ്പാ റോമ്മായിലും ഇരുന്നു എന്നു വരുമൊ? എന്തെന്നു തോന്നുന്നു?...........കേപ്പാടെ മേൽ തമ്പുരാൻ തൻെറ പള്ളി പണിചെയ്തുപോലെ കേപ്പാടെമേൽ തന്നെ ഇരുന്നു എന്നു ഞങ്ങൾക്കു വിശ്വാസം. എന്നപോലെ തമ്പുരാൻ അയാടെ കയ്യിൽ കൊടുത്ത മോക്ഷത്തിൻെറ താക്കോലുകളും അയാടെ കയ്യിൽ ത്തന്നെ ഇരിക്കുമാറാകുന്നു. ആക്കും കൊടുത്തില്ല എങ്ങും കളഞ്ഞുപോയതുമില്ല.''

'വേദതർക്ക'ത്തിലെ മററൊരുഭാഗം ഇങ്ങനെയാണ്. ''അതിൻെറ ശേഷം കുസ്തന്തീനോസിൻെറ പാത്രിയർക്കീസും അവിടെ കൂടിയ തൊണ്ണൂറു മെത്രാന്മാരും

കൂടെ മാർപ്പാപ്പായുടെ പ്രമാണത്തിലെ എവുത്തിക്കോസിനെ മഹറോൻ ചൊല്ലിയെന്നും അവൻെറ റമ്പത്വത്തിൻെറ മൂപ്പുസ്ഥാനം നീക്കിയെന്നും (ഉള്ള) ഈ വാർത്തകളെല്ലാം എവുത്തിക്കോസിൻെറ ശിഷ്യനാകുന്ന—ആലക്കസാന്ത്രിയായുടെ പാത്രിയക്കീസായി അന്നു വാണിരിക്കുന്ന-ദിയോസ്കോറോസിനോട്ട അവൻചെന്നുപറഞ്ഞാറെ ആയതു കേട്ടുകൊണ്ടു ചെയ്ത്താനട്ടത്ത എരിവാലെ അവൻ എരിഞ്ഞുകൊണ്ടു ഇതിൻെറ പകരം വീട്ടുവാനും അവൻ വിചാരിച്ചുകൊണ്ടു ചതിവാലെ അവൻ തേദാസീസ് എമ്പ്രദോർ മഹാരാജാവിന എഴുതി അയച്ചു. ഈ ഇടത്തൂട്ടുകാര്യങ്ങൾ ആകെയും കൊണ്ടു വിചാരിച്ചു വിധിപ്പാനും നേരുകേട നീക്കി നേരുകല്പിച്ചു നടത്തുവാനും സൂനഹദോസു കൂട്ടണമെന്ന് മഹാരാജാവിനോട്ട ദീയസ്കോറോസ് അപേക്ഷിച്ചാറെ അവൻെറ ചതിവറിയാതെ മഹാരാജാവു ശുദ്ധമാന മാർ ലെയോൻ പാപ്പായോടപേക്ഷിച്ചനുവാദവും വാങ്ങി അങ്ങേട മേലാളുകളെയും വരുത്തികൊണ്ടു അട്ടത്ത ദിക്കകളിലുള്ള മെത്രാന്മാക്കെഴുതി അയച്ചു അപ്പെസ്സോസെന്ന നഗരിയിൽ രണ്ടാം സൂനഹദോസു കൂട്ടി. അവിടെ മാർപ്പാപ്പായുടെ പേൎക്കവന്ന മേലാളുകളും ചെന്നപ്പോൾ വീണ്ടും ചതിവാലെ ദിയോസ്കോറോസു രാജാവിരിക്കുന്നിടത്തുചെന്നായുടെ ഹൃദയമുള്ളവൻ കുഞ്ഞാടിൻെറ വേഷത്തിൽ ചെന്നപേക്ഷിച്ചു അപ്പെസ്സോസിൽ കൂട്ടിയ സൂനഹദോസിൽ സിദ്ധാന്തവും പിണക്കവും വരാതെയിരിപ്പാൻ ഏതാനും പടയാളികളെയും ഒരു കാര്യക്കാരനേയും എൻെറ മനസ്സുപോലെ അവരിരിക്കണമെന്ന കല്പിച്ചയക്കണമെന്നപേക്ഷിച്ചാറെ, അവൻെറ ചതിവറിയാത്ത മഹാരാജാവുകല്പിച്ചു· ദീയസ്കോറോസു പാത്രിയക്കീസചൊല്ലുന്നതെല്ലാം

കോംക്കണമെന്നു കല്പിച്ച നാനൂറു പടയാളികളേയും.... ക്രിസ്റ്റോപ്പ എന്നു പേർപെട്ട കാര്യക്കാരനേയും കൂടെ അയച്ചു ........അവരെയുംകൊണ്ടു ദീയസ് ക്കോറോസ് അപ്പെസ്സോസിൽകൂടിയ സൂനഹദോസിൽ വന്നുകൂടിയ ബാവാന്മാരെ ചുററിൽ വളഞ്ഞുവച്ചുകൊണ്ടു അവരോടവൻ ചൊല്ലുന്നു.''

കത്തോലിക്കാസഭയുടെ സാർവ്വത്രിക സ്വഭാവത്തെ ഗ്രന്ഥകാരൻ വിശദീകരിക്കുന്നു. ''വിശേഷിച്ചു കാതോലിക്ക എന്ന മൊഴിയുടെ അത്ഥം ആകുമാനത്തിന്നടുത്തതു്. എല്ലാ ഇടത്തിലും വ്യാപിച്ചിരിക്കുന്നു എന്നു പൊരുളാകുന്നു. എന്നപോലെ ഭൂമി കരിശിൻെറ സദൃശം നാലു കൂറാകുന്നതിൽ മുമ്പിലത്തെ കൂറാവുന്ന എവുറോപ്പ ആയിരത്തഞ്ഞൂറു് കാതത്തിലേററം നീളവും അത്രയും വീതിയും ഉള്ള ഭൂമിയിൽ മുപ്പത്തേഴു രാജിതവും എട്ടു മഹാരാജാഗവാഴ്ചയും അതിലുള്ള സകല ലോകരും ഈശോമിശിഹായുടെ മാർഗ്ഗം വിശ്വസിച്ചു ശുദ്ധമാന മാർപ്പാപ്പായുടെ കീഴ്‌വഴങ്ങിച്ചെല്ലുന്നു. രണ്ടായിരക്കാതം നീളവും ഓരായിരത്തിരുനൂററിക്കാതം വീതിയുമുള്ള പുത്തൻഭൂമിയെന്നു ചൊല്ലുന്ന രണ്ടാം കൂറാകുന്ന അമരിക്ക എന്ന ഭൂമിയിലുള്ള സകല ലോകരിൽ ഏറിയകൂറും മിശിഹായുടെ വേദം വിശ്വസിച്ചു ശുദ്ധമാന മാർപ്പാപ്പായുടെ കീഴ്‌വഴങ്ങിച്ചെല്ലുന്നു. ആയിരത്തഞ്ഞൂറുകാതം നീളവും ആയിരത്തൊരുനൂററിഇരുപതുകാതം വീതിയുമുള്ള മൂന്നാംകൂറാകുന്ന ആസ്യാ എന്ന ഭൂമിയിലുള്ള സകല മാനുഷരിൽപാതിയും മാർഗ്ഗം വിശ്വസിച്ചു മിശിഹായുടെ നസ്രാണികളായിട്ടു മാർപ്പാപ്പായുടെ കീഴ്‌വഴങ്ങിച്ചെല്ലുന്നു. ആയിരത്തിനാനൂറുകാതം നീളം ആയിരംകാതം വീതിയിലേ

റെയാകുന്നുവെന്ന നാലാംക്കൂറാകു അപ്രിക്കാ എന്ന ഭൂമി യിലുള്ള മാനുഷരിൽ ഏറിയ ലോകരും ഏറിയ കാപ്രികളും കൂടെ ഈശോ മിശിഹായുടെ മാർഗ്ഗം വിശ്വസിച്ചു മാർപ്പാപ്പായുടെ കീഴ്‌വഴങ്ങിച്ചെല്ലുന്നു. അപ്പോൾ ഭൂമിയുടെ നാലുക്കൂറാകുന്ന എവുറോപ്പ, അമരിക്കആസ്യാ,അപ്രിക്ക ഈ നാലുക്കൂറിലുംവടക്കു മൂഗോളി എന്ന അതിത്തി തുടങ്ങി തെക്കു ഈഴത്തോളവും നാം കാണുന്നപോലെ മിശിഹായുടെ മാർഗ്ഗം വിശ്വസിച്ചു ഒരു വിശ്വാസത്തിൽ ഒരു കൂട്ടമായിട്ടും ഒരു പള്ളിയായിട്ടും ഒരു തലവനാകുന്ന ശുദ്ധമാന മാർപ്പാപ്പായുടെ കീഴ്‌വഴങ്ങിച്ചെല്ലുന്നു.''

മുട്ടുകുത്തി പ്രാർത്ഥിക്കുന്നതിനെക്കുറിച്ചു ഗ്രന്ഥകാരൻ പറയുന്നു: ''എടോ പുത്തൻകൂറുകാരാ, ഇപ്പോൾ നിങ്ങൾ കുർബാന കാണുമ്പോളും കുർബാനകൈക്കൊള്ളുമ്പോളും നമസ്‌ക്കരിക്കുമ്പോളും പള്ളിയകത്തു കുമ്പിടുമ്പോഴും ഉടയവനോടു വേണ്ടുന്ന ആചാരമൊക്കെയും മുട്ടുകുത്തി ആചാരം ചെയ്യാതെ, നിന്നുകൊണ്ടു ചെയ്‌വാൻ എന്തുപ്രകാശം? ....ഇങ്ങനെ നിവ്യന്മാരും ശ്ലീഹന്മാരും സഹദേന്മാരും പുണ്യവാളന്മാരും അടിയാരും രാജാക്കളും രാജാക്കളുടെ രാജാവായ മിശിഹാതമ്പുരാൻ കൂടെയും മുട്ടുകുത്തി നമസ്‌ക്കരിച്ചുവെന്നു എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ നിന്നുകൊണ്ടു നമസ്‌ക്കരിച്ചു എന്നും ചില സംഗതിക്കു ചിലരു ചെയ്തപ്രകാരം എഴുതപെട്ടിട്ടുണ്ടെങ്കിലും, മുട്ടുകുത്തി നമസ്‌ക്കരിക്കുന്നതത്രേ പട്ടാങ്ങയുള്ള ആചാരവഴക്കം എന്നു എല്ലാവർക്കും അറിയാമല്ലൊ. അതെന്തേ? രാജാവും അടിയാനും ഒരിടത്തുനിൽക്കുമ്പോൾ നിലകൊണ്ടു അവർ ഒപ്പമായിനിൽക്കുന്നു. അപ്പോൾ വിശേഷിച്ചു ഒരാചാരവഴക്കം നിലകൊണ്ടുണ്ടായില്ലല്ലോ. നിൽക്കുന്ന രാജാവിന്റെ തി

തിരുമുമ്പിൽ അടിയാൻ മുട്ടുകുത്തി ആചാരവഴക്കം ചെയ്യു മ്പോരം രാജവലിമയ്ക്കുടുത്ത ആചാരവഴക്കമേദം അടിയാൻചെയ്യുവെന്നറിയാമല്ലോ. ഇങ്ങനെയല്ലൊ ക്രമമാകുന്നു ...അപ്പോരം സകല രാജാക്കളുടെ രാജാവും കർത്താക്കളുടെ കർത്താവും മാനുഷരുടേയും മാലാഖമാരുടേയും സൃഷ്ടിസ്ഥിതിചെയ്ത സർവ്വരാജാവുമായ തമ്പുരാൻെറ തിരുമുമ്പിൽ എത്രയും ഏറെയേറെ ആചാരവഴക്കംചെയ്യേണ്ടുന്നതു മുട്ടുകുത്തി തലയിൽക്കെട്ടുമൂരി തലയും ചായിച്ചു പിഴയും കുത്തി കുമ്പിട്ടുസാഷ്ടാംഗം ചെയ്‌വാൻ ന്യായമാകുന്നോ, ചെന്നുനിന്ന നിലയിൽ നിന്നുകൊണ്ടു ചെയ്‌വാൻ ന്യായമാകുന്നോ, എന്നു നിങ്ങരം വഴിയേ വിചാരിപ്പീൻ.''

## IV

കരിയാററി മല്പാൻ വേറെയും ചില ഗ്രന്ഥങ്ങരം രചിച്ചിട്ടുണ്ടെന്നാണു പുരാവൃത്തം. പക്ഷേ അവയൊന്നും ഇനിയും കണ്ടുകിട്ടിയിട്ടില്ല. 'വേദതർക്ക'ത്തിനു പുറമെ നമുക്കു ലഭിച്ചിട്ടുള്ളതു്, മെത്രാപ്പോലീത്താ എന്ന നിലയിൽ തൻെറ ഭരണീയർക്കു് അദ്ദേഹംഅയച്ചിട്ടുള്ള ഒരു ''ഇടയലേഖനം'' മാത്രമാണു്. റോമാപര്യടനാനന്തരം ഗോവായിലെത്തി താമസിക്കുമ്പോരം 1786—ലാണു് സുദീർഘമായ ഈ കത്തു് എഴുതിയിട്ടുള്ളതു്. ''എത്രയും പെരിയ ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ രൂപതയുടെ കരിയാററി മാർ ഔസേപ്പ് മെത്രാപ്പോലിത്തായുടെ ഇടവകയ്ക്കുടുത്ത ഈ പടിസാധനം'' ആരംഭിക്കുന്നതു് ''തമ്പുരാൻെറയും ശുദ്ധമാന,മാതാവാ യപള്ളിയുടേയും മനോഗുണത്താൽ, അതിവിശ്വാസരാജസ്ത്രീയുടെവിചാരക്കാരരിൽ ഉരംപ്പെട്ട മലങ്കരഇടവ

കയുടെ മെത്രാപ്പോലീത്തആകുന്ന നാം മാർ ഔസേപ്പ്, അമ്മുടെ ഇടവകയിലുള്ള പട്ടക്കാർക്കും ലോകർക്കും ഈശോ മിശിഹായിൽ സ്വാതന്ത്ര്യവും വാഴ്വും'' നൽകിക്കൊണ്ടാണ്.

പ്രസ്തുത ''പടിസാധന''ത്തിൽനിന്ന് ഒരുഭാഗം ഉദ്ധരിക്കാം: ''വിശേഷിച്ചുതങ്ങളുടെകാര്യംതന്നെക്ലേശിക്കുന്നവരും തമ്മിൽതമ്മിൽ ക്ഷമിക്കാഞ്ഞവരും തമ്മിൽ തമ്മിൽഇണങ്ങാത്തവരും, തമ്മിൽതമ്മിൽദ്വേഷിക്കുന്നവരും മിശിഹായുടെപേടിയാൽ തമ്മിൽ തമ്മിൽ കീഴ്പെടാത്തവരും പട്ടക്കാരിൽ വാഴുന്നവരെപ്പോലെയല്ലാപിന്നെയോ കൂടപ്പിറപ്പുകരാക്കുത്ത ഉപവിയോടുകൂടെ തമ്മിൽ തമ്മിൽസ്നേഹിക്കുന്നവരും തമ്മിൽതമ്മിൽ മാതൃതുല്യം ബഹുമാനിക്കുന്നവരും തമ്മിൽ തമ്മിൽ തങ്ങളുടെ വചനത്തിൽ കൈക്കൊള്ളുന്നവരും നെറിവു ഉട്ടത്തിരിക്കുന്നവരും വശമുണ്ടെങ്കിൽ എല്ലാ മനുഷ്യരോടും നിരപ്പുകാക്കുന്നവരും മാനുഷർ എല്ലാവരും പക്കൽ പതമുള്ളവരും ആയിരിക്കയും മദ്യപാനക്കാരരും വൈരാഗ്യക്കാരരും മത്സരക്കാരരും ചതിക്കാരരും ആകാത്ത ലാഭം ആഗ്രഹിക്കുന്നവരും ആയിരിക്കാതെ വെടിപ്പുള്ള ഹൃദയത്താലെ വിശ്വാസത്തിന്റെ ചിററാഴ്മകാക്കുന്നവരും അരൂപിയാൽ തിളെപ്പാടുകൂടി കർത്താവിനെ ശുശ്രൂഷിക്കുന്നവരും നമസ്ക്കാരത്തിൽ ചൂടിക്കപ്പെട്ടവരും എല്ലാംകൊണ്ടും തമ്പുരാനു തെളിഞ്ഞവണ്ണം നടപ്പാൻ ശ്രമിക്കുന്നവരും നല്ലപ്രവൃത്തിയൊക്കെയും കൊണ്ടു ഫലംവരുത്തുന്നവരും തമ്പുരാന്റെ അറിവിൽ വളരുന്നവരും നേരായിട്ടും ശുദ്ധമായിട്ടും സ്നേഹപ്രാപ്തി ആയിട്ടും നൽകീർത്തിയായിട്ടും ഉള്ളതൊക്കെയും പുണ്യമെങ്കിലും പരിതപത്തിന്റെ സ്തുതിയെങ്കിലും ഇവ വിചാരിക്കുന്നവരും ആയിരിക്കുകയും വേണം.''

വേറൊരുഭാഗം: ‘‘ആയത്തുകൊണ്ടു ഉത്സാഹമുള്ള വികാരിമാരെ ഉദയംപേരൂർ സൂനഹദോസിന്റെ കല്പനപോലെ, കുറഞ്ഞാൽ ഞായറാഴ്ചകളിലും പെരുനാളകളിലും നിങ്ങൾക്ക കൈയ്യാളിച്ചിരിക്കുന്ന ലോകരെ ഒന്നിന്റെ അൎത്ഥമെങ്കിലും പൊരുൾതിരിച്ചു പഠിപ്പിക്കാൻ നല്ലവണ്ണം ശ്രമിക്കയും വേണം. അതെന്തന്നാൽ വലത്തുട്ടുകാരനെങ്കിലു, നമ്മുടെ രക്ഷയുടെ രഹസ്യങ്ങളിന്മേൽ അവന്റെ നിരൂപണയിൽ തോന്നിയതൊക്കെയും പറയാതിരിപ്പാനും ആകാത്ത പഠിതങ്ങൾ പഠിപ്പിച്ചുകൊണ്ടു ഏവൻഗേലിയോന്റെ തോപ്പിൽ കളകൾ വിതയ്ക്കാതിരിപ്പാനും വിശേഷിച്ചും ഇങ്ങനെഎഴുതാനും വാച്ചെടുത്തും ഉണ്ടായിയെങ്കിൽ നിങ്ങളുടെ ശ്രമത്താലെയും ഉത്സാഹത്താലെയും എല്ലാം കൊണ്ടു ആയത്തു നഷ്ടമാകുവാനും ഹരം വരുവാനുമത്രേ. അതെന്തെന്നാൽ ഇപ്രകാരത്തിൽ നമ്മിൽ ഓരോരുത്തനിൽനിന്നും എന്തു തമ്പുരാൻ തിരുമനസ്സാകുന്നുവെന്നും ശുദ്ധമാന പള്ളിഎന്തെല്ലാം നിൎണ്ണയമായി വിശ്വസിപ്പാൻ നമ്മോടു കല്പിക്കുന്നുവെന്നും എല്ലാവർക്കും പരസ്യമായി വരികയും ആയത്തുകൊണ്ടു വിഷമംകൂടാതെ ശത്രുക്കളുടെ ശക്തിയും അസ്ത്രങ്ങളും ഹരംവരുത്തുവാൻ ശ്രമിക്കുകയും ചെയ്യും. വിശേഷിച്ചും] ഇതിനെ അറിവാനുള്ളതിനു പഴയവരുടെ വഴിക്കുചേരുകയും വേണം.

വാക്യഘടനയിൽ ചിലെടത്തു ക്ലിഷ്ടതതോന്നാമെങ്കിലും, മല്പാന്റെ ‘‘ഭാഷാശൈലി നവീന മലയാളത്തോടൊത്തു നിൽക്കുന്നു’വെന്നു് ഉദ്ധൃതഭാഗങ്ങൾ തന്നെ വേണ്ടുവോളം തെളിയിക്കുന്നുണ്ടല്ലോ.

# പടപ്പാട്ടിന്റെ കർത്താവ്

## I

അടുത്തകാലങ്ങളിലായി പലരും കേരള ചരിത്രനിർമ്മാണത്തിന് ഒരുമ്പെട്ടിട്ടുണ്ടെങ്കിലും കേരളത്തിന്റെ വിശ്വാസയോഗ്യമായ ഒരു ചരിത്രം ഇനിയും ഉണ്ടായിക്കഴിഞ്ഞിട്ടില്ല. പരേതരായ കെ. പി. പത്മനാഭമേനോൻ, രാമവർമ്മ അപ്പൻതമ്പുരാൻ, പി. ശങ്കുണ്ണിമേനോൻ മുതലായ മഹാമതികൾ ചരിത്രനിർമ്മാണവിഷയകമായി ഉററു പരിശ്രമിക്കുകയും, തങ്ങളുടെ അന്വേഷണത്തിൽ കണ്ടുകിട്ടിയവയെ അതേ രൂപത്തിൽ രേഖപ്പെടുത്തിവെക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ രേഖകളുടെ വൈരള്യം നിമിത്തം പൂർണ്ണമായ ഒരു കേരളചരിത്രം നിർമ്മിക്കുന്നതിന് അവർക്കു സാധിക്കാതെപോയി. അവരുടെ ഗവേഷണ ഫലങ്ങളെ ഉപജീവിച്ച്, അവരുടെ പിന്നാലെ പലരും ചരിത്രനിർമ്മാണസംരംഭത്തിൽ വ്യാപൃതരായിട്ടുണ്ട്. പക്ഷേ പണ്ടത്തെ കേരളത്തിന്റെ ഒരു ചരിത്രംനിർമ്മിക്കുക എന്നതിനേക്കാൾ തങ്ങളുടെ ആഗ്രഹാനുസരണമുള്ള ഒരു കേരളത്തെ കണ്ടെത്തുവാനായിരുന്നു അവരിൽ പലരുടേയും സംരംഭം. ചരിത്രകാരന്റെ കൃത്യം ഉള്ള വസ്തുതകളെ യഥാതഥം നിരത്തിവയ്ക്കുകയാണ്, ഇല്ലാത്തവയെ സൃഷ്ടിക്കുകയല്ല.

കേരളചരിത്രവിഷയകമായ ഈ ശ്രമങ്ങളെല്ലാം കഴിഞ്ഞ ഒരു നൂറുകൊല്ലത്തിന്നിപ്പുറത്ത് ഉണ്ടായിട്ടുള്ളവയാണ്. ഒരു നൂററാണ്ടിനപ്പുറത്തെ കാര്യമാണെങ്കിൽ

അതതുകാലത്തെ സംഭവങ്ങരംപോലും രേഖപ്പെടുത്തി വെക്കുന്നതിൽ നമ്മുടെ പൂർവ്വികന്മാർ ശ്രദ്ധാലുക്കളായിരുന്നില്ല. കേരളോല്പത്തി, മാമാങ്കംപാട്ട്, വടക്കൻപാട്ടുകരം മുതലായി അപൂർവ്വം ചില ഗാനകൃതികളുണ്ടെന്നുള്ളതു് ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ അവയിൽ നെല്ലെത്ര, പതിരെത്ര എന്നു തീരുമാനിക്കുക വിഷമമായിരിക്കുന്നു. അതിശയോക്തിപ്രധാനങ്ങളായ ഐതിഹ്യങ്ങളും അടിസ്ഥാനരഹിതങ്ങളായ കവിസങ്കല്പങ്ങളുമാണു് അവയിൽ അധികവും. യഥാർത്ഥവസ്തുതകരം അജ്ഞാതങ്ങളായിരിക്കുന്ന സ്ഥിതിക്കു് അവയെ കണ്ണടച്ചു പാടേ നിഷേധിക്കുവാനും നമുക്കു സാദ്ധ്യമല്ല.

ദേശചരിത്രപരമായ ഗ്രന്ഥങ്ങളിൽ ഇതേവരെലഭിച്ചിട്ടുള്ള തെളിവുകരംകൊണ്ടു്, വിശ്വാസയോഗ്യം എന്നു തീർത്തുപറയാവുന്ന ഒരുകൃതിയാണു് ''പടപ്പാട്ടു്'' മഹാകവി ഉള്ളൂരിൻെറ ഭാഷയിൽ പറഞ്ഞാൽ, ''ഇതഃപര്യന്തം നമുക്കു ലഭിച്ചിട്ടുള്ള കേരളീയ സമരഗാനങ്ങളിൽ 'പാടപ്പാട്ടി'നുള്ള സ്ഥാനം ഏററവും ഉൽകൃഷ്ടമാകുന്നു,'' ഭാഷാചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ ഇനിയും അജ്ഞാതനായി കഴിയുന്ന അതിൻെറ കർത്താവു് ഒരു കവിയും ചരിത്രകാരനുമായിരുന്നു എന്നതിനു പക്ഷാന്തരമില്ല. ചരിത്രവസ്തുതകളിൽ കൈകടത്തുന്നതിനോ, തൻെറ മനോഭാവമനുസരിച്ചു് അവയിൽ മാററം വരുത്തുന്നതിനോ ഉള്ള ധാർഷ്ട്യം ഈ കവിക്കുണ്ടായിരുന്നില്ല സമകാലിക രേഖയെന്നുപറയാവുന്ന, അടുത്തകാലത്തു പ്രസിദ്ധീകൃതമായ 'പെരുമ്പടപ്പുഗ്രന്ഥവരി'യുമായി തുലനംചെയ്താൽ ചരിത്രവസ്തുതകളെ സംബന്ധിച്ചിടത്തോളം കവിക്കു് എത്രമാത്രം നിഷ്ഠയും നിഷ്ക്കർഷയും ഉണ്ടായിരുന്നുവെന്നു ബോദ്ധ്യമാകുന്നതാണു്.

## ഇതിവൃത്തം

ആറു പാദങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്ന ഈ മനോഹരകൃതിയിൽ, കൊല്ലവർഷം 820 മുതൽ 845 വരെ (എ. ഡി. 1645–1670) ഉള്ള കൊച്ചിരാജ്യചരിത്രം അടങ്ങിയിരിക്കുന്നു. പെരുമ്പടപ്പുസ്വരൂപത്തിന്റെ ഉത്പത്തിയേയും തായ്‌വഴിക്രമത്തെയും പററിയുള്ള ഐതിഹ്യം, തന്റെ കാവ്യത്തിന്റെ ഉപക്രമമായി കവി നിബന്ധിച്ചിരിക്കുന്നു, അവസാനത്തെ പെരുമാളിന്റെ അഞ്ചു മരുമക്കളിൽ ഇളയവർക്കു മാത്രമേ പുരുഷസന്താനം ഉണ്ടായിരുന്നുള്ളവെന്നും, തന്മൂലം രാജ്യവാഴ്ച ഇളയതായ്‌വഴിക്കായിത്തീർന്നുവെന്നും, കാലക്രമേണ അഞ്ചു തായ്‌വഴികളിലും പുരുഷസന്താനമുണ്ടായപ്പോരം, പ്രായംകൂടിയ ആരം നാടുവാഴേണ്ടതാണെന്നു തീരുമാനമുണ്ടായെന്നുമുള്ള കഥ പ്രസിദ്ധമാണല്ലോ. മൂത്ത തായ്‌വഴി. ഇളയതായ്‌വഴി, മുരിങ്ങൂർ തായ്‌വഴി, ചാഴൂർ തായ്‌വഴി, പള്ളുരുത്തി തായ്‌വഴി എന്നിവയത്രേ ആ അഞ്ചു തായ്‌വഴികരം. കാലക്രമേണ ഇളയതായ്‌വഴി തന്നെ വീണ്ടും പ്രബലമായിത്തീരുകയും, രാജ്യഭരണം ഏതാണ്ട് അവരിൽ തന്നെ ഒതുങ്ങിയ മട്ടാകുകയും ചെയ്തു

ഇങ്ങനെയും കുറേക്കാലം കഴിഞ്ഞപ്പോരം, ഇളയതായ്‌വഴിയിൽ നാലു തമ്പുരാക്കന്മാർ മാത്രമായി. അവരിൽ തന്നെ സീമന്തനായ വീരകേരളവർമ്മയും കനിഷ്ഠനായ രാമവർമ്മയും പെട്ടെന്നു നാടുനീങ്ങി. പിന്നീടു രാജാവായിത്തീർന്ന ഗോദവർമ്മ, മൂത്തതായ്‌വഴിയിൽനിന്നും പള്ളുരുത്തിതായ്‌വഴിയിൽനിന്നും ഓരോ തമ്പുരാനെ ദത്തെടുത്തു. മൂലതായ്‌വഴിയിലെ ഒട്ടവിലത്തെ തമ്പുരാൻ 1646 ജൂലൈമാസത്തിൽ നാടു

നീങ്ങിയപ്പോൾ, ദത്തുപുകിയ മന്നവരിൽ ജ്യേഷ്ഠനായ രാജവർമ്മ രാജാവായി. പക്ഷെ പള്ളരുത്തി തായ്‌വഴിയിൽനിന്നു ദത്തെടുക്കപ്പെട്ട വീരകേരളവർമ്മ, ചെമ്പകശ്ശേരി രാജാവിൻെറയും കരപ്പുറത്തുകാരുടെയും പിൻബലത്തോടുകൂടി ശ്രീരാമവർമ്മയെ എതിർക്കുകയും, തുറവൂർ വെച്ചു നടന്ന യുദ്ധത്തിൽ അദ്ദേഹത്തെയും അദ്ദേഹത്തിൻെറ അനുജനെയും കൊച്ചിയിൽനിന്നു നിഷ്കാസിതരാക്കുകയും ചെയ്തു

അങ്ങനെ വീരകേരളവർമ്മ സിംഹാസനാരൂഢനായി. അദ്ദേഹം ചാഴൂര് തായ്‌വഴിയിൽ നിന്നു രാമവർമ്മ എന്ന ഒരു രാജകുമാരനെ ദത്തെടുത്തു. വീരകേരളവർമ്മ നാടുനീങ്ങിയപ്പോൾ ഈ ചാഴൂരരചൻ രാജ്യഭാരമേററു. കൊച്ചിയിൽനിന്നു നിഷ്കാസിതനായ മൂത്ത തായ്‌വഴിത്തമ്പുരാൻ ഇതിനിടയിൽ സാമൂതിരിയുടെ ഒരു സാമന്തനായ മണക്കുളത്തു നമ്പിടിയുമായി സഖ്യത്തിലേർപ്പെട്ടു. മൂത്തതായ്‌വഴിത്തമ്പുരാൻ നമ്പിടിയുടെ സഹായത്തോടുകൂടി ചാഴൂർത്തമ്പുരാനോടു എതിരിട്ടു. ഈ യുദ്ധത്തിൽ തോൽവിപററിയെന്നു മാത്രമല്ല, നമ്പിടി കൊല്ലപ്പെടുകയും ചെയ്തു. സാമന്തനായ നമ്പിടിയുടെ വധത്തിൽ കുപിതനായ സാമൂതിരി ഒരു വലിയ സൈന്യത്തോടുകൂടി യുദ്ധരംഗമായിരുന്ന തൃശ്ശൂരെത്തി. അപ്പോഴേക്കും ചാഴൂർ തമ്പുരാൻ നാടുനീങ്ങി. കൊച്ചിക്കാർ കുറെയെല്ലാം എതിർത്തുനോക്കിയെങ്കിലും തൃശ്ശൂർ നിഷ്പ്രയാസം സാമൂതിരിക്കു കീഴടങ്ങി.

ദത്തെടുക്കപ്പെട്ട തമ്പുരാക്കന്മാരിൽ മൂത്തതായ്‌വഴി ഒഴികെയുള്ളവർ നിര്യാതരാകുകയും, റാണി ഗംഗാധരലക്ഷ്മി മാത്രം അവശേഷിക്കുകയും ചെയ്തു. ഈ റാണി തൻെറ മന്ത്രിമുഖ്യരുടെയും, പ്രത്യേകിച്ച പോത്തു

ഗീസുകാരുടെയും ഉപദേശപ്രകാരം വെട്ടത്തുനാട്ടിൽനിന്നു അഞ്ചു തമ്പുരാക്കന്മാരെ ദത്തെടുത്തു (ഇങ്ങനെ ദത്തുകയറിയവർ ഉണ്ണിരാമവർമ്മ കോയിൽ, വീരകേരളവർമ്മ, വീരആര്യ, ഗോദവർമ്മ, രാമവർമ്മ എന്നിവരായിരുന്നുവത്രേ.) പിന്നീട് അയിരൂർ സ്വരൂപത്തിൽനിന്നുകൂടി ചിലരെ ദത്തെടുത്തു. ദത്തുകേറിയവരെല്ലാവരും ചേൎന്നു സാമൂതിരിയോടു പടവെട്ടുകയും ഒടുവിൽ വെൺപലശന്മാരുടെ മദ്ധ്യസ്ഥതയിൽ, സാമൂതിരി തൽക്കാലത്തേക്കു കൊച്ചിയിൽനിന്നു പിൻവാങ്ങുകയും ചെയ്തു. കൊച്ചിരാജാവിനു പറങ്കികരം ബന്ധുക്കളും സഹായികളുമായിത്തീർന്നു.

പക്ഷേ, സാമൂതിരി ഇതുകൊണ്ടടങ്ങിയില്ല. വീണ്ടും കൊച്ചി കൈവശപ്പെടുത്തുവാനുള്ള വഴികരം ആലോചിച്ചുകൊണ്ടിരുന്നു. മൂത്തതായ് വഴിത്തമ്പുരാൻ മുഖേന, ലന്തക്കാരുടെ സഹായം ഇതിലേക്ക് അഭ്യർത്ഥിക്കയും ചെയ്തു, സാമൂതിരി അയിരൂർനാട്ട് ആക്രമിച്ചു. ഈ യുദ്ധത്തിൽ അയിരൂർനിന്നു ദത്തുകേറിയ രാമവർമ്മത്തമ്പുരാൻ ഹതനായി. ഉടനെ വെട്ടത്തുനിന്നും ദത്തെടുക്കപ്പെട്ടവരിൽ ഇളയതമ്പുരാൻ സാമൂതിരിയോട് എതിരുമുട്ടുകയും, കോഴിക്കോടൻപടയെ ശിഥിലീകരിക്കുകയും ചെയ്തു. ഒരു ദ്വന്ദ്വയുദ്ധത്തിൽ സാമൂതിരിയുടെ മന്ത്രിയായ പാറനമ്പിയെ കാലലോകത്തേക്കയച്ചു. പക്ഷേ, വീരനായ ഈ തമ്പുരാൻ യുദ്ധഭൂമിയിൽ തന്നെ മരിച്ചുവീണു.

ഈ ഘട്ടത്തിൽ വീരകേരളവർമ്മ വടക്കുംകൂർ, തെക്കുംകൂർ, ആലങ്ങാട്ട്, ഇടപ്പള്ളി എന്നീ സാമന്തന്മാരുടെ പിന്തുണ നേടിക്കഴിഞ്ഞിരുന്നു. അനന്തരം കൊളംബിലെത്തി ഡച്ചുഗവർണ്ണർ ജനറലിന്റെ സഹായം അഭ്യർത്ഥിച്ചു. ശത്രുധ്വംസനം ചെയ്തു രാജ്യം തിരിച്ചേ

ല്പിച്ചുകൊടുക്കാമെന്നു ഡച്ചുഗവർണ്ണർ ജനറൽ മൂത്തതായ്‌വഴിത്തമ്പുരാനു് ഉറപ്പുകൊടുത്തു. 936-ൽ ലന്തപ്പട കൊച്ചിക്കടൽത്തീരത്തെത്തുകയും, പറങ്കികളുടെ വക പള്ളിപ്പുറംകോട്ട ആക്രമിച്ചു കീഴടക്കുകയും ചെയ്തു. പക്ഷേ അവർ സിലോണിലേക്കു പ്രത്യാഗമിച്ച തക്കം നോക്കി, പറങ്കികൾ കോട്ട വീണ്ടും കൈവശപ്പെടുത്തി. പിറേറക്കൊല്ലം ലന്തക്കാർ കൂടുതൽ സൈന്യശേഖരത്തോടുകൂടിവന്നു കൊടുങ്ങല്ലൂർ കോട്ട കീഴടക്കി.

അനന്തരം ലന്തപ്പട, സഹായികളോടുകൂടി തെക്കോട്ടു നീങ്ങി കൊച്ചിയിലെത്തി. വെട്ടത്തുമന്നരിൽ ഇളയവനായ ഗോദവർമ്മ ഒരു പറങ്കിക്കപ്പലിൽ കയറി രക്ഷപ്പെട്ടു. ബാക്കിയുണ്ടായിരുന്നവർ ലന്തപ്പടയോടു് ഏററു. മട്ടാഞ്ചേരിയിൽവെച്ചു് അതിഭയങ്കരമായ ഒരു യുദ്ധം നടന്നു. ഈ യുദ്ധത്തിൽ പെരുമ്പടപ്പുപക്ഷീയരായ അനവധി വീരന്മാർ വീരസ്വർഗ്ഗം പ്രാപിച്ചു. അന്നത്തെ കൊച്ചി വലിയതമ്പുരാനും അദ്ദേഹത്തിൻെറ രണ്ടു് അനുജന്മാരും അക്കൂട്ടത്തിൽപെടുന്നു. 837 മകരമാസം 27-ാം തീയതി വെള്ളിയാഴ്ച, വെളുത്തപക്ഷവും ആയില്യം നാളും ചേന്ന ദിനം ആണു് ഈ സമരം നടന്നതു്. പക്ഷേ കൊച്ചിക്കോട്ട പിടിക്കുവാൻ ലന്തക്കാക്കു സാധിച്ചില്ല.

ലന്തക്കാർ കൊടുങ്ങല്ലൂരേയ്ക്കു പിൻവാങ്ങി. സാമൂതിരിയും സഹായികളും പിൻവലിഞ്ഞു. ഈ തക്കം നോക്കി, നാടുവിട്ടുപോയ ഗോദവർമ്മ കൊച്ചിയിലെത്തി, മാതുലന്മാരുടെ ശേഷക്രിയകളൊക്കെ നടത്തി, സ്വയം രാജാവായി പ്രഖ്യാപനം ചെയ്തു. ഇക്കാര്യത്തിൽ അദ്ദേഹത്തിനു ചെമ്പകശ്ശേരിരാജാവിൻേറയും പറങ്കികളുടെയും പിന്തുണ ഉണ്ടായിരുന്നു. വീരകേരളവർമ്മത്തമ്പുരാൻ വീണ്ടും കൊളംബിലെത്തി തൻെറ

ദയനീയനില ലന്തഗവർണ്ണർ ജനാലെ ധരിപ്പിച്ചു. അദ്ദേഹമാകട്ടെ, ഗോദവർമ്മയെ അമർച്ചവരുത്തുവാനായി ഒരുവൻപടയെ വീണ്ടും കൊച്ചിയിലേക്കയച്ചു. പക്ഷേ നിർഭാഗ്യവാനായ വീരകേരളവർമ്മ യാത്രാമദ്ധ്യേ ലന്തക്കപ്പലിൽവച്ചു നിര്യാതനായി. ലന്തക്കാർ, ഉടനെ ചാഴൂർനിന്നു ദത്തെടുക്കപ്പെട്ടിരുന്ന വീരകേരളവർമ്മയെ രാജാവാക്കി അവരോധിച്ചു.

ആ തമ്പുരാനോടുകൂടി ലന്തപ്പട കൊച്ചിയിലെത്തി ഗോദവർമ്മയോടും പറങ്കികളോടും സമരത്തിലേപ്പെട്ടു. ആദ്യഘട്ടത്തിൽ നടന്ന നാവികയുദ്ധത്തിൽ ചെമ്പകശ്ശേരിസൈന്യം ലന്തപ്പടയെ തോല്പിച്ചുവെങ്കിലും, അവസാനം ലന്തക്കാർ തന്നെ വിജയികളായി. 833 ധനു 28-ാം തീയതി വെള്ളിയാഴ്ചയായിരുന്നു വിധിനിർണ്ണായകമായ ഈ വിജയം അവക്കു സിദ്ധിച്ചതു്. ചാഴൂർവീരകേരളവർമ്മയെ ലന്തപ്പടക്കാർ പെരുമ്പടപ്പുസിംഹാസനത്തിൽ പിടിച്ചിരുത്തി. ശത്രുപക്ഷത്തു നിന്നിരുന്ന ചെമ്പകശ്ശേരിയുമായി ഒരു സംഖ്യവും ചെയ്തു.

നിരാശനും നിരാലംബനുമായിത്തീന്ന ഗോദവർമ്മ സഹായംതേടി വേണാട്ടിലെത്തി. പക്ഷേ അവിടെനിന്നു യാതൊരു സഹായവും അദ്ദേഹത്തിനു ലഭിച്ചില്ല. ഹതാശനായി വടക്കോട്ടു തിരിച്ച അദ്ദേഹം, തനിക്കു ശേഖരിക്കാവുന്നിടത്തോളം സൈനികരെക്കൂട്ടി, കരപ്പുറത്തെത്തി പാളയമടിച്ചു. അവിടെവെച്ചുണ്ടായ യുദ്ധത്തിലും ഗോദവർമ്മ പരാജിതനായി. പിന്നീടു ഗോവയിലെത്തി പറങ്കികളുടെ സഹായമഭ്യർത്ഥിച്ചുനോക്കി. പക്ഷേ ഫലമുണ്ടായില്ല. ചാഴൂർവീരകേരളവർമ്മ നിർബാധം കൊച്ചി വാണു; ലന്തക്കാർ കൊച്ചിയിലും. പെരുമ്പടപ്പിന്റെ വകയായ കൊടുങ്ങ

ല്ലൂരാകട്ടെ, സാമൂതിരിയിൽനിന്നും വിട്ടുകിട്ടിയില്ല. തന്റെ യുദ്ധച്ചെലവു കിട്ടാതെ കൊടുങ്ങല്ലൂർ വിട്ടുകൊടുക്കുകയില്ലെന്നായിരുന്നു സാമൂതിരിയുടെ ശാഠ്യം.

ആകയാൽ സാമൂതിരിയോട്ട് ഒരു യുദ്ധംകൂടെ നടത്തേണ്ടിവന്നു. ഈ സമരത്തിൽ ലന്തക്കാർ കൊച്ചിരാജാവിനേയും പറങ്കികൾ സാമൂതിരിയേയും സഹായിച്ചു. യുദ്ധത്തിന്റെ ആരംഭത്തിൽ കൊച്ചിപക്ഷത്തിനായിരുന്നു തോൽവി. അതുകൊണ്ടു നൈരാശ്യം ഭാവിക്കാതെ, സമരം രൂക്ഷതരമായി നടത്തി. നാലു മാസത്തെ നിരന്തരപോരാട്ടത്തിനുശേഷം, 845 കന്നി 15—ാം തീയതി, കൊടുങ്ങല്ലൂർകോട്ട സാമൂതിരിയിൽനിന്നു വീണ്ടെടുത്തു. പക്ഷേ അതു ലന്തക്കാരുടെ അധീനത്തിലായി. ഇത്രയും ചരിത്രഭാഗമാണ് പടപ്പാട്ടിന് ആധാരമായിരിക്കുന്ന ഇതിവൃത്തം. ''പള്ളുരുത്തിത്തായ്‌വഴിയിൽനിന്നു ദത്തെടുക്കപ്പെട്ട രാമവർമ്മത്തമ്പുരാൻ, മൂത്തതായ്‌വഴിയിൽനിന്നു ദത്തെടുക്കപ്പെട്ട വീരകേരളവർമ്മത്തമ്പുരാന്റെ നേക്ക പ്രവർത്തിച്ച അന്യായത്തിന്റെ ഫലം പിൻവാഴ്ചക്കാർ അനുഭവിച്ചു. വീരകേരളവർമ്മത്തമ്പുരാനും അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാർക്കും നേരിട്ട സങ്കടം കാലാന്തരത്തിൽ പരിഹൃതമായി.''

## II

കൊല്ലം 935നു മൻപു വിരചിതമായ ഒരു കിളിപ്പാട്ടാണ് പടപ്പാട്ട്. കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു തുഞ്ചത്തെഴുത്തച്ഛൻ ആണല്ലോ. ''കേരളീയ ജനതയുടെ ഹൃദയക്ഷേത്രങ്ങളിൽ ഭക്തിദീപം കൊളുത്തി അവരെ സന്മാർഗ്ഗത്തിലേക്കു നയിക്കുന്നതിനു വേണ്ടിയാണ്'' എഴുത്തച്ഛൻ കിളിപ്പാട്ടു പ്രസ്ഥാനമാ

രംഭിച്ചതെന്നാണു പറയപ്പെടുന്നതു്. ''ഭക്തിയുടെ പ്രകാശത്തിൽക്കൂടി ജനങ്ങളെ സന്മാർഗ്ഗത്തിലേക്കു നയിക്കണമെന്നുള്ളതായിരുന്നു എഴുത്തച്ഛന്റെ ഉദ്ദേശ്യം. ഹൈന്ദവ സംസ്കാരത്തെ അതിന്റെ പരമ്പര്യത്തിനു കോട്ടം തട്ടാതെ സൂക്ഷിക്കേണ്ട ആവശ്യം നേരിട്ട ഒരു കാലമായിരുന്നു അതു്, അതിനുവേണ്ടി കാലം തന്നെ നിയോഗിച്ച ഒരു ദിവ്യദൂതനായിരുന്നു എഴുത്തച്ഛൻ'' എന്നും ''തുഞ്ചത്തെഴുത്തച്ഛൻ സംസ്കാര സമ്പന്നനായ ഒരു പരമഭക്തനായിരുന്നു, അതുകൊണ്ടുതന്നെയാണു് അദ്ദേഹത്തിന്റെ കൃതികളിൽ ആദ്യവസാനം ഭക്തിഭാവം വിളയാടുന്നതായി കാണുന്നതു്'' എന്നുമുള്ള പണ്ഡിതാഭിപ്രായങ്ങരം ഇവിടെ അനുസ്മർത്തവ്യങ്ങളാകുന്നു.

''തനിക്കു സിദ്ധിച്ച ആദ്ധ്യാത്മിക സംസ്കാരത്തിനു യോജിച്ചവിധം തത്വചിന്തകരംക്കുകൂടി ഇടം കിട്ടുന്നവയും, ഭക്തിക്കോ ശാന്തിക്കോ സ്ഥായിയായ സ്ഥാനമുള്ളവയുമായ ഇതിവൃത്തങ്ങളെ മാത്രമേ എഴുത്തച്ഛൻ പ്രതിപാദ്യ വിഷയങ്ങളായി അംഗീകരിച്ചിട്ടുള്ളു.'' അദ്ദേഹത്തിന്റെ കൃതികളായ അദ്ധ്യാത്മരാമായണം, മഹാഭാരതം, ഭാഗവതം മുതലായവ ഇതിനുത്തമോദാഹരണങ്ങളാണു്. എഴുത്തച്ഛനെത്തുടർന്നു കിളിപ്പാട്ടുശാഖയിൽ നൂറുകണക്കിനു ഗ്രന്ഥങ്ങളും ലക്ഷോപലക്ഷം വരികളും എഴുതപ്പെട്ടിട്ടുണ്ടു്. അത്തരം അനേകം കൃതികളെപ്പററി മഹാകവി ഉള്ളൂർ അദ്ദേഹത്തിന്റെ കേരള സാഹിത്യചരിത്രത്തിൽ പ്രതിപാദിക്കുന്നുണ്ടു്. അവയെല്ലാം പുരാണേതിഹാസങ്ങളെ ഇതിവൃത്തമാക്കിയിട്ടുള്ളതും, ഭക്തിസംവർദ്ധകങ്ങളായിട്ടുള്ളതുമാണു്. അക്കാലഘട്ടത്തെ സാമൂഹ്യമായ ചിന്താഗതി.

അത്തരം ഗ്രന്ഥങ്ങളുടെ നിർമ്മാണത്തെമാത്രമേ പ്രോത്സാഹിപ്പിച്ചിരുന്നുള്ളു.

തികച്ചും യഥാസ്ഥിതികവും മതനിഷ്ഠവുമായ ആ കാലഘട്ടത്തിൽ, മതസ്പർശിയല്ലാത്ത ഒരു കിളിപ്പാട്ട് ആരോ രചിക്കുകയുണ്ടായി; അതാണു പടപ്പാട്ട്. മഹാകവി ഉള്ളൂർ പ്രസ്താവിച്ചിരിക്കുന്നതുപോലെ, ''സനാതനസിദ്ധാന്തങ്ങൾ പ്രകാരം തീരെ അവൈദികവും തന്മൂലം അനർഹവുമായ ഒരു വിഷയത്തെപ്പററി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം, മററു മതഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ വെക്കുന്നതിനു പററിയതായി ഗണിക്കപ്പെട്ടിരുന്നില്ല.'' അങ്ങനെ ഏതാണ്ടു നിഷിദ്ധമോ അയിത്തമുള്ളതോ ആയി ഗണിക്കപ്പെട്ടിരുന്ന ഈ കൃതി രചിച്ച ആളുടെ ധൈര്യത്തെ നാം അത്യധികം അഭിനന്ദിക്കുകതന്നെ ചെയ്യണം,

കിളിപ്പാട്ടുപ്രസ്ഥാനത്തിൽ എടുത്തുപറയത്തക്ക ഒരു കൃതിയാണ് പടപ്പാട്ട്. കലാപരമെന്നതിനേക്കാൾ ചരിത്രപരമായ അതിൻെറ പ്രാധാന്യത്തെ പരിഗണിച്ചാണ് ഇങ്ങനെ പറയുന്നതു്. അതുകൊണ്ടു സാഹിത്യപരമായ മേന്മ ഇക്കൃതിക്കു കുറവാണെന്നർത്ഥമില്ല. എഴുത്തച്ഛൻെറ രാമായണഭാരതാദികൾക്കൊപ്പമെത്തുകയില്ലെങ്കിലും, പിൽക്കാലത്തുണ്ടായ പല കിളിപ്പാട്ടുകൾക്ക് സമശീർഷകമാണ് പടപ്പാട്ട് എന്നുള്ളതിനു സംശയമില്ല. ശ്രീ. കെ എൻ. എഴുത്തച്ഛൻ പറയുന്നതുപോലെ 'ഭക്തിയും പുരാണവും വിട്ടാൽ അധികമെന്നും ബാക്കിയില്ലാത്ത കിളിപ്പാട്ടുകളുടെ ഇടയിൽ ഇതിനു ഗണ്യമായ ഒരു സ്ഥാനമുണ്ടെന്നു തീർച്ചയാണ്.'' (1)

---

(1) സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ പു. 461

ചരിത്രവസ്തുതകളെ യഥാതഥം പ്രതിപാദിക്കുന്നതിൽ കവി അത്യധികം ശ്രദ്ധചെലുത്തിയിട്ടുണ്ട്. അതേസമയം തന്റെ പ്രതിപാദനം ആവുന്നത്ര രസകരവും ആകർഷകവുമാക്കുന്നതിനും അദ്ദേഹം ഉത്സാഹിച്ചിരിക്കുന്നു. എഴുത്തച്ഛന്റെ രാമായണവും ഭാരതവും കവിയിൽ വളരെയധികം സ്വാധീനം ചെലുത്തിയിരുന്നില്ലേയെന്നു സംശയിക്കണം. അയിരൂർ മന്നന്റെ മരണത്തെ തുടർന്നു യുദ്ധോദ്യുക്തനായ കൊച്ചി ഇളയ തമ്പുരാന്റെ സമര വൈദഗ്ദ്ധ്യം കണ്ട സാമൂതിരിസേനയെ കവി വർണ്ണിക്കുന്നതു നോക്കുക:

''ഏറിയ പടകളേ രാജാവുതന്നെ കൊന്നു,
ഏറനാടരും പാരം വലഞ്ഞാരതുനേരം.
മാനവവീരൻ മിഴി ചുമന്നുമറിഞ്ഞിതു;
മാനവിക്രമൻ പട വിറച്ചു ചമഞ്ഞിതു;
വൈനതേയനെക്കണ്ട നാഗങ്ങളെന്നപോലെ,
വാനവർകോനെക്കണ്ട ശൈലങ്ങളെന്നപോലെ
കോളരിതന്നെക്കണ്ട കുംഭികളെന്നപോലെ
വ്യാളവീരനെക്കണ്ട മണ്ഡൂകജാലംപോലെ,
വാരിധിതന്നെക്കണ്ട മയിൽക്കൂട്ടത്തെപ്പോലെ,
ശ്രീരാമൻതന്നെക്കണ്ട രാക്ഷസരെന്നപോലെ,
ജാമദഗ്ന്യനെക്കണ്ട ക്ഷത്രിയരെന്നപോലെ,
ഭീമദുർഗ്ഗയെക്കണ്ട സുംഭാദികളെപ്പോലെ,
ഭാരതയുദ്ധത്തിങ്കൽ ഫൽഗുനൻതന്നെക്കണ്ട
വീരത കലർന്നീടും കൗരവന്മാരെപ്പോലെ''

ഈ വരികരം എഴുതുമ്പോരം, കവി എഴുത്തച്ഛന്റെ ഭാരതം കർണ്ണപർവ്വത്തിലെ,

''എതിർത്തു ഭീമസേനനോടശ്വത്ഥാമാ
മദിച്ചൊരാനകളെതിർത്തതുപോലെ,

സമുദ്രങ്ങൾ തമ്മിൽ പൊരുന്നപോലെയും
പെരുത്ത ശൈലങ്ങൾ പൊരുന്നപോലെയും
തടിച്ച വൃത്രനമമർത്ത്യനാഥനും
നടിച്ചുപണ്ടേറെപ്പൊരുതപോലെയും
മഹിഷനും ദുർഗ്ഗാഭഗവതി താനും
മഹിതഘോഷമായ് പൊരുതപോലെയും
ദശരഥനരപതി തനയനും
ദശവദനനും പൊരുതപോലെയും

എന്ന വരികൾ ഓർത്തിരിക്കണം. വിഷയവുമായി യാതൊരു ബന്ധവുമില്ലാത്ത പുരാണകഥാ ഭാഗങ്ങളും പുരാണപുരുഷന്മാരും പടപ്പാട്ടിൽ കടന്നുവന്നതു് ഈ വഴിക്കായിരിക്കണമെന്നുചൂണ്ടിക്കാണിക്കുവാൻ ഈ ഭാഗം ഉദ്ധരിച്ചുവെന്നേയുള്ളു. ഇളയരാജാവും പാറനമ്പിയുമായുള്ള ദ്വന്ദ്വയുദ്ധം വർണ്ണിച്ചിരിക്കുന്നതു നോക്കുക;

''ചാകേണമെനിക്കെന്നു മന്നവനാടുകുമ്പോൾ
വാട്ടമെന്നിയെ പത്മവ്യൂഹത്തിൽപുക്കുകൊണ്ടു
കൂട്ടമേ രിപുക്കളെയർജ്ജുനി കൊല്ലുംപോലെ
ന്ദുംഭന്റെ പടക്കൂട്ടംതന്നിലെ കടന്നുടൻ
വൻപെഴും കാളികൊല ചെയ്തീടുന്നതുപോലെ
കൌരവരുടെ പടതന്നിലേ പുക്കുകൊണ്ടു
ഗൌരവമുള്ള ഭീമസേനൻ കൊല്ലുന്നതുപോലെ
അരചന്മാരായുള്ള ക്ഷത്രിയസമൂഹത്തെ
പരശുരാമൻ കൊലചെയ്തീടുന്നതുപോലെ
മാരുതി തോരണത്തിൽ പുക്കടർചെയ്തപോലെ
നേരേ മന്നവൻ കൊലചെയ്തുടൻ മുടിക്കുന്നു.''

ലന്തക്കാരുടെ പ്രാഭവവും അഹന്തയും കവി ഭംഗിയായി വർണ്ണിച്ചിട്ടുണ്ടു്.

''അൻപോടു കേട്ടൊരു കിംവദന്തി മുദാ
കുംഭഞ്ഞിയെന്നൊരു കൊമ്പൻകൊലയാന

വൻപോട വാഴുംപ്രകാരം മനോഹരം
അൻപരിലൻപുസംപത്തു ഗാംഭീര്യവും
വൻപരിൽ മുൻപു വൻഭീരങ്കിയും പട—
ക്കോപ്പുകാം വൻപെഴും കപ്പലുമത്ഥവും
കല്പനാശക്തിയുമിബ്ഭുവനാന്തരെ
സൂര്യസോമാവതി ശൗര്യവീര്യഗുണ
കാര്യമര്യാദ പൂണ്ടേഷ ദ്വീപാന്തരേ.''

കൊളമ്പിലെത്തിയ വീരകേരളവർമ്മത്തമ്പുരാനു ഡച്ചു ഗവൺമെൻർ ജനറൽ രാജോചിതമായ ഒരു സ്വീകരണമാണു നൽകുന്നതു്.

''ലങ്കേശതുല്യനാം ലന്തേശനക്കാലം
ശങ്കയും കൈവിട്ടു മന്ത്രികളുമായി
ചെങ്കതിരോൻ നൃപനെച്ചെന്നു കണ്ടിതു
ചെങ്കതിരോൻ കുലനായകനെപ്പോലെ.
കുണ്ടു പരദേശി കൊണ്ടാടിയെത്രയും
മണ്ടിയണഞ്ഞു പിടിച്ചു പൂണ്ടീടിനാൻ
കണ്ടാൽ മനോഹരമായ കസേരയിൽ
കൊണ്ടേയിരുത്തിയിരുന്നുതാനും പിന്നെ
മാർഗ്ഗപീഡാ, ശത്രുപീഡപൈദാഹാദി
പോക്കി നൽസൽക്കാരസൗജന്യവാക്കുകാം
എന്തൊരു ബന്ധമിങ്ങാഗതനായതു—
മെന്തുസിദ്ധാന്തമെന്നാൽ വരേണ്ടുന്നതും?
അന്തരമില്ലരുളീടുകിൽ നൽകുവൻ;
ലന്തയെന്നല്ല പേരല്ലെങ്കിൽ നിർണ്ണയം.''

മട്ടാഞ്ചേരിയിൽ നടന്ന ഘോരസമരം കവി സമഞ്ജസമായി ചിത്രീകരിക്കുന്നുണ്ടു്, ആ യുദ്ധവർണ്ണന എഴുത്തച്ഛൻെറയും കുഞ്ചൻനമ്പ്യാരുടേയും കൃതികളെ അനുസ്മരിപ്പിച്ചെന്നുവരും.

''നിറച്ച തോക്കകരം മുഖത്തണച്ചുടൻ
നിരക്കെയുണ്ടകളൊഴിച്ചതുനേരം
ഉരത്ത ലന്തകരം വെടിയേററജനം
ഒരുത്തനെപ്പിടിച്ചൊരുത്തൻ കേഴുന്നു;
ഒരുത്തനെ വിളിച്ചൊരുത്തൻ പോകുന്നു;
ഒരുത്തൻെറ മീതെയൊരുത്തൻ വീഴുന്നു;
ഒരുത്തനെവിളിച്ചൊരുത്തൻ പായുന്നു;
പൊടികളും പുകപെരുകുന്നു നന്നായ്;
പടകളും രണ്ടുപുറത്തും ചാകുന്നു;
കടുക്കുന്നു പട, വിറയ്ക്കുന്നു ദേഹ—
മടുത്തുള്ള വീട്ടിലൊളിക്കുന്നു ചിലർ;
നടന്നുടയോരെ വിളിക്കുന്നു ചിലർ;
മരണവേദന ചിലർ കാട്ടീടുന്നു,
മുറിവുകരം നോക്കിക്കരയുന്നു ചിലർ

........ ................................

വെടികളും വെട്ടും തുടങ്ങി തങ്ങളിൽ
കുടതഴകളും കൊടിമരങ്ങളും
കടുതായിട്ടൊക്കെയൊടിഞ്ഞു വീഴുന്നു;
കൊടികളും ദൂരെത്തെറിച്ചു പോകുന്നു;
തുട കരതലം മുറിഞ്ഞു വീഴുന്നു
പടയിടക്കിടിച്ചുടനെ തങ്ങളിൽ
തടഞ്ഞു വീണുടനെഴുന്നേററീടുന്നു;
കൊടുത്തുകൊള്ളവാൻ തടുത്തുവെട്ടുന്നു;
തടുക്കവല്ലാഞ്ഞു തല തെറിക്കുന്നു;
നടിച്ചു മുന്നോക്കിലടുത്തു ചെല്ലുന്നു:
പിടച്ചിൽപൂണ്ടുടനൊഴിച്ചു വാഴുന്നു;
തുടന്നു ചെന്നുടൻ ചതിച്ചുകുത്തുന്നു;
കുടൽമാലകളും തുറിച്ചു ചാടുന്നു:
ശവത്തിന്മേൽ ശവം മറിഞ്ഞു വീഴുന്നു;

ശവത്തിന്റെ കീഴെയൊളിച്ചു പോകുന്നു;
കുരഞ്ഞു കൂട്ടരെത്തിരഞ്ഞു പോകുന്നു;
…റിവിൽ ചോരകൾ നിറഞ്ഞൊഴുകുന്നു;
മുറയിട്ടു നാരീജനമുഴലുന്നു:
തെറിക്കുന്നു തൊപ്പി, തുറിക്കുന്നു കണ്ണു,
പറിക്കുന്നു കല്ലു, പിടയുന്നു വീണു;
കുഴിക്കുന്നു [illegible], വഴക്കുന്നു പോരിൽ,
പൊഴിക്കുന്നു വെടി, ഇഴയുന്നു ശവം!
കടിക്കുന്നു പല്ലു, വടിക്കുന്നു ചോര;
കുടിക്കുന്നു വെള്ളം, എടുക്കുന്നു പ്രാണൻ.

..............................................

അടല്ക്കളം തന്നിൽ പൊടിയിൽ മൂടിയ
തടിയന്മാരുടെയുടലിടവരും!
പെരുഞ്ചോരകൊണ്ടു പൊടിയടങ്ങീതു
പെരിയ ഘോരമായ് വെടി തുടങ്ങീതു.
കിടുകിടെ വിറച്ചിതു കണ്ടുനിന്നോർ
തുടുതുടെച്ചുമന്നിതു നയനങ്ങൾ

..............................................

വരണ്ട കാട്ടിനു പിടിച്ച തീപോലെ
വെരുണ്ടെടുത്തുടൻ കൊടുക്കുന്നു വെട്ടു.
ഝടിതിഭീരകവെടിനാദം കേട്ടു
ഞടുങ്ങിപ്പൈതങ്ങൾ പിരണ്ടുവീഴുന്നു
തിരഞ്ഞിട്ടമ്മമാരെടുത്തുകൊള്ളുന്നു
പരവശപ്പെട്ടു വിരണ്ടു വീഴുന്നു.
ദുരിതമേയെന്നു മുറവിളിക്കുന്നു.
എരിഞ്ഞണയും തീക്കുടുക്ക കണ്ടുടൻ
[illegible]രിഞ്ഞഥ മുടി പുടവയുമൊക്കെ
കരിക്കട്ടപോലെ കരിഞ്ഞു ദേഹവും
പിരിഞ്ഞുടൻ ഞെളിഞ്ഞുലകിൽ വീഴുന്നു.

തൊലിയും ഞാണുടൻ കുടലും ചാടീട്ടു
മലവെള്ളംപോലെയൊഴുകുന്നു ചോര.
പുലികളെപ്പോലെയലറുന്നു ലന്ത;
എലികളെപ്പോലെ വിറയ്ക്കുന്നു വൈരി.
.......................................
വരിമിഴിമാർകരം മരിച്ചൊരു ഭാഗേ
പുരികുഴലഴിഞ്ഞഥ കിടക്കുന്നു
കളഭം കസ്തൂരിയിഴുകുന്ന നല്ല
മുലത്തടത്തിൽ ചോരയുമണിഞ്ഞുടൻ

ഭാഷാസാഹിത്യത്തിൽ അതിനു മുൻപു പല കവികളും സമരത്തെ വർണ്ണിച്ചിട്ടുണ്ടു്. എന്നാൽ ഒരു കടൽയുദ്ധത്തിന്റെ വർണ്ണന വേറെ ഉണ്ടായിട്ടുണ്ടോയെന്നു സംശയമാണു്. ലന്തപ്പടയും, ചെമ്പകശ്ശേരിക്കാരുടെ വഞ്ചിപ്പടയും തമ്മിൽ കൊച്ചിക്കായലിൽ നടന്ന സമരത്തെ പടപ്പാട്ടുകാരൻ വർണ്ണിച്ചിരിക്കുന്നതിങ്ങനെയാണു്:

''കുന്തമെടുക്കുന്നു; വാളെടുത്തീടുന്നു;
ചന്തം കലന്നു ചുരികയെടുക്കുന്നു;
മിന്നിവിളങ്ങും പരിശയെടുക്കുന്നു;
മിന്നും കുടത്തില തോക്കെടുത്തീടുന്നു;
വില്ലെടുത്തീടുന്നു, പൂട്ടുന്നു വേഗത്തിൽ;
നല്ല കണകരം വളവുകരം തീക്കുന്നു;
മിന്നും വെടിത്തിരിയൊക്കെക്കൊളുത്തുന്നു;
നന്നായു് മനമുറപ്പിച്ചു നിന്നീടുന്നു;
കൊള്ളട്ടെയെന്നുടൻ വെള്ളത്തിൽ ചാടുന്നു;
വള്ളമിടയിട്ടു വെട്ടുന്നു തങ്ങളിൽ.
രണ്ടു പരിഷയും വെള്ളത്തിലായാരെ—
യുണ്ടായ യുദ്ധമെന്തോന്നു പറവൂ ഞാൻ!
ഓളത്തോടൊന്നിച്ചു നീന്തിയടുക്കുന്നു;
ചീളെന്നു വെട്ടിപ്പുറകോട്ടു വാങ്ങുന്നു;

വാട്ടമുള്ളേടത്തു വീരരടക്കുന്നു;
ക്കുട്ടത്തിൽപ്പെട്ടുടൻ തീട്ടുന്നു തങ്ങളിൽ;
കുത്തു വരക്കണ്ടു അട്ടിക്കളെയുന്നു;
കുത്തുകരം കൊണ്ടു കുടലു തെറിക്കുന്നു;
വഞ്ചിമേൽനിന്നു വെടികരം പൊഴിക്കുന്നു
നെഞ്ചു പൊളിഞ്ഞു മറിഞ്ഞു വീണിടുന്നു;
മത്തഗജങ്ങരം പുഴയിലിറങ്ങീട്ടു
ക്കത്തിക്കളിക്കുന്നതുപോലെ തങ്ങളിൽ
ശക്തിയോടേറുടൻ കുത്തുന്നു; വെട്ടുന്നു;
ചത്തു, ശവം പുഴതന്നിലൊഴുകുന്നു:
നില്ലുനില്ലെന്നു മുന്നോക്കിലടുക്കുന്നു;
നില്ലാതെയുള്ള കെറുവോടൊടുക്കുന്നു.
മേളമേറീടുന്ന ഭീരങ്കിയിൽ നിന്നു
കാളുന്ന തീപോലെ വെന്തു പഴുത്തുടൻ
നാളികേരോപമമുള്ളൊളിക്കൊള്ളികരം
ഓളത്തിനു മീതേ തെററി നടക്കുന്നു.
കോലുളികൊണ്ടു വലിച്ചുകൂടാഞ്ഞിട്ടു
കാലുംവിറച്ചു ലന്തേശ്രു ഭ്രമിക്കുന്നു.
തൊപ്പികളൊക്കെത്തെറിച്ചു തുടങ്ങുന്നു;
കുപ്പായം ചീന്തുടൻ കെലുപ്പു കുറയുന്നു
തോക്കുകളും വാളും വെള്ളത്തിൽപ്പോകുന്നു
തോൽക്കുമാറായിതു ലന്തപ്പരിഷയും;
തീക്കൊള്ളിപോലെ ശരങ്ങളേറീടുന്നു;
തീക്കുടുക്കകളും കത്തിയണയുന്നു;
ചേലയും കുന്തലും കത്തിപ്പൊരിയുന്നു
മാലോകരും കണ്ടു വിസ്മയിച്ചീടുന്നു.
മൂക്കിൽ വെള്ളം പുക്കു ചീററിത്തുടങ്ങുന്നു;
തോക്കുകരംകൊണ്ടു തലയ്ക്കിട്ടിടിക്കുന്നു;
തോൽക്കരുതെന്നു ഭാവിച്ചു പൊരുന്നേരം,
മത്സ്യങ്ങളൊക്കെയുമുത്സാഹവും പൂണ്ടു

മത്സരത്തോടു കൊത്തിപ്പറിച്ചീടുന്നു
മുഞ്ഞികളെയുന്നു വെട്ടു വരേക്കണ്ടു
പൊങ്ങുന്ന നേരം തലകരം തെറിക്കുന്നു
വണ്ണമേറീടുന്ന ഭീരങ്കിയിൽനിന്നു
കർണ്ണംപൊടിയുമാറങ്ങനെയോരോരോ
കാളുന്ന തീപ്പന്തു വെന്തുപഴുത്തുടൻ
ഓളത്തിൻമീതേ തെററി നടക്കുന്നു
ചാകാതെ ശേഷിച്ച ലന്തകളും പിന്നെ
വേഗമോടെ പുക്കു കൊച്ചിയിലാകലാൽ.''

തിരുവഞ്ചിക്കുളം പിടിച്ചടക്കുവാൻവേണ്ടിയുള്ള ലന്തയുടെ പടപ്പുറപ്പാടു കവി വളരെ സരസമായി വർണ്ണിക്കുന്നുണ്ടു്. ലന്തക്കപ്പലിനെപ്പററിയുള്ള പടപ്പാട്ടുകാരന്റെ വർണ്ണന അദ്ദേഹത്തിന്റെ ഭാവനാശക്തിയെ സ്വതരാം വിളിച്ചറിയിക്കുന്നു. ആ ''മരക്കോട്ട'' കണ്ടു കാണികരം വിസ്മയിക്കുകയാണു്:

''കുട്ടിമരങ്ങളെ വെട്ടിയറുത്തുള്ള
തട്ടു പലകകരംകൊണ്ടു ചമച്ചോരു
വിശ്രമം നൽകും മരക്കൊട്ടയും ശത്രു
വശ്രമം തീർത്ത നിലയുണ്ടു മൂന്നെടോ.
മൂന്നിലുമായൊരു മുന്നൂറു ലന്തസ്സു
മൂന്നു വരിഷമെന്നാലും കഴിഞ്ഞിടാം.
നാലുപുറത്തുമതിന്റെ വാതിൽകളിൽ
നാലു ദിക്കും മുഴങ്ങീടുന്ന ഭീരങ്കി
കാളത്തോക്കോരോന്നു വായും പൊളിച്ചിട്ടു
കാളമേഘങ്ങളെപ്പോലെയിരിക്കുന്നു.
മേരു മലപ്പോലൊരു വൈരി പുറപ്പെട്ടു
കേരളഭൂമിയിൽ നിന്നു വടക്കോട്ടു
നേരെ വരുന്നെന്നു തോന്നുന്നതിന്നൊരു
നേരുകേടുണ്ടെന്നു താരോനും ചൊല്ലുമോ?

മേരുമലയ്ക്കു ശിഖരങ്ങളുണ്ടെങ്കിൽ
ചാരു തങ്ങായ ശിഖരമിതിനുണ്ട്.
അമ്മലമേൽ കരിസിംഹമലറുകിൽ
ഇമ്മരക്കൊട്ടയിൽ തോക്കലറീടുമേ.
വണ്ടുകളമ്മലമേൽ മുരണ്ടീടുകിൽ
തണ്ടുകളെല്ലാം മുരണ്ടലറുമിതിൽ.
ഗന്ധർവരാദികളങ്ങു വസിക്കിലോ
സന്തതം ലന്തകർ വാഴുന്നിതിലുമേ....
കുത്തുമുത്തുള്ള മുള്ളുണ്ടതിലെങ്കിലോ
ചേർത്തിരുമ്പാണിമുള്ളുണ്ടിതിന്മേലുമേ.
ഈശാനനാശ്രയം പൂണ്ടല്ലു വാഴ്കിൽ
പാശിതാനാശ്രയം പൂണ്ടിതു വാഴുന്നു.
സൂര്യന്റെ തേരതിൻ ചുറ്റും നടക്കിലോ
വാരിധിത്തേരിതിൻ ചുറ്റും നടക്കുന്നു
കല്ലുണ്ടതിലുമുണ്ടെന്നതാകുന്നെങ്കിൽ
കല്ലുണ്ടയുണ്ടിതിൽ ചിത്രം തരംതരം
പാമ്പുകളുണ്ടു തടിച്ചതതിലെങ്കിൽ
പാമ്പുകയറുണ്ടിതിലും മനോഹരം.
പാഴ്മരമുണ്ടു പർവ്വതത്തിലെങ്കിൽ
പാമരമുണ്ടു വളർന്നതിതിലുമേ.
വല്മീകം ചുറ്റിയ വൃക്ഷമുണ്ടെങ്കിലോ
വെള്ളവെടിത്തിരി ചുറ്റും തോക്കുണ്ടിതിൽ.''

ഈ ജലവാഹനത്തിൽ കയറ്റിയിരിക്കുന്ന സാധനസാമഗ്രികളുടെ ഒരു നീണ്ട വർണ്ണന പടപ്പാട്ടിലുണ്ട്. കുഞ്ചൻനമ്പ്യാരുടെ പല തുള്ളലുകളേയും അനുസ്മരിപ്പിക്കുന്നവയാണ് ഈ വർണ്ണന.

''വട്ടിയും പുട്ടിലും ചീനച്ചട്ടികളും
കട്ടപ്പാരക്കോലും വെട്ടരുവാളുകളും
വെട്ടിമരം മുറിക്കുന്ന കോടാലിയും

വെട്ടി നിലംമറിക്കുന്ന തൂമ്പാകളും
കൊട്ടതകിൽകളുളികരം മഴവുകരം
കട്ടിച്ചൊരീർച്ചവാരം കല്ലുവാച്ചികളും....
മൂടയും കൂടത്തിൽ കോഴിയും താറാവും
ആട്ടമാട്ടകളെക്കൊന്നയിറച്ചിയും....
എണ്ണ, വെളിച്ചെണ്ണ, ചുണ്ണാമ്പു, വെണ്ണയും
കണ്ണൻപഴക്കല, കിണ്ണത്തിലപ്പവും
വെള്ളരി, വെള്ളവൽ, വെള്ളരിക്കാകളും
വള്ളൂരക്കെട്ടുകരം കള്ളുകുടങ്ങളും
ഉപ്പിട്ടമീൻ തരമൊപ്പിച്ചിറച്ചിയും
ഉപ്പുമാങ്ങായുമുഴുന്നാട കോതമ്പു
നല്ല പയറും തുവര കറുപയും
വെല്ലവും പഞ്ചാരയുമുരുക്കവെയ്യും....

## III

ചരിത്രപ്രാധാന്യമർഹിക്കുന്ന ഈ മനോഹരകാവ്യത്തിൻെറ കർത്താവിനെപ്പററിയും, കാലത്തെപ്പററിയും ഗവേഷകന്മാരുടെയും ഭാഷാചരിത്രകാരന്മാരുടെയും ഇടയിൽ ഇനിയും ഒരു തീരുമാനമുണ്ടായിട്ടില്ല. ''അജ്ഞാകർത്തൃകമാണു് പടപ്പാട്ടു്'' (1) എന്നു പറഞ്ഞു് ഒരു സാഹിത്യചരിത്രകാരൻ ഒഴിഞ്ഞുമാറുകയാണു്. ''കവി ആരെന്നു നിശ്ചയമില്ല. സാമാന്യം വ്യുല്പത്തിയും നല്ല ഭാവനാശക്തിയും വേണ്ടുവോളം ദേശചരിത്രജ്ഞാനവും ഉള്ള ആളായിരുന്നു എന്നു് ഈ കൃതിയിൽ നിന്നു തെളിയുന്നു. കവി വ്യുല്പന്നനായാലും അല്ലെങ്കിലും ചരിത്രസംഭവങ്ങളെ നിഷ്പക്ഷമായും വലിയ

(1) സാഹിത്യ ചരിത്രം—പ്രസ്ഥാനങ്ങളിലൂടെ, പുറം 467.

അതിശയോക്തികളൊന്നും കൂടാതെ വിശദമായും വിവരിച്ചിട്ടുണ്ട്'' (2) എന്നാണ് ആർ. നാരായണപ്പണിക്കരുടെ അഭിപ്രായം.

മഹാകവി ഉള്ളൂർ ''കേരളസാഹിത്യ ചരിത്ര''ത്തിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു: ''അജ്ഞാതനാമാവായ ഏതോ ഒരു കവിരചിച്ചിട്ടുള്ള ഈ കിളിപ്പാട്ടിന്റെ ആവിർഭാവം 850–ാമാണ്ടിടയ്ക്കാണെന്നു നിർണ്ണയിക്കാവുന്നതാകുന്നു. കവി ആ സംഭവങ്ങളിൽ പലതിനേയും ഒരു ദൃക്സാക്ഷിയുടെ നിലയിലാണ് വർണ്ണിക്കുന്നതു്. അദ്ദേഹം ഒരു ഹിന്ദുതന്നെയോ എന്നുള്ളതിനെപ്പററി സംശയിക്കേണ്ടതില്ല. ഗ്രന്ഥാരംഭത്തിൽ ഗണപതി, സരസ്വതി, ശ്രീകൃഷ്ണൻ, വേദവ്യാസൻ, ബ്രാഹ്മണർ ഇവരെപ്പററിയുള്ള വന്ദനത്തിനു പുറമേ.

''കർണ്ണാരിയെക്കാത്തകാരുണ്യവാരിധി
കണ്ണനുടെ കളിയെന്നേ പറയാവൂ''

എന്നും, ''ധേനുവെവെട്ടിനുറുക്കുന്നപാഴരും''

എന്നും മററുമുള്ള പ്രസ്താവനകളും ഈ വസ്തുസ്ഥിതി തെളിയിക്കുന്നു, എന്നാൽ അദ്ദേഹം ഒരു നമ്പൂരിയാണെന്നു ചിലർ സങ്കല്പിക്കുന്നതിനു് ആസ്പദമൊന്നുംകാണുന്നില്ല....'' (3)

ശ്രീമൂലം മലയാള്ഭാഷാഗ്രന്ഥാവലിയിലെ 5–ാം ഗ്രന്ഥാങ്കമായി, 1924–ലാണ് പട്ടപ്പാട്ട് ആദ്യമായി മുദ്രണം ചെയ്യപ്പെട്ടതു്. ''തിരുവിതാംകൂർ ഗവർമ്മെ

(2) കേരളഭാഷാ സാഹിത്യചരിത്രം—ആർ. നാരായണപ്പണിക്കർ, പുറം 48–86.

(3) കേരളസാഹിത്യചരിത്രം—ഉള്ളൂർ, വാല്യം 3, പുറം 167.

ററു് സെക്രട്ടറി കവിതിലകൻ (ഉള്ളൂർ) എസ്. പരമേശ്വരയ്യർ എം. എ ബി. എൽ. പരിശോധിച്ചു്, തിരുവിതാംകൂർ ഗവർമ്മെൻറിൻെറ ആജ്ഞയനുസരിച്ചു്'' പ്രസിദ്ധീകരിച്ചിട്ടുള്ളതാണു് പ്രസ്തുതപതിപ്പു്. മഹാകവി ഉള്ളൂർ ഇംഗ്ലീഷിൽ ഒരു മുഖവുരയും, മലയാളത്തിൽ ഒരു അവതാരികയും ആ പതിപ്പിനു് എഴുതിച്ചേർത്തിട്ടുണ്ടു്. മലയാളത്തിലുള്ള അവതാരികയിൽ മഹാകവി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

''....എൻെറ ആപ്പീസിലെ പണ്ഡിതർ മിസ്റ്റർവടക്കുംകൂർ രാജരാജവർമ്മരാജാവു് അദ്ദേഹത്തിൻെറ ആദ്യത്തെ ഔദ്യോഗികപര്യടനത്തിൽ, ശ്രീമാൻ കവാതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണിഅവർകളുടെ ഗൃഹത്തിൽനിന്നു് പ്രാകൃതവും പടിയില്ലാത്തതുമായ ഒരേട്ടു തിരഞ്ഞെടുത്തു കൊണ്ടുവന്നു. ആ ഗ്രന്ഥം ഒരുകാലത്തു ക്രിസ്ത്യാനികളുടെ വകയായിരിക്കണമെന്നുള്ളതിനു ലക്ഷ്യമായി ''ഇതു മുപ്രയിൽ അയ്പുവക'' ''ഇതുമുപ്രയിൽ കട്ടക്കയത്തു ചെറിയാൻവക പടപ്പാട്ടു്'' ''ദേവമാതാവു തുണ'' ഇത്യാദി പല കുറിപ്പുകളും അതിൽതന്നെയുണ്ടു്. അതു പകർത്തിയതു തന്നെയും ഏബ്രഹാം എന്നൊരു ലേഖകനായിരുന്നു എന്നു ഗ്രന്ഥത്തിൻെറ അവസാനത്തിൽ ''എത്രയും പാവപ്പെട്ടവനായ അവ്രാഹം എഴുതിയതു്, ഇതിന്ന കൊററ ഒള്ളത അറിവുള്ള മഹാബുധെന്മാർ അറിഞ്ഞു തീർത്തുകൊള്ളണം'' എന്നു ചേർത്തിട്ടുള്ള കുറിപ്പിൽനിന്നു കാണാം. ഏബ്രഹാം അതിൽ രണ്ടാം പാദത്തിൻെറ അവസാനത്തിൽ 922–ാമാണ്ടു് വൃശ്ചികമാസം 2–ാംതീയതി എന്നും, ആറാംപാദത്തിൻെറ അവസാനത്തിൽ കൊല്ലം 935–ാമാണ്ടെന്നും താൻ പകർത്തിയെഴുതിയ തീയതികരം രേഖപ്പെടുത്തിയിട്ടുണ്ടു്.

''ലേഖകൻ ഒരു വ്യുല്പന്നനല്ലാതിരുന്നതിനാൽ ഗ്രന്ഥത്തിൽ ആപാദചൂഡം പല സ്ഖലിതങ്ങളും വന്നുകൂടിയിട്ടുണ്ട്. അനവധാനനും ഗ്രന്ഥശോധനത്തിൽ അപരിചിതനുമായ ഒരുവനു നാലുവരികൂട്ടി വായിച്ചു കാര്യം മനസ്സിലാക്കുവാൻ നിവൃത്തിയില്ലാത്ത നിലയിൽ അത്രവളരെ അബദ്ധങ്ങളുള്ള ഒരു ഗ്രന്ഥം ഗ്രന്ഥാന്തരത്തിന്റെ സഹായംകൂടാതെ പ്രസിദ്ധീകരിക്കുക എന്നുള്ളതു് ഒരു സഹ്യമല്ലാത്ത സാഹസമാണെന്നു് എനിക്കു നല്ലവണ്ണമറിയാം. എങ്കിലും ചരിത്രദൃഷ്ട്യാ നോക്കുമ്പോൾ ഒരമൂല്യനിധിയെന്നു പറയേണ്ട ഈ ഗ്രന്ഥത്തിന്റെ ആവിഷ്ക്കരണത്തിൽ എനിക്കു സംഭവിച്ച തെററു സ്വാഭാവികമാണെന്നു സഹൃദയന്മാർ സമാധാനപ്പെട്ടുകൊള്ളുമല്ലോ. ഈ പതിപ്പിൽ കാണാവുന്ന ന്യൂനതകൾ അടുത്തപതിപ്പിന്റെ ആവിർഭാവത്തിനു മുമ്പു മറെറാരു പ്രതി കിട്ടുകയാണെങ്കിൽ അതുവച്ചുകൊണ്ടു പരിഹരിക്കാമെന്നുള്ള പ്രത്യാശയും എനിക്കില്ലാതില്ല. ചില പുരാതന ക്രിസ്തീയ കുടുംബങ്ങളിൽ ഇതിന്റെ പ്രതികാം ഇപ്പോഴും കണ്ടേക്കാമെന്നുതന്നെയാണു് എന്റെ പൂർണ്ണവിശ്വാസം.

''നിഷ്പക്ഷമായ നിലയിൽ നിന്നുകൊണ്ടു ഒരു വിഷമവും വിശ്രുതവുമായ ഘട്ടത്തിൽ കൊച്ചി, കോഴിക്കോടു്, വെട്ടം ചെമ്പകശ്ശേരി, വടക്കുംകൂർ മുതലായ രാജാക്കന്മാരുടേയും, പറങ്കി, ലന്ത, ഈ കമ്പനികളുടെയും ചരിത്രത്തെ സൂക്ഷ്മമായി അവലോകനം ചെയ്തു രേഖപ്പെടുത്തുന്ന സമകാലികമായ ഭാഷാഗ്രന്ഥം ഈ പടപ്പാട്ടു് അല്ലാതെ മറെറാന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയിൽ കാണുകയില്ലെന്നാണു് എനിക്കു് തോന്നുന്നതു്. അത്ര പ്രാമാണികമായ ഒരു പുരാവൃത്തരേഖ പകർത്തിയെഴുതിയ ലോകോപകാരി ''എത്രയും പാവ

പ്പെട്ടവനായ അവുരാഹം'' കേരളീയരുടെ ശാശ്വതമായ കൃതജ്ഞതയെ എത്രമാത്രം അർഹിക്കുന്നു എന്നു പരിച്ഛേദിക്കുവാൻ പ്രയാസമുണ്ട്....

''ഒരു ക്രിസ്ത്യാനിയുടെ കൈപ്പടയിലാണ് ഈ ഗ്രന്ഥം പകർത്തിയെഴുതിയിട്ടുള്ളതെന്നുള്ളതിനു പുറമേ ''ദോഷമല്ലെന്നു വരുത്തീടണം തമ്പുരാനേ'' എന്ന രണ്ടാംപുറത്തു് ഒരു പ്രാർത്ഥനയും കാണുന്നുണ്ട്. ഈ കാരണങ്ങളാൽ പ്രഥമദൃഷ്ടിയിൽ ഇതു് ഒരു ക്രിസ്തീയ കവിയുടെ കൃതിയാണെന്നു തോന്നിയേക്കാമെങ്കിലും ഇതിൽ ഒന്നും മൂന്നും പാദങ്ങളുടെ ആരംഭത്തിലുള്ള ഹിന്ദുദേവവന്ദനങ്ങളും ''കർണ്ണാരിയെക്കൊന്ന കാരുണ്യവാരിധി കണ്ണന്റെ കളിയെന്നേ പറയാവൂ'', ''ദേവദേവേശനാം കൃഷ്ണൻ താൻ രക്ഷിക്കും'' ഇത്യാദി സൂചനകളും ഒരു ഹിന്ദുതന്നെയാണ് ഇതിന്റെ നിർമ്മാതാവെന്നു മുക്തകണ്ഠം ഘോഷിക്കുന്നു. ഗ്രന്ഥകാരൻ ക്രി. പി. പതിനേഴാം ശതകത്തിന്റെ മദ്ധ്യഭാഗത്തിൽ, താൻ വിവരിക്കുന്ന സംഭവങ്ങരം നടന്നകാലത്തിൽ തന്നെ ജീവിച്ചിരുന്ന ഒരാളാണെന്നുള്ളതു വർണ്ണനകളുടെ തന്മയത്വത്തിൽ നിന്നെന്നപോലെ, ഭാഷയുടെ രീതിയിൽ നിന്നും വിശദമാകുന്നുണ്ട്....ഗ്രന്ഥകാരൻ ഒരു മഹാകവിയൊ പണ്ഡിതാഗ്രേസരനൊ അല്ലെങ്കിലും, ഭാവനാകൗശലവും വർണ്ണനാചാതുര്യവുമുള്ള ഒരു കാവ്യാധ്യായീനനാണെന്നു സഹൃദയന്മാർ സമ്മതിക്കാതിരിക്കുകയില്ല.'' (4)

മലയാളത്തിലുള്ള അവതാരികയിൽ പറഞ്ഞിരിക്കുന്നതൊക്കെത്തന്നെയാണ് ഇംഗ്ലീഷിലുള്ള മുഖവുരയിലും ഉപന്യസിച്ചു കാണുന്നതു്. അതിൽ വിവാദ

---

(4) പടപ്പാട്ടു്, അവതാരിക (ഉള്ളൂർ) പുറം 16, 17.

പ്രശ്നത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗങ്ങാംകൂടി ഇവിടെ ഉദ്ധരിക്കാം. ''1924 മാർച്ചുമാസത്തിൽ എംൻെറ ആപ്പീസിലെ പണ്ഡിതരായ മി. വി. രാജരാജവർമ്മ, മലയാള താളിയോല ഗ്രന്ഥങ്ങാം തേടി നടത്തിയ പ്രഥമപര്യടനത്തിൽ കോട്ടയത്തെ സുപ്രസിദ്ധഭാഷാകവിയായ, എൻെറ സുഹൃത്തു് കവതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സ്വകാര്യ ഗ്രന്ഥാലയത്തിൽനിന്നും, കിളിപ്പാട്ടു രീതിയിൽ എഴുതിയിട്ടുള്ള ഒരു പദ്യകൃതി കണ്ടെത്തപ്പെടുകയുണ്ടായി. പടപ്പാട്ടു് അഥവാ സമരഗാനം എന്ന പേരോടുകൂടിയ ഈ കയ്യെഴുത്തുഗ്രന്ഥം നിരന്തരമായ അവഗണനയുടെ വിശദമായലക്ഷ്യങ്ങളോടുകൂടിയതായിരുന്നു. സനാതന സിദ്ധാന്തങ്ങാംപ്രകാരം തീരെ അവൈദികവും തന്മൂലം അനർഹവുമായ ഒരു വിഷയത്തെപ്പററി പ്രതിപാദിക്കുന്ന ഈഗ്രന്ഥം മററു മതഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ വെക്കുന്നതിനു പററിയതായി ഗണിക്കപ്പെട്ടിരുന്നില്ല.

''ഈ കൃതിയുടെ രണ്ടാംപാദത്തിൻെറയും ആറാംപാദത്തിൻെറയും അവസാനത്തിൽ കാണപ്പെടുന്നകുറിപ്പുകളിൽനിന്നു് അബ്രഹാം എന്നു പേരുള്ള ഒരു സുറിയായിക്രിസ്ത്യാനി ലേഖകൻ ആണു് ഇതു പകർത്തി എഴുതിയതെന്നും ആദ്യത്തെ രണ്ടു പാദങ്ങളുടെ പകർത്തൽ 922 വൃശ്ചിക, 23-ാംതീയതിക്കു ശരിയായ 1746 ഡിസംബർ മാസത്തിലും, അവസാനത്തെനാലുപാദങ്ങാം 935-നു നേരായ 1759-60-ലും പൂർത്തിയായി എന്നും കാണുന്നുണ്ടു്. ഈ കയ്യെഴുത്തുപ്രതി തന്നെ ഒരു കാലത്തു് ഒരു സിറിയൻ ക്രിസ്ത്യൻ കുടുംബത്തിൻെറ വകയായിരുന്നുവെന്നു് ''ഇതു മുപ്രയിൽ അയ്പുവക'', ''ഇതു മുപ്രയിൽ കുട്ടക്കയെത്തുചെറിയാൻവക'' ''ദൈവമാതാവു തുണ'' മുതലായി ആ കൃതിയിലുള്ള കുറി

പ്പുകളിൽനിന്നും വിചാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ കവിതയുടെ കർത്താവു് ഒരു ഹിന്ദുവായിരിക്കുന്നുവെന്നതിൽ യാതൊരു സംശയവുമില്ല ഒന്നും മൂന്നും പാദങ്ങളുടെ ആരംഭത്തിൽകവി അനു... ർ ത്ഥനചെയ്യുന്ന ഹിന്ദുദേവന്മാരുടെ പേരുകളി...ം അമ്പലപ്പുഴയിലെ പ്രാചീന ഭരണകർത്താക്കളു...ല ദേവതയായ ശ്രീകൃഷ്ണസ്വാമിയെപ്പററി സ്ഥ...ള മ്പോഴം കാണിക്കുന്ന ആദരപൂർവ്വമായ ഭക്തിയിൽ നിന്നും ഇതു് അനുമാനിക്കാവുന്നതാണു്.

''ഗ്രന്ഥകാരൻ ക്രിസ്തുാബ്ദം പതിനേഴാം ...കത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്നയാളും, ഈ കവിതയിൽ ഇത്ര വിശദമായി വർണ്ണിച്ചിട്ടുള്ള ചില സംഭവങ്ങൾക്കെങ്കിലും ദൃക്സാക്ഷിയുമായിരുന്നിരിക്കണം. കയ്യിൽ കിട്ടിയ ഉടനെ ഞാനതു വായിച്ചുനോക്കി. അപരിമേയമായ ചരിത്രപ്രാധാന്യത്തോടുകൂടിയ ഒരു രേഖയാണെന്നു് എനിക്കു ബോദ്ധ്യമാവുകയും ചെയ്തു. കൈയെഴുത്തുപ്രതി പ്രമാദജടിലമായിരുന്നു. സാധാരണ ചുററുപാടുകളിൽ മററു കൈയെഴുത്തുപ്രതികൾ കിട്ടുന്നതുവരെ അതു പ്രസിദ്ധീകരിക്കുന്നതിനെ നീതീകരിക്കുവാൻ പാടില്ലാത്തവിധം ആദ്യന്തം അതിൽ അത്യധികം തെററുണ്ടായിരുന്നു. എന്നാൽ ആ കൃതിയെ അങ്ങനെ ഭാഗ്യം പരീക്ഷിച്ചു വെച്ചുകൊണ്ടിരിക്കുന്നതു ശരിയായിരിക്കുകയില്ലെന്നു് എനിക്കു തോന്നി........

''........ചരിത്രസത്യങ്ങളെ ഗ്രന്ഥകാരൻ എത്ര ആത്മാത്ഥമായും വിശ്വസ്തമായും പ്രതിപാദിച്ചിരിക്കുന്നുവെന്നു ഞാൻ എടുത്തു പറയേണ്ടതില്ലല്ലോ. ഏതൊരു കാലത്തെപ്പററി ഈ കൃതി പ്രതിപാദിക്കുന്നുവോ ആ കാലത്തെപ്പററി ഉണ്ടായിരുന്ന പല അന്ധകാരമയമായ വശങ്ങളും ഈ കൃതിയുടെ സഹായത്തോടുകൂടി വിശ

ദമാക്കുന്നതിനു് സാധിച്ചിരിക്കുന്നു. പതിനേഴാം ശതവർഷത്തിലെ കേരള ചരിത്രത്തെപ്പററി പഠിക്കുന്നതിനുള്ള മൂലരേഖകളിൽ സർവ്വപ്രധാനമായ ഒന്നായിട്ടു് എന്നെന്നും സ്ഥിതിചെയ്യുന്നതാണെന്നു് അവിതർക്കിതമായവിധം പ്രസ്താവിക്കുവാൻ എനിക്കു കഴിയുന്നതാണു്. ''കരിയാററി മെത്രാൻെറ പരദേശയാത്ര'' പോലുള്ള അമൂല്യങ്ങളായ പല രേഖകളും ഉണ്ടെന്നു തെളിയിക്കപ്പെട്ടിട്ടുള്ള സിറിയൻ ക്രിസ്ത്യൻ ഗ്രന്ഥാലയങ്ങളിൽ ഇതുപോലെ അമൂല്യങ്ങളായ മററു കൈയെഴുത്തു ഗ്രന്ഥങ്ങരം ഇനിയും കാണുമെന്നുള്ളതു തീർച്ചയാണു്.'' (5)

മി. ആർ. നാരായണപ്പണിക്കർ കവിയെപ്പററിയാതൊരു അറിവും നമുക്കു നൽകുന്നില്ലെങ്കിലും, ''ഒരു ഹിന്ദുതന്നെയാണു് ഇതിൻെറ നിർമ്മാതാവു്'', ''അദ്ദേഹം ഒരു ഹിന്ദുതന്നെയോ എന്നുള്ളതിനെപ്പററി സംശയിക്കേണ്ടതില്ല'' എന്നെല്ലാമാണു മഹാകവി ഉള്ളൂരിൻെറ ഖണ്ഡിതമായ അഭിപ്രായം. There is no doubt that the author of the poem must have been a Hindu'' എന്നു് അദ്ദേഹം തീർത്തുപറയുന്നു. ഈ കൃതിയിൽ കാണുന്ന ഹിന്ദുദേവവന്ദനങ്ങളും ഹിന്ദുദേശസൂചനകളും, അമ്പലപ്പുഴ രാജാവിൻെറ കുലദേവതയോടു കാണിച്ചിരിക്കുന്ന ആദരവുമാണു് ഈ അനുമാനത്തിനു് അദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുള്ളതു്.

## IV

ഒരു കൃതിയിൽ, പ്രത്യേകിച്ചു് ഒരു പ്രാചീന കൃതിയിൽ, ഹിന്ദുദേവന്മാരെ വന്ദിച്ചിരിക്കുന്നു എന്നതു-

(5) ചെപ്പോട്ടു്. Introduction by Ulloor, pp. i-x, iii

കൊണ്ടുമാത്രം, അതിന്റെ കർത്താവ് ഒരു ഹിന്ദുവായിരിക്കണമെന്നു തീരുമാനിക്കുന്നതു് എപ്പോഴും ശരിയായിരിക്കണമെന്നില്ലാ എന്ന പരമാർത്ഥം നമ്മുടെ ഭാഷാചരിത്രകാരന്മാർ പലപ്പോഴും വിസ്മരിക്കാറുണ്ടു്. മി. ആർ. നാരായണപ്പണിക്കർ തന്നെ മാമ്മൻമാപ്പിളയുടെ "കണക്കധികാരം" എന്ന ഗാനകൃതിയെപ്പററി പ്രസ്താവിക്കുകയിൽ "എന്നാൽ ഗ്രന്ഥകാരൻ കരിമുഖനെ ഗ്രന്ഥാരംഭത്തിൽ സ്തുതിച്ചു കാണുന്നതെന്തുകൊണ്ടാണെന്നറിയുന്നില്ല" (6) എന്നു അത്ഭുതപ്പെടുകയാണു ചെയ്തിരിക്കുന്നതു്. പ്രഥമഗുരുവായ പിതാവു കൈപിടിച്ചു് ആദ്യമായി അരിയിൽ എഴുതിച്ചതു് "ഹരിശ്രീ ഗണപതായെ നമഃ" എന്നായിരുന്നുവെന്ന വസ്തുത ഇന്നലെയെന്നപോലെ അനുസ്മരിക്കുന്ന ഈ ലേഖകനു്, ഒരു കൃതിയിൽ ഏതാനും ഹിന്ദുദേവവന്ദനങ്ങളോ ഹിന്ദുദേവനാമങ്ങളോ കണ്ടതുകൊണ്ടുമാത്രം അതൊരു ഹിന്ദുവിന്റെ കൃതിയാണെന്നു വിശ്വസിക്കുക വിഷമമായിരിക്കുന്നു.

പക്ഷേ, ഒരു ക്രിസ്ത്യാനി ഹിന്ദുക്കളുടെ ദൈവത്തോടു കവിതയിൽ പ്രാർത്ഥിക്കുന്നതു് അനാവശ്യമോ അസംഭവ്യമോ ആയി കരുതുന്ന പണ്ഡിതന്മാരായ പല ഹിന്ദുക്കളും ഉണ്ടെന്നുള്ളതു് ഒരു വസ്തുതയാണു്. ഒരു പഴയ സംഭവം ഓർത്തുപോകുന്നു. ഒരിക്കൽ മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള 'മലയാളമനോരമ'യിൽ താഴെക്കാണുന്ന പദ്യം പ്രസിദ്ധം ചെയ്തു.

"ഓർത്താലും ശക്രസൂനോ രിപുഗണമഖിലം
വദ്ധ്യമത്രേ; വിഷാദി–

---

(6) കേരള ഭാഷാസാഹിത്യചരിത്രം —
ആർ. നാരായണപ്പണിക്കർ, രണ്ടാംഭാഗം,
പുറം 183.

ച്ചാത്ത്യാ ഖേദിച്ചീടേണ്ടാ; സ്വകരമതിലെടു-
ത്തീടു ഗാണ്ഡീവചാപം;
പാത്ഥീ ടേണ്ടാ രഥത്തിൽക്കയറുക, തവ യ-
ന്താവു ഞാനെന്നു കേറി-
ത്തേരത്തട്ടിൽ ചീത്തമോദാലരുളിയ ഭഗവാ-
നാത്തി തീത്തീടണം മേ.''

ഈ പദ്യം പ്രസിദ്ധപ്പെടുത്തിക്കൊണ്ടു പത്രാധിപർ കണ്ടത്തിൽ വറുഗീസുമാപ്പിള ശ്ലോകത്തിനു താഴെ ''ഈ പ്രാത്ഥന കവിയുടെ മനഃപൂർവ്വം തന്നെയോ?'' എന്നൊരു കുറിപ്പു് എഴുതിച്ചേർത്തു. ആ ക്രൈസ്തവഭക്തൻ ശ്രീകൃഷ്ണഭഗവാനോടു് ''ആത്തിതീത്തീടണം'' എന്നു പ്രാത്ഥിച്ചതിൽ ആത്മാത്ഥതയുണ്ടോ എന്നായിരുന്നു പത്രാധിപരുടെ സംശയം. തുടന്നു് ഇതേപ്പററി ശ്ലോകരൂപത്തിൽ തന്നെ ഒരു വാദപ്രതിവാദം നടന്നു. നടുവത്തുമഹൻ നമ്പൂതിരി ചോദിച്ചു,

''മട്ടൊക്കെയും നിജമതാസ്പദമാസ്ഥവീന്ദ്ര-
രൊട്ടുക്കയത്നമിഹ ചെയ്യൊരു പൂരണത്തിൽ.
തട്ടിക്കയത്തൊരു മിടുക്കൊടു കൈയഴിച്ചു
കട്ടക്കയത്തിനു മതം തലമാറിയെന്നോ?''

ഇതിനു മഹാകവി ചെറിയാൻ മാപ്പിള ഇങ്ങനെ മറുപടി നൽകി:

''നടുവത്തുമഹൻ മഹീസുരൻതാൻ
വടിവോടിന്നധിപോക്തിയെക്കവിഞ്ഞു്
വിടുസൂചന ചെയ്തതോത്തുകണ്ടാൽ
കടൽതന്നിൽപ്പൊഴിയും മഴയ്ക്കു തുല്യം.''

പ്രസ്തുത ശ്ലോകത്തിനു നടുവത്തുമഹൻ നമ്പൂതിരിയുടെ തിരിച്ചടി ഇങ്ങനെയായിരുന്നു:

''അല്ലേ കട്ടക്കയം കോപി-
ക്കല്ലേ പത്രാധിപർ തവയാ

മല്ലടിച്ചതു കണ്ടാണോ
ചൊല്ലിവച്ച തെതിത്തതിൽ.
''സാരം കൂടാതെ സാരം സരസകവി വിചാ-
രിച്ചു താനേ സമസ്യാ-
പാദം നൽകുന്നതായാലൊരു കവിയതിനെ-
പ്പൂരണം ചെയ്തിടുമ്പോൾ
ഭേദം കാണാതതോടൊക്കെന്നമറ്റു കവികൾ-
ക്കൈത്രെയും മാനമെന്നാൽ
വാദം നന്നോ മതംകൊണ്ടതിലിതി മതിമാൻ
മൽപ്രയോഗാത്ഥസാരം.''

പത്രാധിപരുടെ ശ്ലോകരൂപത്തിലുള്ള ഒരു മറുപടിയോടുകൂടി ഈ വാദപ്രതിവാദം അവസാനിക്കുകയായിരുന്നു ചെയ്തതു്. (7) മഹാകവി കട്ടക്കയത്തിൻെറ പദ്യം, അദ്ദേഹത്തിൻെറ പേരുകൂടാതെ, നമ്മുടെ ഭാഷാചരിത്രകാരന്മാർക്കു ലഭിക്കുകയായിരുന്നെങ്കിൽ ''അതൊരു ഹിന്ദുവിൻെറ കൃതിയാണെന്നുള്ളതിനു യാതൊരുസംശയവുമില്ല'' എന്നു് അവർ തീർത്തും വിധിയെഴുതുമെന്നതിൽ എനിക്കു യാതൊരു സംശയവുമില്ല.

1399-ൽ നടന്ന ഉദയംപേരൂർ സൂനഹദോസിൻെറ കാലംവരെ കേരളത്തിലെ ക്രിസ്ത്യാനികൾ ഹൈന്ദവാചാരങ്ങളെയും ഹിന്ദുനാമങ്ങളേയും അതേപടി സ്വീകരിച്ചുപോന്നിരുന്നു. സൂനഹദോസ് അത്തരം നടപടിയെ നിരോധിച്ചെങ്കിലും, പിന്നെയും വളരെക്കാലത്തേക്കു് അതു ക്രൈസ്തവസമുദായത്തിൽ നിലനിന്നു പോന്നുവെന്നതു് ഒരു യാഥാർത്ഥ്യം മാത്രമാണു്. അടുത്തകാലത്തുപോലും ക്രൈസ്തവരായ എഴുത്തുകാരന്മാർ, തങ്ങളുടെ

(7) മലയാളമനോരമ ഷഷ്ട്യബ്ദപൂർത്തിസ്മാരകം — മലയാളമനോരമയിലെ കവികളും കാവ്യവിനോദങ്ങളും. പുറം 414-415.

ശിഷ്യന്മാരെ, ജാതിമതഭേദമെന്യേ, ഹൈന്ദവ ദേവസ്തോത്രങ്ങൾ പഠിപ്പിക്കുകയും, അവരെക്കൊണ്ടു പാടിപ്പിക്കുകയും ചെയ്തിരുന്ന, ഈ അന്തരീക്ഷമാണു്,

''വാണിയോടു പൂമകൾക്കു കോപമേതുമില്ല.''

''വാനുലകത്തിലെ മാനിനിവർഗ്ഗത്തിൻ
ഗാനവിശേഷത്തിനിണ്ടലേകി.''

''ചുണ്ടിയിപ്പുരകന്നേ പുഞ്ചിരി കാണുകി—
ലണ്ടർകോനാലസ്യപ്പെട്ടു വീഴും.''

''ഉർവ്വശി, മേനക, രംഭ തുടങ്ങിയ
സ്വർവ്വധൂ രത്നങ്ങളമ്പരന്നു ''

''ശാരദ നീരദ ഭാസോ—മുനി—
നാരദനേന്തും മഹസ്സോ.''

എന്നിങ്ങനെ ഈ ഇരുപതാം നൂററാണ്ടിൽത്തന്നെ കവിതയെഴുതാൻ റവ. സിസ്റ്റർ മേരീബനീഞ്ജാ സി. ഡി. യെപ്പോലുള്ള ഒരു കന്യാസ്ത്രീക്കു പോലും ധൈര്യം നൽകിയതു്. ഇങ്ങനെ എഴുതി എന്നതുകൊണ്ടു സിസ്റ്റർ ബനീഞ്ജാ ഒരു ഹിന്ദുവാണെന്നു ശഠിക്കുന്നതു ഭംഗിയായിരിക്കുകയില്ലല്ലോ.

ചുരുക്കത്തിൽ. പടപ്പാട്ടിലെ ഏതാനും ഹിന്ദുദേവസ്തുചനകൾകൊണ്ടു് അതിന്റെ കർത്താവാരെന്നു നിശ്ചയിക്കുക സാദ്ധ്യമല്ല. കവിയെപ്പററി വല്ല അറിവും ശേഖരിക്കാവുന്ന മററൊരു മാർഗ്ഗം ഗ്രന്ഥത്തിന്റെ സൂക്ഷിപ്പുകാരനോടു ചോദിക്കുകയാണു്. കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളുടെ ഗ്രന്ഥശേഖരത്തിൽനിന്നാണു വിവാദഗ്രന്ഥം കണ്ടുകിട്ടിയതെന്നു പ്രസാധകൻ (മഹാകവി ഉള്ളൂർ) സമ്മതിക്കുന്നു. ''സനാതന സിദ്ധാന്തങ്ങൾ പ്രകാരം തീരെ അവൈദികവും തന്മൂലം അനർഹവുമായ ഒരു വിഷയത്തെപ്പററി പ്രതിപാദിക്കുന്നതും, അതിനാൽ ''മററു ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ വെക്കുന്നതിനു പററിയതായി ഗണിക്കപ്പെ

ട്ടിരുന്നില്ലാത്തതു''മായ ഈ ഗ്രന്ഥം മഹാസനാതനിയായ മി. ശങ്കുണ്ണിയുടെ ഗ്രന്ഥശേഖരത്തിൽ എങ്ങനെ കടന്നുകൂടി എന്നു പ്രസാധകനോ, ശ്രന്ഥം എടുത്തുകൊണ്ടുപോയ ആപ്പീസിലെ പണ്ഡിതനോ വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ എന്നു നമുക്കു് അറിഞ്ഞുകൂടാ. അങ്ങനെ അന്വേഷണം നടത്തിയിരുന്നെങ്കിൽ കവിയെപ്പററി കൂടുതൽ വിവരങ്ങൾ ലഭിക്കുമായിരുന്നു എന്നാണു കരുതേണ്ടതു്.

കൈയെഴുത്തുപ്രതിയിൽ കാണുന്ന ''ഇതു മുപ്രയിൽ അയ്പുവക'', ''ഇതു മുപ്രയിൽ കട്ടക്കയത്തു ചെറിയാൻവക'' എന്നീ പ്രസ്താവങ്ങളിൽ നിന്നു വിവാദകൈയെഴുത്തുപ്രതി ശങ്കുണ്ണിയുടെ വകയല്ലെന്നു സ്പഷ്ടമാണല്ലോ. ''ചില പുരാതന ക്രിസ്തീയ കുടുംബങ്ങളിൽ ഇതിന്റെ പ്രതികൾ ഇപ്പോഴും കാണേക്കാം'', ''സിറിയൻ ക്രിസ്ത്യൻ ഗ്രന്ഥാലയങ്ങളിൽ ഇതുപോലെ അമൂല്യമായ മററു കൈയെഴുത്തു ഗ്രന്ഥങ്ങൾ ഇനിയും കാണും'' എന്നെല്ലാമുള്ള പ്രസാധകന്റെ പ്രസ്താവങ്ങളിൽനിന്നു് ഈ കൈയെഴുത്തു കൃതിയുടെ ഉടമസ്ഥർ ഒരു സിറിയൻ ക്രിസ്ത്യൻ കുടുംബമാണെന്നു മഹാകവി ഉള്ളൂർ പരോക്ഷമായിട്ടെങ്കിലും സമ്മതിക്കുകയാണല്ലോ ചെയ്യുന്നതു്. കൈയെഴുത്തുപ്രതിയിൽ സൂചിപ്പിച്ചിരിക്കുന്ന ''മുപ്രയിൽ കട്ടക്കയത്തു് ചെറിയാൻ'' മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയാണു്. ''മുപ്രയിൽ അയ്പ്'' ചെറിയാൻ മാപ്പിളയുടെ പിതൃവ്യനും.

തന്റെ ആത്മസുഹൃത്തായിരുന്ന മഹാകവി ചെറിയാൻ മാപ്പിളയോടു പടപ്പാട്ടിന്റെ കർത്താവിനെക്കുറിച്ചു പ്രസാധകൻ വല്ല അന്വേഷണവും നടത്തിയോ എന്നു നമുക്കറിഞ്ഞുകൂടാ. അന്വേഷിച്ചിരുന്നുവെങ്കിൽ,

ചില വിവരങ്ങൾ ലഭിക്കുമായിരുന്നു എന്നാണു കരുതേണ്ടതു്. എന്തുകൊണ്ടെന്നാൽ, ഈ ഗ്രന്ഥം ചെറിയാൻ മാപ്പിളയുടെ വകയായിരുന്നെന്നും, അതു് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിലേക്കു മനോരമപ്രസിൽ ഏല്പിച്ചിരിക്കുകയായിരുന്നുവെന്നും, അവിടെനിന്നാണു് അതു കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ താൽക്കാലിക കൈവശത്തിൽ ചെന്നുചേർന്നതെന്നുമുള്ളതാണു പരമാർത്ഥം. അതേപ്പററി പ്രസാധകൻ യാതൊന്നും പറയുന്നില്ലാത്തതിനാൽ ആ വഴിക്കു് അദ്ദേഹം അന്വേഷിച്ചിട്ടില്ലെന്നാണു കരുതേണ്ടതു്.

പടപ്പാട്ടിൻെറ കൈയെഴുത്തുപ്രതി മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ വകയായിരുന്നു. ആ ഒരു പ്രതിയല്ലാതെ അതിൻെറ മററു യാതൊരു പകർപ്പുകളും ഇല്ലെന്നാണു് അറിയുന്നതു്. അതിനാൽ, കവിയെപ്പററിയുള്ള അന്വേഷണം ആ ഒരേ ഒരു പകർപ്പിനെമാത്രം ആശ്രയിച്ചുനടത്തുവാനേ നിവൃത്തിയുള്ളു. ആ പകർപ്പിൽ നിന്നു കിട്ടാവുന്ന മററാരു തെളിവു് ''എത്രയുംപാവപ്പെട്ടവനായ അവുറാഹം എഴുതിയതു്. ഇതിന്നു കൊറവുള്ളതു അറിവുള്ള മഹാബുധന്മാർ അറിഞ്ഞു തീൎത്തുകൊള്ളണം'' എന്ന കുറിപ്പാണു്. പക്ഷേ അവുറാഹം കേവലം പകർപ്പു് എഴുത്തുകാരൻ മാത്രമാണെന്നു മഹാകവി അനുമാനിക്കുന്നു. ''അവുറാഹം എഴുതിയ''തിനെ, ''അവുറാഹം പകൎത്തി എഴുതിയ''തായി മഹാകവി കാണുന്നു. ഈ അനുമാനത്തിനുള്ള അടിസ്ഥാനം എന്താണെന്നു് അദ്ദേഹം പറയുന്നില്ല.

അവുറാഹം ഇതിൻെറ പകർപ്പു് എഴുത്തുകാരൻ മാത്രമാണോ? ആണെങ്കിൽ ''ഇതിനു കുറവുള്ളതു അറിവുള്ള മഹാബുധന്മാർ അറിഞ്ഞു തീൎത്തുകൊള്ളണം.'' എന്നതിൻെറ അർത്ഥമെന്താണു്? കേവലം ഒരു പകർ

ല്പ് എഴുത്തുകാരൻ ഇങ്ങനെ എഴുതുമോ? മൂലഗ്രന്ഥം നോക്കി ശരിക്കു പകർത്തുന്ന ആരം, അറിവുള്ള മഹാബുധന്മാരുടെ സഹായം തേടേണ്ട യാതൊരാവശ്യവും കാണുന്നില്ല. എന്നുതന്നെയല്ല, താൻ പാവപ്പെട്ടവനാണെന്നു് ആയാരം ഏററു പറയേണ്ടതുമില്ല. സർവ്വോപരി, ഈ പകർപ്പെഴുത്തു ഗൃമസ്ഥൻ ആദ്യത്തെ രണ്ടു പാദങ്ങരം പകർത്തിക്കഴിഞ്ഞിട്ടു്, ബാക്കി പാദങ്ങരം പകർത്തുവാൻ പതിമൂന്നു നീണ്ട സംവത്സരങ്ങരം കഴിയേണ്ടിവന്നു എന്നതും ഒരു ദുർഘട പ്രശ്നമായി അവശേഷിക്കുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും, പടപ്പാട്ടിന്റെ നിർമ്മാതാവായ കവി ''പാവപ്പെട്ടവനായ അവുറാഹം'' തന്നെയാണെന്നുള്ളതാണു് പരമാർത്ഥം.

## V

ഒന്നര ശതാബ്ദക്കാലത്തോളം കേരളത്തിൽ സർവ്വാധിപത്യം വഹിച്ചിരുന്ന പോർത്തുഗീസുകാരുടെ അധഃപതനവും, അവരെ ഇവിടെനിന്നും പലായനപരായണരാക്കിയ ലന്തക്കാരുടെ വിജയവുമാണല്ലോ പടപ്പാട്ടിലെ പ്രതിപാദ്യവിഷയം. കൊച്ചിരാജവംശത്തിൽ തായ്‌വഴിത്തക്കം കൊടുമ്പിരിക്കൊണ്ടിരിക്കുകയും, പറങ്കികളെ ഓടിച്ചു ലന്തക്കാർ ഇവിടെ താവളമുറപ്പിക്കുകയും ചെയ്ത അക്കാലത്തു്, കേരളത്തിൽ മതപരമായ ഒരു തായ്‌വഴിത്തക്കവും മൂർദ്ധന്യത്തിലെത്തിയിരുന്നു. ചരിത്രപ്രസിദ്ധമായ കൂനൻകുരിശുസത്യവും അനന്തരസംഭവങ്ങളുമാണു് ഇവിടെ ഉദ്ദേശിക്കുന്നതു്. വസ്തുതകരം യഥാതഥം മനസ്സിലാക്കുന്നതിന്നു് അന്നത്തെ കേരളസഭാചരിത്രത്തിലേക്കു് ഒന്നു കണ്ണോടിക്കേണ്ടതു് ആവശ്യമായിരിക്കുന്നു.

കേവലം കച്ചവടത്തിന്നായി കേരളത്തിലെത്തിയ പോർത്തുഗീസുകാർ ക്രമേണ ഇവിടത്തെ ക്രിസ്ത്യാനികളുടെ മതപരമായ ഭരണകാര്യങ്ങളിൽ കൈകടത്തുകയും, ലത്തീൻഭരണം ഇവിടെ ഉറപ്പിക്കുന്നതിനു ഭഗീരഥയത്നം ചെയ്യുകയും ചെയ്തു. 1599-ലെ ഉദയംപേരൂർ സൂന്നഹദോസ് വഴി തങ്ങളുടെ ലക്ഷ്യം കുറെയൊക്കെ അവർ സാധിച്ചു. കേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾ ഈ വൈദേശികാക്രമണം ഇഷ്ടപ്പെട്ടില്ല. സുറിയാനിമെത്രാന്മാരുടെ ഭരണത്തിൽ തുടരുവാനാണ് അവർ ആഗ്രഹിച്ചത്. പക്ഷേ സുറിയാനിമെത്രാന്മാർ, സിറിയായിൽനിന്നു വരേണ്ടിയിരുന്നു. അങ്ങനെയിരിക്കെയാണ് 1653—ൽ അഹത്തുള്ളാ എന്ന ഒരു സുറിയാനിമെത്രാൻ കേരളത്തിലെത്തിയത്. പക്ഷേ പോർത്തുഗീസുകാർ ആ മെത്രാനെ നാട്ടിൽ ഇറങ്ങുവാൻ അനുവദിക്കാതെ, നാടുകടത്തിക്കളഞ്ഞു

അഹത്തുള്ളാമെത്രാൻ കടലിൽ കെട്ടിത്താഴ്ത്തപ്പെട്ടു എന്നൊരു ശ്രുതി നാട്ടിൽ പരന്നു. ക്ഷുഭിതരായ കേരളത്തിലെ സുറിയാനിക്കാർ മട്ടാഞ്ചേരിയിൽ സമ്മേളിച്ച്, അവിടെ ഉണ്ടായിരുന്ന കുരിശിൽ ഒരു ആലാത്തുകെട്ടി അതിൽ പിടിച്ചുകൊണ്ട്, സന്തതിയുള്ള കാലത്തോളം പോർത്തുഗീസുകാരുടെ ഭരണത്തിലിരിക്കുന്നതല്ലായെന്നു പ്രതിജ്ഞചെയ്തു. ഇതാണ് കൂനൻകുരിശുസത്യം. ഈ സത്യംകൊണ്ടു തൃപ്തിപ്പെടാതെ ജനക്കൂട്ടം ആലങ്ങാട്ടേയ്ക്കു പിൻവാങ്ങി തങ്ങളുടെ ജാതിത്തലവനായിരുന്ന തോമ്മാ അർക്കദ്യാക്കോനെ മെത്രാനായി വാഴിച്ചു. (സഭാനിയമമനുസരിച്ച് ഇത് അനധികൃതമായ ഒരു പ്രവൃത്തിയായിരുന്നു. തന്മൂലം അർക്കദ്യാക്കോൻ മെത്രാൻവേഷധാരിയായതല്ലാതെ യഥാർത്ഥമെത്രാനായില്ല.)

ഈ സംഭവത്തോടുകൂടി സുറിയാനിസമുദായം രണ്ടുചേരിയായി പിരിഞ്ഞു. അക്കാദ്യാക്കോൻ മെത്രാനായെന്നു പറഞ്ഞു് അദ്ദേഹത്തെ അനുസരിച്ച പുത്തൻകൂറുകാർ; അദ്ദേഹത്തിനു മെത്രാൻസ്ഥാനമില്ലായ്കയാൽ അദ്ദേഹത്തെ അനുസരിക്കാതെ പഴയനിലയിൽ തുടർന്ന പഴയകൂറുകാർ. ഇവിടത്തെ മതഭിന്നത മനസ്സിലാക്കിയ റോമാമാർപ്പാപ്പാ, മാർ സെബസ്ത്യാനി എന്നൊരു മെത്രാനെ സമാധാനസംസ്ഥാപനത്തിനായി കേരളത്തിലേക്കു് അയച്ചു. ഈ ഘട്ടത്തിലാണു് പോർത്തുഗീസുകാരുടെ ബദ്ധവിരോധികളായ ഡച്ചുകാർ കേരളം കൈയടക്കിയതു്. ബുദ്ധിമാനായ സെബസ്ത്യാനി കറവിലങ്ങാട്ടുകാരനായ പള്ളിവീട്ടിൽ ചാണ്ടികത്തനാരെ കേരളത്തിന്റെ ന്യായാനുസൃതമായ മെത്രാനായി അവരോധിച്ചശേഷം മടങ്ങിപ്പോയി. ഇതു് 1663-ലാണു്.

സഭാനിയമപ്രകാരം അധികാരമുള്ള ഒരു മെത്രാൻ ഉണ്ടായതോടുകൂടി, വേർപ്പെട്ടുനിന്നിരുന്ന വളരെയാളുകൾ പഴയകൂറിലേക്കു തിരിച്ചുപോന്നു. ചാണ്ടിമെത്രാന്റെ കുടുംബബന്ധങ്ങളും സ്വാധീനശക്തിയും ഈ പ്രത്യാഗമനത്തിനു വളരെയധികം സഹായിച്ചിട്ടുണ്ടു്. ഇങ്ങനെ പഴയകൂറിലേക്കു തിരിച്ചുപോന്നവരിൽ ഒരാളാണു് ചാണ്ടിമെത്രാന്റെ കുടുംബജനായ തിരുവല്ലായിൽ കാവിലെ വീട്ടിൽ ചെറിയാൻമാപ്പിള. കക്ഷിമാററത്തോടുകൂടി തിരുവല്ലായിൽനിന്നു് പാലായിലെത്തി താമസമാക്കിയ ഈ ചെറിയാൻമാപ്പിളയ്ക്കു രണ്ടു പുത്രന്മാരാണുണ്ടായിരുന്നതു്. അന്നത്തെ സുറിയാനിസഭാദ്ധ്യക്ഷനും സ്വവംശജനുമായ ചാണ്ടിമെത്രാനോടുള്ള ബഹുമാനാതിരേകം മുൻനിർത്തി ആദ്യജാതനു ചാണ്ടിയെന്നു തന്നെ പേരിട്ടു. ഈ ചാണ്ടി ഒരു വൈ

ദികനായി ജീവിതം നയിച്ചു. ചെറിയാൻമാപ്പിളയുടെ ദ്വിതീയപുത്രനു കുരുവിളയെന്നായിരുന്നു പേരു്. ഈ കുരുവിളയാണു പാലായിലെ പ്രസിദ്ധമായ കട്ടക്കയം കുടുംബത്തിൻെറ കുലകൂടസ്ഥൻ. കുരുവിളയ്ക്കു ചാണ്ടി, അബ്രാഹം, ചെറിയാൻ എന്നു മൂന്നു പുത്രന്മാരാണു് ഉണ്ടായിരുന്നതു്. ഇവരിൽ രണ്ടാമനായ അബ്രാഹമാണു് പടപ്പാട്ടിലെ ''പാവപ്പെട്ടവനായ അവുറാഹം.''

പറമ്പിൽ ചാണ്ടിമെത്രാൻ 1663 മുതൽ 1687 വരെ മലങ്കരസഭയുടെ ഭരണാധികാരിയായിരുന്നു. അദ്ദേഹത്തിൻെറ ഭരണകാലത്താണു് സുപ്രസിദ്ധമായ വരാപ്പുഴപ്പള്ളിയും എറണാകുളത്തെ ചാത്യാത്തുപള്ളിയും പണികഴിപ്പിക്കപ്പെട്ടതു്. ചാണ്ടിമെത്രാൻെറ ഭരണവിജയത്തിനു ലന്തക്കമ്പനിക്കാരുടേയും കൊച്ചിമഹാരാജാക്കന്മാരുടേയും സഹായസഹകരണങ്ങരം വളരെ പ്രയോജനപ്പെട്ടിട്ടുണ്ടു്. കൊച്ചിരാജകുടുംബം എക്കാലത്തും ക്രിസ്ത്യാനികളുടെ സംരക്ഷകരായിരുന്നല്ലോ. ലന്തക്കാരുടെ സ്നേഹഭാജനവും അവരുടെ സഹായംകൊണ്ടു ഭരണം നടത്തിയിരുന്ന ദേഹവുമായ ചാണ്ടിമെത്രാനു ലന്തക്കാരോടും കൊച്ചിരാജകുടുംബത്തോടു പ്രത്യേകമായ ആദരവും ഭക്തിയും തോന്നിയതിൽ അത്ഭുതപ്പെടാനില്ല. ചാണ്ടിമെത്രാൻെറ അനന്തരവനും, മഹാപണ്ഡിതനും, 1694 മുതൽ അങ്കമാലി രൂപതയുടെ വികാരിജനറാളായി സഭാഭരണം നടത്തിയിരുന്ന ദേഹവുമായ പറമ്പിൽ മത്തായി അക്ക്ദെ്യാക്കോനും ലന്തക്കാരുടേയും കൊച്ചി രാജകുടുംബത്തിൻേറയും പ്രത്യേകാദരവുകരംക്കു പാത്രീഭൂതനായിരുന്നു.

''പാവപ്പെട്ടവനായ അവുറാഹ''ത്തിനു, തൻെറ കുടുംബത്തേക്കു വളരെയധികം സഹായം ചെയ്തിട്ടുള്ളവരും, തൻെറ ദായാദരായ മഹാപുരുഷന്മാരുടെ ഉൽക്കർഷത്തിനു ഹേതുഭൂതന്മാരുമായ ലന്തക്കാരോടും

കൊച്ചിരാജാവിനോടുമുള്ള ആദരാതിരേകമാണോ, താനുൾപ്പെടുന്ന സഭയിലും തൻെറ തറവാട്ടിൽത്തന്നെയും അക്ഷന്തവ്യമായ മത്സരത്തിനും ഭിന്നിപ്പിനും വിത്തുവിതച്ച പറങ്കികളോടുള്ള വെറുപ്പാണോ, ഏതാണധികമെന്നു പറയുക സാദ്ധ്യമല്ല. അതെങ്ങനെയായിരുന്നാലും, പറങ്കികളുടെ അധഃപതനവും ലന്തക്കാരുടെ ഉൽക്കർഷവും ശാശ്വതീകരിക്കത്തക്ക ഒരു സൽക്കാവ്യം നിർമ്മിക്കുവാനുള്ള അദ്ദേഹത്തിൻെറ സംരംഭം വിജയശ്രീലാളിതമായിത്തീർന്നിട്ടുണ്ട്.

ചാണ്ടിമെത്രാൻ, മത്തായി അക്കദ്യാക്കോൻ എന്നിവരിൽനിന്നും അവരുടെ സമകാലികരായിരുന്ന സ്വപിതൃപിതാമഹന്മാരിൽനിന്നും അറിഞ്ഞിട്ടുള്ള ചരിത്രവസ്തുതകളെ അതേപടി പദ്യത്തിലാക്കുകമാത്രമാണ് അബ്രഹാം ചെയ്തിരിക്കുന്നത്. ഒരുപക്ഷേ, ചാണ്ടിമെത്രാൻെറയും മത്തായി അക്കദ്യാക്കോൻെറയും ശേഖരത്തിലുണ്ടായിരുന്ന പ്രമാണരേഖകൾ ഇക്കാര്യത്തിൽ അബ്രാഹത്തിനു കൂടുതൽ സഹായകമായിരുന്നിരിക്കണം. എന്നല്ല, മത്തായി അക്കാദ്യാക്കോനോടൊന്നിച്ചു കവി തൻെറ കാവ്യത്തിൽ പറയുന്ന സ്ഥലങ്ങൾ സന്ദർശിച്ച് ആവശ്യമായ വിവരങ്ങൾ നേരിട്ടു മനസ്സിലാക്കിയെന്നും വരാം. എങ്ങിനെയായാലും, അല്പംപോലും അതിശയോക്തി കലർത്താതെ, ഏതൽക്കാലചരിത്രം വിവരിക്കുന്ന കാര്യത്തിൽ, പടപ്പാട്ടിൻെറ കർത്താവു വിജയിച്ചിട്ടുണ്ട്.

സർവ്വോപരി, പടപ്പാട്ടിൻെറ കർത്താവ് ഒരു പടയോട്ടത്തിൻെറ ദാരുണഫലങ്ങൾ അനുഭവിച്ചറിഞ്ഞവനുമായിരുന്നു. പടപ്പാട്ടിൻെറ ദ്വിതീയപാദം എഴുതിത്തീർന്നതു് 922 വൃശ്ചികം 23—ാം തീയതിയാണെന്നു്, ആ പാദത്തിൻെറ അവസാനത്തിൽ കവിതന്നെ രേഖ

പ്പെടുത്തിയിട്ടുണ്ടു്. വീരപരാക്രമിയായിരുന്ന തിരുവിതാംകൂർ അനിഴംതിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവു് തന്റെ രാജ്യം വടക്കോട്ടു വടക്കോട്ടു വിസ്തീർണ്ണപ്പെടുത്തിക്കൊണ്ടിരുന്ന ഒരു കാലമായിരുന്നു അതു്. 921-ാമാണ്ടു് കായംകുളവുമായി നടന്ന യുദ്ധത്തിൽ, കായംകുളം രാജാവിനെ സഹായിച്ചുവെന്ന കാരണം പറഞ്ഞു, മാർത്താണ്ഡവർമ്മ തന്റെ സൈന്യത്തെ വടക്കോട്ടു നയിച്ചു് തെക്കുംകൂർ, വടക്കുംകൂർ, പൂഞ്ഞാർ മുതലായ സ്വതന്ത്രരാജ്യങ്ങളെ ആക്രമിക്കുകയും, അവ കീഴടക്കുകയും ചെയ്തു.

ഈ ജൈത്രയാത്രയ്ക്കിടയിൽ, പാലാ അങ്ങാടി സ്ഥിതി ചെയ്തിരുന്ന മീനച്ചിൽ കർത്താവിന്റെ രാജ്യവും തിരുവിതാംകൂറിനു കീഴടങ്ങാനിടയായി. മീനച്ചിൽ കർത്താവിന്റെ മന്ത്രിപ്രധാനിയായ അന്ന ഒററപ്ലാക്കൽ ഇട്ടിച്ചെറിയത്തും മററു ഉദ്യോഗസ്ഥന്മാരും തമ്മിൽ ഉണ്ടായിരുന്ന അഭിപ്രായവ്യത്യാസവും കലിപ്പുകളും നിമിത്തം, മീനച്ചിൽ കർത്താവിനു ശത്രുവിന്റെ ആക്രമണം ഫലപ്രദമായി നേരിടുവാൻ സാധിച്ചില്ലെന്നും, അങ്ങനെ കർത്താവിന്റെ വകയായിരുന്ന പ്രദേശങ്ങളെല്ലാം നിഷ്പ്രയാസം തിരുവിതാംകൂറിനു കീഴടങ്ങുകയാണുണ്ടായതെന്നുമാണു് ഇതേപ്പററിയുള്ള പുരാവൃത്തം.

ഇതിനു് ഒരു പ്രത്യാഘാതമുണ്ടായി. മീനച്ചിൽ മുതലായ കിഴക്കൻപ്രദേശങ്ങളിലെ ജനങ്ങളെല്ലാം ജന്മഭൂമി സ്വതന്ത്രമാക്കുവാൻ ഒരു ശ്രമം നടത്തി ലഹള അടിച്ചമർത്തുവാൻ രാമയ്യന്റെ തിരുവിതാംകൂർ സൈന്യം എല്ലാവിധത്തിലും പരിശ്രമിച്ചു. അക്കൂട്ടത്തിൽ അവർ പല അക്രമങ്ങൾ ചെയ്യുകയും, കണ്ണിൽക്കണ്ടതെല്ലാം നശിപ്പിക്കുകയും ചെയ്തതായി പറയപ്പെടുന്നു. പാലായിൽത്തന്നെ കമ്പോളത്തിലുണ്ടായിരുന്ന പുരകളെല്ലാം പൊളിച്ചെടുത്തു്, ളാലത്തുപള്ളിയുടെ അകത്തുകൂട്ടി,

പട്ടാളക്കാർ തീവെക്കുകയാൽ പള്ളിയുടെ മേൽക്കൂട്ട മുഴുവൻ വെന്തു ചാമ്പലായി.

പട വരുന്നതറിഞ്ഞു ജനങ്ങളെല്ലാം കിഴക്കൻമലകളെ അഭയംപ്രാപിച്ചു. അക്കൂട്ടത്തിൽ "പാവപ്പെട്ടവനായ അവ്രാഹ"വും ഉരംപ്പെട്ടിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. നാട്ടിൽസമാധാനവും ശാന്തിയും പുനഃസ്ഥാപിതമായ ശേഷമേ, ജനങ്ങരം മലകളിൽനിന്നു തിരിച്ചുപോന്നുള്ളു. പട പേടിച്ചു മലകളെ അഭയംപ്രാപിച്ചിരുന്ന കവിയും കുടുംബവും സ്വദേശത്തു തിരിച്ചുവരികയും, പുതിയവാസസ്ഥലങ്ങരം ഉണ്ടാക്കി സൈ്വരജീവിതം ആരംഭിക്കുകയും ചെയ്തതിനുശേഷമേ, പടപ്പാട്ടിന്റെ മൂന്നുമുതൽ സർഗ്ഗങ്ങരം രചിക്കുന്നതിനു സാധിച്ചുള്ളു. ആറാംപാദത്തിന്റെ അവസാനത്തിൽ935—മാണ്ടു് എന്നു കാവ്യം എഴുതിത്തീർത്ത തീയതി കവി തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്.

അബ്രഹാം നല്ലൊരു പണ്ഡിതനും ചരിത്രജ്ഞാനിയും അനുഗൃഹീതകവിയുമായിരുന്നുവെന്നുള്ളതിനു പടപ്പാട്ടുതന്നെ നല്ല തെളിവായിരിക്കുന്നു. അതു സാഹിത്യഗുണം തികഞ്ഞ ഒരു കൃതിയാണെന്നുള്ളതിനു പുറമെ, അക്കാലത്തെ രാജ്യഭരണരീതികളെയും യുദ്ധസമ്പ്രദായങ്ങളെയും മററും കുറിച്ചു പല അറിവുകളും പ്രദാനം ചെയ്യുന്നുമുണ്ടു്. സ്വന്തം ഭവനം അഗ്നിക്കിരയാകുകയും സമ്പത്തുകരം നശിക്കുകയും ചെയ്ത അവസരത്തിൽപ്പോലും, അപൂർണ്ണമായിരുന്ന ആ ഓലക്കെട്ടു്—കൈയെഴുത്തുകൃതി—അമൂല്യമായിക്കരുതി മലംപ്രദേശങ്ങളിലേക്കു കൊണ്ടുപോകയും, തിരിച്ചുപോന്നപ്പോരം മററന്തിനേക്കാളും കാര്യമായി കൂടെകൊണ്ടുപന്നു് അതു പൂർത്തിയാക്കുകയും ചെയ്ത അബ്രാഹത്തിനു തന്റെ കൃതിയോടു് എത്രമാത്രം പ്രതിപത്തിയും അഭിമാനവും ഉണ്ടായിരുന്നിരിക്കണം!

# ഹോർത്തുസ് മലബാറിക്കസ്

''മലയാളമനോരമ'' ആഴ്ചപ്പതിപ്പിന്റെ 1959 ജനുവരി 24-ാം തീയതിയിലെ ലക്കത്തിൽ ''മലയാളത്തിലെ അച്ചടി''യെപ്പററി പ്രസിദ്ധം ചെയ്തിരുന്ന ഒരു ലേഖനത്തിൽ പ്രാസംഗികമായി ഇങ്ങനെയൊരു വാചകം ചേർത്തിരുന്നു;–''വൈപ്പിക്കോട്ട സെമ്മിനാരിയിലെ ഒരു പണ്ഡിതനും കുറേക്കാലം പാറമ്പിൽ ചാണ്ടിമെത്രാന്റെ ആലോചനാസഭയിലെ ഒരു അംഗവുമായിരുന്ന മാത്യൂസ് പാതിരി രചിച്ചതും മലയാളദേശത്തെ ഔഷധച്ചെടികളേയും ഔഷധപ്രയോഗങ്ങളേയുംപററി പ്രതിപാദിക്കുന്നതും, 12 വാല്യങ്ങൾ അടങ്ങിയതുമായ ഹോത്തൂസ് മലബാറിക്കസ് എന്ന ഗ്രന്ഥം 1686-ൽ ആംസ്റ്റർഡാമിൽ അച്ചടിക്കുകയുണ്ടായി.'' ഈ വാചകം ആഴ്ചപ്പതിപ്പിൽ ചേർത്തതോടൊപ്പം സർവ്വജ്ഞനായ പത്രാധിപർ ഒരു അടിക്കുറിപ്പും എഴുതിച്ചേർത്തു:–''വാൻറിഡാണു ഗ്രന്ഥകാരൻ, മാത്യൂസ് സഹായിച്ചതേയുള്ളു'' എന്നതാണത്. (1)

ആഴ്ചപ്പതിപ്പിന്റെ അതേ ലക്കത്തിൽ ശ്രീ. ജി. പി. മാത്തുശേരി എഴുതിയിട്ടുള്ള ''കൈരളിയുടെ കലവറയിൽ വൈദികരുടെ സംഭാവനകൾ'' എന്ന ലേഖനത്തിൽ ഇങ്ങനെരേഖപ്പെടുത്തിയിട്ടുണ്ട്. "1670-ൽ കൊച്ചിയിൽതന്നെ (ഹെൻഡ്രിക്ക് ഏഡ്രിയൻ വാൻറീഡ്) കമാൻഡറായി നിയമിക്കപ്പെട്ടു. ഈ താമസ-

---

(1) മലയാളമനോരമ ആഴ്ചപ്പതിപ്പ്, III No. 49. 1959 ജനുവരി പുറം 5.

ത്തിനിടയിൽ സസ്യശ്യാമളമായ കേരളം അദ്ദേഹത്തിന്റെ സസ്യശാസ്ത്രപഠനത്തിനും ഗവേഷണത്തിനും ഏററവും പ്രയോജകീഭവിച്ചു. ഭാരതീയവൈദ്യശാസ്ത്രപ്രകാരമുള്ള സസ്യങ്ങളെ സംബന്ധിക്കുന്ന സമഗ്രമായ ഒരു പഠനത്തിനു വേണ്ടത്ര സൗകര്യങ്ങൾ ലഭിക്കാനും ഇടയായി, എറണാകുളത്തിനു സമീപം ചാത്തിയത്തും പിന്നീട് വരാപ്പുഴയിലും കർമ്മലീത്താ ഭവനങ്ങൾ സ്ഥാപിച്ച്, തന്റെ ചിരകാലാഭിലാഷമായ സസ്യശാസ്ത്രപഠനത്തിനുവേണ്ടിയുള്ള കരുക്കൾ രംഗഭട്ടർ, വിനായകപണ്ഡിതൻ, അപ്പുഭട്ടൻ, ചേർത്തലക്കാരൻ ഒരു ഈഴവവൈദ്യൻ ഇട്ടിഅച്ചുതൻ എന്നിങ്ങനെ നാലു് ആയുർവ്വേദ വൈദ്യന്മാരുടെ സഹായത്തോടുകൂടി അദ്ദേഹം സംഭരിച്ചു.

"നേപ്പിൾസുകാരനായ മാത്യൂസ് എന്ന ഒരു വൈദികനും ഈ പരിശ്രമത്തിൽ വാൻറീഡിനെ സഹായിച്ചുകൊണ്ടിരുന്നു. ഫാദർ മാത്യൂസാണു കേരളത്തിന്റെ വിവിധഭാഗങ്ങളിൽവിശേഷിച്ചു മലമ്പ്രദേശങ്ങളിൽ സഞ്ചരിച്ച് ഔഷധച്ചെടികൾ ശേഖരിച്ച് എറണാകുളത്തുകൊണ്ടുപോയി അവയുടെ പടങ്ങൾ വരപ്പിച്ചെടുത്തതു്. അങ്ങനെ ഔഷധസസ്യങ്ങളുടെയും മററുചെടികളുടെയും വൃക്ഷങ്ങളുടെയും വിവരങ്ങളെല്ലാം ശേഖരിച്ചുകൊണ്ടു 1677-ൽ വാൻറീഡ് സ്വദേശത്തേക്കു മടങ്ങി. സ്വദേശത്തിരുന്നുകൊണ്ടാണ് അദ്ദേഹം ലത്തീൻഭാഷയിൽ പന്ത്രണ്ടു വാല്യങ്ങളായി 7946 സസ്യങ്ങളുടെ പടങ്ങളോടുകൂടി 'ഹോർത്തൂസ് മലബാറിക്കസ്' എന്ന പേരിൽ കേരളത്തിലെ സസ്യവിജ്ഞാനീയത്തെക്കുറിച്ച് അതിവിപുലമായ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയതു്." (2)

---

(2) ടി പുറം ൩—൪.

ശ്രീ. ജി. പി മാത്യശേരിയുടെ ഈ ലേഖനമായിരിക്കണം പ്രഗത്ഭനായ പത്രാധിപരെ വഴിതെററിച്ചതെന്നു ഞാൻ വിചാരിക്കുന്നു. കത്തോലിക്കസഭയുടെ പരമശത്രുക്കളായിരുന്ന ഡച്ചുകാരുടെ കേരളത്തിലെ പ്രതിനിധിയും, ഒരു പ്രൊട്ടസ്റ്റൻറുകാരനുമായിരുന്ന ഹെൻറീക്ക് വാൻറീഡ് ''ചാത്യാത്തും വരാപ്പുഴയും കർമ്മലിത്താർഭവനങ്ങരം സ്ഥാപിച്ചു'' എന്നകാര്യത്തിൽ പത്രാധിപർക്കു സംശയമേയില്ല. ചാത്യാത്ത് ഒരുകർമ്മലീത്താഭവനം ആരും ഒരിക്കലും സ്ഥാപിച്ചിട്ടില്ലെങ്കിൽത്തന്നെയെന്താണു്? മഹാകവി ഉള്ളൂരിന്റെ കേരളസാഹിത്യ ചരിത്രത്തിൽനിന്നു പകത്തിയപ്പോരം ലേഖകനു് അറിയാതെപററിയ ഒരു പ്രമാദമാണിതു്. കർമ്മലീത്താഭവനങ്ങരം സ്ഥാപിച്ചതു് മാത്യൂസ് പാതിരിയാണെന്നു ഉള്ളൂർ വ്യക്തമായി പറയുന്നുണ്ടു്.

മനോരമപത്രാധിപരുടെ അടിക്കുറിപ്പു കണ്ടതിനുശേഷവും എന്റെ പ്രസ്താവന തെററാണെന്നു് എനിക്കു തോന്നിയില്ല. ആകയാൽ ഞാൻ ഒരു വിശദീകരണം പത്രാധിപർക്കു് എഴുതിഅയച്ചുവെങ്കിലും അതു് അദ്ദേഹം പ്രസിദ്ധീകരിക്കുകയുണ്ടായില്ല. ആകയാൽ ഞാനതു് 'അപ്നാദേശി'നു് അയച്ചുകൊടുക്കുകയും അവരതു് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. (3) വാൻറീഡിനെപ്പററിത്തന്നെയായിരുന്നു എന്റെ സംശയം. കൊച്ചിക്കോട്ട പോത്തുഗീസുകാരിൽനിന്നു പിടിച്ചെടുത്തു് പോത്തുഗീസ് ശക്തിയെ ദക്ഷിണഇൻഡ്യയിൽനിന്നു തുടച്ചുമാററുവാൻ സർവ്വകഴിവുകളും ഡച്ചുകാർപ്രയോഗിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ, 1670–ലാണു് ഹെൻറി

(3) ''എനിക്കു പറയുവാനുള്ളതു്''–അപ്നാദേശ് 1961 ജനുവരി.

ക്കു് അഡ്രിയാൻ വാൻറീഡു് മിലിട്ടറി ഗവർണ്ണറായി കൊച്ചിയിലെത്തിയതു്. കേരളത്തിൻെറ വിവിധഭാഗങ്ങളിൽ സഞ്ചരിച്ചു് ഔഷധച്ചെടികൾ ശേഖരിക്കുന്നതിനും അവയെപ്പററി പഠനം നടത്തുന്നതിനും അദ്ദേഹത്തിനു് എത്രമാത്രം സമയവും സൗകര്യവും ഉണ്ടാകുമെന്നു് ഊഹ്യമാണല്ലോ. എപ്പോഴും തോക്കുനിറച്ചുവെച്ചു കാത്തിരിക്കേണ്ട ആ കുഴപ്പം നിറഞ്ഞ കാലഘട്ടത്തിൽ ഒരു മിലിട്ടറി ഗവർണ്ണർക്കു് അതിനുവേണ്ട സൗകര്യങ്ങളുണ്ടായിരുന്നാൽതന്നെ ഡച്ചുകാരനായ വാൻറീഡു് മാതൃഭാഷ ഉപേക്ഷിച്ചു ലത്തീനിൽ ഗ്രന്ഥനിർമ്മാണം ചെയ്തതിൻെറ കാരണം അജ്ഞാതമായിരിക്കുന്നു. ഹോർത്തൂസ് മലബാറിക്കസ് ലത്തീനിൽപ്രസിദ്ധംചെയ്തതിനോടൊപ്പം അതു തർജ്ജമ ചെയ്തു ഡച്ചുഭാഷയിലും ആംസ്റ്റർഡാമിൽനിന്നുതന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

എന്നാൽ ആ ഉപ്പതിപ്പിലെ അടിക്കുറിപ്പിനെ സാധൂകരിക്കുവാനോ എന്നുതോന്നുമാറു് 1961—ൽ പ്രസിദ്ധീകരിച്ച മനോരമ ഇയർബുക്കിൽ വാൻറീഡിനെപ്പററി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ''രംഗഭട്ടൻ, വിനായകപണ്ഡിതൻ, അപ്പുഭട്ടൻ, എന്നീ ഗൗഡസാരസ്വതബ്രാഹ്മണരുടേയും ഇട്ടിഅച്ചുതൻ എന്നഈഴവവൈദ്യൻെറയും സഹായത്തോടുകൂടി ഇദ്ദേഹം ലത്തീൻഭാഷയിൽ എഴുതിയ ഹോർത്തൂസ് മലബാറിക്കസ് (കേരളാരാമം) എന്ന പന്ത്രണ്ടുവാല്യങ്ങളടങ്ങിയ ഗ്രന്ഥം മലയാളികൾക്ക പ്രത്യേകിച്ചും ശ്രദ്ധേയമാണു് ഈ വിഷയത്തെസംബന്ധിച്ചു് ഒരു കേരളീയൻപോലും ഇത്തരംഒരുഗ്രന്ഥം നിർമ്മിച്ചിട്ടുള്ളതായറിവില്ല (4) കേരളാരാമം ലത്തീൻഭാഷയിൽ ''എഴുതിയതു'' വാൻറീഡാണെന്നു മനോരമ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണു ചെയ്തിരിക്കുന്നതു്.

(4) മനോരമഇയർബുക്കു് 1951 പുറം 375.

## II

ഹോർത്തൂസ് മലബാറിക്കസിനെപ്പററി കേരളഭാഷാസാഹിത്യചരിത്രകാരന്മാർ എന്തുപറയുന്നു എന്നുകൂടി പരിശോധിക്കാം. മഹാകവി ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ എഴുതുന്നു–''ഹോർത്തൂസ് മലബാറിക്കസ് (കേരളാരാമം) എന്നപേരിൽ കേരളത്തിലെ സസ്യവിജ്ഞാനീയത്തെപ്പററി ഒരു വിപുലമായ പുസ്തകം ലത്തീൻ ഭാഷയിൽ രചിച്ച ഹെഡ്രിക്ക് എഡ്രിയാൻ വാൻറീഡ് എന്ന പണ്ഡിതൻ നമ്മുടെ കൃതജ്ഞതയെ സവിശേഷം അർഹിക്കുന്ന ഒരു ഗ്രന്ഥകാരനാണ്....കൊച്ചിവിടുന്നതിനു മുൻപുതന്നെ തൻെറ സസ്യശാസ്ത്ര രചനയ്ക്കു വേണ്ട സാമഗ്രികരം അദ്ദേഹം എറണാകുളത്തിനുസമീപം ചാത്തിയാത്തും പിന്നീടു വരാപ്പുഴയും കർമ്മലീത്താഭവനങ്ങരം സ്ഥാപിച്ച നേപ്പിരംസുകാരനായ ഫാദർ മാത്യൂസ് എന്ന ഒരു കർമ്മലീത്ത മിഷ്യനറി, രംഗഭട്ടൻ, വിനായകപണ്ഡിതൻ, അപ്പുഭട്ടൻ, എന്ന മൂന്നു് ഗൗഡസാരസ്വത ബ്രാഹ്മണവർഗ്ഗത്തിൽപെട്ട ഭിഷഗ്വരന്മാർ, ഇട്ടിഅച്ചുതൻ എന്നവിശിഷ്ടനായ ഒരു ഈഴവവൈദ്യൻ, ഈ അഞ്ചു പണ്ഡിതന്മാരുടെ സഹായത്തോടുകൂടി തയ്യാറാക്കിക്കഴിഞ്ഞിരുന്നു.. മാത്യൂസാണു് കേരളത്തിൻെറ വിവിധഭാഗങ്ങളിൽനിന്നു് ഔഷധികളും മററും ശേഖരിച്ചു കൊച്ചിയിലേക്കു കൊണ്ടുപോയി അവയുടെ പടങ്ങരം വരപ്പിച്ചതു്.''(5)

ശ്രീ. ടി. എം. ചുമ്മാറിൻെറ ഗവേഷണഫലം ഇങ്ങനെയാണു്:–''മലയാളാക്ഷരങ്ങരം ചേർത്തു ഒരു പു

---

(5) കേരളസാഹിത്യചരിത്രം–മൂന്നാം ഭാഗം 955 പുറം 227.

സ്തകം ആദ്യമായി മുദ്രണം ചെയ്യപ്പെട്ടതു 1673–നും 77–നും മദ്ധ്യേയാണ്കൊച്ചിയിലെഡച്ചു കമാൻഡറായിരുന്ന വാൻറീസ് എഴുതിയ Hartus Malabaricus (കേരളാരാമം–കേരള സസ്യവിവരണം) എന്ന ഗ്രന്ഥമായിരുന്നു അതു്. അതിൽ മലയാളത്തിലെ സസ്യങ്ങളുടെയും ഔഷധികളുടെയും പേരുകരം ലത്തീൻ, സംസ്കൃതം, മലയാളം, അറബി എന്നീ ഭാഷകളിൽ കൊടുത്തിട്ടുള്ളതായി പ്രസ്താവിക്കപ്പെടുന്നു. പ്രസ്തുത ഗ്രന്ഥരചനയിൽ ചേർത്തലക്കാരൻ ഇട്ടി അച്ചുതൻ എന്ന ഒരു ആയുർവ്വേദവൈദ്യൻെറയും രംഗഭട്ടൻ, വിനായകം പണ്ഡിതൻ,–അപ്പുഭട്ടൻ എന്നിങ്ങനെ മൂന്നു കൊങ്കണബ്രാഹ്മണ വൈദ്യന്മാരുടെയും സഹായസഹകരണങ്ങരം ഗ്രന്ഥകാരനു ലഭിച്ചിരുന്നതായി തദ്ഗ്രന്ഥത്തിൻെറ മുഖവുരയിൽനിന്നു വെളിപ്പെടുന്നുണ്ടു്. പന്ത്രണ്ടു് വാല്യങ്ങളുള്ള പ്രസ്തുതകൃതി 1686–നും 1763–നുമിടയ്ക്കുള്ളകാലഘട്ടത്തിലാണു് പോളണ്ടിൽമുദ്രണംചെയ്യപ്പെട്ടതു്. (6) [ഗ്രന്ഥംഅച്ചടിച്ചതു് 1673–നും 77–നും ഇടയ്ക്കാണെന്നു ആദ്യവും, 1686–നും 1763–നുമിടയ്ക്കാണെന്നു് തുടർന്നുംപ്രസ്താവിക്കുന്നതിലെ പൂർവ്വാപരവൈരുദ്ധ്യമോ മുദ്രണംചെയ്ത സ്ഥലം പോളണ്ടാണെന്ന പ്രസ്താവനയിലെ പ്രമാദമോ തൽക്കാലം ചർച്ചാ വിഷയമല്ല].

ഡോക്ടർ പി. ജെ. തോമ്മസിൻെറ അഭിപ്രായം ഇങ്ങനെയാണു്; ''സസ്യശാസ്ത്രപരമായ സംഗതികളിലാണു് ഇദ്ദേഹത്തിൻെറ (ഫാദർ മാത്യൂസിൻെറ) അന്വേഷണം അധികമായി നടന്നിട്ടുള്ളതു്. 1686–ാ

(6) ഭാഷാഗദ്യസാഹിത്യചരിത്രം–ടി. എം. ചുമ്മാർ, 1955. പുറം 475.

മാണ്ടുമുതൽ ഹോളണ്ടിൽനിന്നു 12 ഗ്രന്ഥങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ട (Hortus Malabaricus) (കേരളാരാമം) എന്ന കൃതി മിക്കവാറും ഈ പാതിരിതന്നെ എഴുതിയതാകുന്നു, ഇതിൽ പല ഭാഗങ്ങരം മലയാളത്തിലും അച്ചടിച്ചു ചേർത്തിട്ടുണ്ടു്. ഈ ഗ്രന്ഥത്തിൽ ആകെ 796 ചിത്രങ്ങളുണ്ടു്. ഈ കൃതിയുടെ നിർമ്മാണകാര്യത്തിൽ രങ്കഭട്ടൻ, വിനായകപണ്ഡിതൻ, അപ്പുഭട്ടൻ എന്നിങ്ങനെ മൂന്നു ബ്രാഹ്മണഭിഷഗ്വരന്മാരുടെയും അവരിലും മേലായി ഇട്ടിഅച്ചുതൻ എന്ന ഈഴവവൈദ്യൻെറയും സഹായങ്ങരം സിദ്ധിച്ചതായി ഗ്രന്ഥകാരൻ മുഖവുരയിൽ പ്രസ്താവിക്കുന്നു. (7)

''സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടേ'' എന്ന ഗ്രന്ഥത്തിൽ കേരളാരാമത്തിൻെറ കർത്തൃത്വത്തെപ്പററി ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്. ''ക്രി. ഡി: 1686-ൽ വിരചിതമായ 'കേരളാരാമം' (ഹോർത്തുസ് മലബാറിക്കസ്) എന്ന ഗ്രന്ഥം അക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നു. ഇററലിക്കാരനായ മാത്യൂസ് പാതിരിയാണു് ഇതിൻെറ കർത്താവു്. കേരളത്തിലെ സസ്യങ്ങളെ സംബന്ധിച്ചു് ഒരു പ്രാമാണികഗ്രന്ഥമാണിതു്. ഹോളണ്ടിൽനിന്നു പ്രസിദ്ധപ്പെടുത്തിയ ഈ കൃതിയിലെ പല ഭാഗങ്ങളും മലയാളത്തിലാണു്. (8)

---

(7) മലയാളസാഹിത്യവും ക്രിസ്ത്യാനികളും— ഡോക്ടർ പി. ജെ. തോമസ് 1961 പുറം 118.

(8) സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ— ജനറൽ എഡിററർ കെ. എം. ജോർജ്ജ് 1958 പുറം 740–41.

ശ്രീ. പി. ജി. മേനോൻ എം. എസ്സ്സിക്ക് ഇതിൽനിന്നു ഭിന്നമായ ഒരു അഭിപ്രായമാണുള്ളതു്. ''ജയകേരളം'' വാർഷികപ്പതിപ്പിൽ എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു; — ''മലബാറിലെ ഡച്ചുഗവർണ്ണറായിരുന്ന ഹെൻറിക് വാൻറേഡ് കേരളത്തിലെ സുപ്രസിദ്ധ വൈദ്യന്മാരെക്കൊണ്ടു് മലയാളക്കരയിലെ സസ്യങ്ങളുടെ ഒരു സംക്ഷിപ്തവിവരണം എഴുതിക്കുകയുണ്ടായി. 'ഹോർത്തൂസ് ഇൻഡിക്കസ് മലബാറിക്കസ്'' (ഇന്ത്യയിൽ മലബാറിലെ സസ്യലോകം) എന്ന പേരിൽ 12 വലിയവാള്യങ്ങളായി ലാററിൻഭാഷയിൽ ഹോളണ്ടിൻെറ തലസ്ഥാനമായ ആംസ്റ്റർഡാമിൽനിന്നും ആണു് അതു പ്രസിദ്ധീകരിച്ചതു്. അതിൽ കേരളക്കരയിലെ 740 സസ്യങ്ങളുടെ സംക്ഷിപ്തവിവരണം ചിത്രസഹിതംകൊടുത്തിട്ടുണ്ടു്. ഒന്നാംവാല്യം 1678-ലും 12-ാംവാല്യം 1703-ലും ആണു് പ്രസിദ്ധീകരിക്കപ്പെട്ടതു്........ഇട്ടി അച്യുതം എന്ന പ്രസിദ്ധനായൊരു മലയാളവൈദ്യനെക്കൊണ്ടാണു് യഥാർത്ഥത്തിൽ ഈ 12 വാല്യങ്ങളും എഴുതിച്ചിട്ടുള്ളതു്'' (9)

ശ്രീ. മാത്യു എം. കുഴിവേലി പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാനം പോപ്പുലർ എൻസൈക്ലോ പീഡിയായിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണു്. ''കൊച്ചിയിലെ ഡച്ചുഗവർണ്ണറായിരുന്ന വാൻറീഡിൻെറ നേതൃത്വത്തിൽ നാട്ടുകാരായ ചില വൈദ്യന്മാരുടെ സഹായത്തോടുകൂടെ ഹോർട്ടിക്കസ് മലബാറിക്കീസു്

---

(9) ഹോർത്തൂസ് ഇൻഡിക്കസ് മലബാറിക്കസ് പി.. ജി. മേനോൻ, എം. എസ് സി. 1960-ലെ ജയകേരളം വാർഷികപ്പതിപ്പ്, പുറം 91.

എന്ന പേരിൽ വിശ്വവിഖ്യാതമായ ഒരു മഹാഗ്രന്ഥം കൊച്ചിയിൽവെച്ച് രചിക്കുകയുണ്ടായി. സസ്യശാസ്ത്ര സംബന്ധമായ ആ മഹാഗ്രന്ഥത്തിൽ കേരളത്തിലെ വൃക്ഷങ്ങളെയും ചെടികളെയും പററിയുള്ള സമ്പൂർണ്ണ വിവരങ്ങളും ചിത്രങ്ങളുമുണ്ട്.....''(10)

ചുരുക്കത്തിൽ ഹോർത്തൂസ് മലബാറിക്കസിൻെറ കർത്താവ് വാൻറീഡാണെന്നു മലയാളമനോരമ പത്രാധിപരും ശ്രീ. ടി. എം. ചുമ്മാരും, മാത്യൂസ് പാതിരിയാണെന്നു ഡോക്ടർ പി. ജെ. തോമസും ശ്രീ. സി. എൽ. ആൻറണിയും, ഇട്ടി അച്യുതനാണെന്നു ശ്രീ. പി. ജി. മേനോനും വാദിക്കുന്നു. ഇതിൽ ഏതായിരിക്കണം ശരി!

## III

ആരാണ് ഈ മാത്യൂസ് പാതിരി? പ്രസിദ്ധ ജർമ്മൻ പണ്ഡിതനായ റവ: ഫാദർ അംബ്രോസിയസ് Analecta Ordinis Carmalitarum Discalceatorum എന്ന പ്രസിദ്ധീകരണത്തിൽ, ഫാദർ മാത്യൂസ് ഓഫ് സെൻറുജോസഫ് എന്ന പേരിൽ അറിയപ്പെടുന്ന മഹാനായ ആ കർമ്മലീത്താ മിഷ്യനറിയെപ്പററി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

''ഇദ്ദേഹം ഇററാലിയനും കർമ്മലീത്താസഭയുടെ നേപ്പിൾസ് പ്രോവിൻസിലെ ഒരംഗവുമായിരുന്നു. 1612–ൽ നേപ്പിൾസിൽ ഭൂജാതനായ ഇദ്ദേഹം 1639 സെപ്തംബർ 25–ാംനു- കർമ്മലീത്താ സന്യാസസഭയി

(10) വിജ്ഞാനം എൻസൈക്ലോപീഡിയാ, വാല്യം 2, പുറം 2175.

ലെഒരംഗമായി പ്രതവാദാനംചെയ്തു. നേപ്പിാംസിൽനി ന്നതന്നെ വൈദ്യശാസ്ത്രത്തിൽപ്രശസ്തബിരുദം നേടി. 1644–ൽ മിഷ്യൻവേലക്കുലെബാനോനിലേക്ക് അയക്കപ്പെട്ടു. 1648–ൽ പേർഷ്യയിലേക്ക പോയി. ആ വർഷംതന്നെ കുറേനാരം ബസ്രാ എന്ന സ്ഥലത്തായിരുന്നതായി കാണുന്നു. 1649–ൽ മാസ്കാററിൽ ആയിരുന്നു. 1651–ൽ ഇൻഡ്യയിലേക്ക യാത്രയായി 1655–ൽ കർമ്മലീത്താ മിഷ്യൻെറ വികാരിയായി. 1657–ൽ മലബാറിലേക്ക മാർ സെബാസ്റ്റ്യാനിയെ അനുഗമിച്ചു.

''മാർ സെബസ്ത്യാനി ഡച്ചുകാരാൽ നാടുകടത്തപ്പെട്ടശേഷം, മെഗാറായുടെ മെത്രാൻെറ (പറമ്പിൽചാണ്ടി മെത്രാൻെറ) സഹായിയായി 1663 ൽ ചാർജെടുത്തു. എന്നാൽ 1667–ൽ അദ്ദേഹം പേർഷ്യയിലായിരുന്നു; അതിനാൽ മേൽപ്പറഞ്ഞ ഉദ്യോഗം ഏറെനാരം വഹിച്ചില്ലായെന്നു് അനുമിക്കേണ്ടിയിരിക്കുന്നു. പേർഷ്യയിൽനിന്നും, പ്രോപ്പഗാന്താ തിരുസംഘം 1667 മെയ് 9–ാം തീയതി അദ്ദേഹത്തെ വീണ്ടും മലബാറിലേക്കയച്ചു. അറബിഭാഷയിലും വൈദ്യശാസ്ത്രത്തിലും നിഷ്ണാതനായിരുന്ന അദ്ദേഹം, മലയാളഭാഷാവിദഗ്ദ്ധനായ ഇട്ടി അച്ചുതൻെറ സഹായത്തോടുകൂടി, കൊച്ചിയിലെ പ്രീഫെക്ററായിരുന്ന ഡി ഹെൻറി വാൻറീഡിൻെറ ആവശ്യപ്രകാരം, മലബാറിലെ സസ്യങ്ങളെയും ചെടികളെയും അവയുടെ ഗുണങ്ങളെയും പ്രതിപാദിക്കുന്നഒരു ഗ്രന്ഥം നിർമ്മിച്ചു.'' (11)

---

(11) Analecta Ordinis Carmelitarum Dicalceatorum, Vol. XV, (1940 Jan–June),

1777–ൽ കേരളത്തിലെത്തിയ പൗലീനോസ് പാതിരി ഫാദർ മാത്യൂസിനെപ്പററി പ്രസ്താവിച്ചിരിക്കുന്നതിങ്ങനെയാണ്: ''ഫാദർ മാത്യൂസ് 1663 ലെ സാമുദായികാന്തച്ഛിദ്രത്തിനുശേഷം മലബാറിലെ ഒരു ഉന്നതവ്യക്തിയും; വരാപ്പുഴമിഷൻെറ തൊട്ടുകുറിയുമായിരുന്നു. അദ്ദേഹം ശീശ്മക്കളുടെ നിവാരണാത്ഥമുള്ള പരിശ്രമത്തിൽ ഒന്നാമനായിരുന്നു. മെത്രാനായിത്തീർന്ന പറമ്പിൽ ചാണ്ടികത്തനാരെ കുറവിലങ്ങാടിൻെറ എളിയ പരിതഃസ്ഥിതിയിൽനിന്നു കർമ്മരംഗത്തേക്കു കൊണ്ടുവരികയും ബത്താവ്യായുമായി സ്നേഹബന്ധത്തിലാക്കുകയും ചെയ്തു. കത്തോലിക്കാവിരുദ്ധനായിരുന്ന വാൻ റീഡിനെ മയപ്പെടുത്തി. ചാത്യാത്തു ദൈവാലയം സ്വപരിശ്രമത്താൽ സ്ഥാപിച്ചു എതാണ്ടു 90–ാമത്തെ വയസ്സിൽ എന്നു തോന്നുന്നു, പ്രശംസാർഹങ്ങളായ പരിശ്രമങ്ങൾക്കുശേഷം, കൊച്ചിയിൽവച്ചുനിര്യാതനായി. 1691–ൽ, അതേ വർഷം തന്നെ മൃതദേഹം കൊച്ചിയിൽ നിന്നു വരാപ്പുഴയിലേക്കു സംവഹിക്കപ്പെടുകയും, അവിടെ സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

''അറബി ഭാഷാപണ്ഡിതനും വൈദ്യശാസ്ത്രവിരുതനും ആയിരുന്ന കർമ്മലീത്താനിഷ്പാദുക വൈദികൻ, വിശുദ്ധ യൗസേപ്പിൻെറ ബ. മാത്യൂസ്, മലയാളവിദഗ്ദ്ധനായ ഇട്ടിഅച്ചുതനുമൊന്നിച്ചു, കൊച്ചിയിലെ പ്രീഫെക്ററായിരുന്ന വാൻ റീഡിൻെറ ആവശ്യപ്രകാരം മലബാറിലെ സസ്യങ്ങളെപ്പററി

---

p. 37; 49-52. Also in Nomenelator Missionarioruim Ordinis Carmelitarum Discalceatorum by P. Ambrosius A. S. Teresa, O. C. D, (Romae 1944) pp. 266—67.

പ്രതിപാദിക്കുന്ന ഗ്രന്ഥം നിർമ്മിച്ചു. ഈ വിശിഷ്ട ഗ്രന്ഥം അനന്തരകാലത്തു് ആർനോൾഡ്, സിരേയനിയൂസ്, ജോബ്, കെമ്മെലീനിയൂസ് ഇവരുടെ വ്യാഖ്യാനങ്ങളോടും കുറിപ്പുകളോടുംകൂടെ 1678—ൽ ആംസ്റ്റർഡാമിൽ 9 വാല്യങ്ങളായി വാൻ സോമറൻ എന്ന ആളിനാൽ പ്രസിദ്ധീകരിക്കപ്പെട്ടു.'' (12)

മാത്യൂസ് പാതിരിയുടെ സാഹിത്യസേവനങ്ങളെപ്പററി ഫാദർ അംബ്രോസിയസ് താഴെക്കാണുന്ന വിവരങ്ങൾ നൽകിയിട്ടുണ്ടു്.

1. Elementa Linguae Mandoeorum seu Sabbaeorum cum regulis syntaxis atque literaturae seu Abecedarium et Dialogi [മാന്ദേയരുടെ അല്ലെങ്കിൽ സാബേയരുടെ, ഭാഷയും അതിൻെറ രചനാപരവും സാഹിത്യപരവുമായ നിയമങ്ങളും.] മാന്ദേയർ. അഥവാ സാബേയർ, അറേബ്യായിലുണ്ടായിരുന്ന ഒരു മതവിഭാഗമാണു്

വിശുദ്ധ യൗസേപ്പിൻെറ ആഞ്ചലൂസ് എന്ന വൈദികൻ ''പേർഷ്യൻ വൈദ്യശാസ്ത്രം'' (Pharmacopea Persica) എന്ന ഗ്രന്ഥത്തിൽ ഫാദർ മാത്യൂസിൻെറ താഴെപ്പറയുന്ന കൃതികളെപ്പററി പ്രസ്താവിക്കുന്നുണ്ടു്:

2. Viaggionel Bander-Congo (Persia) illustrato con disegni curiosi et diciture in arabo a 1668.

3. Viridarinm Orientale ''പൗരസ്ത്യപൂങ്കാവനം.'' വിവിധസസ്യങ്ങളുടെയും അവയുടെ പ്രധാന

---

(12) India Orientalis Christiana, by P. Paulinus A. S. Bartholomeo (Romae 1799) pp. 183—184.

ഗുണങ്ങളുടെയും വിവരണം ഈ പുസ്തകം Hortus Indicus Malabaricus (Armstelodami Sumptibus Joannis Van Someren et Joannis Van Dyok, 1678) എന്ന പുസ്തകത്തോട് കൂട്ടിച്ചേർക്കപ്പെടുകയുണ്ടായി.

"പൗരസ്ത്യപൂങ്കാവനം" പല വാല്യങ്ങളായിട്ടാണ് ഗ്രന്ഥകാരൻ എഴുതിയതു്. എങ്കിലും പിന്നീട് അതിനു് ഒരു ഏകീകരണം നടന്നു. റോമയിൽ പം ക്രേഷ്യസിൻെറ മിഷൻ സെമ്മിനാരിയിൽവച്ചു ലോംകോബാർഡിയായിലെ ഏൻജൽസ് പ്രോവിൻസുകാരനായ ഫാദർ ആക്ക്ഞ്ചെൽ മരിയ അവ ഒന്നിച്ചുചേർത്തു് ഒരു ഗ്രന്ഥമാക്കി, പിൻതലമുറയുടെ ഉപയോഗാർത്ഥം അദ്ദേഹം തന്നെ 1751–ൽ വിശുദ്ധ പം ക്രേഷ്യസിൻെറ സെമ്മിനാരി ഗ്രന്ഥശാലയിൽ അതു നിക്ഷേപിക്കുകയും ചെയ്തു. (13)

"പൗരസ്ത്യപൂങ്കാവന"ത്തിൻെറ ക്രമീകരണം ഏതാണ്ടിങ്ങനെയാണു്, ആദ്യഭാഗങ്ങളിൽ74വരെ പടങ്ങളും വിവരണവും. 1–ാം പേജിലെപടം 2–ാം പേജിൽവിവരിച്ചിരിക്കുന്നു; 3–ാം പേജിലേതു നാലാമത്തേതിലും ഈ രീതിആദ്യത്തെ74പേജുകളിൽതുടരുന്നു. പടങ്ങളെല്ലാം ഇൻഡ്യൻ ചെടികളുടെയും അവയുടെ ഫലങ്ങളുടെയും. വിവരണഭാഷ ലത്തീനും. അതിൽ ചെടികളുടെ ഗുണഗണങ്ങൾ വിവരിച്ചു കാണിക്കാൻ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ടു്. തുടർന്നുള്ള പേജുകളിൽ പടങ്ങൾ മാത്രം. വിഷയം ചെടികളും അവയുടെ കനികളും തന്നെ.

---

(13) Cod· Chart· ms· 1 fol· |(44·29 c· m·); 157+141 ff· in: Roma, Bi. Vi· E·,–Fardo Varia, 418 (178)·

പേജിൻെറ മറുവശത്തു വിവരണമെന്നുമില്ല. പേജിൻെറ വലുപ്പം തന്നെ പടങ്ങാംക്കും. നമ്പറിനടുത്തു ചെടിയുടെ ഇന്ത്യൻപേരും. ലത്തീനാണ ലിപിയെന്ന മാത്രം. ചെടിയുടെ കടയോടടുത്തു് അതിൻെറ പേർ വീണ്ടും കാണും. ലത്തീൻ ലിപിയിലും മലബാർ ലിപിയിലും ആകെ 255 (140+115) പടങ്ങളുണ്ടു്. 262 മുതൽ 204 വരെയുള്ള താളുകളിൽ പടവുമില്ല. വിവരണവുമില്ല. (14)

ഈ കൃതി പിന്നീട ''കേരളാരാമ''ത്തോടു കൂട്ടിച്ചേർത്തു.

## IV

ഹോൎത്തൂസ് ഇൻഡിക്കസ്മലബാറിക്കസ് (കേരളാരാമം) 12 വലിയ വാല്യങ്ങളായി, ലത്തീൻ ഭാഷയിൽ ഹോളണ്ടിൻെറ തലസ്ഥാനമായ ആംസ്റ്റർഡാമിൽനിന്നും പ്രസിദ്ധീകരിച്ചു. ഒന്നാംവാല്യം 1678-ലും 12-ാം വാല്യം 1703-ലുമാണു പ്രസിദ്ധീകൃതമായതു്. ഹോൎത്തൂസിൻെറ ഡച്ചുഭാഷയിലുള്ള പതിപ്പു 1639-ൽ ആംസ്റ്റർഡാമിൽനിന്നുതന്നെ പ്രസിദ്ധം ചെയ്തിരിക്കുന്നു. ലത്തീൻ പതിപ്പിനു പലരും ''ആമുഖ' ങ്ങരം എഴുതിയിട്ടുണ്ടു്. അതിൻെറ പ്രസിദ്ധീകരണത്തിനു സഹായിച്ചവരെല്ലാംതന്നെ ഓരോ ആമുഖം എഴുതി. ഇവയിൽ ആദ്യത്തേതു ഫാദർ മാത്യൂസിൻെറ തന്നെയാണു്. അദ്ദേഹം എഴുതുന്നു.

''പ്രിയ വായനക്കാരാ, ഇതു 'കേരളാരാമം' താങ്കളുടെ കൈകളിൽ എത്തിയിരിക്കുന്നു. ഇതിൻെറ വിതാനത്തിൽ ഉത്കൃഷ്ടനും ഉദാരനുമായ റീഡിലെ

(14) Same as 11.

ഹെൻറിപ്രഭു (Lord Henricus a Rheede) കഴിവുള്ള എല്ലാ സേവനവും അനുഷ്ഠിച്ചു. അതുപോലെ ജോൺ സീസർ പ്രഭുവും. ആരാമത്തിലെ ചെടികളെ വ്യക്തമായി ഒന്നു വിവരിക്കുക: അതാണു്, അതു മാത്രമാണു്, ഈ ഗ്രന്ഥംകൊണ്ടു ഞങ്ങൾ ഉദ്ദേശിക്കുന്നതു്. അവരവരുടെ മുഖവുരയിൽ നിന്നു വ്യക്തമാകുംപോലെ അവരുടെ കൃതികളിൽ എനിക്കും പങ്കുണ്ടു് സ്വപ്രയത്നത്താലും (വിവരണത്തിനു)ഞാൻ നൽകിയസഹായംവഴിയും വ്യക്തമായ, കൃത്യമായ, ഒരു വിവരണം നൽകുവാൻ ആ പ്രഭുക്കൾക്കു കഴിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. അത്തരത്തിൽ ഒരൊത്ത വിവരണത്തിനു പള്ളിസംബന്ധിച്ച ബഹുമുഖങ്ങളായ കടമകൾ കാരണം എനിക്കു സമയം കിട്ടിയില്ല. ഈ ഗ്രന്ഥനിർമ്മിതിക്കു് അവർ കോപ്പുകൂട്ടവെ, ചെടികളെപ്പററിയുള്ള എൻെറ കൃതികൾ അവരുടെ കൈയിൽ എത്തുംപെട്ടു തങ്ങളുടെ കൃതി കൂടുതൽ സംപൂർണ്ണമാക്കുന്നതിനു് എൻേറതും അതിനോടു ചേർക്കാൻ അവർ തീരുമാനിക്കുകയും ചെയ്തു. ദീർഘകാലപരിചയംകൊണ്ടു ചെടികളെപ്പററി ഞാൻ ശേഖരിച്ച അറിവായിരുന്നു അതിലെ ഉള്ളടക്കം. പൊതുനന്മയ്ക്കും ഇന്ത്യൻ സമുദായത്തിൻെറ ഉപയോഗത്തിനും വേണ്ടിയായിരുന്നു അത്തരത്തിലൊരു തീരുമാനത്തിൽ അവർ എത്തിച്ചേന്നതു്. അങ്ങനെ, ഒരുപക്ഷെ, അവ്യക്തവും അപൂർണ്ണവും ഉപയോഗശൂന്യവുമാകുമായിരുന്ന എൻെറ പരിശ്രമങ്ങൾക്കു് അവർ വ്യക്തതയും പ്രചാരവും നൽകി. അതിൽ എന്നോടൊപ്പം അവരും ഏററം വിശ്വസ്തതയോടെ സഹകരിച്ചു; സംശയമില്ല. ഈ ചെടികളുടെ പടങ്ങളും വിവരണവും എൻെറ സ്നേഹിതരിൽ പലരും തുടർച്ചയായി എന്നോടു് ആവശ്യപ്പെട്ടിരുന്നു;

പ്രത്യേകിച്ചും ഡച്ചുകാരിൽ എന്നോടു കൂടുതൽ ബന്ധപ്പെട്ട പ്രൊഫ്സർ ജേക്കബ് ഗോളിൻസിനെപ്പോലെയുള്ള ചില പണ്ഡിതന്മാർ....അവരുടെ അപേക്ഷ സാധിക്കാത്തതിൽ അന്നു ഞാൻ എത്ര ദുഃഖിച്ചുവൊ അത്ര അധികമായി ഇന്നു ഞാൻ ആനന്ദിക്കുന്നു, ചെടികളുടെ ഔഷധശക്തികളെ പഠിച്ചറിയുന്നതിൽ ചെലുത്തിയിരുന്ന ശ്രദ്ധ, യത്നം, തീവ്രം കൈവിടാഞ്ഞതിനെപ്പററി. തുടൎന്നുള്ള വിവരണം ആവശ്യപ്പെടുന്ന അദ്ധ്വാനം ഭയന്നു് ഒഴിഞ്ഞുമാറാതെ, കേരളാരാമത്തിൻെറ ശേഷിച്ച ഭാഗംകൂടി തുടൎന്നു് അവർ പൂർത്തിയാക്കണമെന്നതൊഴിച്ച് എനിക്കതിൽ വേറെ ആഗ്രഹമില്ല.

ക്രിസ്തുവിൽ ഏററം എളിയ ദാസനും ഇററാലിയൻ കോൺഗ്രിഗേഷനിലെ ഒരു കർമ്മലീത്താ നിഷ്പാദുകനുമായ വി. യൗസേപ്പിൻെറ മത്തായി സഹോദരൻ.

കൊച്ചി നഗരം, 20 ഏപ്രിൽ 1675. (15).

'കേരളാരാമത്തിൻെറ മൂന്നാം വാല്യത്തിനു ഹെൻറിക്ക് വാൻ റീഡ് ഒരുമുഖവുര എഴുതിയിട്ടുണ്ടു്. അതിൽനിന്നു ഫാദർ മാത്യൂസിനെ സംബന്ധിക്കുന്നഭാഗം ഇവിടെ ഉദ്ധരിക്കാം:—ഈ ഗ്രന്ഥരചനയിലുള്ള ആശ മാത്രം അവശേഷിക്കെ, ഞാൻ കേട്ടു, കൊച്ചി രാജാധികാരത്തിൽപ്പെട്ട ഒരു മാന്യ ദേഹത്തെപ്പററി. ഇന്ത്യൻ ചെടികളെപ്പററി അഗാധജ്ഞാനമുള്ള ഒരു വ്യക്തി. (അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ചെടികരംക്കെല്ലാം ജീവനുണ്ടു്.) അഗാധപണ്ഡിതൻ. കഠിനതപജീവിതം നയിക്കുന്ന ഒരു എൺപതുകാരൻ. നിഷ്പാദുകകർമ്മലീത്താ സഭയിൽപെട്ട ഒരുവൈദികശ്രേഷ്ഠൻ

(15) Same as 11.

പേരു വിശുദ്ധയൗസേപ്പിൻെറ മത്തായി സഹോദരൻ. നാട്ട് ഇററലിയിൽ നേപ്പിറംസ്സ്. വളരെക്കാലം അറേബിയായിലും പേർഷ്യയിലും കഴിച്ച പരിചയസമ്പന്നൻ. അവിടെനിന്നു്, മലബാറിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്താക്കു വരുംകാല സഹായിയായി അദ്ദേഹം ഇങ്ങോട്ടയക്കപ്പെട്ടു. ക്ഷണിക്കപ്പെട്ടപ്പോറം, കൊച്ചിപ്പട്ടണത്തിൽ എൻെറ പക്കൽ വരുവാൻ ആ മാന്യദേഹം ഒട്ടും അമാന്തിച്ചില്ല. അവിടെ വെച്ച ചില നാടൻചെടികളെ പഠിച്ച വിവരിക്കാനുള്ള എൻെറ ഉദ്ദേശ്യം അദ്ദേഹം ഗ്രഹിച്ചു. അതിലേക്കവേണ്ടി എൻെറ എല്ലാ സഹകരണവും ഞാൻ ആ ബ. അച്ചന്നു വാഗ്ദാനം ചെയ്കയും ചെയ്തു. അദ്ദേഹം ഒരു സംസ്കൃതചിത്തനൊത്തവിധം ഉടനടി തൻെറ സേവനം എനിക്കും വാഗ്ദാനം ചെയ്തു. ഓർമ്മക്കുറിപ്പായി ചെടികളെപ്പററി നേരത്തേ കുത്തിക്കുറിച്ചിരുന്ന ഒരു ലേഖനം അദ്ദേഹം എന്നെക്കാണിക്കുകയും ചെയ്തു. ഓരോ ചെടിയുടെയും ഓരോ ഇല, ഓരോ കായ്, പ്രത്യേകിച്ചും അവയുടെ ഗുണങ്ങറം, ഇത്രയും അതിൽ കുറിച്ചിരുന്നു. ഈ കുറിപ്പുകറം വഴി തൻെറ യാത്രയിൽ തനിക്കുതന്നെയും, പ്രത്യേകിച്ച മററുള്ളവർക്കും ഈ ഭക്തവരയോധികൻ വളരെ സഹായം ചെയ്തു, തീർച്ച.

''കൂടുതൽ തിട്ടപ്പെടുത്തുവാൻ പിന്നീട് ആ കുറിപ്പുകറം അദ്ദേഹം പകർത്തി എഴുതി. ആ കുറിപ്പിൽനിന്നും, ബ. മാത്യൂസ് പാതിരിയുടെ സംരക്ഷണയിൽ, അങ്ങനെ, ഈ ആരാമത്തിന്ന് ആരംഭമിട്ടു. തൻെറ ഓർമ്മയെ മാത്രം ആശ്രയിച്ചുകൊണ്ടു ചെടികളുടെ രൂപം ആ കുറിപ്പിൽനിന്നും വരച്ചുകാണിക്കാൻ അദ്ദേഹം ശ്രമിച്ചു. എന്നാൽ പടങ്ങറം സാധാരണ ചെടികളോടു വളരെ കുറച്ചുമാത്രമേ അനുരൂപപ്പെട്ടുള്ളു. കാരണം,

പെൻസിൽ ഉപയോഗിക്കാൻ വശമില്ലാത്തതുകൊണ്ടു വരച്ചതു മുഴുവൻ പേനകൊണ്ടു്; അതും വേണ്ടത്ര ശ്രദ്ധ ചെലുത്താൻ സാധിക്കാതെ. അങ്ങനെ ചെടികളുടെ അപ്രധാന ഭാഗങ്ങരം വ്യക്തമായി വരച്ചു കാണിക്കാൻ അദ്ദേഹത്തിനു കഴിയാതെ പോയി. പ്രത്യേകിച്ചും, പേനകൊണ്ടു വരച്ച ആ പടങ്ങളിൽ പ്രകാശത്തിൻെറയൊ നിഴലിൻെറയോ കാര്യത്തിൽ കുറേക്കൂടി കണിശമായ ശ്രദ്ധ പതിക്കാതിരുന്നതുകൊണ്ടു് അവയിൽനിന്നും ചെടികളുടെ യഥാർത്ഥരൂപം ആർക്കും ഒരിക്കലും കിട്ടുകയില്ല ഓർമ്മയെമാത്രം ആശ്രയിച്ചു എളുപ്പം പരിശോധിച്ചു പഠിക്കാവുന്ന ചെടികളെയും അവയുടെ ഗുണങ്ങളെയും നിരീക്ഷിച്ചപ്പോരം, ചെടികരം വരക്കുന്നതിലും വിവരിക്കുന്നതിലും ഇതിൽ കൂടുതലും കണിശവുമായ ശ്രദ്ധ ചെലുത്തണമെന്നു് ഒരു പക്ഷെ ആ വയോധികൻ ചിന്തിച്ചുകാണുകയില്ല. ഇതിനുംപുറമെ ഒരു കാര്യമോക്കണം. അദ്ദേഹം ഈ ലേഖനം തയ്യാറാക്കിയതു തൻെറ യാത്രക്കിടയ്ക്കാണു്. ആകയാൽ ചില ചെടിക്കു കായോ, വേറൊന്നിനു പൂവോ മൂന്നാമതൊന്നിനു് ഇതു രണ്ടുമോ ഇല്ലാതെ വരുന്നു. ചെടികളെപ്പററി അന്വേഷിച്ചറിഞ്ഞും ആവശ്യം വേണ്ടവ കൂട്ടിച്ചേർത്തും ആ അപാകത എൻെറ എളിയ കഴിവുകൊണ്ടു ഞാൻ പരിഹരിക്കാം.

''ഇത്രയൊക്കെ വിവരിച്ചതു ബ. മത്തായി കത്തനാരുടെ യാതനകളെയും ആത്മാർത്ഥയത്നങ്ങളെയും ഉയർത്തിക്കാട്ടാനാണെന്നു് ആരും വിചാരിക്കരുതു്. എൻെറ ഉദ്ദേശ്യം മറിച്ചാണു്. പരമാർത്ഥതയോടെ, വിശ്വസ്തതയോടെ, അപാരമായ അദ്ധ്വാനം ചെയ്തു് അദ്ദേഹം ഞങ്ങളെ സഹായിച്ചു. നീതിനിഷ്ഠനും ആത്മാർത്ഥഭക്തനുമായ അദ്ദേഹത്തോടു ഞങ്ങരംക്കുള്ള നന്ദി നി

സ്സീമമാണു്. പോരാ, ഉത്തമനായ അദ്ദേഹത്തെ ഞങ്ങരം പ്രത്യേകം സ്മരിക്കുന്നു. അദ്ദേഹത്തിൻെറ പാവനസ്മരണ ഞങ്ങളിൽ നിലനിൽക്കുന്നു; എന്നും നിലനിൽക്കുകയും ചെയ്യും. ഞങ്ങളുടെ നേരെയുള്ള അദ്ദേഹത്തിൻെറ സ്നേഹവും സന്മനസ്സും എന്നും നന്ദിപൂർവ്വം സ്മരിക്കപ്പെടും. ഞാൻ പറയും; അദ്ദേഹമാണു 'കേരളാരാമ'ത്തിൻെറ പ്രഥമശില്പിയും സ്ഥാപകനും; പോരാ കൂട്ടായമായി ഞാൻ പറയും അതിൻെറ അഭിവൃദ്ധിയിൽ തീക്ഷ്ണതയുററ വേലക്കാരനും അദ്ദേഹംതന്നെ. ഞാൻ പല ജോലികളിൽ ഏർപ്പെട്ടിരുന്നതുകൊണ്ടും, ഇവിടെവന്നു താമസിക്കുന്നതിനു് അദ്ദേഹത്തെ പ്രേരിപ്പിച്ച ആ പാവനോദ്ദ്യോഗത്തിൽനിന്നുള്ള അദ്ദേഹത്തിൻെറ [ഉപദേശമനുസരിച്ചും ഈ ജോലിയിൽ സഹായിക്കാൻ ഒരാളെ ഞാൻ നിർബന്ധിച്ചു. കൊച്ചിപ്പട്ടണത്തിലെ സഭയിൽ ഒരുദ്യോഗസ്ഥനായിരുന്ന ബ. ജോൺ സീസർ വി. ഡി. യെ....'' (16)

## V

''കേരളാരാമത്തിൻെറ രചനയിൽ മാത്യൂസ് പാതിരിയെ സഹായിച്ചവരിൽ ഒരാരം കൊച്ചിപ്പട്ടണത്തിലെ സഭയിൽ ഒരുദ്യോഗസ്ഥനായിരുന്ന ബ. ജോൺ സീസർ വി. ഡി.'' ആണെന്നു വാൻറീഡ് പറഞ്ഞിട്ടുണ്ടല്ലോ. സഹായം നൽകിയ മറെറാരു വ്യക്തി വിൽഹെം ടെൻ റൈൻ എം, ഡി. (Wilhelm Ten Rhyne, M D.) ആണു്. ''കേരളാരാമ''ത്തിൻെറ ആംസ്റ്റർഡാം പതിപ്പിൻെറ (1679) രണ്ടാംഭാഗത്തിനു് ആമുഖമായി അദ്ദേഹം ഏതാനും ശ്ലോകങ്ങരം എഴു

(16) Same as 11.

തിച്ചേർത്തിട്ടുണ്ട്. അതിൽ മാത്യൂസ് പാതിരിയെ പരാമർശിക്കുന്ന ഈരടികളുടെ ചുരുക്കം ഇങ്ങനെ യാണു്.

''ദീർഘകാലം നഗ്നമായി ഉപയോഗിക്കുക നിമിത്തം കൂടുതൽ പരുപരുത്ത ആ കൈകറം കൊണ്ടു കലാകാരനും ശില്പിയുമായ ആ സന്യാസി ഗ്രന്ഥം നിർമ്മിച്ചു. വലിയ ബുദ്ധിമുട്ടും എന്നാൽ അതിലും വലിയ ആഗ്രഹവും ശാശ്വതകീർത്തിയും ഉറക്കൊള്ളുന്ന ഒന്നായിരുന്നു അതു്. വാൻ റീഡ് അതിനുവേണ്ട പ്രോത്സാഹനം നൽകി.'' (17)

കേരളാരാമത്തിൻെറ രചനയുമായി ബന്ധപ്പെട്ട മററൊരു വ്യക്തി കൊല്ലാട്ട വൈദ്യൻ ഇട്ടിഅച്ചുതൻ ആണല്ലോ. ഗ്രന്ഥത്തിലെ പ്രസ്താവങ്ങളുടെ സാധുതയ്ക്കു് ഇട്ടി അച്ചുതൻ സ്വന്ത കൈയക്ഷരത്തിൽ ഒരു സർട്ടിഫിക്കേററ് എഴുതിക്കൊടുത്തിട്ടുള്ളതും ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോലെഴുത്തിലുള്ള ആ സർട്ടിഫിക്കേററ് ഇങ്ങനെയാണു്,

കരപ്പുറത്തു് കടക്കരപ്പള്ളി തേചത്തു്കൊല്ലാട്ടവീട്ടിൽപിറന്നു് അവിടെകുടിയിരിക്കും ചെകോ വർണ്ണത്തിൽ സൻപ്രതായമുള്ള മലെയാം വൈത്തിയെൻ നിശ്ചയിക്കുംപിറകാരം എന്തിരീക്കി വൻറേത് കുമ്മതോരീടെ കൽപ്പനയാൽ കൊച്ചിയിൽ കോട്ടെയിൽ വന്നാ

(17) Analecta Ordinis Carmelitarum, Discalce-atorum, Vol. XV, (1940 Jan-June) p. 37; 49-52. Also in Nominclator Misssonari-orum Ordinis Carmelitarum Discalceato-rum by P. Ambrosius A. S. Teresa, O. C. D, (Romae 1944) pp. 266-67.

പൊത്തകത്തിൽ ചാർത്തിയ വിക്ഷങ്ങളും ചെറുവിക്ഷങ്ങളും വള്ളികളും പുൽക്കലങ്ങളും വിത്തു' കാതികരം കൊണ്ടു് കൈചേകെവും നമ്മെടെ കെരന്തങ്ങളിൽനിന്നു കെറെവിക്കകൊണ്ടും ഓരോന്നിന്റെ പിറകാരവും അത്തുകൊണ്ടു് ഒള്ള ചികിലിത്തയ്യും ഒക്കെയ്യും വകതിരിച്ചു് ചിത്തിറത്തുങ്കെൽഎഴുതിയപിറകാരവുംവിവെത്ത വരുത്തി വെകുമാനപ്പെട്ട കൊമ്പഞ്ഞിയെടെ തുപ്പായി ആയ മണവെൽ കർനനെ കൂടം പറെഞ്ഞു്തിരിച്ചു്അങ്ങു് അറിയിക്കയ്യും ചെയ്തു. യാവണ്ണും ചമ്പചെയം തീത്തു്തിരിച്ചു് അങ്ങു് അറിയിച്ചതിൽ മലെയാളത്തിൽ പേരുകൊണ്ടു് ഒള്ളതിൽ തൽച്ചെനങ്ങെടെ ചങ്ങ്ചെയംയെന്നിയേ എഴുതിയമെക്കു് ആപിരിൽമാതം 20–ാംനു- 1675 മത്കൊച്ചിയിൽ കൊട്ടെയിൽ എഴുത്ത്.

(ഒപ്പ്)

''കൊല്ലാട്ട വൈത്തിയെൻ''

[കരപ്പുറത്തു കടക്കരപ്പള്ളിദേശത്തു കൊല്ലാട്ടവീട്ടിൽ ജനിച്ചവനും അവിടെ താമസിക്കുന്നവനും ചോകോർ ജാതിയിൽ പെട്ടവനും പരമ്പരാസിദ്ധമായി വൈദ്യത്തൊഴിൽ ചെയ്തുവരുന്നവനുമായ മലയാംവൈദ്യൻ (അബ്രാഹ്മണവൈദ്യൻ) എഴുതിവച്ച നിശ്ചയമാവിതു് ഹെൻറിക്കു് വാൻറേഡ് കുമുദോരുടെ കൽപ്പനപ്രകാരം കൊച്ചിയിൽകോട്ടയിൽ വന്നു് ആ പുസ്തകത്തിൽ (ഹോർത്തൂസ് ഇൻഡിക്കസ് മലബാറിക്കസിൽ) എഴുതിയ വൃക്ഷങ്ങളും ചെറുവൃക്ഷങ്ങളും വള്ളികളും പുൽക്കലങ്ങളും വിത്തു് കായ് തുടങ്ങിയുള്ളവയുംകൊണ്ടു തൊഴിൽചെയ്തു. ശീലിച്ചിട്ടുള്ളതനുസരിച്ചും നമ്മുടെ ഗ്രന്ഥങ്ങളിൽനിന്നു ഗ്രഹിച്ചിട്ടുള്ളതനുസരി

ച്ചം ഓരോന്നിൻെറ വിധവും അതിനാലുള്ള ചികിത്സ യും എല്ലാം പ്രത്യേകം പ്രത്യേകമായി ചിത്രത്തിൽ എഴുതിയതിൻപ്രകാരം വ്യവസ്ഥവരുത്തി ബഹുമാനപ്പെട്ടകമ്പനിയുടെ ദ്വിഭാഷിയായ മനുവെക്കർ നൈറോവി ൻെറാളുടെ വേർതിരിച്ചുപറഞ്ഞു ഗ്രഹിപ്പിക്കുകയും ചെയ്തു. ഇപ്രകാരം സംശയംതീർത്തു വെവ്വേറെയായി അദ്ദേഹത്തിനു പറഞ്ഞുകൊടുത്തതിൽ മലയാളക്കരയിൽ കീർത്തികേട്ട പണ്ഡിതന്മാർക്ക സംശയമില്ലാതിരിക്കുവാൻ എഴുതിയ അവസ്ഥയ്ക്കു് 1675—ാമാണ്ടു ഏപ്രിൽ മാസം; 20-ാംതീയതി കൊച്ചിയിൽവച്ചു് എഴുതിഒപ്പുവെച്ചതു്.

(ഒപ്പു്)

കൊല്ലാട്ട വൈദ്യൻ (18)

ഈ സർട്ടിഫിക്കററിൽ കൊല്ലാട്ട വൈദ്യൻെറ പേരു് എന്താണെന്നു വ്യക്തമാക്കപ്പെട്ടിട്ടില്ല. എന്നാൽ കോലെഴുത്തിലുള്ള ഈ സർട്ടിഫിക്കേററിൻെറ ഒരു ലത്തീൻ വിവർത്തനം ഗ്രന്ഥത്തിലുള്ളതു ശ്രീ. പി. ജി. മേനോൻ ഇങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നു.

''ചേഗോ പ്രദേശത്തുകാരനായ മലബാറി ഡോക്ടറും, കൊട്ടകരപ്പള്ളി നാട്ടിൽ കരപ്പുറത്തു ജനിച്ചുവളന്നവനും കൊളെഡവീട്ടിൽ താമസിക്കുന്നവനും, അച്ഛനും മുത്തച്ഛനും മുതുമുത്തച്ഛനും വൈദ്യന്മാരായിരുന്ന പാരമ്പര്യമുള്ളവനുമായ ഇട്ടി അച്ചുതൻ രേഖപ്പെടുത്തുന്നതു്: മഹാരാജരാജശ്രീ ഹെൻറിക്വാൻറേഡിൻെറ ആജ്ഞാനുസരണം ഞാൻ കൊച്ചി പട്ടണത്തിൽ വരുകയും, ഞങ്ങളുടെ പുസ്തകത്തിൽ വിസ്തരിച്ചു വിവ

(18) ഈ ലേഖനത്തിനുവേണ്ടി ശ്രീ. ഇളങ്കുളം കുഞ്ഞൻപിള്ള പരിഭാഷപ്പെടുത്തിയതു്.

രിച്ചിട്ടുള്ളവയും എൻെറ നീണ്ടകാലത്തെ അനുഭവത്തിൽനിന്നും പരിശീലനത്തിൽനിന്നും ഞാൻനല്ലപോലെ കണ്ടറിഞ്ഞിട്ടുള്ളവയും ആയ വൃക്ഷങ്ങാം, ചെടികാം, ലതകാം മററു പുൽപ്പടർപ്പുകാം എന്നിവയുടെ പേരുകളും സ്വഭാവഗുണങ്ങളും ഔഷധശക്തികളും ഇന്ത്യാകമ്പനിയുടെ ദ്വിഭാഷിയായ ശ്രീ. ഇമാനുവൽ കാർണൈറോവിനു പറഞ്ഞുകൊടുക്കുകയും ചെയ്തു. ഈ വിവരങ്ങാം യാതൊരു സംശയവുംകൂടാതെ അംഗീകരിക്കപ്പെടുന്നതിനും ഞാൻ ഇവയെല്ലാം പറഞ്ഞുകൊടുത്തിട്ടുള്ളതിൻെറ സാധുതയെക്കുറിച്ചു മററൊരു മലബാറിവൈദ്യനും ശങ്കിക്കാതിരിക്കാനും വേണ്ടിയാണു ഞാൻ ഈ രേഖസ്വന്തം കയ്യക്ഷരത്തിൽ തന്നെ എഴുതി ഒപ്പിടുന്നതു്.

കൊച്ചിപട്ടണത്തിൽവെച്ചു 1675 ഏപ്രിൽ25–ാം തീയതി ഇട്ടിഅച്ചുതം, മലബാറി ഡോക്ടർ.

മലബാറിഭാഷയിൽനിന്നു പോർത്തുഗീസുഭാഷയിലേക്കുള്ള വിവർത്തനം:—ഇമ്മാനുവൽകാർ ണൈറോ.

പോർത്തുഗീസിൽനിന്നു ലത്തീനിലേക്കുള്ള വിവർത്തനം ക്രിസ്ത്യൻ ഹെർമാൻ ദി ഡോണെവ്; കൊച്ചിയിലെ സിവിൽ 'സെക്രട്ടറി' (19)

കോലെഴുത്തിലുള്ള സർട്ടിഫിക്കേററിൽ നിന്നു ഇതുവിഭിന്നമായിരിക്കുന്നതു പോർത്തുഗീസിലൂടെ ലത്തിനിലേക്കു നടത്തിയ പര്യടനം മൂലമായിരിക്കാം. ''ചോഗോ പ്രദേശ''വും മററും പ്രകടമായ പ്രമാദങ്ങളാണല്ലോ.

ഇട്ടിഅച്ചുതൻ തൻെറ സർട്ടിഫിക്കേററിൽ സൂചിപ്പിക്കുന്ന ദ്വിഭാഷി ഇമാനുവേൽകാർണൈറോ 'കേരള

(19) ജയകേരളം വാർഷികപ്പതിപ്പ് പുറം 9–92.

രാമത്തിൻെറ ഒന്നാം വാല്യത്തിൽ ‘മലയാള’ത്തിൽ ഒരു പ്രസ്താവന ചേർത്തിട്ടുണ്ട്. അതു താഴെക്കാണുന്ന പോലെയാണ്.

''പ്രസമവും മംഗല്യവും കൂടിയിരിപ്പും ബഹുമാനപ്പെട്ട കൊമ്പഞ്ഞിയെടെ തുപ്പായിത്ഥവും കൊച്ചിയിൽ ആയ മന്ദവെൽക്കർണ്ണെരു നിശ്ചയിക്കംപ്രകാരം: എന്ദ്രിക്കി വൻ റെദെ കുമതൊരിടെ കല്പനയാൽ കരപ്പുറത്ത പിറന്നൊള്ള ചെകൊവർണ്ണമായ കൊല്ലാടെന്നെന്ന പെരൊള്ള ഒരു മലയാംവൈദ്ധ്യൻെറ ചൊൽക്കെട്ടെ പൊസ്തകത്തിൽ ചാർത്തിയ മലെയാളത്തിലെ വൃക്ഷങ്ങളും ചെറുവൃക്ഷങ്ങളും വള്ളികെളും പുൽക്കലങ്ങളും അതിൻെറ പുഷ്പങ്ങളും കായ്കെളും വിത്തുകെളും രെസങ്ങളും വെരുകെളും ചക്തികെളും സുദചെക്തികളും പറങ്കിപ്പാഴെയിലും മലെയാംപാഴെയിലും വകതിരിച്ചു പൊല്പകെയുംഞ്ചെസ്സു. രം വണ്ണം ഒരു സംശെയം എന്നിവയെ നെരാകംവണ്ണം എഴുതിതിത്ത നിശ്ചയത്തിൽ എൻെറ ഒപ്പ അബ്രിൽ മാസം 19 ന 1666 മത (അക്കം പഴയ രീതിയിൽ) കൊച്ചിയിൽ കൊട്ടെയിൽ എഴുത്ത (ഒപ്പ്)'' (20)

''ഇട്ടി അച്ചുതം എന്ന പ്രസിദ്ധനായൊരു മലയാളിവൈദ്യനെക്കൊണ്ടാണ യഥാത്ഥത്താൽ ഈ 12 വാല്യങ്ങളും എഴുതിച്ചിട്ടുള്ളതു'' എന്നുള്ള ശ്രീ. പി. ജി. മേനോൻെറ സമത്ഥനം തീത്തും അടിസ്ഥാനരഹിതമാണെന്നു് ഈ സർട്ടിഫിക്കേററുകരം തെളിയിക്കുന്നു. ഇതിലെ ഒരു വാല്യംപോലും ഇട്ടി അച്ചുതൻ എഴുതിയതായിട്ടില്ല. വിവിധസസ്യങ്ങളെപ്പററി ഹോർത്തുസിൽ ചേത്തിരിക്കുന്നു വിവരങ്ങരം ശരിയാണോയെ

---

(20) ടി. പുറം 91. കേരള സാഹിത്യചരിത്രം—മഹാകവി ഉള്ളൂർ, വാല്യം III. പുറം 228.

ന്നു പരിശോധിക്കുന്ന ജോലിയാണു് അദ്ദേഹത്തിനു ണ്ടായിരുന്നതു്. തലമുറകളായി തൻെറ ഭവനത്തിൽ സൂക്ഷിച്ചുപോന്നിരുന്ന വൈദ്യഗ്രന്ഥങ്ങളിലെ പ്രസ്താവങ്ങളുമായി അദ്ദേഹം ഒത്തുനോക്കി തെററുകൾ ഉണ്ടായിരുന്നെങ്കിൽ ചൂണ്ടിക്കാണിച്ചുകൊടുത്തിരിക്കണം. അത്രമാത്രം. എന്നാൽ ഹോർത്തൂസിൽ ഉള്ള മലയാളഭാഗങ്ങൾ ആരെഴുതിയതായിരിക്കണം? ഇട്ടി അച്യുതൻെറ സാക്ഷിപത്രം കോലെഴുത്തിലാണെന്നും, ദ്വിഭാഷി ഇമാനുവൽ കാർനൈറോയുടെ സാക്ഷിപത്രം മലയാളം ലിപിയിലാണെന്നും ഉള്ള വസ്തുത ആലോചിക്കുമ്പോൾ മലയാളഭാഗങ്ങളുടെ കർത്തൃത്വം ആ ദ്വിഭാഷിക്കു നൽകുകയാകും ഉചിതമെന്നു തോന്നുന്നു.

## VI

കേരളാരാമത്തിൻെറ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട മററു മൂന്നു വ്യക്തികളാണു രങ്കഭട്ടൻ, വിനായകപണ്ഡിതൻ, അപ്പുഭട്ടൻ എന്നിവർ. ഇവർ മൂവരുടെയും കൈയൊപ്പോടുകൂടിയ നാഗരലിപിയിലുള്ള ഒരു പ്രസ്താവനയും ഒന്നാം വാല്യത്തിലുണ്ടു്.

ഈ പ്രസ്താവനയുടെ ഒരു ലത്തീൻപരിഭാഷയും ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്നു. ആ ലത്തീൻ തർജ്ജമയുടെ ഡച്ചുപരിഭാഷയുടെ മലയാളത്തിലുള്ള ഏകദേശരൂപം ഇങ്ങനെയാണു്:—

''മലബാർ പ്രദേശത്തെയും കൊച്ചിപട്ടണത്തിലെയും ഗവർണർ ആയ മഹാരാജരാജശ്രീ ഹെൻറിക് വാൻ റീഡിൻെറ നിർദ്ദേശാനുസരണം, കൊച്ചിൻ ജില്ലയിലെ ജന്മികളും ബ്രാഹ്മണരും വൈദികരും ആയ ഞങ്ങൾ മൂന്നുപേർ—രങ്കഭട്ട, വിനായകപണ്ഡിത, അ

പ്പട്ടേ—Palivanapaco എന്ന ബ്രാഹ്മണരാൽ അറിയപ്പെടുന്ന 1597–ാമാണ്ടു (നമ്മുടെ കണക്കനുസരിച്ചു 1674) തൊട്ടു Requeco എന്ന കൊല്ലം (നമ്മുടെ 1675) ഏപ്രിൽ 10–ാം തീയതി വരെ ഈ സംരംഭത്തിൽ സഹകരിക്കുകയുണ്ടായി. ഞങ്ങരം മലബാർ പ്രദേശത്തു ഞങ്ങരംക്കറിവുള്ള വൃക്ഷങ്ങരം, ചെടികരം, ലതകരം എന്നിവയും അവയുടെ പുഷ്പങ്ങളും ഫലങ്ങളും വിത്തുകളും ശേഖരിച്ചു മുൻപറഞ്ഞ കൊച്ചിപട്ടണത്തിലേക്കുകൊണ്ടുവന്നു. അവിടെ ഇവയുടെ വിവരണങ്ങരം എഴുതി ഉണ്ടാക്കപ്പെടുകയും ചിത്രങ്ങരം വരയ്ക്കപ്പെടുകയും ചെയ്തു. ഇവയുടെ പേരുകളും വിശിഷ്ട ഔഷധശക്തികളും Manhaningattnam എന്ന പേരുള്ള ഞങ്ങളുടെ പുസ്തകത്തിൽ കൊടുത്തിട്ടുണ്ടു്. അതിന്നും പുറമെ ഞങ്ങളുടെ നിരീക്ഷണങ്ങളിൽ നിന്നും അത്യധികം ക്ലേശിച്ചും വിരുത്തും പഠിച്ചതിൽനിന്നും ചിരകാലത്തെ അനുഭവത്തിൽ നിന്നും അറിയുവാൻ സാധിച്ചിട്ടുള്ള സംഗതികളും ഇതിൽ കൂട്ടിച്ചേർത്തു് ഇതിനെ പരിപൂർണ്ണമാക്കുവാൻ ഞങ്ങരം ഏകദേശം രണ്ടു കൊല്ലക്കാലം ശ്രമിച്ചിട്ടുണ്ടു്. ഇതു വായിക്കുകയും ഇതിലെ ചിത്രങ്ങരം കാണുകയും ചെയ്യുന്ന ഏതൊരാരംക്കും ഈ സസ്യങ്ങളെ നേരിട്ടു കണ്ടാലുണ്ടാകാവുന്ന അതേ പ്രതീതിതന്നെ ഉണ്ടാകണം എന്നതാണു ലക്ഷ്യം. ഞങ്ങളുടെ പതിവനുസരിച്ചു് ഇതിൽ കൊടുത്തിട്ടുള്ളതെല്ലാം സത്യമാണെന്നു ഞങ്ങരം ആണയിടുന്നു. ഒരാരംക്കും ഇക്കാര്യത്തിൽ സംശയം ജനിക്കാതിരിക്കുവാൻവേണ്ടിയാണു് ഞങ്ങരം ഈ സാക്ഷിപത്രം സ്വന്തം കൈയക്ഷരത്തിൽതന്നെ എഴുതി ഒപ്പിടുന്നതു്. എന്നു കൊച്ചിപട്ടണത്തിൽവെച്ചു 1675–ാമാണ്ടു ഏപ്രിൽ 20–ാം തീയതി.

രങ്കഭട്ട, വിനായപണ്ഡിത, അപ്പുഭട്ട.

ബ്രാഹ്മണഭാഷയിൽനിന്നു ലാററിനിലേക്കു തർജ്ജമചെയ്തതു് വിനായകപണ്ഡിതൻ.

പോർത്തുഗീസിൽനിന്നു ലാററിനിലേക്കു തർജ്ജമ ചെയ്തതു ഞാൻ, ക്രിസ്ത്യൻ ഹെൻമൻ ദിഡോരണേപ്, കൊച്ചിയിലെ സിവിൽ സെക്രട്ടറി. (21)

രങ്കഭട്ട—വിനായകപണ്ഡിത—അപ്പുഭട്ടന്മാരുടെസാക്ഷിപത്രത്തിൽനിന്നു ഹോർത്തുസ് മലബാറിക്കസിന്റെ രചനയിൽ അവൎക്കുള്ള പങ്കം വിശദമാണല്ലോ. തങ്ങൾക്കറിവുള്ള വൃക്ഷങ്ങൾ ചെടികൾ, ലതകൾ മുതലായവയുടെ മാതൃകകൾ കൊച്ചിയിൽ കൊണ്ടുകൊടുക്കുക, ഹോർത്തുസിലെ പ്രസ്താവനകൾ ശരിയായോയെന്നു തങ്ങളുടേ പക്കലുള്ള വൈദ്യഗ്രന്ഥങ്ങളുമായി ഒത്തുനോക്കുക, തങ്ങളുടെ പഠനത്തിൽനിന്നും അനുഭവത്തിൽനിന്നും അറിയുവാൻ കഴിഞ്ഞിട്ടുള്ള കൂടുതൽ വിവരങ്ങൾ ഗ്രന്ഥത്തിൽ ചേൎക്കുന്നതിലേക്കു നൽകുക, മുതലായവയായിരുന്നു അവരുടെ ജോലി.

## VII

ഹോർത്തുസ് മലബാറിക്കസിന്റെ ഒന്നാംവാല്യത്തിലെ ഒന്നാംപേജിൽ ഹോർത്തുസിനെപ്പററി ചില വിവരങ്ങൾ നൽകിയിട്ടുണ്ടു്. അവ ഇങ്ങനെ പരിഭാഷപ്പെടുത്താം.

ഹോർത്തുസ് ഇൻഡിക്കസ് മലബാറിക്കസ്. ഇതിൽ ഇന്ത്യയിലെ സുപ്രസിദ്ധമായ മലബാർ പ്രദേശത്തെ എല്ലാ തരത്തിലുംപെട്ട സസ്യങ്ങളും അടങ്ങിയിട്ടുണ്ടു്. അവയുടെ പേരുകൾ ലാററിൻ, മലബാറി, അ

(21) ജയകേരളം വാർഷികപ്പതിപ്പ്, പുറം 92–93

റബിക്, ബ്രാഹ്മണ എന്നീ നാലു ഭാഷകളിൽ അതാതു ലിപികളിൽ തന്നെ കൊടുത്തിട്ടുണ്ട്. അതോടൊപ്പം അവയുടെ പുഷ്പങ്ങളും ഫലങ്ങളും വിത്തുകളും അവയുടെ സ്വാഭാവികമായുള്ള വലുപ്പത്തിൽ വിദഗ്ദ്ധ ചിത്രകാരന്മാർ വരച്ചുകയും, അവയുടെ നിറം, മണം, സ്വാദ്, ഉപയോഗങ്ങൾ, സർവ്വോപരി ഔഷധശക്തികൾ എന്നിവയെ വളരെ വ്യക്തമായും കണിശമായും പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്.

സംപാദകർ:

1. ഹെൻറിക്‌വാൻ റേഡ്‌വാൻ ഡ്രാക്കൻസ്റ്റൈൻ, അടുത്തകാലം വരെ മലബാർ പ്രദേശത്തെ ഗവർണ്ണർ, നെതർലാൻഡ് ഇന്ത്യാ സുപ്രീം കൗൺസിലിലെ അനൗദ്യോഗികസെനറർ, അടുത്ത സെനറർ ഒഴിവിലേക്ക തെരഞ്ഞെടുക്കപ്പെട്ടിട്ടുമുണ്ട്.

2. യോഹാൻ സിസേറിയസ്, കൊച്ചിയിലെ വികാരി.

ലൈഡൻ സർവ്വകലാശാലയിൽ വൈദ്യശാസ്ത്രത്തിലും സസ്യശാസ്ത്രത്തിലും പ്രൊഫസർ ആയ ആർനോൾഡ് സയൻ ഇതിൽ വേണ്ട കുറിപ്പുകൾ ചേർത്ത് ഈ സംരംഭത്തിൽ സഹകരിച്ചിട്ടുണ്ട്.

പ്രസാധകർ; { ആംസ്റ്റർഡാം
യോഹാൻ വാൻ സോമറൻ
യോഹാൻ വൻ ഡൈക്ക് }

1678

ശ്രീ. പി. ജി. മേനോൻ ജയകേരളത്തിലെ അദ്ദേഹത്തിന്റെ ലേഖനത്തിൽ, ഹോത്തുസിന്റെ ഉള്ളടക്കത്തിന്റെ ഒരു സംഗ്രഹം നൽകിയിട്ടുണ്ട് (22)

(22) ജയകേരളം വാർഷികപ്പതിപ്പ് പുറം 91.

# VIII

ഹോത്തുസ് മലബാറിക്കസിന്റെ പ്രസാധനം മൂലം പണ്ഡിതലോകത്തിന്റെ സാദരസ്മരണയ്ക്ക് അർഹനായിത്തീന്നിരിക്കുന്ന ഹെൻറിക്ക് അഡ്രിയാൻ വാൻറീഡ് ഹോളണ്ടിൽ ഡ്രാക്കെസ്റ്റീൻ എന്ന സ്ഥലത്തു ക്രിസ്തുവബ്ദം 1637–ാമാണ്ടു് ഭൂജാതനായി. വിദ്യാഭ്യാസാനന്തരം ഡച്ച് ഈസ്റ്റിൻഡ്യാ കമ്പനിയുടെ കീഴിൽ ഒരു സൈനികനായി ജോലിയിൽ പ്രവേശിച്ചു. 1663–ൽ പോത്തുഗീസുകാരിൽനിന്നു ലന്തക്കാർ കൊച്ചിക്കോട്ട പിടിച്ചടക്കിയപ്പോരം അദ്ദേഹം ലന്തസൈന്യത്തിലെ ഒരു സൂപ്പർ ന്യൂമററി കപ്പിത്താനായിരുന്നു. ആ ആക്രമണത്തിൽ അദ്ദേഹം അസാധാരണമായ സമരവൈദഗ്ദ്ധ്യം പ്രകടിപ്പിക്കുകയും കൊച്ചിയിലെ റാണിയെ തടവുകാരിയായി പിടിക്കുകയുംചെയ്തു. കേരളത്തിൽ ഡച്ചു് ആധിപത്യത്തിനു് അസ്തിവാരമിട്ടതു് വാസ്തവത്തിൽ ഈ സമരമായിരുന്നല്ലോ. തന്മൂലം കമ്പനി അധികാരികളുടെ പ്രത്യേകശ്രദ്ധയ്ക്കു വാൻറീഡ് പാത്രമായി.

''തന്റെ കാലത്തെ പ്രഗത്ഭനായ ഡച്ച് ഉദ്യോഗസ്ഥൻ'' എന്നാണു് ഒരു ചരിത്രകാരൻ വാൻറീഡിനെപ്പററി പറഞ്ഞിരിക്കുന്നതു്. അതിവിദഗ്ദ്ധനായ ഒരു ഭരണകത്താവ്, അതുല്യപരാക്രമിയായ സമരവിദഗ്ദ്ധൻ, പ്രതിഭാസമ്പന്നനായ ഒരു സാഹിത്യകാരൻ, എന്നീ നിലകളിൽ അദ്ദേഹം പ്രഖ്യാതനായിരിക്കുന്നു. He was famous alike for his martial administrative and literary achieavements) ''പിൻഗാമികളുടെ ഉപയോഗത്തിനായി'' 1677–ൽ അദ്ദേഹമെഴുതിയ ''സ്മരണകരം'' (Memoirs) ചരി

ത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സാഹിത്യകൃതിയാകുന്നു.

''മലബാറികളുടെ സ്നേഹിതനും രാജ്യകാര്യങ്ങളിൽ പരിചയസമ്പന്നനുമായ'' ക്യാപ്റ്ററൻ വാൻറീഡിനെ കമ്പനി അധികാരികരം 1665 നവംബർ മാസത്തിൽ കൊല്ലം, കായംകുളം, കരുനാഗപ്പള്ളി പ്രദേശങ്ങളുടെ ഭരണമേധാവിയായിനിയമിച്ചു. 1669-ൽ മലബാറിലെ ഡച്ചുപ്രദേശങ്ങളുടെ കമ്മിസറിയായായി. 1670-ൽ കൊച്ചിയിലെ കമാൻഡറായി. കേരളരാജ്യകാര്യങ്ങളിലുണ്ടായിരുന്ന വിജ്ഞാനംകൊണ്ടും സ്വതസ്സിദ്ധമായ പ്രാപ്തിവിശേഷങ്ങളാലും അപ്രതിമനായിരുന്ന അദ്ദേഹം ഉദ്യോഗത്തിൽ പെട്ടെന്നു് ഉന്നതസ്ഥാനങ്ങളിലേക്കുയൎന്നു. കുറേക്കാലം ബറ്റേവിയാ ഭരണസമിതിയിലെ ഒരംഗമായും ജോലിനോക്കി. 1677 നവംബർമാസത്തിൽ കമാൻഡർ ജോലിയിൽ നിന്നു വിരമിച്ചു സ്വദേശത്തേക്കുപോയി. കുറേക്കാലങ്ങരംക്കുശേഷം ഒരു ഗവർണ്ണർ ജനറലിന്റെ അധികാരങ്ങളോടുകൂടി വാൻറീഡ് ഇന്ത്യയിൽ ചോളമണ്ഡലക്കരയിൽ വന്നുചേരുകയും, അവിടെ ലന്തക്കാരുടെ തലസ്ഥാനം പുലിക്കാട്ടുനിന്നു നാഗപട്ടണത്തേക്കു മാറുകയും വേറെ ചില പരിഷ്ക്കാര പദ്ധതികരം ഉൽഘാടനം ചെയ്കയും ചെയ്തു. സിലോണിൽനിന്നു് സൂററിലേക്കുള്ള ഒരു നാവികയാത്രയുടെ മദ്ധ്യത്തിൽ 1691-ൽ അദ്ദേഹം ചരമഗതിയെ പ്രാപിച്ചു. അദ്ദേഹത്തിന്റെ ശവകുടീരം ഇന്നും സൂററിൽ സംരക്ഷിക്കപ്പെടുന്നുണ്ടു്. (23)

---

(23) A Survey of the Rise of the Dutch Power in Malabar by T. I. Poonnen M. A. pp. 32, 201, 202 കേരളസാഹിത്യചരിത്രം മൂന്നാം ഭാഗം, പുറം 227.

വാൻറീഡിൻെറ കൊച്ചിയിലെ രണകാലം സമാധാനകരമായിരുന്നുവെന്നു പറഞ്ഞുകൂടാ. അദ്ദേഹത്തിനു മുൻപു കൊച്ചിയിൽ കമാൻഡറായിരുന്ന അഡ്മിറൽ റിക്കലോഫ് വാൻ ഗോയൻസും, എക്സ്ട്രാ ഓർഡിനറി കൗൺസിലറായിരുന്ന ജേക്കബ് ഹസ്റ്റാർട്ടും തമ്മിലുണ്ടായിരുന്ന അഭിപ്രായഭിന്നതകളും സൗന്ദര്യപ്പിണക്കങ്ങളും ഡച്ചുഅണികളിൽതന്നെ ഉൾത്തിക്കലുണ്ടാക്കിയിരുന്നു. മലബാറിലേക്കു കടന്നു പററുവാൻ പഴുതന്വേഷിച്ചു പാർത്തിരുന്ന പറങ്കികളെ കണ്ണിലെണ്ണയുമൊഴിച്ചു സൂക്ഷിക്കേണ്ടതു് അത്യാവശ്യമായിരുന്നല്ലോ. പോർത്തുഗീസു പക്ഷവർത്തികളുടെ ഉപജാപങ്ങളിൽ കുടുങ്ങിക്കിടന്നിരുന്ന നാട്ടുരാജാക്കന്മാരെ ശ്രദ്ധിക്കേണ്ടതും ആവശ്യമായിരുന്നു. തരം കിട്ടിയാൽ കടന്നുപററുവാൻ തക്കം പാർത്തിരുന്ന ആംഗ്ലേയരേയും നോക്കേണ്ടിയിരുന്നു. ഇതിനുംപുറമേ, ബറേറവിയായിലേക്കു തുടരെത്തുടരെ പരാതികളയച്ചുകൊണ്ടിരുന്ന ലത്തീൻവൈദികരും ശല്യങ്ങളുണ്ടാക്കിക്കൊണ്ടിരുന്നു.

ഒരു ചരിത്രകാരൻ പറയുന്നതുനോക്കുക:—"വാൻറീഡിനു മലയാളഭാഷ അറിഞ്ഞുകൂടായിരുന്നു അദ്ദേഹത്തിൻെറ ദ്വിഭാഷികാം, പോർത്തുഗീസു വൈദികരുടെ നിയന്ത്രണത്തിലായിരുന്ന ദേവാലയങ്ങളോടു ബന്ധപ്പെട്ട ആളുകളായിരുന്നതിനാൽ അദ്ദേഹം അവരെ സംശയിച്ചിരുന്നു. ഹിന്ദുക്കളെ അദ്ദേഹത്തിനു് അശേഷം വിശ്വാസമില്ലായിരുന്നു. ആകയാൽ പോർത്തുഗീസുകാരുടെ ഒരു വിരോധിയും, മാർത്തോമ്മാക്രിസ്ത്യാനികളുടെയിടയിൽ ജോലിചെയ്തിരുന്നയാളുമായ മാത്യൂസ് എന്ന വൃദ്ധനായ ഒരു കർമ്മലീത്താവൈദികൻെറ സേവനം അദ്ദേഹം ഉപയോഗപ്പെടുത്തി. ഫാദർ മാത്യൂസ് പ്രസന്നചിത്തനും സൗഹാർദ്ദശീലനുമായ ഒരു മനുഷ്യ

നായിരുന്നു. അദ്ദേഹം ഡച്ചുരാഷ്ട്രത്തിന്റെ ഒരു പ്രത്യേകസുഹൃത്തായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ തന്റെ സ്ഥാനമുറപ്പിക്കുന്നതിന് അദ്ദേഹത്തിന്റെ സഹായം വാൻറീഡിനു വളരെ പ്രയോജനപ്പെട്ടു. തന്മൂലം പോർത്തുഗീസു വൈദികർ അദ്ദേഹത്തെ വെറുക്കുകയും, വിദ്വേഷിക്കുകയും ചെയ്തു. ഒരുമതവിദ്വേഷിയാണെന്നു് ഇൻക്വിസിഷൻകാറം വിധിക്കുകപോലും ചെയ്തു.'' (24)

കൊച്ചിയിലെ രാഷ്ട്രീയപരിതസ്ഥിതികറം സാഹിത്യനിർമ്മാണത്തിനു പററിയതായിരുന്നില്ലെങ്കിലും, അസാമാന്യ പ്രതിഭാശാലികളായ ആ രണ്ടു പണ്ഡിതന്മാരുടെ—വാൻറീഡിന്റെയും ഫാദർ മാത്യൂസിന്റെയും—ആത്മാർത്ഥമായ സ്നേഹബന്ധം വിശ്വവിഖ്യാതമായ ഒരു മഹാഗ്രന്ഥത്തിന്റെ നിർമ്മാണത്തിനു വഴിതെളിച്ചു. പോർത്തുഗീസ് അനുഭാവികളായിരുന്ന ലത്തീൻ മിഷ്യനറിമാർ നേരിട്ടും റോമയിലെ മാർപ്പാപ്പാ വഴിയും തനിക്കെതിരായി നടത്തിക്കൊണ്ടിരുന്ന സകല പ്രചരണങ്ങളേയും തടയുന്നതിനും നാട്ടുക്രിസ്ത്യാനികളെ തനിക്കു് അനുകൂലമായി നിർത്തുന്നതിനും വാൻറീഡിനു് ഏകാവലംബമായിരുന്നതു ഫാദർ മാത്യൂസായിരുന്നു. അങ്ങനെയുള്ള തന്റെ പ്രേഷ്ഠസുഹൃത്തിന്റെ സസ്യശാസ്ത്രസംബന്ധമായ ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, അവ സമാഹരിച്ചു തന്റെ മേലന്വേഷണത്തിലും ഉത്തരവാദിത്വത്തിലും പ്രസിദ്ധം ചെയ്യുന്നതിനും വാൻറീഡ് അത്യധികമായ ശ്രദ്ധകാണിച്ചുവെന്നതു് സ്വാഭാവികം മാത്ര

(24) See Dutch Power in Malabar pp. 278.79

മാകുന്നു. (ഫാദർ മാത്യൂസ് ദിവംഗതനായ 1691-ൽ തന്നെ വാൻറീഡും നിര്യാതനായിയെന്നതു്, ഒരു യാദൃഛരിക സന്നിപാതമാണെങ്കിലും, പ്രസ്താവാർഹമാകുന്നു.)

## IX

ഇതേവരെ പറഞ്ഞതിൽ നിന്നും ഹോർത്തൂസ് മലബാറിക്കസും ഫാദർ മാത്യൂസും തമ്മിലുള്ള ബന്ധം ഏകദേശം അനുമാനിക്കാമെന്നാണു തോന്നുന്നതു്. നേപ്പിറംസ് സ്വദേശീയനായ ഫാദർ മാത്യൂസു പ്രസിദ്ധനായ ഒരു വൈദ്യശാസ്ത്ര വിശാരദനും സസ്യശാസ്ത്രവിദഗ്ദ്ധനുമായിരുന്നു. ചെടികരംക്കു ജീവനുണ്ടെന്നു സർ ജെ. സി. ബോസ് കണ്ടുപിടിക്കുന്നതിനു് എത്രയോ മുൻപുതന്നെ ഫാദർ മാത്യൂസ് ആ വസ്തുത കണ്ടുപിടിച്ചിരിക്കുന്നു. വൈദിനായ ശേഷം വളരെ നാരം പേർഷ്യായിലും മററുമായിരുന്ന അദ്ദേഹം ഒരു അറബിഭാഷാ വിദഗ്ദ്ധനുമായിരുന്നു. പോർഷ്യായിൽ നിന്നു കേരളത്തിലെത്തിയ ശേഷം അദ്ദേഹം പറമ്പിൽ ചാണ്ടിമെത്രാൻെറ സഹായിയായി നിയമിക്കപ്പെട്ടു. ആ നിലയിൽ കേരളത്തിൻെറ വിവിധഭാഗങ്ങരം സന്ദർശിക്കുന്നതിനുള്ള സന്ദർഭം അദ്ദേഹത്തിനു സിദ്ധിച്ചു. ഈ സന്ദർശനങ്ങരം സസ്യശാസ്ത്രപരമായ ഗവേഷണങ്ങരംക്കുകൂടി ഉപയോഗിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

കേരളത്തിലെ പല സസ്യങ്ങളെയും അവയുടെ പ്രധാന ഗുണങ്ങളെയും വിവരിച്ചുകൊണ്ടുള്ള ''പൗരസ്ത്യ പൂങ്കാവനം'' പുസ്തകം ലത്തീൻ ഭാഷയിൽ അദ്ദേഹം രചിച്ചു. 255 പടങ്ങളും അവയിൽ 74 പടങ്ങരംക്കു

വിവരണങ്ങളുടെങ്ങിയതാണു് ഈ ''പൂങ്കാവനം.'' അങ്ങനെയിരിക്കെയാണു കൊച്ചിയിലെ ഡച്ചു ഗവർണറായ വാൻ റീഡുമായി ഫാദർ മാത്യൂസ് പരിചയത്തിലായതു്. അവരുടെ സംയുക്ത പരിശ്രമത്തിന്റെ ഫലമാണു് ഹോർത്തൂസ് മലബാറിക്കസു്. ഫാദർ മാത്യൂസിന്റെ ''പൗരസ്ത്യ പൂങ്കാവനം'' ഹോർത്തൂസിനോടു കൂട്ടിച്ചേർത്തു. ഹോർത്തൂസിലുള്ള 796 ചിത്രങ്ങളും ഫാദർ മാത്യൂസ് വരച്ചതാണു്. ലത്തീനിലും അറബിഭാഷയിലുമുള്ള വിവരണങ്ങളും അദ്ദേഹത്തിന്റേതു തന്നെ.

''വൃക്ഷങ്ങൾ, ചെടികൾ, ലതകൾ, മററു പുൽച്ചെടർപ്പുകൾ മുതലായവയുടെ പേരുകളും സ്വഭാവഗുണങ്ങളും ഔഷധശക്തികളും'' നൽകിയിരിക്കുന്നതു ശരിയാണോയെന്നു പരിശോധിച്ചതു് ഇട്ടി അച്യുതനാണു്. ''മലബാർ പ്രദേശത്തു തങ്ങൾക്കറിവുള്ള വൃക്ഷങ്ങൾ, ചെടികൾ, ലതകൾ എന്നിവയും അവയുടെ പുഷ്പങ്ങളും ഫലങ്ങളും വിത്തുകളും ശേഖരിച്ചു കൊച്ചിപ്പട്ടണത്തിലേക്കു കൊണ്ടുവന്ന''തു രങ്കഭട്ടൻ, വിനായക പണ്ഡിതൻ, അപ്പുഭട്ടൻ എന്നീ ബ്രാഹ്മണപണ്ഡിതരാണു്. ഹെൻറിക്കു് വാൻ റീഡാണെങ്കിൽ, ഈ ഗ്രന്ഥനിർമ്മാണ വിഷയത്തിൽ ഇവർക്കുവേണ്ട ''എല്ലാസഹകരണവും'' വാഗ്ദാനം ചെയ്തു. എന്നാൽ ''പലജോലികളിൽ ഏർപ്പെട്ടിരുന്ന'' അദ്ദേഹത്തിനു് അതിനുവേണ്ട സമയം ലഭിക്കാതിരുന്നതിനാൽ സഹായത്തിനു ബ. ജോൺസീസർ എന്ന ഒരുദ്യോഗസ്ഥനെ ഏർപ്പെടുത്തി.

വാൻറീഡ് പറയുന്നതു ''കേരളാരാമത്തിന്റെ പ്രഥമ ശില്പിയും സ്ഥാപകനും അതിന്റെ അഭിവൃദ്ധിയിൽ തീക്ഷ്ണതയുററ വേലക്കാരനും'' ഫാദർ മാത്യൂ

സാണെന്നാണു്. കേരളാരാമത്തിൻെറ നിർമ്മാണത്തി നു സഹായിച്ച മി, വിൽഹെം ടെൻറൈൽ പറയുന്നതു ഫാദർ മാത്യൂസാണു ഗ്രന്ഥം നിർമ്മിച്ചതെന്നും, വാൻ റീഡ് ''വേണ്ട പ്രോത്സാഹനം നൽകുക മാത്രമേ ചെ യ്തുള്ളുവെന്നുമാണു്. ഹോർത്തൂസിൽ മലയാളത്തിൽ നിബന്ധിച്ചിട്ടുള്ള ഭാഗങ്ങളുടെ കർത്താവാരാണു്? ഡച്ചു് ഇന്ത്യാ കമ്പനിയുടെ ദ്വിഭാഷിയായ ഇമാനുവൽ കാർ നൈറോവാണോ അവയുടെ കർത്താവെന്നു സംശയി ക്കേണ്ടിയിരിക്കുന്നു. *

* [ഫാദർ മാത്യൂസിനെപ്പററി ഈ ലേഖനത്തിൽ ചേർ ത്തിരിക്കുന്ന Anacleta മുതലായ ലത്തീൻ കൃതിക ളിൽനിന്നുള്ള ഉദ്ധരണികരം തർജ്ജമ ചെയ്തുതന്ന മം ഗലപ്പുഴ സെമിനാരിയിലെ റവ. ഫാദർ ഡോമി നിക്കു് ഒ. സി. ഡി., റവ. ബ്രദർ ഫ്രാൻസീസ് കരിപ്പേരി റവ. ബ്രദർ തോമ്മസ് മററപ്പള്ളി എ ന്നിവരോടും, ഇട്ടി അച്ചു തൻെറ സർട്ടിഫിക്കേററു പരിഭാഷപ്പെടുത്തിത്തന്ന ശ്രീ. ഇളംകുളം കുഞ്ഞൻ പിള്ളയോടും ലേഖകൻ അതീവ കൃതജ്ഞനായിരി ക്കുന്നു.]

# ചാവറ കുര്യാക്കോസ് ഏലിയാ അച്ചൻ *

## (1805–1871)

## I

കേരള കത്തോലിക്കസഭാചരിത്രത്തിൽ മായാത്ത പദമുദ്ര പതിച്ചിട്ടുള്ള മഹാത്മാരിൽ അദ്വിതീയനായ ഒരു വ്യക്തിയാണു് ചാവറ കുര്യാക്കോസ് ഏലിയാ അച്ചൻ. കൈനകരിയിലെ പുരാതന കുടുംബങ്ങളിലൊന്നായ പടിഞ്ഞാറേ ചാവറയിലെ കുര്യക്കോ, മറിയം എന്ന മാതാപിതാക്കന്മാരിൽനിന്നും 1805 ഫെബ്രുവരി 8–ാം തീയതിസ് മര്യപുരുഷൻ ജാതനായി. നാട്ടുനടപ്പനുസരിച്ചു് ഒരു ആശാൻെറ കീഴിൽ പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി. അനന്തരം പത്താമത്തെ വയസ്സിൽ, പള്ളിപ്പുറം വൈദികസെമ്മിനാരിയിൽ, പാലക്കൽ തോമ്മാമല്പാൻെറശിഷ്യത്വം സ്വീകരിച്ചു പഠനമാരംഭിച്ചു. 1829 നവംബർമാസത്തിൽ, 24–ാമത്തെ വയസ്സിൽ, മൗറേലിയൂസു സ്തബലിനി മെത്രാനിൽനിന്നു കുർബാനപ്പട്ടമേൽക്കുകയും, 29–ാം തീയതി നവപൂജ അർപ്പിക്കുകയും ചെയ്തു.

വൈദികനായശേഷം പള്ളിപ്പുറത്തു സെമ്മിനാ

---

* മലബാർ മെയിൽ 1958, മാർച്ചു് 9:16.

രിയിൽ കുറേക്കാലം മല്പാനച്ചന്റെ സഹായിയായി ജോലിനോക്കി. ഇക്കാലത്തു പള്ളികളിൽപോയി പ്രസംഗിച്ച് ഒരു നല്ല പ്രസംഗികൻ എന്ന പേരു സമ്പാദിക്കുകയും ചെയ്തു. ആയിടക്കാണ് കേരളത്തിൽ ഒരു സന്യാസഭവനം സ്ഥാപിക്കുവാനുള്ള ആലോചനകൾ മുളയെടുത്തതു്. അതിനു മുൻനിന്നു പ്രവർത്തിച്ചവരിൽ ഒരാൾ ചാവറയച്ചനുമായിരുന്നു. 1831 മെയ് 11-ാം തീയതി കർമ്മലീത്താസഭയുടെ മാതൃഭവനമായ മാന്നാനം ആശ്രമത്തിന്റെ ശിലാസ്ഥാപനം നടന്നു. ആശ്രമം പണി നടന്നുകൊണ്ടിരിക്കുമ്പോൾ കുറച്ചുകാലത്തേക്കു് അധികാരികളുടെ ആജ്ഞ അനുസരിച്ച് അദ്ദേഹം പള്ളിപ്പുറം പള്ളിയുടെ വികാരിയായി ജോലി നോക്കുകയുണ്ടായി. 1833-ൽമാന്നാനത്തുഒരു വൈദികസെമ്മിനാരി സമാരബ്ധമായപ്പോൾ അതിന്റെ നായകത്വം വഹിച്ചതു കഥാനായകനായിരുന്നു. 1844ൽ വരാപ്പുഴ മെത്രാപ്പോലീത്താ അദ്ദേഹത്തെ മല്പാൻ സ്ഥാനത്തേക്കുയർത്തി.

മാന്നാനത്തിലെ സന്യാസസമൂഹത്തെ വരാപ്പുഴ മെത്രാപ്പോലീത്താ 1855-ൽ കാനോനികമായ ഒരു സന്യാസസഭയായി അംഗീകരിച്ചു. പ്രസ്തുത വത്സരം ഡിസംബർ 8-ാം തീയതി ആദ്യസന്യാസികളായ 11 പേരുടെ വ്രതവാഗ്ദാനം നടന്നു. പുതിയ സന്യാസസഭയുടെ പ്രിയോരായി ചാവറ അച്ചനെ മെത്രാപ്പോലീത്താ നിയമിച്ചു. 16 വർഷക്കാലം തുടരെ അദ്ദേഹം ഈ സഭയുടെ പ്രിയോരായിരുന്നു, ഇതിനിടയ്ക്കു കൂനമ്മാവു്, വ്വാശനാൽ, വാഴക്കുളം, എൽത്തുരുത്തു്, പുളിങ്കുന്നു്, അമ്പഴക്കാട്ടു്, മുത്തോലി എന്നി സ്ഥലങ്ങളിൽ ശാഖാഭവനങ്ങൾ സ്ഥാപിക്കുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞു കേരളത്തിലെ കന്യകാമഠസ്ഥാപന

ങ്ങളുടെ പ്രാരംഭകേന്ദ്രം ചാവറയച്ചനായിരുന്നു. 1865-ൽ കൂനമ്മാവിൽ വിശുദ്ധ ഫിലോമിനായുടെ നാമത്തിൽ സമാരബ്ധമായതാണ് കേരളത്തിലെ ആദ്യത്തെ കന്യകാമഠം.

ഇക്കാലത്തു കേരളീയസുറിയാനിസഭയെ പ്രക്ഷുബ്ധമാക്കിയ ഒന്നാണ് റോക്കോസ് ശീശ്മ. സ്വജാതി മെത്രാനെ കിട്ടുന്നതിന് ആഗ്രഹിക്കുകയും അതിന്നായി ശ്രമിക്കയും ചെയ്തുകൊണ്ടിരുന്ന കേരളീയ സുറിയാനിക്കാരുടെ മദ്ധ്യത്തിലേക്ക് 1861 മെയ് മാസത്തിൽ തോമ്മാ റോക്കോസ് എന്ന ഒരു സുറിയാനി മെത്രാൻ എത്തിച്ചേർന്നു. കേരളത്തിലെ അനവധി പള്ളികളും വൈദികരും ജനങ്ങളും റോക്കോസിനെ അനുഗമിച്ചു. മാപ്പാപ്പായുടെ അനുവാദംകൂടാതെവന്നിരിക്കുന്നരുകള്ളഇടയൻആണെന്നും, അയാളുടെ പക്ഷംചേർന്ന് ആരും ആത്മരക്ഷ അപകടത്തിലാക്കരുതെന്നും കാണിച്ച ചാവറയച്ചൻ അവസരോചിതമായ ഒരു പ്രസ്താവന പുറപ്പെടുവിച്ചു. സുറിയാനിക്കാർക്കുണ്ടായിരുന്ന 1?? പള്ളികളിൽ86 പൂർണ്ണമായും 30 ഭാഗികമായും റോക്കോസു് പക്ഷത്തുചേർന്നുവെന്നു പറയുമ്പോരം ശീശ്മയുടെ വൈപുല്യം മനസ്സിലാക്കാവുന്നതാണ്. ഈ ഘട്ടത്തിൽ ചാവറയച്ചനെ സുറിയാനിക്കാരുടെ മെത്രാനായി നിയമിക്കുവാൻ വരാപ്പുഴ മെത്രാപ്പോലീത്താ ആനുകൂലിയായിരുന്നു. പക്ഷേ വിനയാന്വിതനായിരുന്ന അദ്ദേഹം അതിനോടു വിയോജിച്ചു. ഒടുവിൽ മെത്രാപ്പോലീത്താ അദ്ദേഹത്തെ സുറിയാനിവിഭാഗത്തിൻെറ വികാരിജനറാളായി നിയമിച്ചു. കത്തോലിക്കാപക്ഷത്തിൻെറ നേതാവായിത്തീർന്ന ചാവറയച്ചൻ ശീശ്മയെ നിർമ്മാജ്ജനം ചെയ്യുന്നതിനു ഭഗീരഥയത്നം ചെയ്തു. അതിൽ അദ്ദേഹം വിജയിക്കുകയും ഉണ്ടായി.

സ്വസമുദായത്തിലും സക്കാരുദ്യോഗസ്ഥന്മാരുടെഇടയിലും അദ്ദേഹത്തിനുണ്ടായിരുന്ന സ്വാധീനം ഇക്കാര്യത്തിൽ വളരെ സഹായകമായിരുന്നു.

സ്വയം ഒരു ഭക്തനും സുകൃതവാനുമായിരുന്ന ചാവറയച്ചൻ മററുള്ളവരിലും ഒരു ആദ്ധ്യാത്മികോജ്ജീവനം സംജാതമാക്കുന്നതിൽ ബദ്ധശ്രദ്ധനായി. റോക്കോസുശീശ്മയെത്തുടൎന്ന് ഇതൊരു അടിയന്തിരാവശ്യവുമായിരുന്നു, സാമാന്യജനങ്ങളുടെ ആത്മീയോദ്ധാരണത്തിന് അദ്ദേഹം ആവിഷ്ക്കരിച്ച പദ്ധതിയാണ് ഇടവകകൾ തോറുമുള്ള ധ്യാനങ്ങൾ. അദ്ദേഹത്തിന്റെ സന്യാസസഭയിലുണ്ടായിരുന്ന അനുഗ്രഹീതരായ വാഗ്മികളാണ് വളരെക്കൊല്ലത്തേക്കു അതിന്റെ നേതൃത്വം വഹിച്ചതു്. ഞായറാഴ്ചതോറും എല്ലാപള്ളികളിലും പ്രസംഗങ്ങൾ നടത്തുന്ന പതിവ് ആരംഭിച്ചതും അദ്ദേഹം തന്നെ. ഇതുപോലെതന്നെ പ്രസ്താവാർഹമായ ഒന്നാണു നാല്പതുമണിയാരാധന. 1866-ൽ കൂനമ്മാവിൽവെച്ചു ഇദം പ്രഥമമായി ഇതു കേരളത്തിൽ നടത്തപ്പെട്ടു.

## സമുദായ സേവനങ്ങൾ.

ആദ്ധ്യാത്മികവും ഭൗതികവുമായ വിജ്ഞാനത്തിന്റെ ആവശ്യകത നല്ലവണ്ണം ഗ്രഹിച്ചിരുന്ന ചാവറയച്ചൻ വിജ്ഞാനവിതരണത്തിനുള്ളഎല്ലാ ഉപാധികളെയും ഉപയോഗിക്കുന്നതിൽ എപ്പോഴും തൽപരനായിരുന്നു. വൈദികരുടെ ശിക്ഷണത്തിനായി മാന്നാനത്തു് ഒരു സെമ്മിനാരി സ്ഥാപിതമായ സംഗതി പറഞ്ഞുവല്ലോ. അദ്ദേഹം പ്രിയോരായശേഷം 1866-ൽ വാഴക്കുളത്തും, 1868-ൽ എൽത്തുരുത്തിലും 1872-ൽ പുളിങ്കുന്നിലും ഓരോ സെമ്മിനാരികൾകൂടെ സ്ഥാപിതമാ

യി. പ്രസിദ്ധമായ പുത്തൻ പള്ളി സെമ്മിനാരി രൂപംകൊള്ളുന്നതുവരെ കേരളത്തിലെപ്രമുഖ വൈദിക ശിക്ഷണാലയങ്ങൾ ഇവയായിരുന്നു.

വൈദികരുടെ കാര്യത്തിലെന്നതുപോലെഅവൈദികരുടെ കര്യത്തിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. 1816 മുതൽ സി. എം എസ് മിഷ്യനറിമാരുടെ മേൽനോട്ടത്തിൽ ഇംഗ്ളീഷ് വിദ്യാലയങ്ങൾ സ്ഥാപിതമായിരുന്നെങ്കിലും കത്തോലിക്കർ അവയെ ഉപയോഗപ്പെടുത്താതെയാണിരുന്നതു്. സമുദായത്തിൻെറ പുരോഗതിക്കു് ഇതു് ഒരു പ്രതിബന്ധമാണെന്നു മനസ്സിലാക്കിയവരിൽ പ്രഥമഗണനീയൻ ചാവറയച്ചൻ തന്നെയായിരുന്നു. 1846—ാമാണ്ടു് അദ്ദേഹം മാന്നാനം ആശ്രമത്തോടു് അനുബന്ധിച്ചു് ഒരു സംസ്കൃതവിദ്യാലയം സ്ഥാപിച്ചു. മലയാളഭാഷ സമർത്ഥമായി കൈകാര്യം ചെയ്യുന്നതിനും ഭാരതീയ സംസ്കാരത്തിൻെറ ഉൽകൃഷ്ടമായ അംശങ്ങൾ സ്വായത്തമാക്കുന്നതിനും സംസ്കൃതഭാഷാഭ്യാസനം അത്യന്താപേക്ഷിതമാണെന്നു് അദ്ദേഹം മനസ്സിലാക്കിയിരുന്നു.

സുറിയാനിക്കാരുടെ വികാരിജനറാളായശേഷം 1865-ൽ സ്വസമുദായത്തിൻെറ വിദ്യാഭ്യാസപുരോഗതിയെ ത്വരിതപ്പെടുത്തുന്നതിനായി അദ്ദേഹം ഒരു സക്കുലർ പുറപ്പെടുവിച്ചു. ഇടവകകൾ തോറും വിദ്യാലയങ്ങൾ ആരംഭിക്കണമെന്നും അല്ലാത്തപക്ഷം പള്ളിമുടക്കു കൽപിക്കുമെന്നുമായിരുന്നു പ്രസ്തുത സർക്കുലർ. സഭവകയായി ഒരു കോളേജ് സ്ഥാപിക്കണമെന്നുപോലും അദ്ദേഹത്തിനു് ഉദ്ദേശ്യമുണ്ടായിരുന്നു അദ്ദേഹം നൽകിയ നേതൃത്വമനുസരിച്ചു് ഇടവകകൾ തോറും മലയാള, സ്കൂൾ ആരംഭിച്ചു് പ്രവർത്തനം തുടങ്ങിയതിൻെറ പ

രിണതഫലമാണ് ഈ കത്തോലിക്കരുടെ വകയായുള്ള വിദ്യാലയങ്ങളും അവരുടെ ഇടയിലെ വിദ്യാഭ്യാസപ്രബുദ്ധതയും. കർമ്മലീത്താസഭയും വിദ്യാഭ്യാസപ്രചാരണത്തിൽ മുന്നിട്ടിറങ്ങി പ്രവർത്തിച്ചു. കേരളത്തിൽസുറിയാനി കത്തോലിക്കരുടെ വകയായ ആദ്യത്തെ ഹൈസ്കൂൾ, 1881–ൽ മാന്നാനം ആശ്രമത്തോടു ചേർത്തു സ്ഥാപിതമായ സെൻറ് എഫ്റെയിംസ് ഹൈസ്കൂളാണ്.

അക്കാലത്ത് പരിത്യക്തരായിരുന്ന അധ:കൃതരുടെ കാര്യത്തിലും അദ്ദേഹം ശ്രദ്ധിക്കാതിരുന്നില്ല. അവർക്കു പൊതു സ്കൂളുകളിൽ പ്രവേശനം നിഷേധിച്ചിരുന്ന ഒരു കാലമായിരുന്നു അത്. മാന്നാനത്തും ആർപ്പൂക്കരയിലും ക്രിസ്തുമതം സ്വീകരിച്ചഅധഃകൃതർക്കായി അദ്ദേഹം വിദ്യാലയങ്ങൾ സ്ഥാപിച്ചു. ക്രിസ്ത്യാനികളല്ലാത്ത അധ:കൃതർക്കും ഇവയിൽ പ്രവേശനം നൽകി. അധ:കൃതരും അഗതികളും എപ്പോഴും അദ്ദേഹത്തിൻെറ വാത്സല്യത്തിനും ശ്രദ്ധയ്ക്കും പാത്രമായിരുന്നു. അഗതികളെ ഭവനത്തിൽ താമസിപ്പിച്ചു സംരക്ഷിക്കുന്ന പ്രസ്ഥാനം കേരളത്തിൽ ആരംഭിച്ചതു ചാവറയച്ചനാണ് ആദ്യത്തെ അഗതിമന്ദിരം കൈനകരിയിൽ അദ്ദേഹം സ്ഥാപിച്ചു. ഇതിൻെറ മേൽനോട്ടം വഹിക്കുന്നതിനും അഗതികളുടെ സംരക്ഷണത്തിനുമായി 'നൽമരണ സഹായസഖ്യം' എന്നപേരിൽ ഒരു സംഘവും അദ്ദേഹം ഏർപ്പെടുത്തി.

19–ാം നൂററാണ്ടിലെ കേരളപുത്രന്മാരിൽ പ്രശസ്തനായ ഒരുപണ്ഡിതനും വാഗ്മിയുമായിരുന്നു ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ. മലയാളം, സംസ്കൃതം, തമിഴ് എന്നീ ഭാരതീയ ഭാഷകളും സുറിയാനി, ലത്തീൻ, പോർത്തുഗീസ് എന്നീ വിദേശഭാഷക

ളും അദ്ദേഹത്തിനുസ്വായത്തമായിരുന്നു. വേദശാസ്ത്രത്തിൽ അഗാധജ്ഞാനം നേടിയിരുന്നു. അങ്ങനെ ആർജ്ജിച്ച ബുദ്ധിപരവും മാനസികവുമായ കഴിവുകളെ മററുള്ളവരുടെ ഉന്നമനത്തിനായി അദ്ദേഹം ഉപയോഗപ്പെടുത്തി. സന്യാസസഭാസ്ഥാപനത്തിനും റോക്കോസ് ശീശ്മയോടുള്ള സമരത്തിനും ജീവിതത്തിലെ പ്രധാനഭാഗം ചെലവഴിക്കേണ്ടിവന്ന അദ്ദേഹത്തിനു ഭാഷാപരവും സാഹിത്യപരവുമായ യത്നങ്ങരംക്ക അധികം സമയം ലഭിച്ചില്ലെങ്കിൽ അത്ഭുതപ്പെടാനില്ല. എന്നാൽവിശ്രമരഹിതമായ ഈ കൃത്യനിർവഹണങ്ങരംക്കിടയിൽ മാതൃഭാഷയിൽ അദ്ദേഹം അനേകം ഗ്രന്ഥങ്ങരം രചിക്കുകയുണ്ടായി.

## ആത്മാനുതാപം.

പദ്യരൂപത്തിലുള്ള ഒരു ആത്മകഥാകഥനമാണ് ''ആത്മാനുതാപം'' ''ഇതിൻെറ കർത്താവു പദ്യങ്ങരം രചിക്കുന്നതിൽ ലാഘവമുള്ള ആളാണെന്നു വേണ്ടപോലം തെളിയുന്നുണ്ട്.'' എന്നാണ് സുപ്രസിദ്ധ സാഹിത്യവിമർശകനായ ശ്രീ സി. അന്തപ്പായി ആത്മാനുതാപത്തെപ്പററി അഭിപ്രായപ്പെട്ടിരിക്കുന്നതു്. സ്വന്തം പാണ്ഡിത്യത്തെ പ്രകടിപ്പിക്കുകയെന്നതിനേക്കാരം വായനക്കാരുടെ ഹൃദയത്തിൽ ഭക്തിയും അനുതാപവും സംജാതമാക്കുകയെന്നതായിരുന്നു ഈ കൃതിപ്രണയനത്തിൽ ചാവറയച്ചൻെറ ഉദ്ദ്യേശമെന്നു തോന്നുന്നു. പദങ്ങളുടെ ലാളിത്യവും സ്വച്ഛന്ദമായ ഒഴുക്കും ഈ കൃതിയുടെ ഒരു പ്രത്യേകതയാകുന്നു. ഇതിൻെറ ഒന്നാം ഭാഗം 1871-ൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പരിശുദ്ധ കന്യകാമറിയത്തിൻെറ മാദ്ധ്യസ്ഥത്തെകവി വർണ്ണിക്കുന്നതു ഇങ്ങനെയാണ്.

കന്യകാ മമ മാതൃ അമ്മയെ ശരണം നീ
അന്യഭവനം ചരിച്ചയ്യയ്യോമമ കുററം
എങ്കിലുമമ്മനീയേ മറന്നീടരുതയ്യോ.
ശങ്കതിൽ നിൻെറ ഓർമ്മ എപ്പോഴമുണ്ടതാനും
എങ്കിലും മറന്നയ്യോ നിന്നെ ഞാൻ നന്ദിഹീനാൽ
മങ്കയാം മനോഹരെ എന്നെ നീ മറക്കുമോ?
മുന്നമെ എന്നെ ചേർത്തു നിന്നുടെ ദാസനാക്കി
അന്നുനാരം മുതൽ നീയും പാലിച്ചു രക്ഷിച്ചയ്യോ
എത്രയോ ഉഴം ദൈവനീതിക്കുയോഗ്യനാ[illegible]ി
അത്രയുമൂഴം നിൻെറ മദ്ധ്യസ്ഥത്താൽകാത്തല്ലോനീ
ദൈവത്തിൻ തിരുക്കരം ശിക്ഷിപ്പാനോങ്ങുന്നേരം
ദൈവമാതാവെനിൻെറ ദയയാൽ തടുത്തല്ലോ.
എന്നുടെ പാപത്താലെ നിന്നുടെ തിരുപുത്രൻ
തന്നുടെകോപാഗ്നിയെ കത്തി ഞാനെരിയിച്ചു
അപ്പാപം നിമിത്തമായ് ശിക്ഷിപ്പാൻ തുടങ്ങു
മ്പോഠം
ഇപ്പാരിൽ തനിക്കു നീ ചെയ്ത ശുശ്രൂഷകളും
കിട്ടിവീണ പേക്ഷിച്ചു നീക്കുവാൻ ശ്രമിക്കനീ
കാട്ടിയെൻ കുററം പാപിആയതുമോർത്തിടാതെ
വീണതാണീടും വീണ്ടും പാപത്തിൽ കൂടെക്കൂടെ
താണുപോകുന്നേരം നിൻ കൈയാൽ പിടിച്ചെന്നെ
നിറുത്തിക്കൊണ്ടു തൻെറ കോപത്തെ അമർത്തുവാൻ
വെറുത്തിടാതെ കണ്ടു പ്രാർത്ഥിക്കും വീണ്ടും വീണ്ടും.''

ലൗകികമായ വിത്തപ്രതാപങ്ങളുടെ ക്ഷണഭം ഗുരതയെ കവി വർണ്ണിക്കുന്നതിങ്ങനെയാണ്:

'ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും
ഭേദംകൂടാതെ മാറി നീങ്ങുന്നു ക്ഷണേ ക്ഷണേ

ഇന്നു കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
മന്ദിച്ചുവരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ
മെല്ലമായ് കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛയായതിന്നുള്ള ശോഭയും സുഗന്ധവും
എത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണീടുന്നു
ചിത്രമായതിന്നുള്ള അഴകുമൊക്കെപ്പോകും
ഇങ്ങിപ്പോൾ ഗൃഹസ്ഥനായ് കാണുന്ന ദ്രവ്യസ്ഥനെ
മന്ദഹാസത്താൽ പലർ സ്നേഹിച്ചു സേവിക്കുന്നു.
ബുദ്ധിമാനിവൻ ബഹുശക്തിമാൻ സമർത്ഥനും
അബ്ധിയിൽ മണലുപോൽ വിത്തസമ്പത്തുമുണ്ടി—
വാക്കുകൾ പറയുമ്പോൾ ചേർച്ചയായ് തോന്നീടുന്നു;
പാക്കുവെററിലകളാൽ ചുമക്കും ചുണ്ടുകളും
സുന്ദരനിവൻ മഹാശോഭിതൻ കാണുന്നോക്കു
സുന്ദരന്മാരായിട്ടു പുത്രന്മാർ പുത്രികളും.
ഇങ്ങനെയുള്ള ബഹുഭംഗികൾ പലതരം
അങ്ങനെ ചില നാളുകഴിഞ്ഞോരനന്തരം
ഒരുനാളിവൻതന്നെ വടിയും കൈയിലേന്തി
വരുമാറതും കണ്ടു സൂക്ഷിക്കും ബഹുജനം
ഓഹൊ ഈ ദേഹമേതു്, സംശയം തോന്നുന്നല്ലൊ
ആഹഹാ സർവേശ്വരാ ഇയാൾക്കിതെന്തു വന്നു?
വന്നതുമൊന്നുമില്ലാ പോയതുമൊന്നുമില്ല
വന്നതുപോലെയുള്ളതൊക്കെയുമിപ്പോളുണ്ടു്.
എന്നതു പരമാർത്ഥമെങ്കിലും മുന്നമിവൻ
മന്ദഹാസത്താൽ ജീവിച്ചെന്നതുകണ്ടോരുണ്ടോ?
അന്നിവനുടെ ബുദ്ധിശക്തിയുമെത്രചിത്രം
ഇന്നതൊക്കെയുമോർത്താൽ എന്തൊരു വിസ്മയമെ!''

## നാലാഗമം

ചാവറയച്ചന്റെ ഗദ്യകൃതികളിൽ സർവ്വപ്രധാന

മായിട്ടുള്ളതാണു് ''നാളാഗമം'' ഒന്നും രണ്ടും ഭാഗങ്ങരം ഒരു ആത്മ കഥയെന്നതുപോലെതന്നെ മലങ്കരസഭയുടെ വിസ്തൃതമായ ഒരു സമകാലികചരിത്രവുമാണിതു്. 1829 മുതൽ 1855 വരെയുള്ള ഒന്നാം ഭാഗത്തിലും, 1855 മുതൽ 1870 വരെയുള്ളതു രണ്ടാം ഭാഗത്തിലും വിവരിച്ചിരിക്കുന്ന ചരിത്രരേഖകരം സൂക്ഷിക്കുന്നതിൽ കേരളീയർ എത്ര പിന്നോക്കമാണെന്നുള്ള വസ്തുത ആലോചിക്കുമ്പോരം, ഒരു നൂററാണ്ടിനു മുൻപുള്ള ചാവറയച്ചൻെറ ഈ സേവനം എത്ര മഹത്തരമാണെന്നു മനസ്സിലാക്കാവുന്നതാണു്. ''സംഭവങ്ങളുടെ സൂക്ഷ്മാംശങ്ങളെ പാരുഷ്യം കലരാത്ത നിഷ്പക്ഷബുദ്ധിയോടുകൂടി ഈ ഗ്രന്ഥത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹത്തിനു് ഇടപെടേണ്ടിവന്നിട്ടുള്ള വ്യക്തികളുടെ ആകൃതിയും പ്രകൃതിയും ഭാവങ്ങളും അനുകമ്പാനിർഭരമായ വിമർശനപാടവത്തോടും വേണ്ടയിടങ്ങളിൽ ആസ്വാദ്യകരമായ ഫലിതരസത്തോടുംകൂടി നാളാഗമത്തിൽ ചിത്രീകരിച്ചിരിക്കുന്നു, ലഘുവായ പദങ്ങരംകൊണ്ടും കൊച്ചുകൊച്ചു വാചകങ്ങരംകൊണ്ടും യാഥാർത്ഥ്യബോധം ജനിപ്പിക്കത്തക്ക തൂലികാചിത്രങ്ങരം രചിക്കുന്നതിലും അച്ചൻ പ്രവീണനായിരുന്നു.''

രചനാരീതി കാണിക്കുവാൻ രണ്ടു ചെറിയ ഖണ്ഡികകരം ഇവിടെ ഉദ്ധരിക്കാം.

''കളപ്പുരയിൽവച്ചു പോരുക്കരയച്ചൻ കരിശുരുശ്മാ ചെയ്തു കൊട്ടും ഘോഷത്തോടെ കൊണ്ടുചെന്നു മേടമാസം 28-ാം തീയതി രാത്രിയിൽ കുരിശുനാട്ടി, പുണ്യവാളന്മാരുടെ ലുത്തിനിയായും ചൊല്ലിതീർന്നപ്പോരം, അവിടെ കുടിയതിൽ പാലായിൽ ഉള്ളാട്ടുതറെ എന്നു വിളിക്കപ്പെട്ട ഒരു ചെമ്മാച്ചനുമുണ്ടായിരുന്നു. ഈയാളുടെ അനുജൻ ഒരു പൈതലും ഈ ഘോഷ

ത്തിനുകൂടി. ലുത്തനിയാ കഴിഞ്ഞയുടൻ എന്റെ കാലു മ്മേൽ ഏതാണ്ടു കടിച്ചുയെന്നു പറഞ്ഞു. അപ്പോരംതന്നെ ഒരു ഉഷ്ണവും വന്നു. ഏതെങ്കിലും താഴെപ്പോകാമെ ന്നു പറഞ്ഞു ഇറങ്ങിയാറെ നാലാറു ചുവടു നടന്നപ്പോരം നടപ്പാൻ പാടില്ലാഞ്ഞു. ഒരു പ്രകാരമായി നടത്തി താ ഴത്തുചെന്നാറെ പോരുക്കര അച്ചൻചെന്നു ഹന്നാൻവെ ള്ളംതളിച്ച് നമസ്കരിപ്പാൻ എല്ലാവരോടും പറ ഞ്ഞു. യാതൊരു വിഷവൈദ്യക്കാരെക്കൊണ്ടും ഒന്നും ചെയ്യിക്കേണ്ടാ എന്നും പറഞ്ഞതിൻവണ്ണംതന്നെ യാ തൊന്നും ചെയ്തുമില്ല. വെളുത്തപ്പോരം സൗഖ്യമാകക യും ചെയ്തു.''

''തോമ്മാ മെത്രാപ്പോലീത്തായുടെ മുറിയിൽ ക യറി അന്തോനി കത്തനാരച്ചൻ മുതൽപേരുംകൂടി ആ ലോചിച്ചാറെ ഇപ്പോരം നമ്മെ അവമാനിപ്പാനായി അയാരം (പ്രിയോർ) വന്നിരിക്കുന്നതാകയാൽ കാൺ മാൻ ആവശ്യമില്ലെന്നും നമ്മുടെ പക്കലുള്ള എഴുത്തു കരം ഇന്നഇന്നതു എന്നു അയാരം കണ്ടതിൻവണ്ണം അ റിഞ്ഞിരിക്കുന്നു എന്നും ഇതല്ലാതെ ഒന്നും കാണിപ്പാൻ നമ്മുടെ പക്കൽ ഇല്ലെന്നും റോമ്മാസ്സു് എഴുതുന്നതിനാ വശ്യമില്ലെന്നും മററും പറഞ്ഞയക്കയാൽ ഞങ്ങരം അ വിടെനിന്നും പുറപ്പെട്ടു വള്ളം കേറിയ ഉടൻ പോലീ സ് നായ്ക്കനും ഏതാനും ചിപ്പായികളും വന്നു. കരയ്ക്കു പോന്നവരിൽ ചിലരെ കണ്ടു നിങ്ങരം എന്തിനായി വ ന്നവർ എന്നു ചോദിച്ചാറെ, തോമ്മാ മെത്രാപ്പോലീ ത്തായെ കാൺമാൻ വന്നവരെന്നും വിവേകത്തോടുകൂ ടെ ഉത്തരിച്ചുപോരുകയും ചെയ്തു.''

## റോക്കോസു ശീശ്മയുടെ ചരിത്രം

തോമ്മാ റോക്കോസ് എന്ന സുറിയാനി മെത്രാൻ

അനധികൃതമായി കേരളത്തിലെത്തിയതും. തന്നിമിത്തം കേരളസുറിയാനിക്കാരുടെ ഇടയിലുണ്ടായ കഴപ്പങ്ങളും, റോക്കോസുശീശ്മയെ ഇല്ലാതാക്കുന്നതിനു കത്തനായകൻ ചെയ്ത കഠിനയത്നങ്ങളും മുകളിൽ സൂചിപ്പിച്ചുവല്ലോ. ഇവയെ സമഗ്രമായി പ്രതിപാദിച്ചുകൊണ്ട് അദ്ദേഹം രചിച്ചിട്ടുള്ള 200-ൽപരം പുറങ്ങൾ വരുന്ന ഒരു ഗ്രന്ഥമാണ് ''റോക്കോസുശീശ്മയുടെ ചരിത്രം.'' അതിൽനിന്നു് രണ്ടു ഖണ്ഡികകളാണ് താഴെ ഉദ്ധരിക്കുന്നതു്.

''മലയാററു രുവച്ചു, മെത്രാൻ തന്റെ നാട്ടിനു ചെല്ലണമെന്നു പാത്രിയർക്കീസുബാവയുടെ കല്പന വന്നിരിക്കുന്ന വിവരം അറിഞ്ഞു. അതു വരെയും അറിയിക്കാതെ ഉപായമായിഒതുക്കിയിരുന്നും എന്നാൽ അറിഞ്ഞപ്പോൾ മെത്രാൻ പോകണമെന്നും ഇനി ഒരധികാരവും നടത്തുന്നതല്ലെന്നും നിശ്ചയിച്ചു. കൊണ്ടു, ദീനത്തിനുകൊച്ചിയിൽകോട്ടയിൽ പോകണമെന്നു കൂടെയുണ്ടായിരുന്ന തൊണ്ടനാട്ടു അന്തോനി കത്തനാരച്ചൻ മുതൽപേരോടു പറഞ്ഞാറെ, മെത്രാൻപോകുവാനുള്ള താല്പര്യം ആകുന്നുവെന്നും തരംവന്നാൽ തീക്കപ്പലിൽ പോകുവാനാകുന്നു കോട്ടയിൽ പോകണമെന്നു പറയുന്നതെന്നും വിഷാദിക്കയും ആയതിനു തെക്കാട്ടുശ്ശേരിൽ കൊണ്ടുചെന്നു താമസിപ്പിക്കാമെന്നു വച്ചു ബോട്ടുകാരെ സ്വാധീനപ്പെടുത്തി കോട്ടയിലേക്കു യാത്രയെന്നു പറഞ്ഞു പുറപ്പെടുകയും, കൊച്ചിയിൽ കയററാതെ രാത്രികാലത്തിൽ തെക്കാട്ടുശ്ശേരിക്കു വലിച്ചുപോവുകയും അവിടെ കടവിൽ ചെന്നെന്നറിഞ്ഞാറെ മെത്രാൻ ബോട്ടിൽനിന്നും കയറാതെ കൊച്ചിക്കു പോകണമെന്നു സിദ്ധാന്തപ്പെടുകയും, പാറായിൽ തര

കനും, മേൽപറഞ്ഞ അന്തോനി കത്തനാരച്ചനും ഏറി യ ഉപായങ്ങരം ദ്ദനാക്കിയാറെയും മെത്രാൻ സമ്മതി ക്കായ്കയാൽ മെത്രാൻെറ വക സാമാനങ്ങളും വടിയും മുടിയും മുതലായത്തു തെക്കാട്ടശ്ശേരിൽ കേററുകയും, എന്നാറെയും മെത്രാൻ സമ്മതിക്കായ്കയാൽ തിരി ച്ചുകൊച്ചികോട്ടയിൽ കൊണ്ടുചെന്നാക്കുകയുംചെയ്തു.''

''എന്നാൽ മെത്രാനോടുകൂടെ തൊണ്ടനാട്ട അന്തോ നി കത്തനാരച്ചനും രണ്ടു ശമ്മാശന്മാരും പോകയും ചെ യ്തു. തിക്കപ്പെൽ നീക്കി പുക കാണ്മാൻ മേലാതെ ആകു ന്നവരെയും ആ ഭാഗക്കാരു കടപ്പുറത്തു നിന്നു നോക്കുക യും ചിലരു കണ്ണുനീരു ചൊരിഞ്ഞു കരഞ്ഞ ദുഃഖം കാ ണിക്കുകയും ചെയ്തു. ഇതിൻെറശേഷം എല്ലാവരും അ വിടെനിന്നും പോന്നു ഞാറയ്ക്കൽവന്നു എല്ലാവരും കൂടെ നിശ്ചയിച്ചതായത്തു്. ഇനി റേക്കോസുമെത്രാൻെറ ഭാഗ ത്തുനിന്നിരുന്ന പള്ളിക്കാരു് ഒരുത്തരും അഞ്ചെട്ടു മാസ ത്തിനകം നമുക്കു മെത്രാൻ ഇല്ലാ എന്നു വച്ചു വരാപ്പുഴ ചെന്നുചേർരുതെന്നു എല്ലാവരുംകൂടി ഒരുടമ്പടിപറഞ്ഞു നിശ്ചയിച്ചുംവച്ചു ദു:ഖത്തോടെ പിരിഞ്ഞുപോവുകയും ചെയ്തു കുറേനാരം കഴിഞ്ഞപ്പോരം ചിലർക്കു ഒരു എജ മാനൻെറ കീഴല്ലാതെ നിൽക്കുന്നതു ശരി അല്ലെന്നുവച്ചു ചില പള്ളിക്കാരു് തെക്കും വടക്കുമുള്ള വരാപ്പുഴഭാഗ ത്തിൽ കൂടി തുടങ്ങി.''

## മററു കൃതികരം

കർമ്മലീത്താ സന്യാസസഭയുടെ സ്ഥാപകന്മാ രിൽ ഒരാളായ പാലയ്ക്കൽ തോമ്മാ മല്പാൻെറ ജീവച

ത്രിത്രമാണു് ചാവറയച്ചൻെറ മറെറാരു ഗദ്യകൃതി. ഒരു പക്ഷേ ഒരു മലയാളിയെപ്പററി മറെറാരു മലയാളി, മലയാളഭാഷയിൽ എഴുതിയിട്ടുള്ള ആദ്യത്തെ ജീവചരിത്രഗ്രന്ഥം ഇതായിരിക്കണം. കഥാപുരുഷൻെറ വാത്സല്യശിഷ്യനാണു ഗ്രന്ഥകാരനെന്നുള്ള പ്രത്യേകതയും ഇതിനുണ്ടു്. വാചകരീതി മനസ്സിലാക്കുവാൻ ഒരു ചെറിയ ഖണ്ഡിക ഉദ്ധരിക്കാം;—''ഞങ്ങറം മൂവരേയും കൂട്ടിക്കൊണ്ടു വരാപ്പുഴ കൊണ്ടുപോയി ആക്കി. സെമ്മിനാരിക്കു പുറത്തു കിണററിൻെറ പടിഞ്ഞാറുവശമുള്ള മുറിയിൽ ഞങ്ങറം പാർപ്പാനും പഠിത്വത്തിൻെറ നേരത്തു ലത്തീൻകാരുടെ സെമ്മിനാരിയിൽ പോയി പഠിച്ചു കൊള്ളണമെന്നും തീനും കിടപ്പും ഈ മുറിയിൽ കഴിച്ചു കൊള്ളണമെന്നും എന്തൊരാവശ്യം നിങ്ങറംക്കു ഉണ്ടായിരുന്നാൽ ഒക്കെയും മൂപ്പച്ചനോടു പറഞ്ഞാൽ നടത്തിത്തരുമെന്നും പറഞ്ഞുകൊണ്ടു് ഈ ദേഹം പള്ളിപ്പുറത്തിനു പോയി. പിറേറദിവസം ഞങ്ങറം സിമ്മാരിയിൽ ചെന്നാറെ സിമ്മനാരിയിൽ കയറുന്നതിനു അവക്കു സമ്മതമില്ലാഞ്ഞു ഇതിനാൽ ഈദേഹത്തിൻെറ നല്ല ഭാക്കു സാധിക്കാതെ പള്ളിപ്പുറത്തേക്കു പിന്തിരിയേണ്ടിവന്നു.'' (പുറം 10)

നല്ല അപ്പൻെറ ചാവരുകറം, ധ്യാനസല്ലാപങ്ങറം സ്നേഹസല്ലാപങ്ങറം, മരണപർവം തുടങ്ങിയ ചില പർവങ്ങറം, ഭക്തിരസപ്രധാനങ്ങളായ ചില പ്രഹസനങ്ങറം (എക്ലോഗുകറം) മുതലായവയും അദ്ദേഹത്തിൽനിന്നു കൈരളിക്കു ലഭിച്ചിട്ടുള്ള വിശിഷ്ട സമ്പാദ്യങ്ങളാകുന്നു.

## ആരാധനക്രമം

കേരളസുറിയാനി സഭയിൽ (ആരാധനാക്രമം മലയാളത്തിലാകുന്നതിനു മുൻപു്) ഇന്നു നടപ്പിലിരിക്കുന്ന

ഏകീകൃതമായ ആരാധനക്രമം സംവിധാനം ചെയ്യു ചാവപറയച്ചനാണ്. ദിവ്യബലി അനുഷ്ഠിക്കുന്നതിനു ള്ള ക്രമങ്ങരം തനാഴിൽ കൊടുത്തിട്ടുള്ളത് സംശയര ഹിതമാംവണ്ണം വിശദീകരിച്ച് അദ്ദേഹം രചിച്ചു; "'സുറിയാനിക്രമത്തിലെ പൂജാകർമ്മങ്ങരം'' എന്ന പേ രോടുകൂടി, അച്ചടിച്ചിട്ടുള്ള തുക്കാസാ പുസ്തകം അനുസ രിച്ചാണ് ഇന്നും പൂജാകർമ്മങ്ങരം നടത്തപ്പെടുന്നത്. ഒൻപത്തു് അദ്ധ്യായങ്ങളിലായി കർബാന സംബന്ധി ച്ച എല്ലാ ക്രമങ്ങളെയും ഈ ഗ്രന്ഥത്തിൽ വിവരിച്ചിരി ക്കുന്നു. സുറിയാനിക്രമമനുസരിച്ചുള്ള പഞ്ചാംഗവും അ ദ്ദേഹംതന്നെ എഴുതി ഉണ്ടാക്കി. സ്വപസ്സുകർബാനയുടെ യും വേസ്പര എന്ന കർമ്മത്തിൻെറയും, മരിച്ചവക്കു വേണ്ടിയുള്ള പ്രാത്ഥനകളുടെയും ക്രമങ്ങളും അദ്ദേഹം ര ചിച്ചു.

മലങ്കരസഭയിൽ ദുഃഖശനിയാഴ്ച യാതൊരു കർമ്മ ങ്ങളും നടത്തപ്പെട്ടിരുന്നില്ല. ഈ പോരായ്മ പരിഹ രിക്കുന്നതിലേക്കു അദ്ദേഹം, തിരു സിംഹാസനത്തി ൻെറ അനുവാദത്തോടുകൂടി, അന്നത്തെ കർമ്മങ്ങളുടെ ക്രമം ലത്തീനിൽനിന്നു സുറിയാനിയിലേക്കു തർജ്ജമചെയ്തു. അദ്ദേഹം രചിച്ച ക്രമമനുസരിച്ചാണ് ഇന്നു ദുഃഖശനി യാഴ്ചകർമ്മങ്ങരം നടത്തപ്പെടുന്നത്. വൈദികരുടെ അ നുദിനമുള്ള കാനോനാ നമസ്കാരം പല ഗ്രന്ഥങ്ങളി ലായിട്ടായിരുന്നതിനാൽ പല ബുദ്ധിമുട്ടുകളും അനുഭ വപ്പെട്ടിരുന്നു. ഇതിനൊരു പ്രതിവിധിയായി വിവി ധ ഗ്രന്ഥങ്ങളിൽ നിന്നും പ്രസക്തമായ ഭാഗങ്ങരംമാത്രം കുട്ടിച്ചേർത്തു വൈദികർക്കായി അദ്ദേഹം ഒരു പ്രാർത്ഥ നപ്പുസ്തകം എഴുതിയുണ്ടാക്കി. വികാരിജനറാളായശേ ഷം അദ്ദേഹം അതു നടപ്പിൽ നരുത്തുകയും ചെയ്തു.

## മുദ്രണാലയം

മാന്നാനം ആശ്രമത്തോടു് അനുബന്ധിച്ചു് ഒരു മുദ്രണാലയം കൂടി സ്ഥാപിക്കണമെന്നുള്ള ആഗ്രഹം ആദ്യംമുതലേ അദ്ദേഹത്തിനുണ്ടായിരുന്നു. കോട്ടയത്തെ സി. എം. എസ്. പ്രസ്സും തിരുവനന്തപുരത്തെ ഗവർമ്മെണ്ടുപ്രസ്സും മാത്രമേ അക്കാലത്തു മലയാള അച്ചടിശാലകളായി ഉണ്ടായിരുന്നുള്ള വിദേശത്തുനിന്നു പ്രസ്സു വരുത്തുവാനുള്ള ധനശക്തിയൊ സൗകര്യമോ ഇല്ലാതിരുന്നതിനാൽ അദ്ദേഹം തിരുവനന്തപുരത്തു ചെന്നു അവിടത്തെ പ്രസ്സു് കണ്ടു്, ആ മാതൃകയിൽ മരം കൊണ്ടുണ്ടാക്കിയതാണു് മാന്നാനത്തു സ്ഥാപിച്ച ആദ്യത്തെ അച്ചടിയന്ത്രം. ആവശ്യമായ ജോലിക്കാരെയും, ഉപകരണങ്ങളും സമ്പാദിച്ചു അങ്ങനെ ഇന്നു സെൻറു് ജോസഫ്സ് പ്രസ് എന്ന പേരിൽ അറിയപ്പെടുന്ന മുദ്രണാലയം 1844—ൽ സ്ഥാപിതമായി. ഇതു തിരുവിതാംകൂറിൽ മൂന്നാമത്തേതും, നാട്ടുകാരുടെ വകയായുള്ളതിൽ ഒന്നാമത്തേതുമാകുന്നു. മലയാളഭാഷയിൽ പ്രാർത്ഥനപുസ്തകങ്ങൾ ആദ്യമായി അച്ചടിച്ചിറക്കിയതു് ഈ പ്രസ്സിൽ നിന്നാണു്. ''നസ്രാണിദീപിക'' പത്രവും, ''കർമ്മലകുസുമം'' എന്ന മാസികയും അനേകം ഭക്തഗ്രന്ഥങ്ങളും അചിരേണ ഈ പ്രസിൽ അച്ചടിക്കപ്പെട്ടു.

മഹാനായ ഈ വൈദികൻ 1871 ജനുവരി 3—ാം തീയതി 66—ാമത്തെ വയസ്സിൽ കൂനമ്മാവിൽവച്ചു നിര്യാതനായി. ''തിരുവിതാംകൂർ സംസ്ഥാനത്തെ മന്ത്രിയായിട്ടു ദിവാൻ മാദവരാവും (മാധവരായർ), ക്രിസ്ത്യാനികളുടെ മേൽപ്പട്ടക്കാരനായിട്ടു വരാപ്പുഴ പ്രെ-

ബർണ്ണാദീനും, മലയാളത്തിൻെറ മല്പാനും വികാരി ജനറാളും ഗൊവേന്തകളുടെ പ്രീയോരുമായിട്ടു ചാവറ കുര്യാക്കോസു മല്പാനും, ഇങ്ങനെ ഈ മൂന്നുപേരുടെ കാലം ഒന്നിച്ചു മലയാളത്തിനു ഉണ്ടായ നാളുകളിൽ എത്രയോ ഭാഗ്യം മലയാളം അനുഭവിച്ചു എന്നു എൻെറ തൂവലിനു എഴുതിക്കാണിപ്പാൻ വശമില്ല'' എന്നാണു പാലാക്കുന്നേൽ വല്യച്ചൻ അദ്ദേഹത്തിൻെറ ഡയറിയിൽ രേഖപ്പെടുത്തിയിരുന്നതു്. (മഹാനും സുകൃതചരിതനുമായിരുന്ന ഈ വൈദികോത്തംസത്തെ വിശുദ്ധനെന്നു പേരുവിളിക്കാനുള്ള ശ്രമങ്ങൾ ഈയിടെ ആരംഭിച്ചിട്ടുണ്ടു്.)

# തോപ്പിൽ കര്യൻ കരുവിള

മററുള്ളവർ പണിതിട്ടുള്ള അടിത്തറമേൽ മനോഹരസൗധങ്ങാം നിർമ്മിച്ചു സുഖസമൃദ്ധിയിൽ കഴിയുന്ന നമുക്ക്, ആ അടിത്തറ പണിതവരെപ്പററിയോ, അതിന് അവർ സഹിക്കേണ്ടിവന്ന ക്ലേശങ്ങളെപ്പററിയോ, പലപ്പോഴും ഓർമ്മയുണ്ടാകാറില്ല. അങ്ങനെ ഇത്തലമുറയുടെ അനുസ്മൃതിയിൽ അണഞ്ഞുപോയ പ്രശസ്തവ്യക്തികളിൽ ഒരാളാണു തോപ്പിൽ ഇക്കോച്ചൻ എന്ന പേരിൽ വിഖ്യാതനായിരിക്കുന്ന വെളിയനാട്ട് തോപ്പിൽ കര്യൻ കരുവിള, ഇന്നത്തേപ്പോലെയുള്ള കലാശാലാ വിദ്യാഭ്യാസ സൗകര്യങ്ങളോ, നേതൃത്വത്തിനുള്ള കുറുക്കുവഴികളൊ യാതൊന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ഇക്കോച്ചൻ ജീവിച്ചിരുന്നതു്. എന്നിരുന്നാലും തനിക്കു സംലബ്ധമായിരുന്ന അസാധാരണ കഴിവുകളെല്ലാമുപയോഗിച്ച് സഹപൗരന്മാരുടെ സമുന്നമനത്തിനായി അദ്ദേഹം പരിശ്രമിച്ചു. തന്റെ കാലത്തെ സഭാസംബന്ധവും സാമുദായികവും വൈജ്ഞാനികവുമായ എല്ലാ പ്രസ്ഥാനങ്ങളിലും അദ്ദേഹത്തെ മുൻപന്തിയിൽ നമുക്കുകാണാം.

അക്കാലത്തു ജീവിച്ചിരുന്ന കേരളസുറിയാനിസമുദായത്തിലെ സമുന്നതനായ നേതാവായിരുന്നു അദ്ദേഹം. ആ നിലയിൽ ശത്രുക്കളുടെപോലും അകമഴിഞ്ഞ അഭിനന്ദനാദരവുകാം സമാർജ്ജിക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചിരുന്നുവെന്നു്, അദ്ദേഹത്തിന്റെ ഏററവും വലിയ പ്രതിപന്ഥിയായിരുന്ന പാലാക്കുന്നേൽ വല്യച്ചന്റെ സാക്ഷ്യത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. കേരളത്തിൽ മുദ്രാലയങ്ങളും അച്ചടിച്ച പുസ്തക

ങ്ങളും അതീവവിരളമായിരുന്ന ഒരു കാലത്താണു സമുദായാഭിമാനിയും ഭാഷാസ്നേഹിയുമായ ഇട്ടക്കോച്ചൻ ജീവിച്ചിരുന്നതു്. അദ്ദേഹത്തിൻെറ ബഹുമുഖങ്ങളായ പ്രവൎത്തനങ്ങളിൽ മുദ്രണാലയ സ്ഥാപനവും ഗ്രന്ഥപ്രസാധനവും അദ്വിതീയമായ ഒരു സ്ഥാനം വഹിക്കുന്നുണ്ടു്.

തോട്ടയ്ക്കാട്ടു് എന്ന സ്ഥലത്തെ പ്രസിദ്ധമായ ചോതിരക്കുന്നേൻ കുടുംബത്തിലെ കുര്യച്ചൻ എന്നയാളിൻെറ പുത്രനാണു സ്മൎയ്യപുരുഷനായ കുര്യൻ കുരുവിള അഥവാ ഇട്ടക്കോച്ചൻ അദ്ദേഹത്തിൻെറ അമ്മ നിരണത്തു് ഇലഞ്ഞിക്കൽ കുടുംബത്തിലെ അംഗവും പരേതനായ ഇലഞ്ഞിക്കൽ ഇ. ജെ ജോൺവക്കീൽ അവർകളുടെ പിതൃസഹോദരിയുമായ ചേച്ചമ്മയായിരുന്നു സീമന്തപുത്രനായ ഇട്ടക്കോച്ചൻ മാതൃഭവനമായ ഇലഞ്ഞിക്കൽവെച്ചു 1804—ൽ ഭൂജാതനായി. ഇട്ടക്കോച്ചനു് ഒന്നരവയസ്സു പ്രായമുള്ളപ്പോരം 1806—ൽ ചോതിരക്കുന്നേൽ കുര്യച്ചൻ വെളിയനാട്ടു തോപ്പിൽവീടു് വിലയ്ക്കു വാങ്ങുകയും കുടുംബസമേതം അങ്ങോട്ടു താമസംമാററുകയും ചെയ്തു. അങ്ങനെയാണു് ചോതിരക്കുന്നേൽ കുര്യൻെറ പുത്രൻ തോപ്പിൽ കുര്യൻ കുരുവിളയായതു്. പിൽക്കാലത്തു് കുരുവിള പുത്തൻപുരയ്ക്കൽ എന്ന വീടു വെച്ചു് അങ്ങോട്ടു താമസം മാററുകയാൽ പുത്തൻപുരയ്ക്കൽ കുര്യൻകുരുവിള എന്ന പേരിലും അദ്ദേഹം പ്രസിദ്ധനായി. ഈ കുരുവിളയുടെ അനുജനായിരുന്നു സുപ്രസിദ്ധനായ തോപ്പിൽ ശീവറുഗീസു കത്തനാർ. ആദ്യം ഒരു ഇടവകപ്പട്ടക്കാരനായിരുന്ന അദ്ദേഹം പിന്നീടു് കൊവേന്തയിൽ ചേരുകയും റോക്കോസ് ശീശ്മയുടെ കാലത്തു് ആ ശീശ്മയ്ക്കെതിരായി വീറോടെ പോരാടുകയും ചെയ്തു.

മാതൃവഴിക്കും പിതൃവഴിക്കും കേരളസുറിയാനിസമുദായത്തിലെ പ്രമുഖങ്ങളായ പല കുടുംബങ്ങളുമായി ഇക്കോച്ചനു ബന്ധമുണ്ടായിരുന്നു, ശ്രീ. ഐ. സി. ചാക്കോയുടെ കുടുംബമായ പുളിങ്കുന്നിലെ ഇല്ലിപ്പറമ്പ്, ഡോക്ടർ കെ. എം. ആൻറണിയുടെ വീടായ മഠത്തിലാക്കൽ, ചേന്നങ്കരി കുരുവിളയച്ചൻെറ വീടായ പട്ടപുരയ്ക്കൽ, ചമ്പക്കുളത്തു ഈനാസച്ചൻെറ വീടായ കണ്ടംകുളം, ഇവയെല്ലാം ചോതിരക്കുന്നേൽ കുടുംബത്തിൽനിന്നു പിരിഞ്ഞു് ഓരോകാലത്തു കുട്ടനാട്ടിൽവന്നുതാമസമുറപ്പിച്ച കുടുംബങ്ങളാണല്ലോ. ഇക്കോച്ചൻെറ പിതൃസഹോദരിയുടെ പുത്രനാണു സുപ്രസിദ്ധനായ വലിയ പ്രിയോർ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ, ഇക്കോച്ചൻെറ മാതാവു് ഇലഞ്ഞിക്കലെ ഒരു കന്യകയായിരുന്നെന്നു പറഞ്ഞുവല്ലോ. അവരുടെ ഇളയ സഹോദരിയെ എഴുപുന്ന പാറായിൽ ആണു് വിവാഹം ചെയ്തിരുന്നതു്. ആ വഴിക്കു പാറായിക്കാരുമായും അദ്ദേഹത്തിനു ബന്ധമുണ്ടു്. ഇലഞ്ഞിക്കലെ മറെറാരു കന്യകയുടെ–പീലിപ്പോസിൻെറ പുത്രി മറിയാമ്മയുടെ–പുത്രനാണല്ലോ പരേതനായ കെ. സി. മാമ്മൻമാപ്പിള. ആ വഴിക്കു കണ്ടത്തിൽ കുടുംബക്കാരുമായും അദ്ദേഹത്തിനു ചാർച്ചയും വേഴ്ചയുമുണ്ടായി.

തോപ്പിൽ കുര്യൻകുരുവിള 1824–ൽ പുളിങ്കുന്നു പള്ളിഇടവക കാഞ്ഞിക്കൽ ചാണ്ടപ്പിള്ള എന്നയാളിൻെറ മകൾ ഉണിച്ചാമ്മയെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ ഇക്കോച്ചനു മൂന്നു് ആൺമക്കളും ഒരു മകളും സന്താനങ്ങളായുണ്ടായി. ആൺമക്കളിൽ രണ്ടാമൻ ചാണ്ടപ്പിള്ള, പിതൃസഹോദരനെപ്പോലെ, കർമ്മലീത്താ സന്യാസ സഭയിലെ വിഖ്യാതനായ ഒരുവൈ-

ദികനായി. സീമന്തപുത്രൻ കര്യന്നം, തൃതീയപുത്രൻ ദോമിനിക്കോസും വിവാഹം ചെയ്തു കുടുംബത്തിൽ തന്നെ താമസമാക്കി. ഏകപുത്രി ചേച്ചമ്മയെ വിവാഹം ചെയ്തതു്, പാലക്കന്നേൽ മത്തായി മറിയം കത്തനാരുടെ—വല്യച്ചൻെറ—ജ്യേഷ്ഠൻനയിനാച്ചനായിരുന്നു. ഇവർ തങ്ങളിൽ ഇങ്ങനെയൊരു ബന്ധമുണ്ടായിരുന്നുവെങ്കിലും, തോപ്പിൽ ഇക്കോച്ചനും പാലക്കന്നേൽ വല്യച്ചനും ഭിന്നചേരികളുടെ നേതൃത്വം വഹിച്ചു് ഉഗ്രസമരം നടത്തുന്നതു നമുക്കുകാണാം. സമരത്തിൽ പരാജിതനായ വല്യച്ചനു് പ്രതിയോഗിയോടു് ഒടുങ്ങാത്ത അമർഷമുണ്ടായിരുന്നെങ്കിലും, അദ്ദേഹത്തിൻെറ യോഗ്യതകളെപ്പററി മതിപ്പുണ്ടായിരുന്നു.

19—ാം നൂററാണ്ടിൽ കേരള കത്തോലിക്കാസഭയ്ക്കു് അഭിമുഖീകരിക്കേണ്ടിവന്ന ഒരു ദുർഘടസന്ധിയായിരുന്ന റോക്കോസ്, മേലൂസ് എന്നീ ശീശ്മമെത്രാന്മാരുടെ ആഗമനം. സമുദായഗാത്രത്തിനു ബാധിച്ച ഒരു വലിയ പുഴുക്കുത്തായിരുന്നു ഈ ശീശ്മയെങ്കിലും ഇതിനെ സുധീരം നേരിടുന്നതിനും വിജയം വരിക്കുന്നതിനും കത്തോലിക്കാപക്ഷത്തിനു സാധിച്ചു. ശീശ്മയോടുള്ള ഈ സമരത്തിൽ കത്തോലിക്കാപക്ഷത്തു നേതൃത്വം വഹിച്ചവർ, വൈദികരിൽ ചാവറ കുറിയാക്കോസ് ഏലിയാസച്ചനും നിധിയിരിക്കൽ മാണിക്കത്തനാരുമായിരുന്നെങ്കിൽ അൽമേനികളിൽ പ്രമുഖൻ തോപ്പിൽ ഇക്കോച്ചനുമായിരുന്നു. റോക്കോസ്ശീശ്മയെപ്പററി പ്രതിപാദിക്കുകയിൽ പാലാക്കുന്നേൽ വല്യച്ചൻ തൻെറ ഡയറിയിൽ എഴുതുന്നു; —

''എന്നാൽ ഈ മെത്രാനെ (തോമ്മാറോക്കോസിനെ) കൊണ്ടു വരുന്നതിനു കൊടക്കച്ചിറ അന്തോനിക്ക

ത്തനാരച്ചൻ പോകുന്നതിനുമുമ്പു നിശ്ചയിച്ചപ്പോരം മലയാളത്തിലുള്ള എല്ലാവക്കും സമ്മതമായിരുന്നു. പക്ഷെങ്കിൽ ശുദ്ധമാന സിംഹാസനത്തിലെ അനുവാദത്തോടുകൂടിവന്നാൽ കൊള്ളാമെന്നത്രെ എല്ലാവരുടേയും അഭിപ്രായം. എന്നാൽ ഒരുത്തൻമാത്രം ഇതിനു കടക എതിരായിരുന്നു. പുളിങ്കുന്നുപള്ളി ഇടവകയിൽ തോപ്പിൽഇക്കോച്ചൻ എന്നയാരം മാത്രം അന്നും വിരോധിയായിരുന്നു. ഇതിനു് ഇയ്യാരം ഇതിൽനിന്നും വരുവാൻ പോകുന്ന ദൂഷ്യങ്ങരം ഒക്കെയും ഒരുനിവ്യസുഖം പോലെ പലരോടും പലപ്പോഴും പറയുകയും ചെയ്തതെന്ന്യെ കോടക്കച്ചിറ അച്ചനും അയാളും തമ്മിൽ ഈകാര്യംകൊണ്ടു എതിത്തു സംസാരിക്കുകയും അച്ചൻ മലയാളം മുടിക്കുമെന്നും മററും തീർച്ചയായിട്ടു മുറിച്ചു പറയുകയുംചെയ്തതും അല്ലാതെ അദ്ദേഹം ബാബേലിനുപോയപ്പോരം മുമ്പിനാൽ ഇവിടെ ബാബേൽക്കാർ ഭരിച്ചുവന്നിരുന്ന നാളുകളിൽ മലയാളത്തിലുണ്ടായ അഴിമതികരംകൊണ്ടു ഒരു പഴമ എഴുതിയുണ്ടാക്കുകയും, ആ അഭിപ്രായംതന്നെ വച്ചുകൊണ്ടു ഒരുസങ്കടം എഴുതിയുണ്ടാക്കി ആയതു റോമ്മായിക്കു അയച്ചുകൊടുക്കുന്നതിനു ശട്ടംകെട്ടുകയും ചെയ്തു. ഈ ആരം ഇത്രപ്രയാസപ്പെട്ടു എങ്കിലും അതിന്മേൽ അപ്പോരം മലയാളത്തിലുള്ള മല്പാന്മാരും മററു പട്ടക്കാരും താല്പര്യപ്പെട്ടില്ല. കടശിയിൽ മേൽപ്പറഞ്ഞ പ്രകാരമൊക്കെയും സംഭവിച്ചപ്പോരം ഈ ആളുടെ വചനത്തെ എല്ലാവരും സമ്മതിക്കുകയും ചെയ്തു.''

ബാബേലിൽനിന്നു് ഒരു മെത്രാനെ കൊണ്ടുവരുവാനുള്ള ശ്രമം കേരളസഭയ്ക്കു് ആപത്താണെന്നു് ഇക്കോച്ചൻ മുന്നറിയിപ്പു നൽകിയെന്നതുകൊണ്ടാണു് ഇക്കോ

ച്ചൻ ഒരു പ്രവചനംപോലെ (നിവ്യസുഖംപോലെ) പ
റഞ്ഞുവെന്നു വല്യച്ചൻ പറയുന്നതു്. ബാബേലിൽനി
ന്നുള്ള റോക്കസുമെത്രാന്റെ ആഗമനം കേരളസഭയിൽ
വലിയ കഴപ്പങ്ങരംക്കു കാരണമാക്കിയെന്നു് ചരിത്ര
ത്തിൽ നിന്നു നമുക്കറിയാം. ബാബേൽക്കാരുടെ ഭരണ
കാലത്തെ അഴിമതികളെപ്പററി ഇക്കോച്ചൻ എഴുതിയു
ണ്ടാക്കിയ ''പഴമ'' (ഗ്രന്ഥം) എന്തെന്നു നമുക്കറിഞ്ഞുകൂ
ടാ. അതിന്റെ പ്രതികരം ആരുടെയെങ്കിലും കൈവശ
മുണ്ടോയെന്നും നിശ്ചയമില്ല. അതുപോലെതന്നെ അ
ദ്ദേഹം റോമയിലേക്കയച്ച ഹർജിയുടെ പകർപ്പും ഇ
പ്പോരം നമ്മുടെ പക്കലില്ല.

മേലൂസ് ശീശ്മക്കെതിരായും ഇക്കോച്ചൻ വീ
റോടെ പോരാടി. പാലാക്കുന്നേൽ വല്യച്ചൻ മേലൂസ്
പക്ഷവാദിയും നാലുവർഷത്തോളം മേലൂസ് മെത്രാ
ന്റെ വികാരി ജനറളുമായിരുന്നു. ഈ നിലയിൽ വല്യ
ച്ചനു് തന്റെ പ്രതിദ്വന്ദ്വിയായ ഇക്കോച്ചനോടു തോ
ന്നാവുന്ന അമർഷവും വിരോധവും ഊഹ്യമാണല്ലോ,
മേലൂസ് ശീശ്മക്കെതിരായുള്ള ഇക്കോച്ചന്റെ നില
പാടിനെ വല്യച്ചൻ തന്റെ ഡയറിയിൽ രേഖപ്പെടു
ത്തിയിരിക്കുന്നതു് ഇങ്ങനെയാണു്.

''1878 ചിങ്ങം 13-ാംതീയതി ചൊവ്വാഴ്ചക്കു
53-ാമാണ്ടുകർക്കടകം 3-ാംതീയതിവെളിയനാട്ടു പുത്തൻ
പുരക്കൽകുര്യൻ കുരുവിളയെന്നു പറയുന്നതോപ്പിൽ ഇ
ക്കോച്ചൻമരിച്ചു. ഒരുഭക്തിയുള്ളനല്ലമരണമായിരുന്നു ഈ
മനുഷ്യൻഎ. പെ. പെ. ബ. യോഹന്നാൻമാർഏലിയാ
മിലൂസുമെത്രാപ്പോലീത്തായുടെ ഒരു വലിയ ശത്രുവുംവാ
രാപ്പുഴ മെത്രാപ്പോലീത്തായുടെ ഒരു സമമെത്രാനെപ്പോ
ലെ സുറിയാനി സഭയെ ഉപദ്രവിക്കയാൽ, ഒരുമേല്പട്ടു

ക്കാരനെപ്പോലെ വരാപ്പുഴക്കാർ ബഹുമാനിച്ചും ആശ്രയിച്ചും ഇരുന്നു. മലയാളത്തുള്ള ക്രിസ്ത്യാനി സഭ എല്ലാ പ്രകാരത്തിലും നന്നാക്കുവാൻ വേണ്ടി പരമാത്ഥത്തോടുകൂടി അയാഠം നല്ലവണ്ണം ബുദ്ധിമുട്ടിയ ആഠം ആകുന്നു. ഒരു പ്രകാരം പറയുമ്പോഠം ചാവറ കുരിയാക്കോസ് മല്പാനച്ചനെപ്പോലെയും പള്ളിപുറത്തുതോമാമൽപാനച്ചനെപ്പോലെയും പേത്രുക്കര വല്യമൽപാനച്ചനെപ്പോലെയും സത്യസഭയുടെ ഗുണത്തിനുവേണ്ടി അയാളെ കഴിയുന്നതും കഴിയാത്തതുമായ പല വേലകളിലും അയാഠം പ്രയാസപ്പെട്ടു, കടശിയിൽ, അയാളുടെ വയസ്സിൻെറ ക്ഷീണിക്കപ്പെട്ടകാലത്തിൽ, ഇത്താല്യൻകാർ മിഷ്യനറിമാർ സുറിയാനി മെത്രാപ്പോലിത്തായെക്കുറിച്ച (മേലൂസുമെത്രാനെകുറിച്ച) വിരോധമായി അയാളെ മനസ്സിലാക്കിയതിനാൽ അതിനെ വിരോധിപ്പാനും ഇല്ലാതെയാക്കുവാനും കഴിയുന്ന അപേക്ഷകളും വശമുണ്ടെങ്കിൽ മാർ ഏലിയാ മെത്രാപ്പോലീത്തായെ കൊന്നുകളയുവാനും കൂടെ അയാഠം തയാറായിരുന്നു.''

മേലൂസ് മെത്രാൻെറ വികാരിജനറളാണ് ഇതു് പറയുന്നതെന്ന വസ്തുത നാം വിസ്മരിക്കരുതു്. മേലൂസ് ശീശ്മയെ എതിക്കുവാനും അതിനെ ഇവിടെനിന്നു തുരത്തുവാനും ഇക്കോച്ചൻ പരമാവധി യത്നിച്ചതിലുള്ള മനപ്രയാസമായിരിക്കാംവല്യച്ചനുള്ളതു്. എന്നിരുന്നാലും ''മലയാളത്തിലെ ക്രിസ്ത്യാനിസഭയെ എല്ലാ പ്രകാരത്തിലും നന്നാക്കുവാൻ പരമാത്ഥത്തോടുകൂടി നല്ലവണ്ണം ബുദ്ധിമുട്ടി''യെന്നും അദ്ദേഹത്തിൻെറമരണം ''ഒരു ഭക്തിയുള്ള നല്ലമരണ''മായിരുന്നുവെന്നുമുള്ള വല്യച്ചൻെറസാക്ഷ്യം വിലയേറിയതുതന്നെയാണു് ഇക്കോച്ചനോടുള്ള അതൃപ്തിയും വെറുപ്പും വല്യച്ചൻ

തന്റെ ഡയറിയിൽ വേറൊരുഭാഗത്തു് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

"മീലൂസുമെത്രാപ്പോലീത്തായുടെയും പാത്രിയക്കീസിന്റെയും ബദ്ധവൈരിയും വരാപ്പുഴക്കാരുടെ ദുർപരിപാലയനയെ പാലിക്കുന്നവനും ആയരുന്ന തോപ്പിൽ കുര്യൻ കുരുവിളക്കു്, കുര്യൻ എന്ന ഒരു മകനിൽനിന്നു യൗസേപ്പ് എന്ന പതിനാറുവയസ്സുള്ള ഒരു മകൻ ഉണ്ടായിരുന്നു. മൂപ്പീന്നു കൂടെ കൊണ്ടുനടന്നു പാത്രിയക്കീസിനെയും മില്ലൂസുമെത്രാപ്പോലീത്തായുടെ സകലനടപടികളെയും ദുഷിപ്പാനും നല്ലവണ്ണം പഠിപ്പിച്ചു അഭ്യസിപ്പിച്ചിരുന്നു. കാലം കഴിഞ്ഞാലും ഈ വൈരാഗ്യം വിടാതെ തറവാട്ടിൽ രക്ഷിച്ചുകൊണ്ടു പോകുവാൻ ഇവനെ നന്നായി അഭ്യസിപ്പിച്ചിരുന്നു. ഇംഗ്ലീഷും, തമിഴും, സംസ്കൃതവും മലയാളവും പഠിപ്പിച്ചു സമർത്ഥനായും ഇരുന്നു. ഇവന്റെ വാതുറന്നു ദുർവാക്കുകൾ മുത്തപ്പനെപ്പോലെ തുടങ്ങി. 1878 വൃശ്ചികത്തിൽ മുത്തപ്പൻ മരിച്ചു. ഏറെ താമസിയാതെ ഇയാളും മരിച്ചു. ആ ഭവനത്തിൽ ആൺകുട്ടിയില്ലാതെ ദത്തുവച്ചു.

"കാലം കഴിഞ്ഞാലും 'വൈരാഗ്യം' വച്ചുപുലർത്തുന്നതു വല്യച്ചനല്ലേയെന്നു നമുക്കുതോന്നിയേക്കാം. മേലൂസുമെത്രാന്റെ വികാരിജനറാളും ആ നിലയിൽ മേലൂസുശീശ്മയിൽപെട്ട പള്ളികളിൽ വസീത്ത നടത്തിയും അധികാരം പ്രയോഗിച്ചും പ്രതാപവാനായി കഴിഞ്ഞിരുന്നയാളുമായ പാലക്കുന്നേൽ വല്യച്ചനു്, തന്റെ അധികാരത്തെ ചോദ്യം ചെയ്യുന്ന ആരോടും അപ്രിയം തോന്നുന്നതിൽ അത്ഭുതപ്പെടുവാനില്ല. വല്യച്ചന്റെ അഭിപ്രായം എന്തുതന്നെയായിരുന്നാലും ഇംഗ്ലീഷും, തമിഴും സംസ്കൃതവും മലയാളവും പഠിച്ചു സമർത്ഥനായ് ' ആ ചെറുപ്പക്കാരന്റെ അകാലനിര്യാണം ഒരു തീരാനഷ്ടം തന്നെയായിരുന്നു.

മേല്പൂസ് ശീശ്മയിൽ പെട്ടന്നതിന്ന മുൻപു വല്യച്ചനും ഇക്കോച്ചനും തമ്മിൽ സൗഹാർദ്ദമായിരുന്നു വെന്നു വേണം അനുമാനിക്കാൻ. എന്തെന്നാൽ അവർ ഇരുവരും യാക്കോബായക്കാരുടെ പുനരൈക്യത്തിനു വേണ്ടി ഏകമനസ്സോടെ യത്നിച്ചിരുന്നതായി കാണുന്നു ഇക്കോച്ചന്റെ അമ്മവീട് നിരണത്ത് ഇലഞ്ഞിക്കലേതാണെന്നു പറഞ്ഞുവല്ലൊ. പാലാക്കുന്നേൽ വല്യച്ചന്റെ അമ്മവീട്ടുനിരണത്തു പള്ളിക്കടവിലാണ്. ഇവർ രണ്ടു പേരും യാക്കോബായക്കാരായ തങ്ങളുടെ അമ്മവീട്ടുകാരെ വീണ്ടും കത്തോലിക്കാ സഭയിലേക്കു കൊണ്ടുവരുന്നതിന്നു വളരെ പരിശ്രമിക്കുകയുണ്ടായി. 1874 വൃശ്ചികം 15–ാംതീയതി വല്യച്ചൻ രണ്ടാമത്തും നിരണത്തു പ്രസംഗത്തിനുപോയ അവസരത്തിൽ ഇക്കോച്ചൻ വല്യച്ചന് ഇങ്ങനെയൊരു എഴുത്തയച്ചതായി ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു,

''കല്പനപ്രകാരം അച്ചൻപോയിരിക്കുന്ന വിവരവും മററും ഞാൻ കേട്ടു. പുത്തുപ്പള്ളിയിലും മററും ചിലങ്ങളുക്കമുണ്ട്. എനിക്കു വയസ്സും ക്ഷീണവും എങ്കിലും വന്നാൽ ഫലമുണ്ടാകുമെങ്കിൽ എഴുതികൊടുത്തയപ്പാറാകണം. അല്ലെങ്കില്ല, വത്തമാനം അറിയിക്കണം. നോക്കുമ്പോൾ ഇതു ഒരു ദൈവവിളിപോലെ തോന്നുന്നു പ്രത്യേക ദൈവസഹായവും മാതാവിന്റെ അപേക്ഷയും ആവശ്യമാകയാൽ കുറസ്സുകയും അരുത് ഈ എഴുത്തുഇന്ന കാര്യത്തെക്കുറിച്ചു മാതാവിനുസ്തുതിയായിട്ടും ഈഭക്തികരണത്താൽചിതറിയ കൂട്ടംഒന്നിപ്പാനുംഇടവരുമെന്നു് ആഗ്രഹിച്ചും എഴുതിയതാക കൊണ്ടുപറഞ്ഞിരിക്കുന്നതു് ഒന്നായിട്ട്അറിയുന്നതുകൊള്ളാംഞാൻ വരണമെങ്കിൽമാത്രമേവേണ്ടി. പക്ഷേഗുണത്തിനുപകരംദോഷമായിട്ടുതീന്നുക്കമോ എന്നു സംശയിക്കുന്നു. വരുന്നതിനു ആഗ്രഹ-

മുണ്ടു്. ആരെയും വിടവിപ്പിക്കുകയില്ലെന്നുള്ളഉറപ്പുവേണം. തമ്പുരാൻ സഹായിക്കട്ടെ. നമ്മുടെ അവുസേപ്പുപുണ്യപിതാവും ഇതിനുസഹായിപ്പാൻമുട്ടിപ്പാലെ അപേക്ഷിപ്പാറാകണം. ഇപ്രകാരം ബ. പിതാവു പാലാക്കുന്നേൽ അച്ചൻ ബോധിപ്പാൻ തോപ്പിൽ ഇട്ടിക്കുരുവിള

ഈ എഴുത്തോടുകൂടി രാജകന്നി എന്ന പുസ്തകത്തിൽ മൽപാന്മാരു പറഞ്ഞിരിക്കുന്ന സാക്ഷികളിൽ ചിലതുകരം എഴുതി കൊടുത്തയക്കുകയും ചെയ്തു ' എന്നുവല്യച്ചൻ തുടന്നു രഖപ്പെടുത്തിയിട്ടുണ്ടു്. പുറമൈക്യകാര്യത്തിലെന്നതുപോലെ വേദപ്രചാരവിഷയത്തിലും ഇക്കോച്ചൻ അതീവതൽപരനായിരുന്നുവെന്നു വല്യച്ചൻെറ മറെറാരു ഡയറിക്കുറിപ്പു സാക്ഷികരിക്കുന്നു. ''1860 ഇടവമാസത്തിൽ പുളിങ്കുന്നു പള്ളി ഇടവകയിൽ വേണാട്ടുകാട്ടിൽ കപ്പേളകെട്ടിപുലയരെപഠിപ്പിപ്പാൻ തുടങ്ങി പുളിങ്കുന്നിൽ മുമ്പിനാൽ തോപ്പിലച്ചൻ ഉൽസാഹിച്ചിരുന്നു. എന്നാൽ തുടങ്ങിയതു തയ്യിൽ യൗസേപ്പു കത്തനാരച്ചനും അരേച്ചെരിൽകുരുവിളകത്തനാരച്ചനും അറമേനിമാർ തോപ്പിൽ ഇക്കോച്ചനും കട്ടപാടത്തിൽ കുര്യനും ചെറേൽ കൊച്ചുമാത്തനുമായിരുന്നു. ശേഷം ജനങ്ങളിൽനിന്നു 1500 പറ നെല്ലുപറയും ഈ കാര്യത്തിനു പിരിച്ചെടുത്തു 1865—ൽഇപർവെളിയനാട്ടു പുതുകൃസ്ത്യാനികരംക്കുകപ്പേള പണിതു.

വലിയപ്രിയോർചാവറകുര്യാക്കോസ് ഏലിയാച്ചനും തോപ്പിൽകുര്യൻകുരുവിളയും ഒന്നാം തലമുറസഹോദരന്മാരായിരുന്നെന്നു പറഞ്ഞുവല്ലോ. ഇവർരണ്ടു പേരും വിദ്യാസമ്പന്നരും ഭാഷാഭിമാനികളുമായിരുന്നു കത്തോലിക്കർക്കു് ഉപയോഗിക്കുന്നതിനുപററിയസൽ ഗ്രന്ഥങ്ങളുടെ അഭാവം അവരെവളരെക്ലേശിപ്പിച്ചിരുന്നു. പുസ്തകങ്ങരം അച്ചടിക്കണമെങ്കിൽ അതിനു് മുദ്രാലയം ആവ

ശ്യമാണല്ലോ. അന്നുകേരളത്തിൽ കോട്ടയത്തു സി.എം എസ് കാരുടെ വക അച്ചുകൂടം മാത്രമേ ഉണ്ടായിരുന്നുള്ളു. കത്തോലിക്കരുടെ ബദ്ധശത്രുക്കളും പ്രോട്ടസ്റ്റന്റു മതം കേരളത്തിൽ പ്രചരിപ്പിക്കുന്നതിൽ നിഷ്ണാതരുമായിരുന്നു, സി എം. എസ്കാർ. ആരെങ്കിലും പ്രത്യേകിച്ചുകത്തോലിക്കർ സി. എം. എസ്പ്രസിൽകയറി അതിന്റെ നടത്തിപ്പുകണ്ടു മനസ്സിലാക്കുന്നതിനും അതിന്റെ നടത്തിപ്പുകാരായ മിഷ്യനറിമാർ അനുവദിച്ചിരുന്നില്ല. യൂറോപ്പിൽനിന്നു ഒരു പ്രസ് വരുത്തുന്നതിനുള്ള സൗകര്യങ്ങളോ പരിചയമോ അവർക്കുണ്ടായിരുന്നുമില്ല.

പക്ഷെ ഇതുകൊണ്ടു പിന്മാറുന്നവരായിരുന്നില്ലആ പ്രഗൽഭമതികൾ. തന്റെ അമ്മവീട്ടുകാരായ ഇലഞ്ഞിക്കൽക്കാരുടെയും ചാർച്ചക്കാരായ കണ്ടത്തിൽക്കാരുടെയും സഹായത്താൽ, സി. എം എസ് പ്രസിൽ ജോലിചെയ്തിരുന്ന ഒരു പാണ്ടിത്തട്ടാനെ തിരുവല്ലായിൽ വരുത്തുന്നതിന് ഇക്കോച്ചന്സാധിച്ചു തിരുവല്ലായിൽനിന്ന് ഈതട്ടാനെ ഇക്കോച്ചൻ തന്റെ ഭവനത്തിൽ കൊണ്ടുപോയി രഹസ്യമായി താമസിപ്പിച്ചു. അവിടെ വീടിന്റെ നിലവറയിൽ ഇരുത്തി ഈ തട്ടാനെക്കൊണ്ട് ആദ്യം വാഴപ്പിണ്ടിയിൽ ഒരു അച്ചും ഫ്രെയിമും ഉണ്ടാക്കിച്ചു. ആ മാതൃകനോക്കി പിന്നീടു തടികൊണ്ട്ഒരു പ്രസുണ്ടാക്കി. പ്രസ്സിന്ആവശ്യമായ അച്ചും മററും ഈ തട്ടാൻ തന്നെ കൊത്തിയുണ്ടാക്കി. അനന്തരം ഇവയെല്ലാം മാന്നാനത്തുകൊണ്ടുചെന്നു കുറിയാക്കോസച്ചനെ കാണിച്ചു. കുറിയാക്കോസച്ചൻ ഈപാണ്ടിത്തട്ടാന്റെ സഹായത്തോടുകൂടി മാന്നാനത്തെ സെന്റു ജോസഫ് പ്രസിന് ആരംഭമിട്ടു. ആ പാണ്ടിത്തട്ടാൻ കുറച്ചു നാൾ കഴിഞ്ഞപ്പോൾ ഒരു ക്രിസ്ത്യാനിയായി

യൗസേപ്പ് എന്നപേർ സ്വീകരിച്ചു. ഇയാൾ ജീവിതശിഷ്ടം കൊവേന്തയിൽ തന്നെ കഴിച്ചുകൂട്ടുകയും അവിടെക്കിടന്നുമരിക്കുകയും ചെയ്തു.

ഏറെതാമസിയാതെ ഇക്കോച്ചൻ തൻെറ ഭവനമായ അത്തിക്കളത്തിൽ (പുത്തൻപുരയ്ക്കൽ) ഇതേമാതിരിഒരുപ്രസ്സ് സ്ഥാപിച്ചു. തമിഴിൽനിന്നും താൻതന്നെ തർജ്ജിമ ചെയ്തമാർയൗസേപ്പു പിതാവിൻെറയുംദൈവമാതാവിൻേറയും വണക്കമാസ പുസ്തകങ്ങളാണ് ഈ പ്രസിൽ അദ്ദേഹംആദ്യം അടിപ്പിച്ചതു്. മാർയൗസേപ്പു പിതാവിനേയും ദൈവമാതാവിനേയും പററി ഇക്കോച്ചൻതന്നെ രചിച്ച ഏതാനും ഗാനങ്ങളും ഈ പ്രസിൽ അച്ചടിച്ചിരുന്നതായി കാണുന്നു. 1866–ാമാണ്ടു ''ജ്ഞാനപീയൂഷസംഗ്രഹം'' എന്നൊരു ഗ്രന്ഥം അച്ചടിച്ചതായി നമുക്കറിയാം. അതിൻെറആദ്യപേജിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. പല ജപപുസ്തകങ്ങളിൽ നിന്നും എടുത്തു ക്രിസ്ത്യാനികൾക്കു ആത്മോപകാരത്തിനാവശ്യമായിരിക്കുന്ന ഈ പുസ്തകം വരാപ്പുഴ എഴുന്നള്ളിയിരിക്കും മലയാളത്തിൻെറ വികാരി അപ്പോസ്തോലീക്ക ആയ ഏ. പെ. ബഹു. പ്രെ വെണ്ണദിനോസുദെസന്ത ത്രേസ്യാ എന്ന മെത്രാപ്പോലീത്ത അവർകളുടെഅനുവാദത്താൽ 1866–ാംവർഷംപുത്തൻ പുരയ്ക്കൽകുര്യൻകുരുവിള മാർയൗസേപ്പുപുണ്യവാളൻെറനാമത്തിൽസ്ഥാപിച്ചിരിക്കുന്ന അച്ചുകൂടത്തിൽ അടിക്കപ്പെട്ടതു്.''

അക്കാലത്തു മാന്നാനത്തു അച്ചടിച്ചിരുന്ന മിക്കപുസ്തകങ്ങളും ഈ മുദ്രാലയത്തിൽ പുനർ മുദ്രണംചെയ്തിരുന്നതായികാണുന്നു. പുസ്തകങ്ങൾ അച്ചടിക്കുകയും അതുകൊണ്ടുനടന്നു പ്രചരിപ്പിക്കുകയും ചെയ്യുന്നതു ഒരു കത്തോലിക്കാ പ്രവൎത്തനമായിട്ടാണ് അദ്ദേഹം കരുതിയിരുന്നതു്. വരാപ്പുഴക്കാർ ഏതെങ്കിലും പുസ്തകം മല

യാളത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പ് അതിലെ തെറ്റുകരം തിരുത്തുന്നതിനു തോപ്പിൽ ഇക്കോച്ചനു കൊടുത്തയച്ചിരുന്നു. വരാപ്പുഴ മെത്രാപ്പോലീത്താ മാർ ബർണ്ണർദിനോസു തിരുമേനിയും, ജരാർദ്ദ മൂപ്പച്ചൻ മുതലായവരും പലപ്പോഴും ഇക്കോച്ചൻെറ അത്തിക്കളത്തിൽ ഭവനത്തിൽ വന്നുതാമസിക്കുകയും, അവിടത്തെ കരിമീൻ വറുത്തതും ഉപ്പുമാങ്ങായുംകൂട്ടി മൃഷ്ടാന്നഭോജനം കഴിക്കുകയും ചെയ്തതായി ഇക്കോച്ചൻെറ അന്തരഗാമികരം ഇന്നും അഭിമാനിക്കുന്നു.

ഇന്നു കേരളത്തിലെ മുദ്രാലയങ്ങളിലൊന്നായ മാന്നാനത്തെ സെൻറ് ജോസഫ്സ് പ്രസ്സാകുന്നമഹാവൃക്ഷത്തിൻെറ വിത്തുപാകിയതു് തോപ്പിൽ കര്യൻകുരുവിളയുടെ അത്തിക്കളത്തിൽ ഭവനമാണെന്നുള്ള വസ്തുത പലർക്കും ഒരു പുത്തരിയായിരിക്കാം. അവിടെ മുളച്ചുവളർന്ന തൈ, അദ്ദേഹത്തിൻെറ പിതൃസഹോദരീപുത്രനായ ചാവറ കര്യാക്കോസ് ഏലിയാസച്ചൻ മാന്നാനംകുന്നിൻപുറത്തു് പറിച്ചുനട്ടു വളംചെയ്തുവളർത്തി. അദ്ദേഹത്തിൻെറ കാലശേഷം, അദ്ദേഹത്തിൻെറ ശിഷ്യന്മാരുടെ പരിചരണത്തിൽ ഇന്നിതാ ഒരു വൻവൃക്ഷമായി തീർന്നിരിക്കുന്നു. പക്ഷെ അത്തിക്കളത്തിൽ ഭവനത്തിൽ മുളച്ചുവളൎന്ന രണ്ടാമത്തെ തൈ ഇക്കോച്ചൻെറ ജീവിതകാലത്തു വളൎന്നുകൊണ്ടിരുന്നുവെങ്കിലും, നിര്യാണശേഷം വാടിത്തളൎന്നു കേടുഭവിച്ചു നശിച്ചുപോയി. അത്തിക്കളത്തിൽ ഭവനത്തിൻെറ അവകാശിയായ കര്യൻെറ ഏകപുത്രൻ കൌമാരത്തിൽതന്നെ മരിക്കുകയും, സ്ത്രീകരംമാത്രം കുടുംബ

ത്തിൽ അവശേഷിക്കുകയും ചെയ്ത പരിതസ്ഥിതിയിൽ പ്രസ്തുകാര്യങ്ങരം അന്വേഷിക്കുവാൻ ആളില്ലാതെ വന്നതായിരിക്കാം ഇതിനുകാരണം.

ഇങ്ങനെ കാലത്തിൻെറ മണൽത്തട്ടിൽ മായാത്ത കാൽപാടുകരം പതിച്ച തോപ്പിൽ കുര്യൻ കുരുവിള (ഇക്കോച്ചൻ) 1878 ആഗസ്റ്റ് 14-ാംതീയതി ചൊവ്വാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു.

# തകടിയേൽ മാത്തൻ ഇട്ടിയവിരാ

## (1815—1879)

''സാമാന്യം നല്ല വാസനയുള്ള ഒരു കവിയായിരുന്ന ഇട്ടിയവിരാ. അദ്ദേഹം ബൈബിളിലെകഥകറം മാത്രമേ പ്രതിപാദനത്തിനതിരഞ്ഞെടുത്തിരുന്നുള്ളു.'' എന്നിങ്ങനെ മഹാകവി ഉള്ളൂർ അദ്ദേഹത്തിൻെറ ''കേരളസാഹിത്യചരിത്ര''ത്തിൽ (വാല്യം IV പുറം 254) അനുസ്മരിച്ചിരിക്കുന്ന തകടിയേൽമാത്തൻ ഇട്ടിയവിരാ, പത്തൊൻപതാം നൂററാണ്ടിൽ കേരളീയ കത്തോലിക്കരുടെ ഇടയിൽ ജീവിച്ചിരുന്ന അനുഗൃഹീതനായ ഒരു കവിപുംഗവനായിരുന്നു. കോട്ടയം പട്ടണത്തിൽ പഴയസെമ്മനാരിക്കടുത്തു് മീനച്ചിലാറിൻെറ തെക്കേതീരത്തു സ്ഥിതിചെയ്തിരുന്ന കുലീനകുടുംബങ്ങളിൽ ഒന്നായിരുന്നു ''തകടിയേൽ.'' അക്കാലത്തു വിദ്യാഭ്യാസത്തിലും സാമ്പത്തിക വിഷയത്തിലും രാഷ്ട്രീയസേവനത്തിലും പ്രശസ്തമായ ചരിത്രം സൃഷ്ടിക്കുന്നതിനു് ആ കുടുംബത്തിനു കഴിഞ്ഞിട്ടുണ്ടു്, 135 കൊല്ലങ്ങറക്കു മുൻപു് കൊച്ചി അപ്പിൽകോടതിയിൽ ജഡ്ജിയായിരുന്ന പുത്തൻപുരയ്ക്കൽ തൊമ്മൻ ആ കുടുംബത്തിലെ വീരസന്താനങ്ങളിൽ ഒരാളായിരുന്നു.

മലയാളത്തിലും സംസ്കൃതത്തിലും മാത്രമല്ല സുറിയാനിഭാഷയിലും അത്ഭുതാവഹമായ പാണ്ഡിത്യമുണ്ടാ-

---

മലബാർമെയിൽ, 1958 ഏപ്രിൽ 27.

യിരുന്ന തൊമ്മൻ ജഡ്ജിയുടെ സഹോദരൻ മാത്ത ൻെറ ഏകപുത്രനായിരുന്നു ഇട്ടിയവിരാ. 1815 മെയ് 15–ാംതീയതിയായിരുന്നു അദ്ദേഹത്തിൻെറ ജനനം. പിതൃസഹോദരനായ തൊമ്മൻെറ അടുക്കൽ നിന്നുത ന്നെയാണ് ഇട്ടിയവിരാ സംസ്കൃതത്തിൽ ഉപരിജ്ഞാ നം നേടിയതു്. സുറിയാനിഭാഷയും കുറേയൊക്കെ വ ശമാക്കിയിരുന്നു. രാജാക്കന്മാരുടെയോ ഇടപ്രഭുക്കന്മാ രുടെയോ സേവക്കുവേണ്ടിയോ, പാഠ്യപുസ്തകക്കമ്മററി യെ ലക്ഷ്യംവച്ചോ അല്ല, സ്വന്തം ആത്മസംതൃപ്തിക്കു വേണ്ടി മാത്രമാണ് അദ്ദേഹം കവിതാവ്യവസായ ത്തിൽ വ്യാപൃതനായതു്. സ്വസമുദായാംഗങ്ങൾക്കു ഗാനാലാപം ചെയ്യുന്നതിനു് ഉപകരിക്കണമെന്നുള്ള ലക്ഷ്യവും അദ്ദേഹത്തിനുണ്ടായിരുന്നതിനാൽ പ്രധാന മായും ബൈബലികകഥകളാണ് അദ്ദേഹം കവിത യ്ക്കു വിഷയങ്ങളായി തിരഞ്ഞെടുത്തതു്. അതുകൊണ്ടു മററു വിഷയങ്ങളെപ്പററി അദ്ദേഹം കവിതകൾ രചി ച്ചിട്ടില്ലെന്നു ധരിക്കരുതു്. മീനച്ചിൽ ആററിനെ വർ ണ്ണിച്ചുകൊണ്ടുള്ള കവിത ഇതിനുദാഹരണമാണ്.

ഇട്ടിയവിരായുടെ കൃതികളിൽ ഏതാനും സമാഹ രിച്ച് ''ജ്ഞാനകീർത്തനങ്ങൾ'' എന്നപേരിൽ അദ്ദേ ഹത്തിൻെറ പുത്രൻ മാത്തൻ 1890–ൽ പ്രസിദ്ധീകരി ക്കുകയുണ്ടായി. 'തകടിയേൽ മാത്തൻ ഇട്ടിയവിരാ അവർകളാൽ 1840 മുതൽ പല സന്ദർഭങ്ങളിലായി ര ചിക്കപ്പെട്ട അനേകം പദ്യങ്ങളിൽവച്ച് അനുതാപമ സുമൂറാകരം, വിസ്മയസ്വയംവരം, ഓടന്നൃത്തം, പാ സവൃത്തം, ഉദയകീർത്തനം, ഇത്രയും മാത്രമേ ജ്ഞാന കീർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളു. മറിയനിവീ സായുടെ സ്തുതിപ്പ്, പുന്നത്തുറപള്ളിയുടെപാട്ട്, കൈ പ്പുഴപള്ളിയുടെപാട്ട്, പിറവത്തു പുത്തൻപള്ളിയുടെ പാട്ട്, കോട്ടയത്തു ഇടയ്ക്കാട്ടുപള്ളിയുടെപാട്ട്, കോട്ടയ

ത്തു ഇടയ്ക്കാട്ടുപള്ളിയുടെ ചിന്തു്, കണ്ണങ്കരപ്പള്ളിയുടെ ചിന്തു് എന്നിവ ''പുരാതനപാട്ടുകരം'' എന്നകവിതാശേഖരത്തിൽ ഉരംപ്പെടുത്തി പ്രസിദ്ധീകൃതമായിരിക്കുന്നു. അപ്രകാശിതങ്ങളായ വേറെയും കൃതികളുണ്ടു്.

## വിസ്മയസംയംവരം

574 ഈരടികളുള്ള സാമാന്യം ദീർഘമായ ഒരു കൃതിയാണിതു്. ''പരിശുദ്ധ ദൈവജനനിയുടെ വിഹാരവാസം, പുണ്യസാംഗോപാംഗം, വിവാഹം; ദൈവദൂതൻെറ മംഗലവാത്ത, ശുദ്ധഏലീശാ ഉമ്മായെ സന്ദർശിപ്പാനുള്ള യാത്രയിൽ പാന്ഥസല്ലാപാശ്രുതമായ ശമുയേലിൻെറയും ശിംശോൻെറയും സംക്ഷേപചരിത്രം, നിവേ്യാപദേശങ്ങരം, കത്താവിൻെറ അവതാരം ശുദ്ധകന്യാസ്ത്രീയുടേയും ശുദ്ധ മാർ യൗസേപ്പിൻെറയും ഇടയന്മാരുടേയും സ്തോത്രങ്ങരം, ബ്ക്ലുശേന്മാരുടെ ഗംഭീര വരവു്, വന്ദന, ഇത്യാദികരം'' തുള്ളൽപ്പാട്ടുരീതിയിൽ വർണ്ണിച്ചിരിക്കുന്നതാണു് ഈ കൃതി. ഇതിലെ ഇഷ്ടദേവതാ വന്ദനം ഇങ്ങനെയാണു്.

കർമ്മെലഗിരിയുടെമുകളിൽകണ്ടൊരു
കാർമേഘത്തിലുദിച്ചസ്വരൂപ
കർമ്മെലമാതാവാകിയനിന്തിരു—
നിർമ്മലഭൃത്താവിളകൊണ്ടിങ്ങു

തിരുമാന്നാനംദയറാപാലൻ
മാർയൗസേപ്പിനെ വന്ദനചെയ്യേൻ
ദയറാവാസികരം ഗുരുജനമെല്ലാം
ദയകൊണ്ടു ശർവദിക്കണമെന്നെ....
ഇണ്ടൽഭവിച്ചതുസാത്താൻമൂലം
മിണ്ടാതങ്ങുവസിച്ചൊരുനരനു

ജിഹ്വകൊടുത്തുരചെയ്യിച്ചവനെ
ബഹുകൃപയാൽത്തുണചെയ്യണമീശോ
ബിലയാംതന്നുടെഗർദ്ദഭിയെത്താൻ
ബലമൊടുസംസാരിപ്പിച്ചവനെ
ഭാഷിതമവരുവിരോധംചെയ്താൽ
പാഷാണങ്ങരംപാടുമതെന്നും
കല്പിച്ചരുളിയതിരുവടിയെന്നുടെ
കില്ബിഷമൊക്കെയകററീടണമേ.

ഗർഭിണിയായ മറിയത്തെ സ്വീകരിക്കുവാൻ യൗസേപ്പിനു സ്വപ്നത്തിൽ ദർശനമുണ്ടായ അവസ്ഥയെ കവി വർണ്ണിക്കുന്നതു നോക്കുക.

''അമരാപുരിയുടെനാഥനുമാതാ
അംബരമാർഗ്ഗേപ്രാപിച്ചവിടെ
നിർമ്മലവസ്ത്രംവിദ്യുദ്ധവളം
സോമൻ പാദേസൂര്യനിചോളം
ആറിണ്ണതാരംശീർഷേചൂടി
ച്ചാരാധനകരംകണ്ടുമുനീന്ദ്രൻ
നവഗണമതിൽനിന്നോരോശതവും
നവമതിൽനിന്നങ്ങൊരുപത്തുമൊന്നും
ഏകസഹസ്രമരൂപികളവിടെ
ദേഹമെടുത്തുസ്തുതിച്ചീടുന്നു
അത്ഭുതരാഗംപാടിക്കൊണ്ടവർ
പുഷ്പംവർഷിച്ചടിമലർതൊഴുതു
പരിമളമധുവിൻവൃഷ്ടികരംകണ്ടു
പരിചോടേതിന്നുടെകുമിളകരംകണ്ടു
സർപ്പശിരസ്സുതകർത്തൊരുപാദേ
പുഷ്പപല്ലവകമാലകരംകണ്ടു
പെണ്മേളധ്വനികാകളിമന്ദ്രം

അമരഗണങ്ങരംകരത്താൽകേട്ട
മിത്രൻകാന്തിയമർത്തീടുന്നൊരു
വസ്ത്രാഭരണധ്വനികരംഃകട്ട
ത്രിജഗന്നായകി തന്നെ സ്തോത്രം
ത്രിദിവേശന്മാർ പാട്ടുകരംകേട്ട
അണിനിരയൊത്തവർവാഴ്ത്തുംനേരം
മണികൈത്താളധ്വനികരംകേട്ട ''

## സ്കറിയാസുതോദന്തം ഓടന്തുത്തം

320 ഈരടികളുള്ള ഈ കൃതിയിൽ ''സ്നാപകയോഹന്നാൻെറ ജനനം, വനവാസം, പ്രസംഗം, ഹേറോദേശ് നടത്തിയ ശിശുവധം, ഹേറോദിയായുടെ നൃത്തം, സ്നാപകൻെറ മരണം, ഹേറോദിയായുടെ നാശം, മിശിഹായുടെ പ്രസംഗം, ഊർശ്ലേമിലേക്കുള്ള യാത്ര, ഗദസെമ്മാനാ എന്ന തോട്ടത്തിൽവച്ചുള്ള പ്രാത്ഥന, യൂദന്മാരുടെ കൃതഘ്നത, തിരുമരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം എന്നിവയും ഒടുവിൽ കവിയുടെ ഒരു വന്ദനയും'' ഉരംപ്പെട്ടിരിക്കുന്ന ഇതു് വഞ്ചിപ്പാട്ടുരീതിയിലാണു് നിബന്ധിച്ചിരിക്കുന്നതു്. ഹേരോദേശു നടത്തിയ ശിശുവധം കവി വർണ്ണിച്ചിരിക്കുന്നതു് ഇങ്ങനെയാണു്.

''ആണ്ടു രണ്ടിനകത്തുള്ള ശിശുക്കളെ ഒടുക്കുവാൻ
ആണ്ടവന്നുവേണ്ടിയവൻ വിധിച്ചു കഷ്ടം
കണ്ണുമേററം കടുത്തുള്ളോരന്തകന്മാർ പുറപ്പെട്ടു
കണ്ടു കണ്ടു കുട്ടികളെ ഒക്കെയും കൊന്നു
തോളുതന്മേൽ തുള്ളമാരിട്ടുറക്കുന്ന കുട്ടികളെ
വാളുകൊണ്ടു ഹനിപ്പതിനെന്തൊരു കുററം
തൊട്ടിയാട്ടി പാട്ടു ചൊല്ലിക്കളിപ്പിക്കും കുട്ടികളെ

വെട്ടി രണ്ടു തുണ്ടമാക്കി വധിച്ചാരന്നു
ദണ്ഡംകൊണ്ടിട്ടെണ്ണ പൊത്തികളിപ്പിപ്പാൻ
തുടങ്ങുമ്പോറം
തിണ്ണന്നങ്ങു ഖണ്ഡമാക്കി ഗമിച്ചാരന്നു
കേട്ടുകൂട്ടം നിലവിളിച്ചട്ടഹാസത്തോടുകൂടെ
കെട്ടിമാർവത്തണച്ചുകൊണ്ടോട്ടമോടോട്ടം
ഇടയ്ക്കോടിത്തടുക്കയും മുടിക്കെത്തിപ്പിടിക്കയും
പിടിച്ചിങ്ങു പറിച്ചന്നു ഹനിച്ചീടുന്നു
എറിഞ്ഞിങ്ങു വരുന്നേരം വാളുകൊണ്ടു തടുക്കയും
മുറിഞ്ഞങ്ങു തുണ്ടമായിത്താഴെ വീഴുന്നു
പുരസ്സത്തിവളകയും കരച്ചിലും മഹാദുഃഖം
ഞെരുക്കത്താൽ പുറത്താക്കി പിളർന്നാരന്നു
ഉണ്ണിനാശം ഭവിച്ചുള്ള വധുക്കടെ മുറ കേട്ടാൽ
കണ്ണിനേതും കനിവില്ലാ സേവകന്മാർക്കു്.''

ഹേറോദിയായുടെ മരണത്തെ കവി കാണുന്നതി ങ്ങനെയാണു്:—

അന്തകന്മാർ ദുഷ്ടദേഹി കണ്ടുടനെ വിസ്മയിച്ചു
അന്ധരാകുമവരെക്കാളെത്രയും കഷ്ടം.
വട്ടയണിയിട്ടവരും ദുഷ്ട തന്റെ ചുററിലന്നു
വാട്ടമെന്യേ കൂട്ടുകൂടി കരുതിക്കൊണ്ടു
ഊർദ്ധവായു വലിച്ചാശു വൃദ്ധതാനും വശംകെട്ടു
ഊർദ്ധമായി ജീവനുടൻ ദേഹിവേർപെട്ടു
അക്ഷണത്തിലന്തകന്മാർ ശൃംഖലയാലടുത്തിട്ടു
പക്ഷപാദാദ്യവയവം ബന്ധനം ചെയ്തു
തണ്ടുതന്മേൽ പെണ്ടിതന്റെ മണ്ട കീഴായു് തൂക്കിയിട്ടു
തണ്ടികയായ്കൊണ്ടു തോളേൽ മണ്ടിനാരപ്പോറം
തുക്കമെഞ്ചം മുകളേറി ശയിച്ചോരു മങ്കതന്നെ
തൂക്കി വലിച്ചിഴച്ചുകൊണ്ടോട്ടമോടോട്ടം
ആർത്തുവിളിച്ചട്ടഹാസം ചെയ്തുകൊണ്ടു ഗമിക്കുമ്പോറം
ആർത്തുവഹ്നി മാരിപോലെ വായിൽ നിന്നേററം

## പാസ്സൻ്റത്തം

ഗെത്'ദസമനിത്തോട്ടത്തിൽവച്ചുള്ള ക്രിസ്തുവി ൻെറ പ്രാത്ഥന, അവിടത്തെ പീഡാനുഭവങ്ങളും മരണ വും, ദൈവമാതാവിൻെറയും അപ്പസ്തോലന്മാരുടെയും വിലാപം, എന്നിവയാകുന്നു ഈ കൃതിയിലെ പ്രതി പാദ്യം. ഒരു ഭാഗം ഇങ്ങനെയാണ്.:

മുള്ളുള്ള വള്ളികൾകൊണ്ടു മുടിയും
കൊള്ളിച്ചുവെച്ചവർ തല്ലിത്തറച്ചു
ആക്ഷേപവസ്ത്രം ധരിപ്പിച്ചു ദുഷ്ടർ
ഇക്ഷിതിനാഥനു ദണ്ഡൊന്നു നൽകി
ആക്ഷേപിച്ചങ്ങൊരു രാജനെപ്പോലെ
രക്ഷകൻെറാനനം തുപ്പി നിറച്ചു
നാട്ടാക്ധ്യധികാരി കാട്ടിയദേഹം
കാട്ടണം താതൻെറ മുമ്പിലിനിക്കായ്

ഗുരുനാഥൻെറ മൃതശരീരം കരിശിൽനിന്നിറക്കി കിടത്തിയിരിക്കുന്നതു കണ്ടുകൊണ്ടു വിശുദ്ധ പത്രോ സ് മുതലായ ശിഷ്യന്മാർ വിലപിക്കുകയാണ്:

ക്രന്ദിതമോടുടൻ പത്രോസുവീണു
വന്ദിച്ചു കുമ്പിട്ടു കാലിണമുത്തി
മത്സ്യംപിടിച്ചുനടന്നോരു നാളിൽ
ഉത്സാഹമോടു കണ്ടെന്നെ വിളിച്ചോ
പള്ളിക്കുമുമ്പെനെന്നെന്നെ വിളിച്ചോ
വെള്ളത്തിലെന്നെ നടത്തിയൊ നാഥാ
സിന്ധുവിൽ താഴാതെ താങ്ങിയ പാണികൾ
ബന്ധിതനായിട്ടു മൃത്യുവേിച്ചോ....
യോഹന്നാനൊന്നില്ല മറെറാരു ചിന്ത
സ്നേഹങ്ങളൊക്കെയും കർത്താവിൽവച്ചു
രക്ഷകനീശോടെ കാൽകരം മുത്തി

അക്ഷിനീരേററവും വൃഷ്ടി കണക്കെ
ഇന്നലെ എന്നെ നീ മാർവത്തണച്ചോ
ഇന്നവർന്നിന്നെ കുരിശിൽ തറച്ചോ
നിർമ്മലകന്യയ്ക്കു നന്ദനനാക്കി
നിർമ്മലാ എന്നെന്നീ കല്പിച്ചുവെച്ചോ

## ഉദയകീർത്തനം

ഇതൊരു പ്രഭാതപ്രാർത്ഥനയാണ്. ക്രിസ്തുവിൻെറ ജീവിതത്തിലെ ഓരോ സംഭവങ്ങളെ അനുസ്മരിച്ചു അഭീഷ്ടപ്രാർത്ഥന നടത്തുകയാണു് കവി ഇതിൽ ചെയ്തിരിക്കുന്നതു്. മാതൃകയിതാ—

ശക്തിയാലാട്ടികളഞ്ഞൊരു സാത്തൻെറ
ശക്തിയകററു നീ പരനീശോ
വെള്ളംവീഞ്ഞാക്കിക്കല്പിച്ചപോലെൻെറ
ഉള്ളസന്മാർഗ്ഗേ തിരിക്കനീ
തൃക്കൺപാർത്തു വിളിച്ചുശിഷ്യരെ
തൃക്കാക്കൽചേർത്ത പരനീശോ
അബ്ധിയിൽ താഴാതെ പത്രോസെ തൃക്കയ്യാൽ
അത്ഭുതം താങ്ങി സ്വാമി നീ
തരണമെ ശരണമിളക്കംപരീക്ഷയിൽ
വരണമെ നാഥൻ തുണയീശോ

## തിരുനാമകീർത്തനം

ക്രിസ്തുവിനോടും വ്യാകുലാംബികയോടുമുള്ള രണ്ടു പ്രാർത്ഥനകളാണു 75 ഈരടികളുള്ള ഈ കൃതിയുടെ ഉള്ളടക്കം.

അമരപതി തനയനുലകതിലവതരിച്ചോൻ
കന്മഷമകററു മമ കന്യസുതനീശോ
സകലസ്തുതികളുടയവനാകിയപരാപരാ, കന്മഷ—

ആട്ടമാട്ടകളിടയവനാടലിടൽ തേടികന്മഷ–
ദീപ്തിശദൈവസുതഭാന ദൈവാത്മജാ കന്മഷ–
സകല പരിഷകളുടയ ശരണപരി
പാലകാ കന്മഷ–

x x x x

അംബരാലയനായകീ നാമോ
നിർമ്മലേ തവ സങ്കടം
ഓത്തിടുന്നോരടിയനെ നിത്യം
കാത്തുരകാരംക ദിവന്നിശൌ
അക്ഭൂഷണധാരിയായ നീ
കാൺക നീ മമ സങ്കടം
സോമവാഹനചാരിതേ തവ
കുമാരനാകിയ ദേവനേ
ലക്ഷവൻ മുടി മന്നവിരാജേ
രക്ഷകം മമ കാട്ടകനീ
അംബരാലയ നായകി നമോ
നിർമ്മലെ തുണ സന്തതം.

## അനുതാപമസ്സമൃരകരം

പഴയനിയമത്തിലെ അതിമനോജ്ഞമായ ഒരു കാവ്യമാണല്ലോ ദാവീദിൻെറ സങ്കീത്തനങ്ങരം. പ്രസ്തുത ഗ്രന്ഥത്തിലെ 6, 32, 38, 51, 102, 130, 136, 143, 144 എന്നീ സങ്കീത്തനങ്ങളുടെ വിവത്തനങ്ങളാണ് ഈ മസ്സമൃരകരം പാപത്തെക്കുറിച്ച മനസ്താപവും, വെറുപ്പും, ഭയവും ജനിപ്പിക്കുവാൻ പര്യാപ്തമായ ഇവയെ അനുതാപമസ്സമൃരകരം എന്നു നാമകരണം ചെയ്തിരിക്കുന്നതു് ഉചിതമായിരിക്കുന്നു. 9 മസ്സമൃരകളിലുംകൂടി 248 ഈരടികളുണ്ടു്. മാതൃകസ്സു് 143–ാം മസ്സമൃരയിൽനിന്നും ഏതാനും വരികരം:

സകലഭുവന പരിവൃഢനാദിനായകാ
കേരംക്കനീ മമ പ്രാത്ഥന
ചായ്കതവ ചെവികരം മമ സ്റ്റോത്രമോത്തുനിൻ-
നീതിയാൽ മമ കേരംക്ക നീ
ഉടയവനെ ന്യായവിധിയതിൽ നി ങ്ങടെ
അടിയാൻ പ്രവേശിച്ചീടല്ലെ
ജീവകുലതിലൊരുവനുമില്ല നീതിമാൻ
ദൈവമെ തവ സന്നിധൌ
കഠിനമായിരിപു മമ ദേഹിയേററമായാ—
പീഡിപ്പിച്ചെൻെറ നായകാ
ധരണിയതിലവൻ മമ ജീവനെത്രയും
പരവശങ്ങരം വരുത്തിയെ.

## പള്ളിപ്പാട്ടുകരം

പുന്നത്തുറപ്പള്ളി, കൈപ്പുഴപ്പള്ളി, പിറവത്തു പുത്തൻപള്ളി, കോട്ടയത്തു് ഇടയ്ക്കാട്ടുപള്ളി മുതലായ ദൈവാലയങ്ങളുടെ സ്ഥാപനചരിത്രത്തെ വിവരിക്കുന്ന ഗാനകൃതികളാണു് ഈ പള്ളിപ്പാട്ടുകരം. പക്ഷേ ഇവയിൽ പള്ളിയെ സംബന്ധിക്കുന്ന ചരിത്രം വളരെ കുറച്ചേയുള്ളു എന്നു പറയേണ്ടിയിരിക്കുന്നു ഭൂരിഭാഗവും പഴയനിയമകഥകരം, ക്രിസ്തുവിൻെറ ജീവിതവും മരണവും, അപ്പോസ്റ്റോലന്മാരുടെ പ്രേഷിതവൃത്തി, മാർത്തോമ്മായുടെ കേരളത്തിലെ സുവിശേഷവേല, മുതലായവയുടെ വർണ്ണനകളാകുന്നു. ഇടയ്ക്കാട്ടു പള്ളിയുടെ പാട്ടിലുള്ളതാണു് താഴെ ഉദ്ധരിക്കുന്ന വരികരം.

വർഷം മൂന്നു സങ്കടത്താൽ നടന്നതിൻ
ശേഷംപള്ളി വേറായ്വെപ്പാൻ കല്പനവാങ്ങി
തൊള്ളായിരമാണ്ടു തെരണ്ണൂററെഴാം കൊല്ലം
പള്ളിവച്ചീസ്ഥലം തന്നിലനുവാദത്താൽ

കർക്കടകത്രിദിനം മാത്തോമ്മാ തൻെറ
ദുക്റാനയതിഘോഷാൽ പലർ കൊണ്ടാടി
കീർത്തിയോടെ വടയാററിൽ വാസം ചെയ്യും
മാതൃസെന്നമല്പാൻ കയ്യാൽ സ്ലീബായിവിടെ
രത്നാദികളോടുകൂടെ സ്ഥാപിച്ചേററം
ഭക്തിയാൽ ഗീവറുഗീസു സഹദാനാമത്തിൽ
ഘോഷത്താലെ പൂജനമസ്ക്കാരമിവിടെ
ശേഷം കർമ്മം ചെയ്‌വാൻ കരിശാലയമത്രെ.

## സ്തുതിപ്പുകൾ

മാത്തൻ ഇട്ടിയവിരാ, ഇതിനും പുറമെ, അനേകം ഭക്തഗാനങ്ങളും രചിച്ചിട്ടുണ്ട്. അവയിൽ 9 എണ്ണം ജ്ഞാനകീർത്തനങ്ങളിലും പുരാതന പാട്ടുകളിലും ഉൾപ്പെടുത്തി മുദ്രണം ചെയ്തിരിക്കുന്നു. ശയനനമസ്ക്കാരത്തിലെ ചില വരികളാണു് ഇവിടെ ഉദ്ധരിക്കുന്നതു്.

ഇന്നിനിക്കേററം നീ ചെയ്ത
നന്മകൾ സകലത്തിന്നായി
ഉടയവനെ സ്തുതിചെയ്തടിയൻ
കൊണ്ടാടുന്നിതു തിരുമുമ്പിൽ
എന്നാൽ ചെയ്തോരു പാപങ്ങൾ
നിൻകൃപയാലെ ക്ഷമിക്കണമെ
ഇത്ഥം ചൊല്ലിയപേക്ഷിച്ചേൻ
പ്രാർത്ഥന നീ കേട്ടരുളേണമെ
അതുലമഹിമകൾ നീതികളും
അതിനു വിരോധിപ്പാപങ്ങൾ
അതിനാലതിനെ ഉപേക്ഷിച്ചു
ഇതു നാൾമുതൽ ഞാനുറയ്ക്കുന്നു.

അനുഗൃഹീതനായ ഈ കവി 1879 മേയ് മാസം 27—ാം തീയതി നിര്യാതനായി.

# ഡോക്ടർ മർസലീനോസ്

1

''കേരളീയജനത്തിന്റെ എല്ലാവിധഗുണാഭിവൃദ്ധിക്കും ഭാഗ്യത്തിനുംവേണ്ടി വിവിധമായ അൻപതോളം പുസ്തകങ്ങൾ എഴുതിയുണ്ടാക്കുകയും, ദീർഘകാലം ഈ മലയാളത്തിൽ സഞ്ചരിച്ചുദൈവവചനം പ്രസംഗിച്ച് അറിയിക്കുകയും പുത്തൻപള്ളി സെമ്മനാരിയുടെ ആരംഭംമുതൽ അധികവർഷത്തേക്കു ആ സെമ്മനാരിയുടെ ശ്രേഷ്ഠനും ഗുരുവുമായി യത്നിക്കുകയും, എല്ലാ ന്യായങ്ങളാലും കേരളീയജനത്തിന്റെ പ്രത്യേകബഹുമാനവണക്കത്തനും പ്രത്യേകസ്മരണയ്ക്കുംപാത്രീഭവിക്കുകയും ചെയ്തിട്ടുള്ള മഹാനായ ''മർച്ചെലീനൂസ് ആസാന്ത ത്രേസ്യാ എന്ന വന്ദ്യമെത്രാനച്ചൻ'' (പരിശുദ്ധദേവമാതാവിന്റെ പൊതുവണക്കമാസം രണ്ടാം പതിപ്പിന്റെ മുഖവുര) ഇന്നും നമ്മുടെ ഭാഷാചരിത്രകാരന്മാക്കു തീർത്തും അജ്ഞാതനായിരിക്കുന്നുവെന്നതു വിചിത്രമല്ലേ? വിദേശത്തിൽനിന്നും ഇവിടെയെത്തി മലയാളഭാഷപഠിച്ച് അതിൽ അൻപതോളം ഗ്രന്ഥങ്ങൾരചിച്ചഡോ മർസലീനോസിനോളം, ആതലമുറയിൽ മലയാളഭാഷാ പരിപോഷണത്തിനു യത്നിച്ചിട്ടുള്ളവർ അംഗുലീപരിമിതമാകുന്നു. എന്നിട്ടും ഒരു ഭാഷാചരിത്രകാരന്റെയും ദൃഷ്ടി അദ്ദേഹത്തിൽ പതിഞ്ഞതായി കാണുന്നില്ല.

മഹാനായ ഈ വൈദികശ്രേഷ്ഠൻ—ഡോ: മർസലീനോസ് ജെരാർദി ഓഫ് സെൻറ് ടെറീസാ.

---

സത്യനാദം 1959 നവംബർ 14, 21.

ഒ. സി. ഡി—ഇററലിയിൽ ജനോവാ സംസ്ഥാനത്തു ലിഗ്ലൂരിയാ എന്ന നഗരത്തിൽ, കുലീനരും സമ്പന്നരുമായ അന്തോനി ജെരാർദി, മരിയമഗ്ദലേന റെനിയേരെ എന്ന ദമ്പതിമാരുടെ പുത്രനായി 1829 ഒക്ടോബർ 8—ാംതീയതി ഭൂജാതനായി 1846 ഒക്ടോബർ 15—ാം തീയതി കർമ്മലീത്താ സന്യാസ സഭയിൽ ഒരംഗമായി ചേരുകയും 1854 ഫെബ്രുവരി 5—ാംതീയതി വരാപ്പുഴ വരികയുംചെയ്തു പല യൂറോപ്യൻ ഭാഷകളിലും വിദഗ്ദ്ധനായിരുന്ന ഡോക്ടർ മർസലീനോസ് കേരളത്തിൽ വന്നയുടനെ തമിഴ്, സംസ്കൃതം, സുറിയാനി, മലയാളം എന്നീ ഭാഷകളിലും പ്രാവീണ്യം നേടി. ''കേരളത്തിലെ പ്രധാന പള്ളികളിലൊക്കെ അദ്ദേഹം ധ്യാനപ്രസംഗങ്ങരം നടത്തുകയും. ജനങ്ങളെ ഭക്തിപ്രവീണരാക്കുകയും ചെയ്തിട്ടുണ്ട്. ഉച്ചൈസ്തരമായ സ്വരവിശേഷം അദ്ദേഹത്തിൻെറ വാഗ്മിത്വത്തിന മാററുകൂട്ടിയിരുന്നു. അനുതാപാശ്രുക്കരം പൊഴിക്കുന്നതിനും ആദ്ധ്യാത്മിക പരിഷ്ക്കാരം വരുത്തി ആത്മോത്കർഷം പ്രാപിക്കുന്നതിനും, അദ്ദേഹത്തിൻെറ ഭക്തിപ്രചുരിമ കലൎന്ന പ്രസംഗധോരണി ജനങ്ങളുടെ ഹൃദയാന്തർഭാഗങ്ങളെ ശക്തിമത്തായിഇളക്കിയിരുന്നു'' എന്നിങ്ങനെ ദൃക്സാക്ഷിയായ ഒരു ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു.

## കേരളത്തിൽ

ഡോക്ടർ മർസലീനോസിൻെറ നാമം കേരളക്കരയിൽ അവിസ്മരണീയമാക്കിത്തീർത്ത ആദ്യത്തെ സംഭവം ഇവിടെയെത്തി അധികം കഴിയുന്നതിനു മുൻപുണ്ടായി. 1833—ൽ മാന്നാനം കുന്നിൽ മുളയെടുത്ത കേരളത്തിലെ കർമ്മലീത്താ സന്യാസാശ്രമപ്രസ്ഥാനം ഒരു സന്യാസ സഭ

യായി ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടതു 1855 ഡിസംബർ 5-ാംതീയതിയായിരുന്നു വരാപ്പുഴയിലെ ബർണ്ണർദീനോസ് മെത്രാപ്പോലീത്തായുടെ പ്രതിനിധിയായി ഈ ചടങ്ങിനു നേതൃത്വം വഹിച്ചതും സന്യാസസഭയുടെ ആദ്യപ്രിയോരായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാ അച്ചന്റെ വ്രതവാഗ്ദാനം സ്വീകരിച്ചതു ഡോക്ടർ മർസലീനോസായിരുന്നു. വ്രതവാഗ്ദാനത്തിനു മുൻപ് സന്യാസികൾക്കായി ഏതാനുംദിവസത്തേക്കു നടത്തപ്പെട്ട ജ്ഞാനധ്യാനം പ്രസംഗിച്ചതും അദ്ദേഹമത്രേ. മാത്രമല്ല, മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണം നവസന്യാസികളെ സന്യാസജീവിതം പരിശീലിപ്പിക്കുന്ന ജോലിയും അദ്ദേഹം ഭരമേററു. പിന്നീടു ധ്യാനപ്രസംഗങ്ങൾക്കായി സന്യാസികൾ ഇടവകപര്യടനം ആരംഭിച്ചപ്പോൾ അതിന്റെ നേതൃത്വവും അദ്ദേഹം സ്വീകരിച്ചു. തുടർന്നുള്ള മൂന്നു ദശാബ്ദക്കാലം ഈ സന്യാസസഭയുടെ ഭാഗധേയങ്ങളിൽ അദ്ദേഹം ദത്താവധാനനായിരുന്നു.

ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും അഗാധപണ്ഡിതനായിരുന്ന ഡോക്ടർ മർസലീനോസ് കേരളത്തിലെത്തി അധികം കഴിയുന്നതിനു മുൻപ്, അന്നു വരാപ്പുഴെയുണ്ടായിരുന്ന ലത്തീൻസെമ്മനാരിയിൽ അദ്ധ്യാപകവൃത്തി സ്വീകരിച്ചു. അക്കാലത്തു പൊതുസെമ്മനാരി എന്നു പറയത്തക്ക യാതൊരു സ്ഥാപനവും കേരളത്തിലുണ്ടായിരുന്നില്ല. ഈ സ്ഥിതിക്ക് ഒരു മാററംവരുത്തണമെന്നും ഉൽകൃഷ്ടമായ പഠനസമ്പ്രദായത്തോടുകൂടിയ ഒരു വൈദികശിക്ഷണാലയം സ്ഥാപിക്കണമെന്നും അക്കാലത്തു ലത്തീൻ-സുറിയാനി റീത്തുകളുടെ പൊതുമേലദ്ധ്യക്ഷനായിരുന്ന വരാപ്പുഴ മെത്രാപ്പോലീത്താതീരുമാനിച്ചു. അങ്ങനെയാണു മാന്നമ്പാടി പുത്തൻപള്ളിയിലെ മലബാർ സുറിയാനി അപ്പ

ന്റോലികസെമ്മനാരി 1866 ആഗസ്റ്റ് 13–ാംതീയതി സമുൽഘാടിതമായതു്. ഈ പുതിയസെമ്മനാരിയുടെ നിയന്താവായും ( Rector) പ്രവക്താവായും (Professor) നിയമിതനായതു സംസ്കൃതത്തിലും വിവിധ ശാസ്ത്രശാഖകളിലും ഒരുപോലെ പ്രവീണനായിരുന്ന വിശുദ്ധത്രേസ്യായുടെ മർസലീനോസു് സി. ഡി. അവർകളായിരുന്നു.

## നിഘണ്ടു

1866 ആഗസ്റ്റ് 15 മുതൽ 11 വർഷക്കാലത്തോളം ഡോക്ടർ മർസലീനോസു് പുത്തൻപള്ളി സെമ്മനാരിയുടെ റെക്ടർ ആയും ആദ്ധ്യാത്മികോപദേഷ്ടാവായും ജോലിനോക്കി. ഫാദർ കാന്തിദ്ദൂസ്, ഫാദർ കമീല്യൂസ് എന്ന രണ്ടു പ്രശസ്തപണ്ഡിതന്മാരുടെ സഹായസഹകരണങ്ങരം സെമ്മനാരി കാര്യത്തിൽ ഡോക്ടർ മർസലീനോസിനു ലഭിച്ചിരുന്നു. ഫാദർ കമീല്യൂസ് ഒരു അഗാധപണ്ഡിതനും ബഹുഭാഷാവിശാരദനുമായിരുന്നു. ''വരാപ്പുഴ രൂപതയിലെ ഒരു മിഷനറി അപ്പസ്തോലികരം നിഷ്പാദുക കർമ്മലീത്താ സന്യാസിയും'' എന്നുമാത്രം പേരുവച്ചു് 1891–ൽ വരാപ്പുഴ അച്ചുക്കൂടത്തിൽനിന്നും അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ള ''മലയാണ്മ–ലത്തീൻ–ഇംഗ്ലീഷ് അകാരാദി '' എന്ന ബൃഹത് ശബ്ദകോശത്തിന്റെ നിർമ്മാതാവു് ഈ ഫാദർ കമീല്യസ് സി. ഡി. ആണു്. റോയൽ സൈസിൽ 1220 പേജുകരം വരുന്ന ഈ മഹാഗ്രന്ഥത്തിൽ മലയാളഭാഷയിൽ പ്രയോഗത്തിലിരിക്കുന്ന മലയാളസംസ്കൃത ശബ്ദങ്ങരംക്കു ലത്തീനിലും ഇംഗ്ലീഷിലും അർത്ഥം നൽകിയിരിക്കുന്നു. ''ഗവർമ്മെൻറു സ്കൂളുകളിൽ മട്രിക്കുലേഷൻ പരീക്ഷയ്ക്കോ മററു് ഉയന്ന പരീക്ഷകരം

കരംക്കോ തയാറായിക്കൊണ്ടിരിക്കുന്ന വിദ്യാൎത്ഥികരംക്കും ലത്തീൻഭാഷയിൽ സാമാന്യജ്ഞാനം നേടണമെന്ന് ആഗ്രഹിക്കുന്നവർക്കും ഉപയോഗപ്രദമാകണമെന്ന് കരുതി തയാറാക്കിയിട്ടുള്ള ഒന്നാണ് ഈ നിഘണ്ടു.

## മെത്രാൻ പദത്തിൽ

വൈദിക സ്വയംഭരണത്തിനുവേണ്ടിയുള്ള കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ പ്രക്ഷോഭണം മൂർദ്ധന്യത്തിലെത്തിയിരുന്ന ഒരു ഘട്ടമത്രേ പത്തൊൻപതാം ശതകത്തിന്റെ ഉത്തരാർദ്ധം. സുറിയാനിഭാഷ വശമുള്ള ഒരു ലത്തീൻകാരനെ സുറിയാനിക്കാരുടെ പ്രത്യേക മെത്രാനായി അവരോധിക്കുന്നതു സ്വയംഭരണത്തിനുവേണ്ടിയുള്ള പ്രക്ഷോഭണത്തെ ശമിപ്പിക്കുമെന്നു വരാപ്പുഴ അധികാരികരം കരുതി. അങ്ങനെ കേരളത്തിലെ സുറിയാനി കത്തോലിക്കരുടെമേൽ പ്രത്യേക ഭരണാധികാരത്തോടുകൂടിയും, വരാപ്പുഴ മെത്രാപ്പോലീത്തായുടെ സഹായി ആയും ഒരു മെത്രാനെ നിയമിക്കുന്നതിനു തിരുസിംഹാസനം തീരുമാനിച്ചപ്പോരം, അതിലേക്കു തിരഞ്ഞെടുക്കപ്പെട്ടതു പുത്തൻപള്ളി സെമ്മിനാരി റെക്ടർ ഡോക്ടർ മർസലീനോസായിരുന്നു. 1877 ആഗസ്റ്റ് 17-ാം തീയതി അദ്ദേഹം പാരിയോയുടെ മെത്രാനും, വരാപ്പുഴ മെത്രാപ്പോലീത്തായുടെ അനന്തരാവകാശത്തോടുകൂടിയ സഹായിയും, കേരള സുറിയാനി കത്തോലിക്കരുടെ പ്രത്യേകാവകാശത്തോടുകൂടിയ വികാരി അപ്പസ്തോലിക്കയും ആയി നിയമിതനായി. പ്രസ്തുത വർഷം ഒക്ടോബർ 21-ാം തീയതി അദ്ദേഹം മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു.

പത്തു സംവത്സരക്കാലത്തോളം സുറിയാനിക്കാരു-

ടെ മെത്രാനെന്ന നിലയിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു. അദ്ദേഹത്തെ "കേരളത്തിലെ കത്തോലിക്കാ സമുദായത്തിൻെറ പരിഷ്ക്കത്താവ് എന്ന അപരനാമത്താൽ പ്രകീത്തിക്കാ' മെന്നാണു് ഒരു ഗ്രന്ഥകാരൻ പറയുന്നതു്. വൈദികസ്വയംഭരണത്തിനു മോഹിച്ചിരുന്ന കേരളത്തിലെ സുറിയാനിക്കാർ അതിലേക്കു് അനുസ്യൂതം പരിശ്രമിച്ചുകൊണ്ടിരുന്നതിൻെറ ഫലമായി, അവക്കുവേണ്ടി 1886—ൽ തൃശ്ശൂർ, കോട്ടയം വികാരിയാത്തുകൾ സ്ഥാപിക്കപ്പെട്ടു അതോടുകൂടി ഡോക്ടർ മർസലീനോസ് സുറിയാനിക്കാരുടെ മേലുള്ള ഭരണം ഒഴിയുകയും വരാപ്പുഴ മെത്രാപ്പോലീത്തായുടെ കോദ്യുത്തോർ (സഹായി) എന്ന നിലയിൽ തുടരുകയും ചെയ്തു. 1892 മാർച്ചു് 21-ാം തീയതി, 63-ാമത്തെ വയസ്സിൽ, അദ്ദേഹം നിര്യാതനായി. അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടങ്ങൾ വരാപ്പുഴ പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടിരിക്കുന്നു.

## സത്യനാദവും ദീപികയും

ഡോക്ടർ മർസലീനോസ് കേരളത്തിനു് അവിസ്മരണീയങ്ങളായ പല സേവനങ്ങളും ചെയ്തിട്ടുണ്ടു്. കേരള കർമ്മലീത്താ സഭയുടെ പുരോഗതിയിൽ അദ്ദേഹം വഹിച്ചഭാഗം നേരത്തെ പ്രസ്താവിച്ചല്ലോ. ഇന്നും നിലവിലിരിക്കുന്ന കേരളത്തിലെ ആദ്യത്തെ രണ്ടു വത്തമാനപത്രങ്ങളായ സത്യനാദകാഹളത്തിൻെറയും (സത്യനാദം), നസ്രാണിദീപികയുടെയും (ദീപിക) പ്രാദുർഭാവത്തിനു കാരണക്കാരിൽ ഒരു പ്രമുഖൻ അദ്ദേഹമായിരുന്നു. കത്തോലിക്കർ പൊതുവേ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ പരാങ്മുഖരായിരുന്ന അക്കാലത്തു് കത്തോലിക്കരെ ഉദ്ദേശിച്ചു കൊച്ചിയിൽ സാൻെറ

ക്രൂസ് എന്ന ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ചു. അതിൻെറ ചുമതല അയറീഷുകാരായ കർമ്മെലീത്താ സന്യാസികളെ ഏല്പിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ഭരണകാലത്തുതന്നെയാണ് കേരള കത്തോലിക്കരുടെ രണ്ടാമത്തെ ഇംഗ്ലീഷ് സ്കൂളായ മാന്നാനം സെൻറ് ഇഫ്രേയിംസ് സ്ഥാപിതമായതു്. പുത്തൻപള്ളി സെമ്മിനാരിവിപുലീകരിക്കുകയും, ഇംഗ്ലീഷ് സുറിയാനി പരീക്ഷകരം പാസ്സാകുന്നവക്കേ പട്ടം കൊടുക്കുകയുള്ളുവെന്നു തീരുമാനിക്കുകയും ചെയ്തു.

സി. എം. എസ്. മിഷ്യനറിമാർ കോട്ടയത്തു് ആസ്ഥാനമുറപ്പിച്ചുകൊണ്ടു പുത്തൻകൂർ സുറിയാനിക്കാരുടെ ഇടയിൽ മതപ്രചരണം ആരംഭിച്ചതിനെത്തുടന്നു കത്തോലിക്കസെഭയെ അധിക്ഷേപിക്കുക ഒരു കൂട്ടരുടെ പതിവായി. യാക്കോബായസഭ ഉപേക്ഷിച്ചു സി. എം. എസിൽ ചേരുകയും, മിഷ്യനറിമാരുടെ സഹായത്തോടെ പഠിച്ചു് ഉന്നത നിലയിലെത്തുകയും ചെയ്ത ചിലർ ഇതിനു നേതൃത്വം വഹിച്ചിരുന്നു. അക്കാലത്തു കൊച്ചിയിൽനിന്നു പുറപ്പെട്ടിരുന്ന ''പശ്ചിമതാരക'' എന്ന പത്രത്തിൽ, കത്തോലിക്കമതത്തെ ആക്ഷേപിച്ചുകൊണ്ടുള്ള ലേഖനങ്ങരം തുടരെ പ്രത്യക്ഷപ്പെട്ടിരുന്നു. ''ബല്ലാർഡു വിരുതു പ്രകരണ''ത്തിലേക്കു (Ballard Prize Essays) പ്രബന്ധങ്ങളെഴുതിയ റവ. ഇട്ട്യേരാ ഈപ്പൻ (1871), റവ. ജോർജ് കുര്യൻ( 1872), റവ. കെ. കുരുവിള (1872) എന്നിവരെല്ലാം കേരളത്തിലെ ക്രൈസ്തവസഭയെപ്പററിയും കത്തോലിക്ക വിശ്വാസത്തെപ്പററിയും പല അബദ്ധാഭിപ്രായങ്ങളും പ്രചരിപ്പിക്കുകയുണ്ടായി.

### ജ്ഞാനദീപം

സത്യം അറിയപ്പെടുന്നതിനും സാമാന്യജനങ്ങരം

വഞ്ചിതരാകാതെയിരിക്കുന്നതിനും ഈ എതിർപ്പുകളെയും അബദ്ധാഭിപ്രായങ്ങളേയും ഖണ്ഡിക്കേണ്ടതു് ഒരു അത്യാവശ്യമായിരുന്നു. അതിനു് ഏററവും പ്രാപ്തനും യോഗ്യനുമായ ആരം പണ്ഡിതോത്തംസമായിരുന്ന ഡോക്ടർ മർസലീനോസുതന്നെയായിരുന്നു അദ്ദേഹം ആ ഭാരം ഏറെറടുക്കുകയും, പ്രതിയോഗികളുടെ അബദ്ധങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു ''മലയാളത്തിൻെറ ജ്ഞാനദീപം'', എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. സി. എം. എസ്. പക്ഷപാതികരം ഇതിനു മറുപടിയായി രണ്ടു പുസ്തകങ്ങരം പ്രസിദ്ധം ചെയ്തതായി കാണുന്നു. ആ പുസ്തകങ്ങളെ—''സുറിയാനിക്കാരുടെ ചരിത്ര''ത്തെയും ''അതിൻെറ ശേഷം അതിൻെറ സാക്ഷികളോടുകൂടെ കൊച്ചിക്കോട്ടയിൽ അച്ചടിക്കപ്പെട്ട ചരിത്ര''ത്തെയും—നിരൂപണം ചെയ്തുകൊണ്ടു ഡോക്ടർ മർസലീനോസ് വീണ്ടും ഒരു പുസ്തകം പ്രസിദ്ധംചെയ്തു; അതാണു് ''കേരളത്തിലെ സത്യവേദചരിത്രം.''

ഒരു ഭാഷാപ്രണയി എന്ന നിലയിലാണല്ലോ ഡോക്ടർ മർസലീനോസിനെ നാം ഇവിടെ സ്മരിക്കുന്നതു്. ''കേരളീയജനത്തിൻെറ എല്ലാവിധ ഗുണാഭിവൃദ്ധിക്കും ഭാഗ്യത്തിനുംവേണ്ടി വിവിധങ്ങളായ അൻപതോളം പുസ്തകങ്ങരം'' അദ്ദേഹം രചിച്ചിട്ടുണ്ടെന്നു ''പരിശുദ്ധ ദേവമാതാവിൻെറ വണക്കമാസം'' രണ്ടാം പതിപ്പിൻെറ മുഖവുരയിൽ പ്രസ്താവിക്കുന്നുണ്ടെങ്കിലും അവ ഏതൊക്കെയെന്നു കണ്ടുപിടിക്കുവാൻ ലേഖകനു കഴിഞ്ഞിട്ടില്ല. ഒന്നാമതു് ആ കാലഘട്ടത്തിലുണ്ടായിട്ടുള്ള മിക്ക കൃതികളിലും ''കർമ്മെലീത്താ മിഷ്യനറിമാരിൽ ഒരുത്തൻ'', ''കർമ്മെലീത്താ സന്ന്യാസ ഗുരുക്കളിൽ ഒരുത്തൻ'' എന്നിങ്ങനെ

അവ്യക്തമായി മാത്രമേ ഗ്രന്ഥകർത്തൃനാമം വെളിപ്പെടുത്തിയിട്ടുള്ളു. വിനയസമ്പന്നരും, വ്യക്തിപരമായ പ്രശസ്തി അശേഷം ആഗ്രഹിക്കാത്തവരുമായ അവർ തങ്ങളുടെ പേർ വിട്ടുകളഞ്ഞുവെന്നു മാത്രമല്ല മററുള്ളവരുടെ അവതാരികകളോ അഭിപ്രായങ്ങളോ സ്വകൃതികളിൽ ഉൾപ്പെടുത്തുകയും ഉണ്ടായിട്ടില്ല. രണ്ടാമത്ത് ആ കാലഘട്ടത്തിൽ രചിക്കപ്പെട്ട മുദ്രിതങ്ങളും അമുദ്രിതങ്ങളുമായ ഗ്രന്ഥങ്ങൾ മിക്കതും ഇന്നുകിട്ടാനില്ല. കൈവശമുള്ളവർ അതു പുറത്തു കാണിക്കുവാൻ മടിക്കുകയും ചെയ്യുന്നു. വളരെ നിഷ്കൃഷ്ടമായ അന്വേഷണങ്ങൾകൊണ്ടുമാത്രമേ ആ ഗ്രന്ഥങ്ങൾ ഏതൊക്കെയെന്നു കണ്ടുപിടിക്കുവാൻ സാധിക്കുകയുള്ളു.

ഡോക്ടർ മർസലീനോസിൻേറതായി അറിയപ്പെടുന്ന കൃതികൾ താഴെപ്പറയുന്നവയാകുന്നു (1) മലയാളത്തിലെ ജ്ഞാനദീപം. (2) കേരള രാജ്യത്തിലെ സത്യവേദചരിത്രം. (3, 4) സെറാഫ് അമ്മത്രേസ്യാപുണ്യവതിയുടെ ചരിത്രസംക്ഷേപം ഒന്നും രണ്ടും ഭാഗങ്ങൾ. (5) ആത്മീയ വഴികാട്ടി. (6) പരിശുദ്ധദൈവമാതാവിൻെറ പൊതുവണക്കമാസം. (7) വിശുദ്ധയൗസേപ്പുപിതാവിൻെറ വണക്കമാസം, (8) യോഗസാരാംശം. (9) മാലാഖവള്ളൂടത്ത പുണ്യം. (10, 11) സന്മാർഗ്ഗ ശാസ്ത്രം ഒന്നും രണ്ടും ഭാഗങ്ങൾ (12) വിസീത്തപ്പുസ്തകം. (13, 14) മരണം വിധി മുതലായ നിത്യസത്യങ്ങളെപ്പററിയുള്ള ധ്യാനങ്ങൾ, രണ്ടുഭാഗങ്ങൾ. (15) ഈശോമിശിഹാ പട്ടക്കാരൻെറ ഹൃദയത്തോടു ചെയ്യുന്നസംഭാഷണം. (16) ലത്തീൻ പഠിക്കുന്നവർക്കുവേണ്ടിയുള്ള ഗ്രാമർ. (17) പൊതുവണക്കം. (18) ദൈവസ്നേഹാഗ്നിത്തടാകം. (19) ഉത്തമമിത്രൻ (മാലാഖമാരുടെവണക്കമാസം ) (20) തിരുഹൃദഭക്തിയേയും പ്രാർത്ഥനയുടെ അപ്പസ്തോലതത്തെയും പററി പ്രതിപാദിക്കുന്ന മൂന്നുനാലുചെറുഗ്രന്ഥങ്ങൾ മുതലായവയാകുന്നു.

ഇവയിൽ ''സന്മാർഗ്ഗശാസ്ത്രം'' അദ്ദേഹത്തിൻെറ കൃതിയല്ലെന്നും ഒരു ഫാദർ ഫിലിപ്പും ഒരു ഏതദ്ദേശ്യ വൈദികനും കൂടി ഉണ്ടാക്കിയതാണെന്നും ''ഈശോമിശിഹാപട്ടക്കാരൻെറ ഹൃദയത്തോടു ചെയ്യുന്ന സംഭാഷണം'' കൊല്ലം ത്രൂപതക്കാരനായ ഒരു മിഷ്യനറിയുടെ കൃതിയാണെന്നും ''ലത്തീൻ പഠിക്കുന്നവർക്കുവേണ്ടിയുള്ള ഗ്രാമർ'' അലക്സാന്ത്രോ പാതിരിയുടേതാണെന്നും ഒരു ഭിന്നാഭിപ്രായമുണ്ടെന്നുള്ള വസ്തുതയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. ഡോക്ടർ മർസലീനോസിൻെറ ആദ്യകാലകൃതികരം കൊച്ചിയിലുണ്ടായിരുന്ന ഒരു പ്രസ്സിലാണ് അച്ചടിച്ചതു്. പിൽക്കാലത്തുള്ളവ കൂനമ്മാവിലെ അമലോത്ഭവമാതാവിൻെറ നാമധേയത്തിലുള്ള അച്ചുക്കൂടത്തിലും.

## മലയാളത്തിൻെറ ജ്ഞാനദീപം

ഡെമ്മി സൈസിൽ, പൈക്കടൈപ്പിൽ, 432 പുറങ്ങളുള്ള ഈ പുസ്തകം ''കൂനമ്മാവു അമലോത്ഭവമാതാവിൻെറ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ട അച്ചുക്കൂടത്തിൽ'' 1870-ൽ മുദ്രിതമായി. തലേക്കൊല്ലം 1869-ൽ കൊച്ചിക്കോട്ടയിൽ ''മലയാളത്തുള്ള സുറിയാനിക്രിസ്ത്യാനികളുടെ ചരിത്രം'' എന്നപേരിൽ അച്ചടിക്കപ്പെട്ട ഗ്രന്ഥത്തിൽ സഭാചരിത്രത്തേയും കത്തോലിക്കാസഭയേയുംപററി ചേർത്തിരുന്ന വ്യാജപ്രസ്താവനകളുടെ ഒരു പ്രത്യാഖ്യാനമാണ് ''മലയാളത്തിൻെറ ജ്ഞാനദീപം.'' ഗ്രന്ഥനാമത്തിൻെറ അടിയിൽ ''ഇതിൽ പഴയമാർഗ്ഗത്തിൻെറ ചരിത്രസംക്ഷേപവും, തിരുസഭയുടെ മുമ്പിലത്തെ യുഗങ്ങളുടേയും ഇടത്തുടുകളുടേ ചരിത്രവും മലയാളത്തിലുള്ള സുറിയാനിക്രിസ്ത്യാനികളുടെ ചരിത്രം എന്നപേരിട്ടു പുത്തനായിട്ടു പുറപ്പെട്ടിരിക്കുന്ന പുസ്തകത്തിൻെറ പരിശോധനയും അടങ്ങിയിരി

ക്കുന്നു'' എന്നു ഗ്രന്ഥകാരൻതന്നെ പ്രസ്താവിച്ചിട്ടുണ്ട്. പതിവുപോലെ കർമ്മലീത്താ ദിസ്ക്കാംസു സഭയിലുംപ്പെട്ട വരാപ്പുഴ മിസ്സ്യാനാരി അപ്പസ്തോലിക്കസ്വാമിമാരിൽ ഒരുത്തനാൽ ഉണ്ടാക്കപ്പെട്ട'' വെന്നല്ലാതെ ഗ്രന്ഥകാരൻ തൻെറ യഥാർത്ഥനാമം ഗ്രന്ഥത്തിൽ വെളിപ്പെടുത്തിയിട്ടില്ല.

ഈ ഗ്രന്ഥമെഴുതുവാനുണ്ടായ സാഹചര്യങ്ങളെ ഗ്രന്ഥകാരൻ 'മുഖവുര'യിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു;—ഈ മലയാളത്തിൽ ചരിത്രസംബന്ധമായിട്ടുള്ള അറിവ് കുറവായിരിക്കുന്നതിനോളം ചരിത്രം വായിച്ചറിയാനുള്ള ആഗ്രഹം വലുതായിരിക്കുകയും ചെയ്യുന്നു എന്നും, സത്യത്തിൽനിന്നു് അസത്യത്തെ വേർതിരിപ്പാൻ വശ്യമില്ലാത്തതിനാൽ വായിക്കുന്നതെല്ലാം നേരെന്നു് വിശ്വസിപ്പാനും ഇതിനാൽ എണ്ണുത്തിലടങ്ങാത്ത ഇടത്തൂടുകളേയും അബദ്ധങ്ങളേയും സത്യമെന്നുകരുതി വിശ്വസിച്ചു നശിപ്പാനും എളുപ്പമെന്നും നാംഓർത്തു മേൽചൊല്ലിയ മലയാളത്തുള്ള സുറിയാനിക്രിസ്ത്യാനികളുടെ ചരിത്രംഎന്നപുസ്തകത്തിൽ ഉണ്ടായിരിക്കുന്ന എണ്ണമില്ലാത്ത അബദ്ധങ്ങളെ തെളിയിപ്പാൻ ആവശ്യമെന്നുകണ്ടു നമ്മുടെ ഏറിയ ജോലികളുടെ ഇടയിൽ സർവ്വേശ്വരൻെറ സഹായത്തിന്മേൽ ശരണപ്പെട്ട് എഴുതുവാൻ തുടങ്ങി.........

''യാക്കോബായ ചരിത്രകാരൻ അവൻെറ ചരിത്രത്തിൽ ചേർത്ത എണ്ണമില്ലാത്ത വെളുസ കഥകളെ യാതൊരു സാക്ഷികൂടാതെ കാണിച്ചിരിക്കുന്നു. നാം തീരെമറിച്ചു അതായതു വെട്ടത്തിനു ഭയപ്പെടാത്ത സത്യങ്ങളെ നാം എഴുതുന്നതിനെക്കൊണ്ടു നമ്മുടെ വചനങ്ങളെയെല്ലാം മറുതലിച്ചുകൂടാത്ത വേദപുസ്തകത്തിൻെറയും ശാസ്ത്രക്കാരരുടെയും ചരിത്രക്കാരരുടേയും പുണ്യവാളന്മാരുടേയും സാക്ഷികളിന്മേൽ ഉറപ്പിക്കുകയും ചെയ്യും.

നമ്മുടെ ഈ ചരിത്രത്തിൽ കാണിച്ചിരിക്കുന്ന പുസ്തകങ്ങൾ....നമ്മുടെ കണ്ണുകളാൽ വായിച്ചു സൂക്ഷ്മം വരുത്തിക്കൊണ്ടത്രേ സാക്ഷി കാണിച്ചിരിക്കുന്നതു ...നാം അബദ്ധങ്ങളേയും വ്യാജങ്ങളേയും ഇടർച്ചകളേയും ദൈവകൃപയാൽ ദ്വേഷിക്കുന്നുവെങ്കിലും മാനുഷരിൽ യാതൊരുത്തനേയും ദ്വേഷിക്കുന്നില്ല എന്നുതന്നെയല്ല പിന്നെയോ ക്രിസ്ത്യാനികൾക്കടുത്ത ഉപവിയാൽ എല്ലാവരേയും സ്നേഹിക്കുകയും എല്ലാവർക്കും ഉപകാരം ചെയ്യുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഈ പുസ്തകം ഓരോ മതങ്ങളെ അനുസരിച്ചിരിക്കുന്ന ആളുകളോടു മറുത്തല്ല നാം എഴുതിയതു്, പിന്നെയോ സത്യത്തോടും ദൈവവിശ്വാസത്തോടും മറുത്തുള്ള ഇടർച്ചകളോടും അബദ്ധങ്ങളോടും മറുത്തത്രേ.

സാമാന്യം ദീർഘമായ തന്റെ പ്രത്യാഖ്യാനത്തെ 13 അദ്ധ്യായങ്ങളായി ഗ്രന്ഥകാരൻ വിഭജിച്ചിരിക്കുന്നതാണു്. ഒന്നാമദ്ധ്യായം വിവാദകൃതിയിലെ മുഖവുരയുടെ പ്രത്യാഖ്യാനമാണു്. പഴയനിയമചരിത്രത്തിന്റെ നാതിവിസ്തൃതമായ ഒരു പ്രതിപാദനം രണ്ടാമദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്നു. മൂന്നാമദ്ധ്യായത്തിൽ ക്രിസ്തുവിന്റെ ജനനം മുതൽ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ മാനസാന്തരംവരെയുള്ള ചരിത്രം വിവരിക്കുകയും, വിവാദകൃതിയിലെ അബദ്ധപ്രസ്താവനകൾക്കു് ഉചിതമായ മറുപടിനൽകുകയുംചെയ്യുന്നു. തുടർന്നുള്ള അദ്ധ്യായങ്ങളിൽ സഭയിലുണ്ടായിട്ടുള്ള ഇടർച്ചകളേയും, അവയെ പ്രതിരോധിക്കുന്നതിനു സഭ സ്വീകരിച്ച നടപടികളേയും വിവരിക്കുകയും ആദിമുതൽ റോമാ മാർപ്പാപ്പാമാർ എങ്ങനെ പരമാധികാരം പ്രയോഗിച്ചിരുന്നുവെന്നു ചൂണ്ടിക്കാണിക്കുകയുംചെയ്യുന്നു. സാന്ദർഭികമായി യാക്കോബായവിശ്വാസത്തേയും കേരളത്തിലെ യാക്കോബായ സഭയുടെ ഉത്ഭവത്തേയും

പററി ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നുണ്ട്. അദ്ദേഹംമുഖവുരയിൽ വാഗ്ദാനം ചെയ്തിരുന്നതുപോലെ തൻെറ ഓരോ പ്രസ്താവത്തിനുമുള്ള ആധാരം ഫുട്ട്നോട്ടായി അതതുപുറങ്ങളുടെ അടിയിൽ നൽകിയിട്ടുണ്ട്.

"മലയാളത്തിലുള്ള സുറിയാനിക്രിസ്ത്യാനികളുടെ ചരിത്രം എഴുതിയ ആരംഭ ചരിത്രകാരന്മാരുടെ ഇടയിലുള്ളഅജ്ഞതകാണിക്കുവാൻ ഗ്രന്ഥകാരൻ അനേകം ഉദാഹരണങ്ങരംനൽകുന്നുണ്ട്, "സന്ത പാഒളി എന്ന ഒരു പോത്തുഗീസുകാരനെ വിവാദഗ്രന്ഥത്തിൻെറ കത്താവു സാക്ഷിയാക്കുന്നുണ്ട്. അതേപ്പററി ജ്ഞാനദീപം പറയുകയാണ്:—"സന്തപാഒളി" എന്നു പറയുന്ന ആരം ആരാകുന്നുവെന്നു യാക്കോബായ ചരിത്രകാരൻ അറിഞ്ഞിട്ടില്ലെന്നു തെളിവായിട്ടു കാട്ടുന്നു അയാളെന്തെ പറങ്കിക്കാരിൽ ഒരുത്തനായിട്ടു കാണിയ്ക്കുന്നു. അദ്ദേഹം പറങ്കിക്കാരൻ അതായത് പോത്തുഗീസുകാരൻ അല്ല. ഈ ദേഹത്തിൻെറ സൂക്ഷമുള്ള പേരുകൂടെ യാക്കോബായ ചരിത്രകാരൻ അറിഞ്ഞിട്ടുമില്ല. ചില പ്രൊത്തസ്താന്തുമതക്കാർ എഴുതിയ പുസ്തകങ്ങളിൽ "കർമ്മലീത്താപാഒളി" എന്ന് അവശം അബദ്ധമായിട്ടു എഴുതിയതിനെ ചരിത്രകാരൻ കണ്ടതിനാൽ യാക്കോബായക്കാരുടെ സ്തുതികളെ എഴുതിയ ആരം ആയിരിക്കുമെന്നു വിചാരിച്ചു. "സന്ത" എന്ന മൊഴിയെക്കൂട്ടി സാക്ഷിയായിട്ടുകാട്ടുകയും ചെയ്തു. എന്നാൽ സന്തപാഒളി എന്നു പറയുന്ന അദ്ദേഹം ഈ മലയാളത്തിൽ, പതിനാറുസംവത്സരത്തോളം സഞ്ചരിച്ചു മലയാന്മയും സംസ്കൃതവും പഠിച്ച മഹാകീത്തിപെട്ട ജെർമ്മാന്യദേശത്തുകാരനായ ഒരു കർമ്മലീത്താ സഭക്കാരനാകുന്നു. അയാളുടെപേരു് പൗളീനോസ് എന്നായിരിക്കുന്നു. ഏറിയ പുസ്തകങ്ങളുടെ പഠിനത്താലും മററു ശാസ്ത്രാഭ്യാസനങ്ങളാലും അലങ്കരിക്കപ്പെട്ടവനും, രാമവർമ്മ മഹാരാ-

ജാവിനു ഇംഗ്ലീഷ്പേച്ച നന്നായിട്ട പഠിക്കുന്നതിനു സഹായിച്ചതിനാൽ ''നമ്മുടെ ഗുരു'' എന്നു മഹാരാജാവ് ഈ മൂപ്പൻ പാദ്രിയെ വിളിക്കുമാറായിരുന്നു.'' (പുറം 8-9.)

ഭാഷാരീതി മനസ്സിലാക്കുന്നതിനായി ഗ്രന്ഥത്തിൽനിന്നു രണ്ടു ചെറിയ ഖണ്ഡികകൾ ഇവിടെ ഉദ്ധരിക്കാം:— ചിലരൊക്കെയും കത്തോലിക്ക തിരുസഭയുടെ പഠനവും ക്രമവും ഇന്നപ്രകാരമെന്നു ഒരിക്കലും കേട്ടിട്ടുമില്ല, യാതൊരു കത്തോലിക്ക പുസ്തകവും കണ്ടിട്ടുമില്ല. സത്യവേദവിരോധികളിൽ ചിലർ ദുഷ്ടതയാലും അറിവില്ലായ്കയാലും പറയുന്നതും എഴുതുന്നതും മാത്രമേ അറിഞ്ഞിട്ടുള്ളു. എന്നതിനെക്കൊണ്ടു ഇങ്ങനെയുള്ളവർ അറിവില്ലായ്കയാൽ ഈ വണ്ണം നമ്മെ വിളിക്കയും എഴുതുകയും ചെയ്യും. ഇങ്ങനെയുള്ളവരുടെ കണ്ണുകൾ തുറക്കപ്പെടുവാനും സത്യം അറിയുന്നതിനു അവർക്കു ഇടവരുവാനും സർവ്വേശ്വരനോടു നാം പ്രാർത്ഥിക്കേണ്ടതാകുന്നു, മററുചിലർ മനസ്സുവെച്ചു അറിവില്ലാത്തവരെ തട്ടിച്ച് കത്തോലിക്കാ സത്യവേദത്തെക്കുറിച്ചു യാതൊരു കുററം പറവാനില്ലായ്കയാൽ ഇല്ലാത്തതുണ്ടാക്കി ദുഷ്ടതയാൽ പറയുന്നവരാകുന്നു.......'' (പുറം 98–99)

''ദൈവകുമാരൻ സ്ഥാപിച്ച തന്റെ തിരുസ്സഭയെ മാർ പത്രോസിന്റെ മേൽ സ്ഥാപിക്കുമെന്നും, ആകാശരാജ്യത്തിന്റെ താക്കോലുകളെ കൊടുക്കുമെന്നും പറഞ്ഞൊത്തു. ഈ പറഞ്ഞൊപ്പു താൻ തികച്ചുവെങ്കിൽ മാർ പത്രോസിനെ തന്റെ തിരുസ്സഭയുടെ കാണപ്പെട്ട തലവനായിട്ടു കല്പിച്ചാക്കി എന്നതിനു സംശയമില്ല. എന്നാൽ തന്റെ ആ രണ്ടു പറഞ്ഞൊപ്പുകളെ ഉയിർപ്പിന്റെ ശേഷം നിറവേററി എന്നതു. ഭേദം വരാത്ത വിശ്വാസസത്യമാകുന്നു. അപ്പോഴെ, ദൈവകുമാരൻ മാർ

പത്രോസ്സ്ശ്ലീഹായെ തൻെറ തിരുസഭയൊക്കെയുടെയും തലവനാക്കി കല്പിച്ചു, ഈ സത്യങ്ങരം രണ്ടു വേദപുസ്തകത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കുന്നതായിരിക്കുന്നു....'' (പുറം 353).

II

## സത്യവേദചരിത്രം

''തോമസ്സ്ശ്ലീഹാ ഇന്ത്യായിൽ സത്യവേദം അറിയിച്ചനാരം മുതൽ ഇന്നോളവും മലയാളത്തിൽ വേദസംബന്ധമായി നടന്ന വൃത്താന്തങ്ങരം'' അടങ്ങിയതാണ്. ''കേരളരാജ്യത്തിലെ സത്യവേദചരിത്രം.''ഇതു ''കർമ്മലീത്താ മിസ്സ്യോനാരിമാരിൽ ഒരുത്തനാൽ ഉണ്ടാക്കപ്പെട്ടു.'' 1872-ൽ, ''കൂനമ്മാവു ആശ്രമത്തിലെ അമലോത്ഭവ മാതാവിൻെറ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ട അച്ചുക്കൂട്ടത്തിൽ അച്ചടിക്കപ്പെട്ടു.'' ഈ ഗ്രന്ഥം നിർമ്മിക്കാനുണ്ടായ സാഹചര്യങ്ങളെയും ഉള്ളടക്കത്തിൻെറ സ്വഭാവത്തെയും വിശദീകരിച്ച് ഗ്രന്ഥകാരൻ ''മുഖവുര''യിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

''നമ്മുടെ ജ്ഞാനദീപം എന്ന പുസ്തകത്തിൽ ഒന്നാം പക്ഷത്തിൽ ചിച്ചെരൊനെന്നകാവ്യശാസ്ത്രിയുടെ വചനങ്ങളാൽ അറിയിച്ചിരിക്കുന്നതുപോലെ ''ചരിത്രം കാലങ്ങളുടെ സാക്ഷിയും പട്ടാങ്ങയുടെ വെട്ടവും ആയുസ്സിൻെറ ഓർമ്മയും ജീവിതത്തിൻെറ ഗുരുനാഥയും പൂർവ്വകാര്യങ്ങളുടെ അറിയിപ്പുകാരത്തിയുമാകുന്നു'' എന്നിരിക്കുമ്പോരം ചരിത്രകാരനു ഉണ്ടായിരിക്കുന്ന പല കടങ്ങളിൽവെച്ചു സത്യവാദിയാകണമെന്നു

ള്ളതു പ്രധാനപ്പെട്ട ഒരു കടമാകുന്നു. ഈ കടത്തെമറന്നു സത്യത്തിനു പകരമായിട്ടു സ്വന്ത അഭിപ്രായങ്ങളെയും അറിവില്ലാത്ത ജനങ്ങളുടെ ഇടയിൽ നടപ്പുള്ള വെളുസ കഥകളെയും ഒരു പുസ്തകത്തിൽ ചേർത്തു എന്നുവന്നാൽ ഇങ്ങനെയുള്ള പുസ്തകത്തിനു ''വെളുസകഥകളുടെ ചേരുമാനം'' എന്ന പേരു ഒത്തിരിക്കുന്നതല്ലാതെ ചരിത്രമെന്ന പേരു പരിച്ഛേദം വിളിച്ചുകൂടാ.''

''നമ്മുടെ മുമ്പിലത്തെ പുസ്തകത്തെയും ഇതിനെയും എഴുതുന്നതിനു സത്യമെന്നീദിവ്യപന്തം നമ്മുടെ വഴികാട്ടിയായി തെരഞ്ഞെടുത്തിരിക്കുന്നു. ഇതു ഹേതുവായിട്ടു കൊച്ചിക്കോട്ടയിലച്ചടിക്കപ്പെട്ട മേൽചൊല്ലിയ ചരിത്രപുസ്തകങ്ങരം രണ്ടും വീശുന്ന അന്ധകാരങ്ങളുടെ ഇടയിൽ വഴിതെററിപ്പോകാതെ ഇരിപ്പാൻ മനസ്സുള്ളവരൊക്കെയും നമ്മുടെ ജ്ഞാനദീപത്തെയും ഈ കേരളരാജ്യത്തിലെ സത്യവേദചരിത്ര സംക്ഷേപത്തെയും മേൽചൊല്ലിയ പ്രകാരത്തിൽ വായിക്കണമെന്നു് അപേക്ഷിക്കുന്നു.''

പൈക്ക ടൈപ്പിൽ 362 പുറങ്ങളുള്ള ഈ പുസ്തകത്തിൽ ''മത്തായിയുടെ പ്രേക്ഷിതവൃത്തി'', ഇന്ത്യാ മെത്രാൻ മാർ യോഹന്നാൻ തുടങ്ങി ഉദയംപേരൂർ സൂനഹദോസുവരെ'' സൂനഹദോസു മുതൽ കരമ്മലീത്താ മിഷ്യനറിമാരു വന്നതുവരെ, ''അവരുടെ ആഗമനം മുതൽ പറമ്പി ചാണ്ടിമെത്രാന്റെ കാലംവരെ'', ''പുത്തൻകൂർ മെത്രാൻമാർ ഗൗറിയേലിന്റെ വരവുവരെ, ''ചാണ്ടിമെത്രാൻ മുതൽ 1870 വരെ,'' ''പ്രസിദ്ധ മിഷ്യനറിമാരും അവരുടെ കൃതികളും,'' ''യാക്കോബായ വിശ്വാസം'' എന്നിങ്ങനെ എട്ടു് അദ്ധ്യായങ്ങളിലായി കേരള സഭാചരിത്രം മുഴവൻ പ്രതിപാദിച്ചിരിക്കുന്നു. ഒടുവിൽ ''ഡിപ്പുസുൽത്താന്റെ പട'' എന്നൊരു അനുബന്ധവും ചേർത്തിട്ടുണ്ടു്.

കേരള ചരിത്ര സംബന്ധമായി മലയാളത്തിലുണ്ടായ ഒന്നാമത്തെ സമ്പൂർണ്ണ കൃതി ഇതാണെന്നു തോന്നുന്നു. ആ നിലയിൽ ഇതു് നമ്മുടെ ചരിത്രസാഹിത്യത്തിനു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു നേട്ടമായിരിക്കുന്നു. അതുകൊണ്ടു് ഇതിൻെറ ഉള്ളടക്കം മുഴുവൻ ചരിത്രപരമായ വസ്തുതകളാണെന്നു് അർത്ഥമില്ല. ചരിത്രപരമായ പല പ്രമാദങ്ങളും അപൂർണ്ണതകളും ഇതിൽ കടന്നുകൂടിയിട്ടുണ്ടു്. പക്ഷെ ഇതു് ആദ്യത്തെ കൃതിയാണെന്നും, ചരിത്രപരമായ ഗവേഷണം വിപുലമായ തോതിൽ നടത്തുന്നതിനുള്ള സൗകര്യങ്ങൾ അന്നുണ്ടായിരുന്നില്ലെന്നും പിൽക്കാലത്തു വെളിച്ചത്തു കൊണ്ടുവന്നിട്ടുള്ള പല യാഥാർത്ഥ്യങ്ങളും അന്നു് അറിയാൻ മാർഗ്ഗമില്ലായിരുന്നെന്നുമുള്ള വസ്തുതകൾ വിസ്മരിക്കത്തക്കതല്ല. അതുപോലെതന്നെ കർമ്മലീത്താ മിഷ്യനറിമാരുടെ പ്രവർത്തനങ്ങളുടെ നല്ലവശം മുഴുവൻ എടുത്തുകാണിക്കുന്ന ഗ്രന്ഥകാരൻ മറുവശം ഗോപനം ചെയ്യുകയോ, നീതികരിക്കുകയോ ചെയ്യുവാൻ ക്ലേശിക്കുന്നുണ്ടെന്നും പറയാതെ തരമില്ല. എന്നിരുന്നാലും മലയാളഭാഷയിലെ ആദ്യത്തെ ചരിത്രഗ്രന്ഥങ്ങളിൽ ഒന്നു് എന്ന നിലയിൽ ഇതു് നമ്മുടെ സാദരസ്മരണ അർഹിക്കുന്ന ഒരു കൃതിയാണു്.

ഇതിലെ ഭാഷാരീതി മനസ്സിലാക്കുന്നതിനു ''ഡിപ്പുസുൽത്താൻെറ പട'' എന്ന അനുബന്ധത്തിൽനിന്നും ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം— ''....ഈ തോലി ഹേതുവായിട്ടു സുൽത്താൻ കോപിച്ചു. തിരുവിതാംകൂർ രാജ്യം സംഹരിക്കണമെന്നു സത്യംചെയ്തു ഒരു സ്ഥലത്തു പാളയം ഇറങ്ങി ആവശ്യമായിരുന്ന പീരങ്കി മുതലായ യുദ്ധക്കോപ്പുകളെവരുത്തുന്നതിനുചട്ടംകെട്ടി. മൈസൂറിലേക്കു് ആളെ അയക്കുകയും ചെയ്തു. ഏറെക്കുറെ മൂന്നരമാസം കഴിഞ്ഞപ്പോൾ ആഗ്രഹിച്ചിരുന്ന യുദ്ധ

ക്കോപ്പുകം ഡിപ്പുസുൽത്താൻ പാളയമിറക്കിയിരുന്നിടത്തു വന്നുചേരുകയിൽ 1790–ാം ആണ്ടു് മേടമാസം 15–ാം തീയതി ലലെ എന്ന പ്രാൻസക്കാരൻ കപ്പിത്താനായിട്ടു വീണ്ടും യുദ്ധത്തിനു പുറപ്പെട്ടു കൊത്തളം കേറി പിടിച്ചു തിരുവിതാംകൂർ പട്ടാളത്തെ ചിതറിക്കുകയും ചെയ്തു, തിരുവിതാംകൂർ സംസ്ഥാനത്തിലെ ദിവാൻജി അമ്പതിനായിരം പടയാളികളോടുകൂടെ സുൽത്താന്റെ ഓട്ടം നിർത്തുവാൻ വശമാകാതെ ഇരുന്നതിനെയും, സുൽത്താന്റെ പടയാളികളിൽ അമ്പതുപേരു മാത്രം യുദ്ധത്തിൽ വീണതിനെയും ഓക്കുമ്പോൾ ദിവാൻജിയുടെ സേന യുദ്ധം ചെയ്യാതെ പുറകോട്ടു തിരിഞ്ഞോടി എന്നു വിചാരിപ്പാൻ ഇടയായിരിക്കുന്നു. ഈ വണ്ണം ആററിന്റെ ഒഴുക്കിനെ നിർത്തുന്ന ചിറ പൊളിഞ്ഞുപോയി എന്നു വന്നാൽ കെട്ടിക്കിടന്നിരുന്ന വെള്ളങ്ങൾ വേഗത്തിൽ ഒഴുകി പരന്നുപോകുന്നതുപോലെ ഡിപ്പുസുൽത്താന്റെ പട്ടാളം വിഘ്നം ഒന്നും കൂടാതെ കാണുന്നതെല്ലാം നിർമ്മൂലമാക്കിക്കൊണ്ടു് ഓരോരു സ്ഥലങ്ങളിൽ കേറിപ്പിടിച്ചു.'' (പുറം 359–360)

## അമ്മത്രേസ്യായുടെ ചരിത്രം

ഡോക്ടർ മാർസലീനോസിന്റെ മറെറാരു പ്രധാനകൃതി വിശുദ്ധ അമ്മത്രേസ്യാരുടെ ജീവചരിത്രമാണു്. 1868–ലാണു് ഇതു് അച്ചടിച്ചതെങ്കിലും, അതിനു വളരെ മുൻപുതന്നെ—അദ്ദേഹം പുത്തൻപള്ളി സെമ്മിനാരിയുടെ റെക്ടർ ആകുന്നതിനു മുൻപുതന്നെ—എഴുതിത്തീർത്തിരിക്കണം. ''കേരളരാജ്യത്തിലെ അമലോത്ഭവ മാതാവിന്റെ ശുശ്രൂഷികളായ കർമ്മെലീത്താ ദെസ്ക്കാൾസു മൂന്നാംസഭക്കാരുടെ പ്രിയോരാ

യിരിക്കുന്ന പെ. ബ. കുരിയാക്കോസു ഏലിയാ അച്ച
ന്'' ഈ പുസ്തകം 1866 സെപ്റ്റംബർ 22-ാം തീയ
തി സമർപ്പിച്ചിരിക്കുന്നു. ''കർമ്മലീത്താ സഭയോ
ക്കെയുടേയും അലംകാരവും ഡെസ്ക്കാംസു സഭയുടെ
ഗുരുനാഥയും മാതാവും ആയിരിക്കുന്ന സെറാഫസ്കുട്ടത്ത
അമ്മത്രേസ്യാ പുണ്യവാളത്തിയുടെ ചരിത്രസംക്ഷേപം
എല്ലാ ന്യായങ്ങളാലും തങ്ങരംക്കുള്ളതായിരിക്കുന്നു''
എന്നതാണ് പെ. ബ. ചാവറയച്ചന് ഇതു സമർപ്പി
ക്കുവാൻ ഗ്രന്ഥകാരനുള്ള ന്യായം. ''മാന്നാനത്തു മാർ
യൗസേപ്പുപുണ്യവാളൻെറ ആശ്രമത്തിൽ ചേർന്ന അ
ച്ചുക്കുടത്തിൽ'' 1868-ൽ, പെ. ബ. ചാവറയച്ചൻെറ
മേൽനോട്ടത്തിൽ തന്നെ ഇതു് അച്ചടിക്കുകയും ചെയ്തു.

പുസ്തകത്തിൻെറ പൂർണ്ണമായ പേരു് ''സെറാഫ
അമ്മ ഈശോയുടെ ത്രേസ്യാ എന്ന പുണ്യവാളത്തിയു
ടെ ചരിത്രസംക്ഷേപം'' എന്നാണ്. ''ഇതു കർമ്മെ
ലീത്താ സഭയിൽ ഉരംപ്പെട്ട മിസ്യോനാരിമാരിൽ ഒരു
ത്തനാൽ ഇത്താല്യഭാഷയിലുള്ള ചരിത്രങ്ങളിൽനിന്നു
സംക്ഷേപമായി എടുത്തു മലയാള പരിഭാഷപ്പെടുത്ത
പ്പെട്ട-" ചരിത്രസംക്ഷേപമാണെങ്കിലും, പൈക്ക ടൈ
പ്പിൽ 706 പുറങ്ങളുള്ള ഒരു വലിയ പുസ്തകമാണിതു്.
രണ്ടു ഭാഗങ്ങളായിട്ടാണ് ഇതു ഗ്രന്ഥിച്ചിരിക്കുന്നതു്.
396 പുറങ്ങളുള്ള ഒന്നാം ഭാഗത്തിൽ 22 അദ്ധ്യായങ്ങളും
310 പുറങ്ങളുള്ള രണ്ടാം ഭാഗത്തിൽ 12 അദ്ധ്യായങ്ങളും
അടങ്ങിയിരിക്കുന്നു. വിശുദ്ധ അമ്മ ത്രേസ്യായുടെ ജീ
വിത നേട്ടങ്ങളെയും, അസാധാരണങ്ങളായ പുണ്യ
യോഗ്യതകളെയും, അവർ വഴിയായി പല അത്ഭുതാ
നുഗ്രഹങ്ങളെയും ഈ ഗ്രന്ഥത്തിൽ ഹൃദ്യമായ രീതി
യിൽ വിവരിച്ചിരിക്കുന്നു. ഭാഷാരീതി മനസ്സിലാക്കു
ന്നതിലേയ്ക്കു ഒന്നുരണ്ടു ഖണ്ഡികകരം ഇവിടെ പകർത്താം

"ആ കാലത്തിൽ നമ്മുടെ പുണ്യവതി ദൈവസ്നേഹാഗ്നിയാൽ അത്ഭുതമാംവണ്ണം കത്തിയെരിഞ്ഞിരുന്നതിനാലെയും, സർവ്വേശ്വരൻ ഇടവിടാതെ എന്നപോലെ നൂതനമായിട്ടുള്ളതും അതിശയമായിരിപ്പാൻ തക്കതുമായ തന്റെ നന്മകളെ ധാരാളമായിട്ട പുണ്യവാളത്തിയുടെ ആത്മാവിൽ പൊഴിപ്പിച്ചുവന്നതിനാലെയും പുണ്യവാളത്തി വല്ല പരാക്രമ പുണ്യപ്രവൃത്തി ചെയ്തുകൊണ്ടു സർവ്വേശ്വരനു നന്ദികാട്ടുന്നതിനു ഹൃദയത്തിൽ എരിഞ്ഞിരുന്ന തന്റെ ആഗ്രഹങ്ങളെ നിറവേററുവാനുള്ള വഴിയെ തേടിയിരുന്നു. താൻ ചെയ്തിരുന്ന തപസ്സുകളും സഹിച്ചിരുന്ന പലവിധമായ രോഗങ്ങളും തന്റെ സ്നേഹിക്കപ്പെട്ട തമ്പുരാനെപ്രതി പാടുപെടുന്നതിനു തനിക്കുണ്ടായിരുന്ന ദാഹത്തെ തീർപ്പാൻ മതിയാകുന്ന ഉറവുകൾ അല്ല എന്നു നമ്മുടെ മഹാപുണ്യവതിക്കു തോന്നിയിരുന്നു എന്നതിനെക്കൊണ്ടു തന്റെ കണ്ടെത്തിപ്പാലെ, അല്ലെങ്കിൽ ഏററം സൂക്ഷ്മമായി പറയണമെങ്കിൽ സർവ്വേശ്വരന്റെ തോന്നിപ്പാലെ തനതു സ്വാതന്ത്ര്യമുള്ള മനസ്സിനെ കീഴടക്കുന്നതിനു ഏററം വലിയ പുണ്യസാംഗോപാംഗമായിരിക്കുന്നതിനെ എല്ലായ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നുള്ള പറഞ്ഞൊപ്പുചെയ്തു. (പുറം 187–88)

എന്നാൽ യാത്രയ്ക്കു പുറപ്പെടുന്നതിനു മുമ്പിൽ കന്യാസ്ത്രീകളെ സഭക്കൂട്ടമായിട്ട കൂട്ടി പറഞ്ഞതായതു്: "എന്റെ മക്കളെ ധൈര്യപ്പെടുവിൻ. നിങ്ങൾ ഉൾപ്പെട്ടിരിക്കുന്ന ദാരിദ്ര്യവും എല്ലാററിന്റെ പോരായ്കയും നോക്കുമ്പോൾ ധൈര്യംകൊണ്ടു നിങ്ങൾക്കു ആവശ്യമുണ്ടാകും. ഇതിനെക്കുറിച്ചു ഞാൻ വളരെ ദുഃഖിക്കുന്നു. നിങ്ങളുടെമേൽ എനിക്കു വളരെ അനുഗ്രഹം തോന്നുകയും ചെയ്യുന്നു. എന്നാൽ സർവ്വേശ്വരൻ എ

ന്നോട്ട ചെയ്ത പറഞ്ഞൊപ്പം, മുഖാന്തിരമായിട്ട വളരെ സന്തോഷിക്കന്ന അതായത്തു് നിങ്ങരം നല്ലവരായി നിങ്ങളുടെ കടങ്ങളെയെല്ലാം കറവുകൂടാതെ കാക്കമെങ്കിൽ തൻെറ അനുഗ്രഹവും നിങ്ങരംക്കാവശ്യമുള്ളതൊക്കെയും ഇല്ലാതായി വരികയില്ല, എന്നു താൻ ഇനിക്ക വാക്ക തന്നിരിക്കന്നു. ഞാനും തൻെറ നാമത്തിൽ നിങ്ങളോട്ട പറഞ്ഞൊക്കകയും ചെയ്യുന്നു. ഇവിടെ താമസിപ്പാൻ നിങ്ങരംക്ക ധൈര്യമില്ലായെങ്കിൽ തെളിവായിട്ട എന്നോട്ട് പറഞ്ഞുകൊരംവിൻ. ഇങ്ങനെയുള്ളവരെ എന്നോട്ടകൂടെ കൂട്ടിക്കൊണ്ടു പോരികയും ആം'' (പുറം 300—301)

''നമ്മുടെ മഹാപുണ്യവതിയുടെ ഈ ചരിത്രസംക്ഷേപം വായിച്ചിട്ട ചില മഹാത്മാക്കരം നമ്മുടെ പുണ്യവാളത്തിയെക്കറിച്ചു പറഞ്ഞിരിക്കന്ന ചില വാക്യങ്ങളേയും എഴുതി സൂക്ഷിച്ചിരിക്കന്ന പുകഴ്ചകൂടാത്ത ചില വാചകങ്ങളെയും വായിച്ചാൽ ആശ്ചര്യപ്പെടുവാൻ സംഗതി ഇല്ലായെന്നു നമുക്ക തോന്നുന്നു. എന്നതിനെക്കൊണ്ടു ഈ ചരിത്രത്തിൻെറ അവസാനമായിട്ട ഏതാനുമെങ്കിലും ഇവിടെ പകത്തുകയും ആം. ഒന്നാമത്തേതിൽ തന്നെ ശുദ്ധ പള്ളി പുണ്യവാന്മാരുടെ കൂട്ടത്തിൽ ചേത്തു വന്ദിക്കന്ന നമ്മുടെ പുണ്യവാളത്തിയുടെ കാലത്തിൽ ജീവിച്ചിരുന്ന പ്രൻസീസ്ക്കോ ബോർജിയ പുണ്യവാളൻ നമ്മുടെ പുണ്യവാളത്തിയുടെ അരൂപി ദൈവത്തിൽനിന്നുള്ളതായിരുന്നുവെന്നു സാക്ഷിച്ചതെന്നിയെ പുണ്യവാളത്തിയുടെ മഹാ സ്നേഹക്കാരനായിട്ട എഴുത്തുകളെ എഴുതുകയും പുണ്യവാളത്തിയെക്കറിച്ചു പറയേണ്ടിവരുമ്പോഴൊക്കെയും മഹാ വണക്കത്തോടുകൂടെ പറയുകയും ചെയ്യുമാറായിരുന്നു. നമ്മുടെ പുണ്യവാളത്തിയുടെ ആത്മാവസ്ഥ പ്രത്യേക

മായിട്ട ബോധിച്ചറിഞ്ഞിരുന്ന മഹാ കീർത്തിപ്പെട്ട പത്രോസു ദല്കാന്തര എന്ന പുണ്യവാളൻ പറഞ്ഞതായത്തു്: ഭൂമിയിൽ ജീവിച്ചിരുന്ന ഏററവും ശുദ്ധമാകപ്പെട്ട ആത്മാവുകളിൽ ഒന്നു അമ്മ ത്രേസ്യായാകുന്നുവെന്നും ഞങ്ങളെ താൻ പെരുമാറിയെങ്കിലും അമ്മത്രേസ്യായെപ്പോലെ ഇത്ര വലിയ തൃപ്തിവരുത്തുന്ന ആത്മാവിനെ കണ്ടെത്തിയില്ലെന്നും സർവ്വേശ്വരൻെറ വലിയ ബഹുമാനത്തിനും സ്തുതിക്കുമായിട്ടു തീരുവാനായിട്ട തിരഞ്ഞെടുക്കപ്പെട്ടവളാകുന്നുവെന്നും ശുദ്ധ കത്തോലിക്കാ വിശ്വാസസത്യങ്ങരം കഴിഞ്ഞാൽ അമ്മ ത്രേസ്യായുടെ അരൂപി മുഴുവനും തമ്പുരാനിൽനിന്നുള്ളതാകുന്നുവെന്നും ഇതിനെക്കായിലും നിശ്ചയമുള്ള കാര്യം തനിക്കില്ലയെന്നും പറഞ്ഞുവന്നിരുന്നു:'' (പുറം 297–298.)

മലയാള ഭാഷയിലെ ആദ്യത്തെ ജീവചരിത്രഗ്രന്ഥം ഡോക്ടർ മർസലീനോസിൻെറ ഈ കൃതിയാണെന്നു തോന്നുന്നു. ഇംഗ്ലീഷ് ഭാഷയുമായുള്ള സമ്പർക്കത്തിനശേഷം മലയാളത്തിൽ മനോഹരമായ ഒരു ഗദ്യശൈലി ഉണ്ടായിട്ടുണ്ടു്. അതിനു എത്രയോ മുൻപുള്ളതാണു് ഡോക്ടർ മർസലീനോസിൻെറ ഈ കൃതിയെന്നു് ആലോചിക്കുമ്പോരം ഗ്രന്ഥകാരനെ അഭിനന്ദിക്കുകതന്നെ വേണം. മാത്രമല്ല പണ്ഡിതന്മാരെ ഉദ്ദേശിച്ചല്ലാ അദ്ദേഹം ഇതു് എഴുതിയിട്ടുള്ളതു്. സാമാന്യ ജനങ്ങളുടെ ആദ്ധ്യാത്മിക പുരോഗതി ലക്ഷ്യമാക്കി തയ്യാറാക്കിയിരിക്കുന്ന ഈ കൃതി അന്നത്തെ ബഹുജനങ്ങളുടെ ഭാഷയിൽ—ജനകീയ ശൈലിയിൽ—തന്നെ രചിക്കുവാൻ അദ്ദേഹം സന്നദ്ധനായി. ഇക്കാര്യത്തിൽ ഇന്നത്തെ പുരോഗമനക്കാരുടെ അന്നത്തെ മുന്നണിനായകനായിരുന്നു ഡോക്ടർ മർസലീനോസ് എന്നു നിസ്സംശയം പറയാവുന്നതാകുന്നു.

ഡോക്ടർ മർസലീനോസിൻെറ മറെറാരുകൃതി ''ആത്മീയവഴികാട്ടി''യാണ്. വിശുദ്ധഫ്രാൻസീസ് ദെസെയിൽസിൻെറ ഒരു കൃതിയുടെ പരിഭാഷയാണിതു്. 1892 ആരംഭത്തിലാണു് ഇതു പ്രസിദ്ധീകൃതമായതു്. ആദ്യപതിപ്പിൽ ഈശോമിശിഹായിൽ നിങ്ങളുടെ അയോഗ്യസഹോദരൻ ഒരു ക. ദി. സഭക്കാരൻ'' എന്നാണു ഗ്രന്ഥകാരൻതന്നെപ്പററി പറഞ്ഞിരിക്കുന്നതു്. എന്നാൽ 1917-ലെ പതിപ്പിൽ ''മലയാളദേശത്തിൽ ക്രിസ്തുവക്കാപൊതുവെ അറിവും സ്നേഹവുമായിരുന്ന പരേതനായ എ. പെ പെ. ബഃ മർസ്സീനോസു മെത്രാനച്ചൻ'' ആണു പരിഭാഷകൻ എന്നു പ്രസ്താവിച്ചിരിക്കുന്നു. ഈശോമ്ശിഹായിൽ സ്നേഹിക്കപ്പെട്ട എൻെറ സഹോദരികളായ കർമ്മലീത്താ ദിസ്ക്കാംസു് കന്യാസ്ത്രീകാംക്കു വേണ്ടിയാണു് ഇതു പരിഭാഷപ്പെടുത്തുന്നതെന്നും, ''കന്യാസ്ത്രീകാംക്കായി എഴുതപ്പെട്ട പുസ്തകമായിരുന്നാലും സന്യാസികാംക്കും പുണ്യജീവിതം കഴിപ്പാൻ മനസ്സായ അൽമേനികാംക്കും ഇതു പ്രയോജനമുള്ളതായിരിക്കു'ന്നെന്നും''ഇതുവായിച്ചാൽ മാത്രം നാംപറയുന്നതിൻെറ പരമാൎത്ഥം ഗ്രഹിക്കാ''മെന്നും ഗ്രന്ഥകാരൻ മുഖവുരയിൽ പ്രസ്താവച്ചിരിക്കുന്നു.

രചനാരീതി മനസ്സിലാക്കുവാൻ താഴെ ഉദ്ധരിക്കുന്ന ഭാഗങ്ങാം മതിയാകും. ''വളരെ ആഗ്രഹിക്കുന്നതു നല്ലതാകുന്നു.എന്നാൽ ആഗ്രഹങ്ങളെ ക്രമപ്പെടുത്തുവാനും അതിൻെറ നേരവും സമയവും പോലെയും നിറവേററുവാനും ആവശ്യമായിരിക്കുന്നു. എന്നാൽ നമ്മുടെ കൈവശത്തിലല്ലാത്തതും നമുക്കു അയോഗ്യമായ വലിയകാര്യങ്ങളെക്കുറിച്ചുള്ള എരിവിനേക്കാാം നമ്മുടെ കൈവശത്തിൽദൈവം വച്ചിരിക്കുന്നതായ അല്പകാര്യങ്ങളിലുള്ള വിശ്വാസത്തെ താൻ ഏററം ആഗ്രഹിക്കുന്നു. ഏററം കൂടെക്കൂടെ തന്നിക്കു തരത്തിനുവരുന്നആശ

യടക്കത്തങ്ങളെചെയ്ക. അതുതന്നെ ഇതാകുന്നുചെയ്യുന്നു ന്ന കാര്യം നമ്മുടെ കത്താവു് നിനക്കു യാത്രയാക്കുകയും നിൻെറ കരങ്ങളിന്മേൽതാഴ്ന്തന്നെ വയ്ക്കുകയും ചെയ്ത കരിശുകളെ കൂടെക്കൂടെ നല്ലമനസ്സായിട്ടു് മുത്തുക.ഏതുവകയാകുന്നുവെന്നുനോക്കേണ്ട. എത്രഹീനപ്പെട്ടതാകുന്നുവോ അത്രയും വിലപിടിച്ചതാകുന്നു (പുറം 79)

''മനുഷ്യരെ പൊവ്വുള്ള വഴിയിൽനടത്തുന്നതിനാകുന്നു ദൈവംമനുഷ്യർക്കു ദൃഢതയും ബോധവും കൊടുത്തതു്. എന്നാൽ അതു അവരുടെമേൽ കത്തവ്യം നടത്തുവാൻ സമ്മതിക്കുന്നവർ ചുരുക്കമൊകുന്നു എന്നാൽ മറിച്ചുകീഴാശത്തിലെ ദുരാംശകളാൽ ഭരിക്കപ്പെടുവാൻ സമ്മതിക്കുന്നു'' (പുറം 196)

''പരിശുദ്ധദൈവമാതാവിൻെറ പെരുവണക്കമാസം അഥവാ പരിശുദ്ധദൈവജനനിയുടെ വിശ്വസ്തമക്കരം എല്ലാമാസത്തിലും ഈ അമ്മയ്ക്കു കാഴ്ചവെയ്ക്കുന്ന ജ്ഞാനമഞ്ജരിയാണു് ഡോക്ടർ മർസലിനോസിൻെറ മറെറാരുകൃതി. 1864–നു മുൻപു് ഇതു ഭാഷാന്തരം ചെയ്യതായികാണുന്നു. 114–ൽ ഇതിൻെറ പരിഷ്ക്കരിച്ചരണ്ടാംപതിപ്പു് പ്രസിദ്ധീകൃതമായി. മാതൃകയ്ക്കു രണ്ടുചെറിയ ഖണ്ഡികരം ഇവിടെ ഉദ്ധരിക്കാം.

'നല്ലയേശുവേ! നിന്നെ കാണ്മാൻ എനിക്കു് എപ്പോഠം ഇടവരും? നിൻെറരാജ്യത്തിൻെറ മഹത്വങ്ങളെക്കുറിച്ചു എപ്പോഠം ഞാൻ ചിന്തിക്കും? എപ്പോഠം നീ എനിക്കു സമസ്തത്തിലും സമസ്തവുമാകും? ഓ, നിത്യതംമുതൽ നിൻെറ പ്രിയപ്പെട്ടവക്കായി നീ തയ്യാറാക്കിയിട്ടുള്ള നിൻെറ രാജ്യത്തിൽ നിന്നോടുകൂടി ഞാൻ എപ്പോഠം ഇരിക്കും? പ്രതിദിനം യുദ്ധങ്ങളും മഹാവലിയ നിർഭാഗ്യങ്ങളും ഉള്ള ശത്രുവിൻെറ ഈ രാജ്യത്തിൽ ഒരു ദരിദ്രനും പരദേശിയുമായി എന്നെ വിട്ടിരിക്കുന്നു. (പുറം 176)

''കന്യകമറിയാം തൻെറ ദിവ്യകുമാരൻെറ കഷ്ടാനുഭവങ്ങളേയും പാടുപീഡകളൊക്കെയും മരണത്തേയും തന്നിൽതന്നെ അനുഭവിപ്പാൻ നല്ല മനസ്സായിരുന്നു. എന്നാൽദൈവതിരുമനസ്സിനു കീഴ് വഴങ്ങുവാൻവേണ്ടി തൻെറ ദിവ്യകുമാരനീശോമിശിഹായുടെ തിരുപ്രാണനെ നല്ലമനസ്സോടുകൂടെ കാഴ്ചവെയ്ക്കുകയും ചെയ്തു. അതിനാൽ മഹാവ്യാകുലം അനുഭവിച്ചുകൊണ്ടുആ ദിവ്യകുമാരൻെറ മേൽ തനിക്കുണ്ടായിരുന്ന സ്നേഹത്തോടു ജയിച്ചുഎന്നു ബൊനബെന്തുരാ പുണ്യവാൻ എഴുതിയിരിക്കുന്നു.'' (പുറം. 208)

1914-ലെ പരിഷ്ക്കരിച്ച പതിപ്പിൽ നിന്നാണ് ഈ ഉദ്ധരണികൾ. ഒന്നാംപതിപ്പ് എനിക്കു കാണുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ പരിഷ്ക്കർത്താവ് എന്തെല്ലാം മാററങ്ങൾ വരുത്തിയിട്ടുണ്ടെന്നു പറയുക സാദ്ധ്യമല്ല.

സുപ്രസിദ്ധ വാഗ്മിയും ഗ്രന്ഥകർത്താവുമായിരുന്ന വെട്ടിക്കാട്ട് സ്റ്റനിസ്ലാവോസു കത്തനാർ തൻെറ ശുശ്രൂഷകനായിരുന്ന ഡോക്ടർ മർസലീനോസിനെപ്പററി ചെയ്തിരിക്കുന്ന ഒരു പ്രസ്താവന ഉദ്ധരിച്ചുകൊണ്ടു് ഈ പ്രതിപാദനം അവസാനിപ്പിക്കാം. ''കാരുണ്യപിതാവായ സ്രഷ്ടാവിൻെറ അഗാധമായ കൃപയാൽ ഈ കേരളദേശത്തെ ഭാസ്ക്കരശോഭയാൽ എന്നവണ്ണം പ്രശോഭിപ്പിച്ച് സുജ്ഞാനത്തിലും സന്മാർഗ്ഗത്തിലും ഇതിനെ ദൃഢീകരിക്കുന്നതിനു ഇത്താലിയാ എന്ന സുഭിക്ഷമുള്ള രാജ്യത്തിൽനിന്നു് ഇവിടങ്ങളിൽ കൂട്ടിക്കൊണ്ടുവരപ്പെട്ടവനും ശാസ്ത്ര അറിവാലും നൈർമ്മല്യ പുണ്യങ്ങളാലും ദൈവിക ശുഷ്ക്കാന്തിയാലും അത്യന്തം

ജ്വലിച്ച അസംഖ്യം വേലകളേയും അദ്ധ്വാനങ്ങളേയും അനുഷ്ഠിച്ചവനും ഭാഗ്യകരണത്താൽ കർത്താവിൽ അനുകൂലം പ്രാപിച്ചവനുമായ അതിപ്രബലൻ മർസലീനോസ്‌ ആസന്ത ഭത്രസ്യാ എന്ന മെത്രാൻ........''
എന്നാണു ഡോക്ടർ മർസലീനോസിനെ അദ്ദേഹം അനുസ്മരിക്കുന്നതു്. (കേരളപ്രസംഗി, മുഖവുര) ഈ ''അതിപ്രബലനെ'' ഭാഷാചരിത്രകാരന്മാർ വി്‌സ്മരിച്ചാലും മലയാളഭാഷയ്ക്കു് വിസ്മരിക്കുക ഒരു നാളും സാദ്ധ്യമല്ല.

---

...ALACKAL JEEVASEKENDRAM
LIBRARY
10789
ALUVA

# ഭാഷാ പ്രേമികൾ

എം. ഒ. ജോസഫ്

KASAM BOOK STALL
G1.25
Indic Digital Archive Foundation
gpura.org